വാമനപുരം ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട് 96

വാല്യം 9

വാമനപുരം ബ്ലോക്ക്

(തിരുവനന്തപുരം ജില്ല)

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

ജനകീയ ആസൂത്രണ പദ്ധതി

വാമനപുരം ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട് 1996

1996 ഡിസംബർ 23ന് ചേർന്ന

വാമനപുരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി

അംഗീകരിച്ചത്



വാമനപുരം ഗ്രാമം


1
2
3
4
5
6
7
8
9
10
UPS
LPS
PO
HS
നന്ദിയോട്
വിളപ്പിൽ
കിഴുവിലം
നാവായിക്കുളം
വർക്കല
ചിറയിൻകീഴ്
കടയ്ക്കാവൂർ
വാമനപുരം നദി

"ഗ്രാമ സ്വരാജ്"

ഒരു സ്വപ്ന സാക്ഷാത്കാരം

വിഷയവിവരം

	ആമുഖം	-13
1.	ഭരണചരിത്രം	-14
2.	നാട്ടറിവ് ചരിത്രം	-17
3.	ഭൂപ്രകൃതി	-20
4.	കൃഷിയും ജലസേചനവും	-27
5.	മൃഗസംരക്ഷണവും മത്സ്യബന്ധനവും	-39
6.	വ്യവസായം	-45
7.	വിദ്യാഭ്യാസം	-49
8.1	കുടിവെള്ളം	-60
8.2	പൊതുജനാരോഗ്യം	-63
9.1	ഗതാഗതം	-67
9.2	ഊർജ്ജം	-74
10.1	പാർപ്പിടം	-79
10.2	സാമൂഹ്യക്ഷേമം	-82
11	സംസ്കാരം	-86
12.	വനിതാക്ഷേമം	-92
13.	സഹകരണം	-96
14.	പട്ടികജാതി വികസനം	-102
15.	വിഭവസമാഹരണം	-106
16.	വനം, പരിസ്ഥിതി	-112
	ഉപസംഹാരം	-114

ചീഫ് എഡിറ്റർ : ബി. ഓമനക്
എഡിറ്റർ : കെ. സാബു

എഡിറ്റോറിയൽ ബോർഡ്

ജി. മധു

വാമനപുരം മണി

സി.കെ. ഗോപാലകൃഷ്ണൻനായർ

വി.എസ്. അശോക്

ഗോപിനാഥൻ ആശാരി

ഡി. തുളസീധരൻ

എൻ. സോമൻനായർ

ജി. ജയകുമാർ

താളിക്കുഴി ചന്ദ്രൻ

വി.പി. രാമചന്ദ്രൻ നാടാർ

കെ. ദേവദാസ്

വാസുദേവൻ

COVER DESIGN & LAYOUT

VAMANAPURAM MANI
&
PRASANTH PUTHOOR

TYPESETTING

WORD ART, D.TP. CENTRE
UPPALAM ROAD
TRIVANDRUM

എ.കെ.ജി സെന്റർ
അഴീക്കോടൻ രാഘവൻ റോഡ്
തിരുവനന്തപുരം 695 034
ഫോൺ: 445731, 445944
റസിഡൻസ് 330112

23-12-1996

പ്രിയപ്പെട്ട ശ്രീ. സാബു

വാമനപുരം പഞ്ചായത്തിന്റെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ സംബന്ധിച്ച് താങ്കൾ 20-12-96ന് അയച്ച കത്ത് കിട്ടി. ഗ്രാമപുരോഗതിക്കായി ഒരുമയോടെ മുന്നോട്ടു നീങ്ങുക. ആശംസകൾ

സ്നേഹപൂർവം

ഇ. എം. എസ് നമ്പൂതിരിപ്പാട്

ശ്രീ. കെ. സാബു.
എഡിറ്റർ.
വികസന റിപ്പോർട്ട്,
വാമനപുരം ഗ്രാമപഞ്ചായത്ത്

സ്മരണാഞ്ജലി

ആദ്യത്തെ പ്രസിഡൻറ്

എം. ഷാഹുൽ ഹമീദ്

കീഴായിക്കോണം

(1951 മുതൽ 1963 വരെ പ്രസിഡൻറായിരുന്നു)

പ്രസിഡൻറിൻെറ കത്ത്

പ്രിയമുള്ളവരെ,

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപെട്ടിരിക്കുകയാണല്ലോ നമ്മൾ. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ആസൂത്രണ പദ്ധതികളുടെ ആവിഷ്കാരവും നടത്തിപ്പും സാധാരണക്കാരൻെറ കയ്യിലെത്തുന്ന ധന്യ മുഹൂർത്തമാണിത്. കൂട്ടായ യത്നത്തിലൂടെ നമ്മുടെ ഗ്രാമത്തിന് ശോഭനമായ ഒരു ഭാവി പടുത്തുയർത്തുവാൻ കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവരുടെയും സഹകരണം ഇത്തരുണത്തിൽ പ്രതീക്ഷിച്ചുകൊള്ളട്ടെ.

സ്നേഹാദരങ്ങളോടെ

ബി. ഓമനഅമ്മ
പ്രസിഡൻറ്
വാമനപുരം ഗ്രാമപഞ്ചായത്ത്
ഫോൺ. 872034

നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

വാർഡ്	I	കളമച്ചൽ	-	എസ്. ശ്യാമള
	II	ആനച്ചൽ	-	കെ. സലിംകുമാർ
	III	വാമനപുരം	-	കെ. കൃഷ്ണപിള്ള (വൈസ്പ്രസിഡൻറ്)
	IV	ആനാകുടി	-	ബി. സുധർമ്മ
	V	ഈട്ടിമൂട്	-	സി. അജയഘോഷ്
	VI	കാഞ്ഞിരംപാറ	-	താളിക്കുഴി ചന്ദ്രൻ
	VII	മീതൂർ	-	എസ്. വേണുരാജൻ
	VIII	തുങ്ങയിൽ	-	ബി. ഓമനഅമ്മ (പ്രസിഡൻറ്)
	IX	ഇരുളൂർ	-	എസ്. വത്സല
	X	മേലാറ്റുമുഴി	-	വി.പി. രാമചന്ദ്രൻ നാടാർ

വാമനപുരം ബ്ലോക്ക് പഞ്ചായത്തു മെമ്പർ: ജി. സുശീലൻ

ജീവനക്കാരുടെ പേരുകൾ

1. സി. ശ്രീകണ്ഠൻനായർ (സെക്രട്ടറി)
2. കെ. രവി
3. സി. അംബിക
4. ജി. രാധാമണി
5. എസ്. ഗോപാലകൃഷ്ണൻ നായർ
6. എൻ. ഷാജി
7. ജി. മധുസൂദനൻനായർ
8. ബി. പങ്കജാക്ഷൻ നായർ

ആമുഖം

കേരളത്തിന്റെ ചരിത്രത്തിലെ സുപ്രധാനമാ
രു നാഴികക്കല്ലാണല്ലോ ജനകീയാസൂത്രണ പ്രസ്ഥാ
ാമത്തിലെ സാധാരണക്കാരായ ജനങ്ങൾ ആസൂത്രണ
ും വികസന പ്രവർത്തനങ്ങളിലും പങ്കാളികളാകുന്നു
തു തന്നെയാണ് ഇതിന്റെ ഏറ്റവും വലിയ സവിശേഷ
ും. എന്നാൽ വികസന പ്രശ്നങ്ങളെ തിരിച്ചറിയുക,
യുടെ പരിഹാരത്തിനുതകുന്ന സ്കീമുകൾ തയ്യാറാ
ക, അവ മുൻഗണനാ ക്രമത്തിൽ ചിട്ടപ്പെടുത്തുക തുട
യ ആസൂത്രണ ദൗത്യങ്ങൾ ഏറ്റെടുക്കുന്നതിൽ പരിമി
കൾ ഏറെയുണ്ട്. പദ്ധതി പ്രവർത്തനങ്ങളിലെ മുൻപരിച
ല്ലായ്മ, ശരിയായ സ്ഥിതിവിവരങ്ങളുടെ അഭാവം,
സൂത്രണ പ്രക്രിയയിൽ വൈദഗ്ധ്യം നേടിയവരുടെ കുറ
തുടങ്ങി ഒട്ടേറെ വൈതരണികൾ വേറെയും കടന്നുവേ
നാം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരേണ്ടത്.

വികസന മേഖലയിൽ നമ്മുടെ ഗ്രാമം നേരിടുന്ന
ല്ലുവിളികൾ അനവധിയാണ്. പരിഹാരം കാണേണ്ട പ്രശ്
ങ്ങൾ നിരവധി; വിഭവമാകട്ടെ പരിമിതവും. ഇത് ശാസ്ത്രീ
മായൊരു ആസൂത്രണ പ്രക്രിയയുടെ ആവശ്യകതയിലേ
വിരൽചൂണ്ടുന്നു. ഇതിന്റെ ഭാഗമായാണ് നമ്മൾ ഗ്രാമ
കൾ വിളിച്ചു കൂട്ടിയത്. കക്ഷിരാഷ്ട്രീയത്തിനും വിഭാ
ത പ്രവണയ്ക്കും അതീതമായി വികസന കാര്യങ്ങൾ
ച്ച ചെയ്യുന്നതിനു കൂടിയ ഈ വേദികളിൽ ഗ്രാമവാസി
ുടെ നല്ല പങ്കാളിത്തമുണ്ടായി എന്നത് തികച്ചും ചാരി
ർത്ഥ്യജനകമാണ്. അപൂർവ്വം ചില വാർഡുകളിൽ
ഞ്ഞൂറിലേറെ ഗ്രാമവാസികൾ ഒത്തുചേർന്നു എന്നതിൽ
ുക്ക് അഭിമാനിക്കാം. ചുരുക്കം ചില വാർഡുകളിലെ പ്രാ
നിധ്യം കുറഞ്ഞുപോയെങ്കിലും പഞ്ചായത്തിലെ വിവിധ
ർഡുകളിലെ ശരാശരി ജനപങ്കാളിത്തം മുന്നൂറിലേറെയാ
. ഇത് കാണിക്കുന്നത് ആസൂത്രണ പ്രക്രിയയിൽ പങ്കുചേ
നുള്ള വാമനപുരം ഗ്രാമപഞ്ചായത്ത് നിവാസികളുടെ
ല്പര്യത്തെയാണ്.

നമ്മുടെ ഗ്രാമത്തിന്റെ ഉൾത്തുടിപ്പുകൾ തുറന്നു
ട്ടുന്ന ഈ വികസനരേഖ തയ്യാറാക്കുന്നതിന് പഞ്ചായ
ത് സമിതിയെ സഹായിച്ചുപോന്നത് പരിശീലനം സിദ്ധിച്ച
ഞ്ചേ ജില്ലാ റിസോഴ്സസ് പേഴ്സൺമാരും വാർഡുമെ
ർ നിർദ്ദേശിച്ച് പ്രത്യേക പരിശീലനം സിദ്ധിച്ചുപോന്ന ലോ
ൽ റിസോഴ്സ് പെഴ്സൺമരിൽ ചിലരും ചേർന്നാണ്. ഗ്രാ
മസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കുക, വിവിധ വകുപ്പുകൾ കഴിഞ്ഞ പദ്ധതിക്കാലത്ത് പഞ്ചായത്ത് പ്രദേശത്ത് ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ പദ്ധതികൾ അവലോകനം ചെയ്യുക, വിവിധ ഓഫീസുകളിൽ നിന്ന് പഞ്ചായത്ത് പ്രദേശത്തെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്യുക, നമ്മുടെ ഗ്രാമത്തിലെ കൃഷി രീതികൾ ഭൂപ്രകൃതി വിഭാഗങ്ങൾ ജല ലഭ്യത, പരിസ്ഥിതി പ്രശ്നങ്ങൾ ഇവ നേരിട്ട് മനസ്സിലാക്കുന്നതിന് പഞ്ചായത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള പഠന പര്യടനം സംഘടിപ്പിക്കുക, പഞ്ചായത്ത് പ്രദേശത്തിന്റെ ചരിത്ര പശ്ചാത്തലം മനസ്സിലാക്കുന്നതിലേക്കുള്ള ചരിത്രപഠനം നടത്തുക തുടങ്ങി ഭാരിച്ച മനുഷ്യാധ്വാനം വേണ്ടിവന്ന ഒരു പ്രക്രിയ ചിട്ടയായി നടത്താൻ കഴിഞ്ഞതിന്റെ ആകെത്തുകയാണ് ഈ വികസനരേഖ. ഈ റിപ്പോർട്ട് 23-12-1996ന് ചേർന്ന പഞ്ചായത്ത് സമിതി ചർച്ച ചെയ്ത് ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു.

പേരെടുത്തു പറയുന്നില്ലെങ്കിലും സാമൂഹിക സാംസ്ക്കാരിക മേഖലകളിൽ പ്രവർത്തിക്കുന്ന ഇന്നാട്ടിലെ ഒട്ടനവധി സംഘടനകളും വ്യക്തികളും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഞങ്ങളെ സഹായിച്ചിട്ടുണ്ട് എന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്. മൺമറഞ്ഞുപോയവരും ഇന്ന് ജിവിച്ചിരിക്കുന്നവരുമായ ഒട്ടേറെ സാമൂഹ്യ പ്രവർത്തകരുടെ അക്ഷീണ പരിശ്രമഫലമായാണ് നമ്മുടെ പഞ്ചായത്തിന് ഇന്ന് കാണുന്ന പുരോഗതി കൈവരിക്കാൻ കഴിഞ്ഞത്. അവരോടുള്ള കൃതജ്ഞത കൂടി ഈ സന്ദർഭത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

ആസൂത്രണ പ്രക്രിയയിൽ നമുക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ ജനകീയ മുന്നേറ്റം ഇനി രൂപം കൊള്ളുന്ന കർമ്മ സമിതികളിലും പദ്ധതി തയ്യാറാക്കുന്നതിലും അവ നടപ്പിലാക്കുന്നതിലും തുടർന്നും ലഭിക്കുമെന്നും അങ്ങനെ ജനപങ്കാളിത്തത്തോടെ ഈ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റാൻ കഴിയുമെന്നുള്ള ശുഭാപ്തി വിശ്വാസത്തോടെ റിപ്പോർട്ട് നിങ്ങളുടെ ചർച്ചയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

വാമനപുരം
23-12-1996

എഡിറ്റോറിയൽ ബോർഡ്

1. ഭരണ ചരിത്രം

സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ 1939 – 40 കാലഘട്ടങ്ങളിൽ (1115 M.E.) വാമനപുരം വില്ലേജ് യൂണിയൻ നിലവിൽ വന്നതായി ചരിത്രരേഖയിൽ കാണുന്നു വാമനപുരം, കീഴ്ചേരി, ആനക്കുടി, മിതൃമ്മല, കല്ലറ, തുമ്പോട്, തെങ്ങുംകോട്, പാങ്ങോട്, ഭരതനൂർ ഭാഗങ്ങൾ ഉൾപ്പെടെ വിശാലമായ ഭൂപ്രദേശം അന്ന് ഈ വില്ലേജ് യൂണിയന്റെ അതിർത്തിക്കുള്ളിൽ ആയിരുന്നു. നെടുമങ്ങാട് തഹസീൽദാർ ശ്രീ. വേലായുധൻനായർ പ്രസിഡന്റും പരസ്പരസഹായ സഹകരണ ഇൻസെപ്ക്ടർ വൈസ് പ്രസിഡന്റുമായിരുന്നു. വില്ലേജ് യൂണിയൻ ഭരണസമതിയിൽ പി. ഡബ്ലിയു. സി. സെക്ഷൻ ആഫീസർ, ആറ്റിങ്ങൽ കൃഷിഇൻസെപ്ക്ടർ, വാമനപുരം സബ് രജിസ്ട്രർ എന്നിവർ സർക്കാർ പ്രതിനിധികളും സർവ്വശ്രി വെങ്കിടചെല്ലശർമ്മ, കുഞ്ഞൻപിള്ള, ഗംഗാധരൻ, ഗോവിന്ദകുറുപ്പ്, നാരായണൻനാടാർ, അസനാരുപിള്ള എന്നിവർ ജനകീയ പ്രതിനിധി കളുമായിരുന്നു.

1115-ലെ ഒൻപതാം തിരുവിതാംകുർ വില്ലേജ് യൂണിയൻ ആക്ട് പ്രകാരം നിലവിൽവന്ന ഈ ഭരണസമിതിയുടെ കാലത്ത് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വഴിവിളക്കുകളായി മണ്ണെണ്ണവിളക്കുകൾ സ്ഥാപിച്ചിരുന്നു. വീടുകളിൽ ചെന്ന് പരിശോധന നടത്തുന്നതിന് മിഡ്വൈഫ്കളും പരിസരശുചികരണത്തിന് തൂപ്പുകാരേയും നിയമിച്ചിരുന്നു.

വാമനപുരം പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	വാമനപുരഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന റവന്യൂ ജില്ല	:	തിരുവനന്തപുരം
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	വാമനപുരം
ബ്ലോക്ക് പഞ്ചായത്ത്	:	വാമനപുരം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	വാമനപുരം
പാർലമെന്റ് നിയോജക മണ്ഡലം	:	ചിറയിൻകീഴ്
അസംബ്ലി നിയോജക മണ്ഡലം	:	വാമനപുരം
താലൂക്ക്	:	നെടുമങ്ങാട്
വില്ലേജ്	:	വാമനപുരം
പഞ്ചായത്ത് വാർഡുകൾ	:	10
ജനസംഖ്യ	:	22,468
വിസ്തീർണ്ണം	:	23.87 ച.കി.മീ.
അതിരുകൾ:		
വടക്ക്	:	വാമനപുരം നദി, പുളിമാത്ത് പഞ്ചായത്ത്
തെക്ക്	:	നെല്ലനാട് പഞ്ചായത്ത്, വാമനപുരം നദി
കിഴക്ക്	:	കല്ലറ പഞ്ചായത്ത്
പടിഞ്ഞാറ്	:	മുദാക്കൽ പഞ്ചായത്ത്

1117-ആയപ്പോഴേക്കും വില്ലേജ് യുണിയൻ പുനസം
ടിപ്പിച്ച് വെഞ്ഞാറമൂട് ഉൾപ്പെടെ ഉള്ള നെല്ലനാട് പകുതി
ല ചിലഭാഗങ്ങളും പുല്ലമ്പാറ പകുതിയുടെ ചില ഭാഗ
ളും കൂട്ടിചേർത്ത് പുതിയ വാമനപുരം വില്ലേജ് യുണി
നിലവിൽ വന്നു. വാമനപുരം സത്രം, വില്ലേജ് യുണി
ആഫീസായി ഉപയോഗിച്ച് പോന്നു. പുതിയ വില്ലേജ്
ണിയന്റെ പ്രസിഡന്റായി അഡ്വ. ശ്രീ മാധവകുറുപ്പ് 4
ഷക്കാലവും ശ്രീ പത്മനാഭപിള്ള പ്രസിഡന്ററായി 2
ഷക്കാലവും അധികാരത്തിൽ തുടർന്നതായി ചരിത്ര രേ
ളിൽ കാണുന്നു.

1951-ലെ തിരു-കൊച്ചി പഞ്ചായത്ത് നിയമം അനുസ
ച്ച് താലൂക്കിൽ രൂപം കൊണ്ട ആദ്യകാല പഞ്ചായത്തുക
ൽ ഒന്നായിരുന്നു വാമനപുരം. ഇതോടെ പഞ്ചായത്ത്
തിർത്തിയിൽ ഭരണപരമായി സാരമായ മാറ്റം വന്നു.

കീഴ്ചേരി, വാമനപുരം, ആനാകുടി, കാഞ്ഞിരംപാറ,
റ, തുമ്പോട്, മിതൃമ്മല, അരുവിപ്പുറം തുടങ്ങി എട്ട് വാർ
കൾ ഉൾപ്പെട്ടതായിരുന്നു ആദ്യത്തെ വാമനപുരം പഞ്ചാ
ത്ത്. ഇന്നത്തെ പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട ഇരുളൂർ
ലാറ്റുമൂഴി വാർഡുകൾ അന്ന് പുല്ലമ്പാറ പഞ്ചായത്തിൽ
യിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡൻറ് ശ്രീ
. ഷാഹുൽ ഹമീദ്, ചാരുവിള പുത്തൻവീട്, കീഴായിക്കോ
ം ആയിരുന്നു. അദ്ദേഹത്തെ കൂടാതെ അന്നത്തെ ഭരണ
മിതിയിൽ സർവ്വശ്രീ. ചന്ദ്രശേഖരപിള്ള, കെ. ഭാസ്ക്ക
, എൻ. കുട്ടൻകുറുപ്പ്, ആർ. ഗോവിന്ദപ്പിള്ള, കെ. കുഞ്ഞു
ഷ്ണൻ, എൻ പരമുവൈദ്യൻ എന്നിവർ ജനപ്രതിനിധിക
യിരുന്നു. ഈ ഭരണ സമിതിയുടെ കാലത്ത് പഞ്ചായത്തി
സ്വന്തമായി കെട്ടിടം നിർമ്മിക്കുകയുണ്ടായി. 1963വ
ഭരണസമിതി അധികാരത്തിൽ തുടർന്നു.

1963'ലെ പഞ്ചായത്തിൽ പുനഃസംഘടനയിൽ ഈ
ഞ്ചായത്തിന്റെ മുഖഛായ വീണ്ടും മാറി. പഞ്ചായത്തി
റെ ചില ഭാഗങ്ങൾ നെല്ലനാട് പഞ്ചായത്തിനു കൈമാറുക
ം ചെയ്തു. 18 - 12 - 1963ൽ നിലവിൽ വന്ന പുതിയ
ണ സമിതിയുടെ പ്രസിഡൻറായി ശ്രീ. എസ്. കൃഷ്ണൻ
യരും വൈസ് പ്രസിഡൻറായി ശ്രീ. എൻ. പരമുവൈദ്യ
ം തെരഞ്ഞെടുക്കപ്പെട്ടു. മറ്റ് ആറുവാർഡുകളെ പ്രതിനി
കരിച്ചിരുന്നത് എസ്. നാരായണപിള്ള, എം അബ്ദുൾ
മീദ്, വേലായുധൻനായർ, എൻ. നടേശൻ, കുഞ്ഞിക്കൃഷ്
പിള്ള, ദാമോദരൻ എന്നിവരായിരുന്നു. ഇവർക്കു പുറ
പട്ടികജാതി സംവരണ സീറ്റിൽനിന്ന് ശ്രീ. എസ് മാധവ
യും വനിതാ സംവരണ സീറ്റിൽ നിന്ന് ശ്രീ. ലക്ഷ്മിക്കുട്ടി
മ്മയേയും നോമിനേറ്റ് ചെയ്തിരുന്നു. പഞ്ചായത്തിന്റെ
ചരിത്രത്തിലെ ഏറ്റവും ദീർഘകാലം അധികാരത്തിൽ
തുടർന്ന ഭരണസമിതിയായിരുന്നു ഇത്. ജനക്ഷേമകര
മായ പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ഈ
ഭരണ സമമിതിയുടെ 1977-ലെ പഞ്ചായത്ത് വിഭജനം ഒഴി
കെയുള്ള മറ്റ് എല്ലാ കാര്യങ്ങളിലേയും തീരുമാനം
ഐകണ്ഠ്യേനയായിരുന്നു.

1977ലെ പഞ്ചായത്ത് പുനഃസംഘടനയോടെ പഞ്ചായ
ത്തിൽ ഉൾപ്പെട്ടിരുന്ന മീതൂർ മേലാറ്റുമൂഴി വാർഡുകൾ
നമ്മുടെ പഞ്ചായത്തിനോട് കൂട്ടിച്ചേർക്കുകയും, കല്ലറ,
തുമ്പോട് എന്നീ വാർഡുകൾ കല്ലറ പഞ്ചായത്തിനും നാം
കൈമാറുകയും ചെയ്തു. വാർഡുകൾ പുനഃസംഘടിപ്പിച്ച്
എണ്ണം അന്ന് ഒമ്പതായി ഉയർത്തുകയുണ്ടായി. തുടർന്ന്
1979-ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ശ്രീ. കെ.
നാരായണപിള്ള പ്രസിഡൻറായുള്ള ഒമ്പതംഗ ഭരണസമി
തിയിൽ സർവ്വശ്രീ. എൻ. പുഷ്പോത്ഭവൻ, പ്രസാദ് ചന്ദ്രൻ
നായർ, എൻ. സുദർശനൻ, കെ. ഗോപിനാഥൻനായർ,
സൈനുദ്ദീൻ, സുകുമാരൻ, ജി. സുശീലൻ, ശ്രീമതി സൗജ
ത്ത് ബീവി എന്നിവരും പ്രതിനിധികളായിരുന്നു. പിന്നീട്
1988-ൽ ആണ് തെരഞ്ഞെടുപ്പു നടക്കുന്നത്. അന്ന് അധികാ
രത്തിൽ വന്ന ഒമ്പതംഗ ഭരണ സമിതിയിൽ ശ്രീ. എൻ. സുദർ
ശനൻ പ്രസിഡൻറും സർവ്വശ്രീ. എൻ. സോമദാസൻ, ആർ
ഭഗവത്സേനൻ, കെ. നാരായണപിള്ള, ജെ. ശങ്കരനാരായ
ണപിള്ള, കൃഷ്ണൻകുട്ടി, ജി. സുശീലൻ, ശ്രീമതി. ബി.
സുധർമ്മ, ശ്രീമതി. ലതാംഗിയമ്മ എന്നിവർ മറ്റ് പ്രതിനിധി
കളുമായിരുന്നു. ഈ ഭരണസമിതിയുടെ കാലത്താണ്
പഞ്ചായത്താപ്പീസ് ഇന്ന് പ്രവർത്തിക്കുന്ന ബഹുനില കെട്ടി
ടം പണിതീർത്തത്.

ശ്രീ. രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരിക്കെ ആവിഷ്
ക്കരിച്ചു നടപ്പാക്കിയ 73-ാം ഭരണഘടനാ ഭേദഗതിയെത്തു
ടർന്ന് 1994-ൽ നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്ന
പഞ്ചായത്ത് രാജ് നിയമപ്രകാരം വാമനപുരം പഞ്ചായത്ത്
പ്രസിഡൻറ് സ്ഥാനം വനിതകൾക്ക് സംവരണം ചെയ്യപ്പെ
ട്ടു. വാർഡുകൾ പുനഃസംഘടിപ്പിച്ച് പത്തെണ്ണമായി ഉയർ
ത്തുകയും ചെയ്തു. 1995-ൽ നടന്ന തെരഞ്ഞെടുപ്പിൽ
അധികാരത്തിൽ വന്ന ഭരണ സമിതിയാണ് നിലവിലുള്ളത്.

പഞ്ചായത്തിന്റെ സ്ഥാപിത കാലത്തുതന്നെ പ്രധാന
പ്പെട്ട പല സർക്കാർ സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ടാ
യിരുന്നു. സബ് രജിസ്ട്രാർ ആപ്പീസും ചാവടിയും അഞ്ചലാ
പ്പീസും ധർമ്മാശുപത്രിയും പൊലീസ് ഔട്ട്പോസ്റ്റുമൊ
ക്കെ ഇവയിൽപ്പെടുന്നു എന്നുള്ളത് നമുക്ക് അഭിമാനിക്കു
വാൻ വക നൽകുന്ന കാര്യങ്ങളാണെങ്കിലും സ്വാതന്ത്ര്യാന

ന്തരം വാമനപുരം കേന്ദ്രമാക്കി അനുവദിച്ച പല ഓഫീസുകളും സ്ഥാപനങ്ങളുമൊക്കെ അറിഞ്ഞോ അറിയാതെയോ നമുക്ക് കൈമോശം വന്നു എന്ന വസ്തുത നാം വിസ്മരിച്ചുകൂടാ. ദേവസ്വബോർഡ് ഹൈസ്കൂൾ വാമനപുരം, എൻ. ഇ. എസ്. ബ്ലോക്ക് വാമനപുരം, പ്രൈമറി ഹെൽത്ത് സെൻറർ വാമനപുരം, മൃഗാശുപത്രി വാമനപുരം, ഐ. സി. ഡി. എസ്. ഓഫീസ് വാമനപുരം തുടങ്ങിയ മർമ്മ പ്രധാനമായ പല സ്ഥാപനങ്ങളും എഴുത്തുകുത്തുകളിൽ 'വാമനപുരം' എന്നാണെങ്കിലും ഇവ പഞ്ചായത്തതിർത്തിയിൽനിന്നും കീലോ മീറ്ററുകൾ അകലെയാണെന്നതാണ് യാഥാർത്ഥ്യം.

എന്നിരുന്നാലും ഇന്ന് പഞ്ചായത്ത് പ്രദേശത്ത് സർക്കാർ, അർത്ഥസർക്കാർ സഹകരണ മേഖലകളിലായി ഒട്ടേറെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുപോരുന്നു. സബ് രജിസ്ട്രാർ ആപ്പീസ്, വില്ലേജ് ആപ്പീസ്, കൃഷി ഡയറക്ടറുടെ ആപ്പീസ്, കൃഷിഭവൻ, എക്സൈ ആപ്പീസ്, പ്രൈമറി ഹെൽത്ത്സെൻറർ, മൃഗാ ഇ. ഒ. ആപ്പീസ്, ആറ് എൽ. പി. സ്കൂളുകൾ, സ്കൂൾ, ഒരു ഹൈസ്കൂൾ, ഒരു ദേശസാൽ ഒരു സർവ്വീസ് സഹകരണ ബാങ്ക്, 2 കൈത്ത സഹകരണ സംഘങ്ങൾ, ഒരു സബ് പോസ്റ്റാ ബ്രാഞ്ച് പോസ്റ്റാപ്പീസുകൾ, 22 അംഗൻവാടി എസ്. ഇ. ബി. സബ് എഞ്ചിനീയർ ആപ്പീസ്, 2 രണ സംഘങ്ങൾ, ഒരു ഹൗസിംഗ് സൊസൈ നാല് ഫാമിലി വെൽഫെയർ റുകൾ, ഒരു ഐ. സി. ഡി. പി. സെൻറർ, ഒരു ബാ യൂണിറ്റ് തുടങ്ങി ഒട്ടനവധി സ്ഥാപനങ്ങ പട്ടികയിൽപ്പെടുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ആസ്ഥാനം	ജീവനക്കാരുടെ എണ്ണം
1	സബ്രജിസ്ട്രാർ ആപ്പിസ്	വാമനപുരം	10
2	വില്ലേജ് ഓഫീസ്	"	4
3	പഞ്ചായത്ത് ഓഫീസ്	"	9
4	കൃഷി അസി. ഡയറക്ടർ ഓഫീസ്	"	5
5	കൃഷിഭവൻ	"	4
6	എക്സൈസ് ഓഫീസ്	"	22
7	പ്രൈമറി ഹെൽത്ത് സെൻറർ	ഈട്ടിമൂട്	6
8	മൃഗാശുപത്രി	കളമച്ചൽ	4
9	വി. ഇ. ഒ. ഓഫീസ്	"	1
10	സബ്പോസ്റ്റാഫീസ്	വാമനപുരം	9
11	പ്രൈമറി സ്കൂൾ (6 എണ്ണം)	വിവിധ കേന്ദ്രങ്ങൾ	25
12	അപ്പർ പ്രൈമറി സ്കൂൾ (3)	"	46
13	ഹൈസ്കൂൾ (1)	ആനകുടി	12
14	കളമച്ചൽ കൈത്തറി നെയ്ത്ത് സഹ. സംഘം	കളമച്ചൽ	13
15	വാമനപുരം സർവ്വീസ് സഹ. സംഘം	വാമനപുരം	8
16	എസ്. ബി. ടി.	"	17
17	കെ. എസ്. ഇ. ബി. ഓഫീസ്	"	4
18	അംഗൻവാടികൾ (22)	വിവിധ കേന്ദ്രങ്ങൾ	44
19	ബ്രാഞ്ച് പോസ്റ്റാപ്പിസുകൾ (2)	"	10
20	എഫ്. ഡബ്ലൂ. സെൻറർ (4)	"	4
21	ഐ. സി. ഡി. പി. സെൻറർ	മേലാറ്റുമൂഴി	1
22	കുറ്റൂർ ദേവസ്വം സബ് ഗ്രൂപ്പ്	വാമനപുരം	5

നാട്ടറിവ് - ചരിത്രം

പഴയ തിരുവിതാംകൂർ പ്രദേശത്തെ മൂന്നു വാമന ക്ഷേത്രങ്ങളിൽ ഏറ്റവും വിശേഷപ്പെട്ടതും പ്രാധാന്യമുള്ളതുമാണ് തിരുവാമന ക്ഷേത്രം. ഈ ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് നമ്മുടെ നാടിന് 'വാമനപുരം' എന്ന പേര് കൈവന്നതെന്ന് വിശ്വസിക്കപ്പെടുന്നു. കൈപ്പുഴ രാജകുടുംബാംഗങ്ങളാണ് വാമനപുരം ഭരിച്ചിരുന്നതെന്നും ഒരിക്കൽ ഡച്ച് പട്ടാളത്തെ ഇവിടുത്തെ കർഷകർ സംഘടിച്ച് തിരിച്ചോടിച്ചിട്ടുണ്ടെന്നും പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്.

ചരിത്രം പരിശോധിച്ചാൽ താലൂക്കിൽ നെടുമങ്ങാട് കഴിഞ്ഞാൽ മർമ്മ പ്രധാന കേന്ദ്രമായി വാമനപുരം പണ്ടുമുതൽക്കേ കണക്കാക്കി പോന്നിരുന്നു. അതുകൊണ്ടാവാം നെടുമങ്ങാടിന്റെ രണ്ടാം തലസ്ഥാനമായി വാമനപുരം അറിയപ്പെട്ടിരുന്നത്. കൂടാതെ വേലുതമ്പിദളവയും കിളിമാനൂർ കൊട്ടാരവുമായി ബന്ധപ്പെട്ടുള്ള രാജകുടുംബാംഗങ്ങളും വാമനപുരം വഴി കടന്ന് പോയിട്ടുള്ളതായും തിരുവാമനം ക്ഷേത്രദർശനം നടത്തിയതായും ചരിത്രരേഖകളിൽ കാണുന്നു.

ബ്രിട്ടീഷ് ഭരണ കാലത്ത് തങ്ങളുടെ കുതിപ്പടയുടെ പ്രധാനസ്ഥാനങ്ങളിലൊന്നായി വാമനപുരത്തെ തെരഞ്ഞെടുത്തു എന്നതിൽ നിന്നുതന്നെ ഈ നാടിന്റെ ചരിത്രപ്രാധാന്യം വ്യക്തമാണ്.

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട വാമനപുരത്തിന്റെ ചരിത്രം കല്ലറ - പാങ്ങോട് സമരവുമായി കെട്ടുപിണഞ്ഞു കിടക്കുന്ന ഒന്നാണ്. ബ്രിട്ടീഷ് പോലീസുകാരുമായി നടന്ന ഏറ്റുമുട്ടലിൽ പഞ്ചായത്ത് പ്രദേശത്തെ പലരും പ്രതികളായി എന്നത് ഇന്നും ആവേശകരമായ അനുഭവമായി നിലനിൽക്കുന്നു.

വഴുതക്കാട് കുഞ്ഞുകൃഷ്ണൻ എന്ന പോലീസ് ആപ്പീസറെ കാഞ്ഞിരംപാറ ഭാഗത്ത് വച്ച് കൊലചെയ്ത സംഭവവും "കിലുക്കി മൂത്തമ്മ" ബ്രട്ടീഷുകാരന്റെ ലോറി കത്തിക്കാൻ തീ കൊടുത്ത സംഭവവും കരിക്കകം മീരാസായൂ, കറുമ്പ അബ്ദുൽ റസാഖ്, വാത്തികൃഷ്ണൻ എന്നിവർ ചേർന്ന് റോഡിന്റെ ഇരുവശവും നിന്ന മരങ്ങൾ മുറിച്ചിട്ട് പട്ടാള ലോറികൾ തടഞ്ഞ സംഭവവും കാഞ്ഞിരംപാറയിലെ പഴയ തലമുറകൾ ഇനിയും മറന്നിട്ടില്ല.

ബ്രിട്ടീഷുകാരുടെ കാലത്തുണ്ടായിരുന്ന മുസാവുരി ബംഗ്ലാവും വിശ്രമകേന്ദ്രവുമാണ് പിൽക്കാലത്ത് യഥാക്രമം ആശുപ്രതിയായും എക്സൈസ്സ് ഓഫീസായും മാറിയിട്ടുള്ളത്.

ജില്ലയിലെ മറ്റ് പഞ്ചായത്തു കളിലെന്നപോലെ ജാതി വ്യവസ്ഥയ്ക്കും അയിത്താചാരണത്തിനും അന്ധവിശ്വാസങ്ങൾക്കും അതീതമായിരുന്നില്ല നമ്മുടെ ഗ്രാമവും 'പുള്ളെ ബ്രാൻമാരു'ടെ പ്രതാപകാലം പഴമക്കാർ ഇന്നും വിസ്മരിച്ചിട്ടില്ല. ഇതിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയത് ശ്രീനാരായണ പ്രസ്ഥാനവും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ചയുമാണല്ലോ. നെടുമങ്ങാട് കഴിഞ്ഞാൽ വാമനപുരത്താണ് ഇടതുപക്ഷ പ്രസ്ഥാനം ആദ്യമായി ശക്തിപ്പെടുന്നത്. ഇതിന് പിന്നിൽ പ്രവർത്തിച്ചുപോന്ന പ്രസ്ഥാനമാകട്ടെ വാമനപുരം കേന്ദ്രീകരിച്ചുള്ള ഒരു "യുവജനസമാജവും".

നിലവിലുണ്ടായിരുന്ന ഭൂ ഉടമ സമ്പ്രദായത്തിൽ കാതലായമാറ്റം വന്നത് 1957-ൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷമായിരുന്നു. 1950 കാലഘട്ടങ്ങളിൽ പ്രബലമായ നായർ സമുദായം തുടങ്ങി മുകളിലോട്ടുള്ള സവർണ്ണ വർഗ്ഗക്കാർക്കു മാത്രമേ സ്വന്തമായി ഭൂമി ഉണ്ടായിരുന്നുള്ളു. ഇവർ ജനസംഖ്യയുടെ വെറും 10%-ൽ താഴെ മാത്രമായിരുന്നു. ജന്മി കുടിയാൻ ബന്ധം നിലനിന്നിരുന്ന കാലത്ത് അസംഘടിതരായ പിന്നോക്ക സമുദായക്കാർ ഇവരുടെ വീട്ടുപണിക്കാരും കർഷകതൊഴിലാളികളുമായിരുന്നു. ഭൂ നികുതിയുടെ അടിസ്ഥാനത്തിലായിരുന്നു അന്ന് വോട്ടവകാശം പോലും നിലനിന്നിരുന്നത്. പിന്നീടുണ്ടായ സംസ്ഥാന വ്യാപകമായ കർഷകത്തൊഴിലാളി സംഘടനകളുടെ ജനകീയമുന്നേറ്റ ഫലമായി നിലവിൽ വന്ന ഭൂപരിഷ്ക്കരണ നിയമങ്ങളിലൂടെ ഇന്ന് പഞ്ചായത്ത് പ്രദേശത്ത് തൊണ്ണൂറ് ശതമാനത്തിലേറെ പേരും നാമമാത്രമായിട്ടാണെങ്കിലും സ്വന്തമായി ഭൂമി ഉള്ളവരാണ്.

വിദ്യാഭ്യാസ രംഗത്തെ സ്ഥിതിയും മുൻകാലങ്ങളിൽ അത്രകണ്ട് മെച്ചമായിരുന്നില്ല. വിദ്യാവിലാസിനി എന്ന പേരിൽ കൊല്ലംവർഷം 1071ൽ വാമനപുരം കേന്ദ്രമായി ഒരു എൽ പി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഉപരിപഠനത്തിന് പിരപ്പൻകോട്, ആറ്റിങ്ങൽ, കിളിമാനൂർ പ്രദേശങ്ങളിൽ നടന്നു ചെന്നെത്തുകയേ മാർഗ്ഗമുണ്ടായിരുന്നുള്ളു. ഈ ദൂരം താണ്ടി വിദ്യാഭ്യാസ നടത്തിപ്പോന്നവർ അന്നു ധാരാളമുണ്ടായിരുന്നു. പിന്നീട് കൊല്ലവർഷം 1098ൽ മേലാറ്റുമൂഴി കേന്ദ്രീകരിച്ച് മറ്റൊരു പ്രൈമറി സ്കൂൾ സ്ഥാപിതമായി. തുടർന്നിങ്ങോട്ട് പരപ്പാറ, ആനച്ചൽ, കാഞ്ഞിരംപാറ, മഠത്തുവാതുക്കൽ പ്രദേശങ്ങളിലും സ്കൂൾ സ്ഥപിതാമായി.

ചികിത്സാ രംഗത്തെ സ്ഥിതിയും ഏകദേശം ഇതുപോലെ ആയിരുന്നു. യത്രാസൗകര്യങ്ങളോ, വാഹന സൗകര്യങ്ങളോ തീരെ ഇല്ലാതിരുന്ന നമ്മുടെ ഗ്രാമത്തിന്റെ പല ഭാഗങ്ങളും മുൻകാലങ്ങളിൽ നിബിഡ വനമായിരുന്നു. അന്ന് ചികിത്സയ്ക്ക് നാട്ടുവൈദ്യരെ ആശ്രയിക്കുകയേ നിവർത്തി ഉണ്ടായിരുന്നുള്ളു.) എന്നാൽ പിന്നീട് അബീബുള്ള ദിവാനായിരുന്ന കാലത്ത് അന്ന് നെടുമങ്ങാടിനെ പ്രതിനിധീകരിച്ചിരുന്ന നിയമസഭാംഗമായ ശ്രീ. എസ്. ജെ. നായരുടെ ശ്രമഫലമായാണ് ഇന്ന് കാണുന്ന വാമനപുരം പി. എച്ച്. സി. നിലവിൽ വന്നത്. എന്നാൽ പഞ്ചായത്ത് പുനർവിഭജനത്തോടെ ഈ സ്ഥാപനം നമുക്ക് നെല്ലനാടിന് കൈമാറേണ്ടിവന്നു. പിന്നീട് ദീർഘകാലത്തെ ശ്രമഫലമായാണ് നമ്മുടെ പഞ്ചായത്തിനേറേതായ ഒരു പി. എച്ച്. സി. നമുക്ക് അനുവദിച്ചു കിട്ടിയത്. (സ്വന്തമായി കെട്ടിടമോ ആധുനിക ചികിത്സാ സൗകര്യങ്ങളോ വേണ്ടത്ര യാത്രാ സൗകര്യങ്ങളോ ഇല്ലാത്ത ഈ സ്ഥാപനം ഇന്നും പരാധീനയതകളുടെ നടുവിലാണ് കഴിയുന്നത്. കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് ആരംഭിച്ച കെട്ടിട നിർമ്മാണ പ്രവർത്തനം ഇപ്പോഴും പണിപൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.)

കലാസംസ്കാരിക രംഗത്ത് വാമനപുരത്തിന് തിളക്കമാർന്ന ഒരു ചരിത്രമാണ് ഉള്ളത്. വാമനപുരം കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച പുരോഗമന കലാസാഹഹിത്യ സമതിയും, കാഞ്ഞിരംപാറ കേന്ദ്രമാക്കി പ്രവർത്തിച്ചു പോന്ന ഗ്രാമീണ കലാസമിതിയും, കളമച്ചൽ കേന്ദ്രമാക്കി പ്രവർത്തിച്ചുവന്നിരുന്ന ജനകീയകലാസമിതിയും, ആനച്ചൽ കേന്ദ്രമാക്കി പ്രവർത്തിച്ച് പോന്നിരുന്നു. എ.കെ. എ.സി യും ഈ രംഗത്തെ പേരെടുത്തു പറയേണ്ടവയാണ്. കഥകളി, സംഘങ്ങളും ഒരു കാലത്ത് ഈ മണ്ണിൽ വേരുപിടിച്ചിരിന്നു. ഹരികഥാ പ്രസഥാനത്തിന് വാമനപുരം അതിനേറതായ സംഭാവനകൾ നൽകിയുട്ടുണ്ട്. സമ്പന്നമായിരുന്ന നമ്മുടെ കലാസാംസ്കാരികരംഗം ഇന്ന് വളർച്ചമുരടിപ്പാണ് പൊതുവേ അനുഭവപ്പെടുന്നത്. സംസ്കാരിക ഇന്നാട്ടിലെ ഗ്രന്ഥശാലകൾ വളരെധികം സ്വാധീനത്തിയിട്ടുണ്ട്. വാമനപുരം മഹാത്മാഗാന്ധി സ്മാരക ശാലയും, കാഞ്ഞിരംപാറ ജവഹർ ഗ്രന്ഥശാലയും മൂഴി ഗ്രാമീണ ഗ്രന്ഥശാലയും കളമച്ചൽ നേതാജി രക ഗ്രന്ഥശാലയും പഞ്ചായത്ത് പ്രദേശത്തെ ചെന്ന സ്ഥാപനങ്ങളാണ്.

ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ പഞ്ചായത്തിന്റെ പൂർവ്വ ചരിത്രം ഒട്ടും തന്നെ ഭേദപ്പെട്ടതായിരുന്നില്ല. ഈ സ്ഥതിയിൽനിന്ന് ഇന്നും കാര്യമായ പുരോഗതി വരിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയാണ് ഇതിനു കാരണം. പഞ്ചായത്തിന്റെ കിഴക്കേഅറ്റം മുതൽ പടിഞ്ഞാറേ അറ്റംവരെ സഞ്ചരിക്കണമെന്നുണ്ടെങ്കിൽ അയൽ പഞ്ചായത്തുകളിലൂടെ മാത്രമേ സാധ്യമാകു. ഇത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ വളരെയധികം വിഘാതം സൃഷ്ടിക്കുന്നു.

ഒരുകാലത്ത് വാമനപുരം നദിയെ ആശ്രയിച്ചായിരുന്നു ഗതാഗതവും നിലവിലുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പറയാവണം ഈ പഞ്ചായത്തിലെ കളമച്ചൽ വാർഡിലെ ഭൂരിഭാഗം ഷുകാരുടെ കാലത്ത് നദിയിലൂടെയുള്ള തടി കള്ള കടത്ത് തടയാൻ കാവൽപ്പുര തീർത്തിരുന്നു. ഈ പ്രദേശം കാവസ്ഥലം എന്ന പേരിൽ അറിയപ്പെടുന്നു. ഇന്ന് ഈ ങ്ങളുടെ യുഗമാണെങ്കിലും പഞ്ചായത്തു പ്രദേശത്തെ ഭാഗങ്ങളിലും കിലോമീറ്ററുകൾ അകലെമാത്രമേ തം സാധ്യമാകൂ. രോഗികളെ ആശുപത്രികളിൽ എത്തിവാൻ ഇന്നും പഴയ ചാക്കു കട്ടിലിനെ ആശ്രയിക്കുന്ന വ് പലഭാഗത്തും തുടരുന്നു. എന്നിരുന്നാലും എസ്. നമ്മുടെ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത് നപുരം നദിക്ക് കുറുകെ 1934-ൽ ബ്രിട്ടീഷുകാർ തീർത്ത ഇരുമ്പുപാലം നമ്മുടെ പ്രദേശത്തെ അന്യ ളോട് ബന്ധിപ്പിക്കുവാൻ വളരെയേറെ സഹായിക്കു

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഉണ്ടായിട്ടുള്ള ജനകീയ മുന്നേറ്റങ്ങളിലും വാമനപുരം നിവാസികൾ ചേർന്നിട്ടുള്ളതായി കാണാം. 27-8-1954ൽ ആരംഭിച്ച സ്പോർട്ട് സമരത്തിൽ പഞ്ചായത്ത് പ്രദേശത്തു പലരും പങ്കുചേർന്നിരുന്നു. അവരിൽ ചിലരാണ് ന ശൻ, രാജപ്പൻനായർ, സുകുമാരൻനാടാർ, നാരാ ള്ള തുടങ്ങിയവർ. കൊടിയ പോലീസ് മർദ്ദനത്തിനി ഇവരിൽ സുകുമാരൻ നാടാർ ഇന്നും ജീവിച്ചിരിക്കു സമീപ കാലത്തും ഇത്തരം സമരങ്ങൾക്ക് വാമ

ക്ഷ്യം വഹിച്ചിട്ടുണ്ട്. ദേശീയപ്രാധാന്യം അർഹിക്കുന്നി
കിലും ഇന്ന് വെഞ്ഞാറമൂട്ടിൽ പ്രവർത്തിക്കുന്ന ഇലക്ട്രി
ൽ മേജർ സെക്ഷൻ ഓഫീസ്, വാമനപുരം സെക്ഷൻ
ഫീസായിരുന്ന കാലത്ത് അത് വെഞ്ഞാമൂട്ടിലേക്ക് മാറ്റിയ
ൾ ഉണ്ടാ പ്രക്ഷോഭവും വാമനപുരം എക്സ്സൈസ് റേ
ആപ്പീസ് വെഞ്ഞാറമൂട്ടിലേക്ക് മാറ്റിയപ്പോൾ ഉണ്ടായ
ക്ഷോഭവും വാമനപുരത്തെ സംബന്ധിച്ചിടത്തോളം ചരി
പ്രധാനമായ സംഭവങ്ങളാണ്. ആദ്യത്തേതിന് ഉദ്ദേശിച്ച
ം ഉണ്ടായില്ലെങ്കിലും എക്സൈസ് റേഞ്ച് ആപ്പിസ് വാമ
രത്ത് പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞത് നമ്മുടെ നേ
ന്നെയാണ്.

കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് തുടക്കം
ിച്ച് ലോകശ്രദ്ധ പിടിച്ചു പറ്റിയതും പ്രത്യേകിച്ച് യുനസ്
ായുടെ അവാർഡിനർഹമായതുമായ സാക്ഷരതാ പ്രസ്
നത്തിൽ വാമനപുരം പഞ്ചായത്തും പ്രശംസനീയമായ
് വഹിച്ചിട്ടുണ്ട്. 90 കാലഘട്ടത്തിൽ ആരംഭിച്ച സാക്ഷര
പ്രസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തൊട്ടാകെ 271
നകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. കക്ഷിരാഷ്ട്രീയ ഭേദമ
്യ സർവ്വരുടെയും പിന്തുണ ആർജ്ജിക്കുവാൻ കഴിഞ്ഞ
ഈ സംരംഭത്തിന് വനിതാ പ്രാധാന്യം ഏറെയുണ്ടായിരുന്നു.

വളരെ ശ്രേഷ്ഠമായ ഒരു പാരമ്പര്യത്തിനുടമകളാണ് നാം എങ്കിലും, സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്ക് ഉണ്ടായ പുരോഗതിയുമായി തട്ടിച്ചുനോക്കിയാൽ പല മേഖലകളിലും നാം ഇനിയും ബഹുദൂരം മുന്നേറിണ്ടേിയിരിക്കുന്നു. നമ്മുടെ വിഭവങ്ങളെ നമുക്ക് ശരിക്കും ചൂഷണം ചെയ്യുവാൻ ആകാതെ വരുന്നു. ഇത് നമ്മുടെ ഉൽപ്പാദന മേഖലകളിലാകെ സാരമായ മുരടിപ്പിന് ഇടയാക്കുന്നു. തൊഴിലില്ലാത്മ അനുദിനം വളരുന്നു. വളർന്നുവരുന്ന തലമുറയ്ക്ക് മൂല്യച്യുതി സംഭവിക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. സ്ത്രീകൾക്ക് സാമൂഹിക രംഗത്ത് അർഹിക്കുന്ന പദവി പലപ്പോഴും ലഭിക്കാറില്ല. അതിനുപരി കൃഷി, ഗതാഗതം, ഊർജ്ജം, പാർപ്പിടം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നമ്മൾ നേരിടുന്ന വെല്ലുവിളികൾ അനവധിയാണ്. ഇവയ്ക്ക് പരിഹാരം കാണുന്നതിനുള്ള ശക്തി-സമ്പന്നമായിരുന്ന നമ്മുടെ ഭൂതകാല അനുഭവങ്ങളിൽനിന്നും നമുക്കാർജ്ജിക്കാനാവുമെന്ന് പ്രത്യാശിക്കാം.

3. ഭൂപ്രകൃതി വിഭാഗങ്ങൾ

കേരളത്തിന്റെ ഭൂപ്രകൃതി വിഭാഗങ്ങളിൽ ഒന്നായ ഇടനാട്ടിൽ 23.87 ച. കി. മീ. വിസ്തൃതിയിൽ കിഴക്കു പടിഞ്ഞാറായി നീണ്ടുകിടക്കുന്ന ഒന്നാണ് നമ്മുടെ പഞ്ചായത്ത്. പൊതുവെ പറഞ്ഞാൽ പടിഞ്ഞാറോട്ട് ചരിഞ്ഞ പ്രദേശമാണിത്.ചരിവ് പടിഞ്ഞാറോട്ടാണെങ്കിലും ഏറ്റവും പടിഞ്ഞാറ് ഭാഗത്തു കിടക്കുന്ന കളമച്ചൽ വാർഡു തുടങ്ങി കിഴക്കേ അറ്റുത്തുള്ള ഇരുളൂർ വാർഡ് വരെ സമുദ്ര നിരപ്പിൽ നിന്ന് 75 മീറ്റലിലോറെ ഉയർന്നനിൽക്കുന്ന കുന്നുകൾ നിറഞ്ഞതാണെന്നത് ഈ പ്രദേശത്തിന്റെ മറ്റൊരു സവിശേഷതയാണ്.
ഭൂപ്രകൃതി അനുസരിച്ച് നമ്മുടെ പഞ്ചായത്തിനെ പൊതുവെ 6 ആയി തിരിയ്ക്കാം.



1.ഉയർന്ന കുന്നിൽ പ്രദേശങ്ങൾ
2. ഉയർന്ന സമതലങ്ങൾ
3. ചരിവ് പ്രദേശങ്ങൾ
4. സമതല പ്രദേശങ്ങൾ
5. നദീ തീര പ്രദേശങ്ങൾ
6. താഴ്ന്ന സമതലങ്ങൾ

ഇവയിൽ ഓരോ പ്രദേശത്തിന്റെയും ഏകദേശം അനുപാതം ചുവടെ കാണുന്ന ചിത്രം വ്യക്തമാക്കുന്നു.

1. ഉയർന്ന കുന്നിൻ പ്രദേശങ്ങൾ

സമുദ്ര നിരപ്പിൽ നിന്ന് 75 മീറ്ററോളം ഉയർന്ന നിൽക്കുന്ന കുന്നിൽ പ്രദേശങ്ങളാണിവ. പഞ്ചായത്തിലെ മിക്ക വാർഡുകളിലും കുന്നിൻ പ്രദേശങ്ങൾ ഉൾപ്പെടുന്നവയണെങ്കിലും അവയിൽ പ്രധാനപ്പെട്ടവ പഴവിളകുന്ന്, പേഴുങ്കാമുകൾകുന്ന്, കൈലാസത്ത് കുന്ന്, മഹാദേവൻ കുന്ന്, ചാരുപാറ കുന്ന്, തറുതലക്കുന്ന് തുടങ്ങിയവയാണ്. വേ
യാത്രാസകര്യങ്ങൾ ഇല്ലെന്നതിലുപരി വർഷത്തിൽ
കാലവും കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമവും
ടുന്ന ഈ പ്രദേശങ്ങളിൽ ജനവാസം ഒട്ടും കുറവ
പ്രദേശങ്ങളുടെ അടിയിൽ പാറയെന്ന കാരണ
കിണർ കുഴിക്കുക അസാധ്യമാണ്. കിഴക്ക് പടിഞ്ഞാ
ചരിഞ്ഞ ദിശയിലാണ് മിക്ക കിണറുകളിലും പാറകൾ
പ്പെടുന്നത്. അഥവാ അവിടവിടങ്ങളിൽ ഏതെങ്കിലും
റുകളിൽ ജലം ലഭിയ്ക്കുകയാണെങ്കിൽ അത് ഇരുപ
റിലും കൂടുതൽ ആഴത്തിലാണ്. ഇവതന്നെ വേനൽ
രംഭത്തോടുകൂടി വറ്റിപ്പോവുകയും ചെയ്യുന്നു. അ
ടെ ചില കുന്നിൻ മുകളിൽ പാറകൾ തെളിഞ്ഞുക
മിക്ക കുന്നിൻ പ്രദേശങ്ങളിലും ഇന്ന് റബ്ബർ കൃഷിചെ
വരുന്നു.

ഉയർന്ന സമതലങ്ങൾ

ഈ ഭൂപ്രദേശങ്ങൾ താരതമ്യേന ഉയർന്ന പ്രദേശങ്ങ ണ്. ജനസാന്ദ്രതയും കുടുതലാണ്. ആനച്ചൽ പള്ളിക്കു പരപ്പാറമുകൾ, കോലിഞ്ചി, മുളവന, കതിരുവിള തുട ിയ പ്രദേശങ്ങൾ ഈ മേഖലയിൽ വരുന്നു. ഈ പ്രദേശ ളിലും കുടിവെള്ളക്ഷാമം അനുഭപ്പെടുന്നു. നല്ല വളക്കു ള്ളതും നീർവാർച്ചയുള്ളതുമായ മണ്ണിൽ തെങ്ങ്, വാഴ, രുമുളക്, റബ്ബർ തുടങ്ങിവ കൃഷി ചെയ്യുന്നുണ്ടെങ്കിലും ങ്ങ് രോഗം ഒരു മഹാവിത്തായി അനുഭപ്പെടുന്നു. ന്നിൻ പ്രദേശങ്ങളെ അപേക്ഷിച്ച് ഭേദപ്പെട്ട യാത്രാ സൗക ങ്ങൾ ഈ പ്രദേശങ്ങളിൽ ഉണ്ടെന്നിരിക്കിലും മിക്ക റോ കളും ഗതാഗത യോഗ്യമല്ല.

ചരിവ് പ്രദേശം

പഞ്ചായത്തിന്റെ ഭൂവിസ്തൃതിയിൽ ഏറിയഭാഗവും ഈ വിഭാഗത്തിൽ പെടുന്നു. ഫലഭൂയിഷ്ഠമായ മണ്ണാണെ ിലും ഭക്ഷ്യവിളകളുടെ കൃഷിയെ അസാധ്യമാക്കുന്ന രീതി ിലുള്ള മണ്ണൊലിപ്പ് ഒരു പ്രധാന പരിമിതിയാണ്. റബ്ബർ കൃഷി വ്യാപകമായതോടെ മിക്ക ചരിവു പ്രദേശങ്ങളും ബ്ബർ കൈയ്യടക്കി. ചരിവ് പ്രദേശങ്ങളെ അവയുടെ സ്വഭാ ം അനുസരിച്ച് മൂന്നായി തരംതിരിക്കാം. പമ്മത്തിൽകീഴ്, ള്ളിഞ്ചക്കുഴി, ചീനിവിള തുടങ്ങിയ പ്രദേശങ്ങൾ കുത്ത ന ചരിഞ്ഞവയാണെങ്കിൽ കാക്കക്കുന്ന്, പൂവത്തൂർ, കാമറ രിക്കകം ഗ്രാമീണനഗർ, ഉടുമ്പിക്കോട് ഭാഗങ്ങൾ താര ്യന ഇടത്തരം ചരിവു പ്രദേശങ്ങളാണ്., എന്നാൽ ചിലമ്പു ാണി, കാരൂർകോണം, തമ്പുരാട്ടിക്കാവ് കാഞ്ഞിരംപാറ ുപ്പുറം തുടങ്ങിയ പ്രദേശങ്ങളിലെ ചരിവ് നേരിയ തോതി ുള്ളതാണ്. കുത്തനെ ചരിഞ്ഞ പ്രദേശങ്ങൾ ഒഴിച്ചാൽ മറ്റ് രിവ് പ്രദേശങ്ങൾ ജനനിബിഡമാണ്. ഈ ഭാഗങ്ങളിലും താഗത സൗകാര്യങ്ങളോ, ശുദ്ധ ജലലഭ്യതയോ തീരെ ല്ല.

. സമതല പ്രദേശങ്ങൾ

പഞ്ചായത്താസ്ഥാനമായ വാമനപുരം ഉൾപ്പെടെ ആനച്ചൽ, കളമച്ചൽ, കരിവേലി, മേലാറ്റുമുഴി, ആനാകുടി, പ്രദേശങ്ങൾ സാമാന്യം നിരപ്പായ പ്രദേശങ്ങളാണ്. പഞ്ചാ യത്തിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശങ്ങ ളും ഇവയാണ്. പഞ്ചായത്തിലെ പ്രധാന റോഡുകളെല്ലാം ഈ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നവയുമാണ് . തെങ്ങ്, വാഴ, മരിച്ചീനി തുടങ്ങിയവയാണ് പ്രധാന കൃഷി കൾ. വാമനപുരം കേന്ദ്രീകരിച്ചാണ് പഞ്ചായത്തു പ്രദേശത്തെ പ്രധാന ഓഫിസുകളെല്ലാം സ്ഥിതിചെയ്യുന്നത്. ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള വാർഡും വാമനപുരമാണ്.

5. നദീതീര പ്രദേശങ്ങൾ

കൊടുങ്കയം, കാവസ്ഥലം, കൽപകശ്ശേരി, മൂഴിക്കാവ്, പെരുന്ത്ര, വാഴ്വേലിക്കോണം, ആറാട്ടുകടവ്, തിരുവാമനപുരം, കരുവയൽ ക്ഷേത്രക്കടവ്, പൂവത്തൂർ കടവ്, ദർഭക്കെട്ടയ്ക്കൽ, ആനാകൂടി, മേലാറ്റുമൂഴി, നീറമൺകടവ് തുടങ്ങിയ ഭൂപ്രദേശങ്ങൾ വാമനപുരം നദിയോട് ചേർന്നു കിടക്കുന്നവയാണ്. പഞ്ചായത്തിലെ ഏറ്റവും ഫലഭൂയിഷ്ടമായ ഭൂപ്രദേശങ്ങളിവ. നാളികേരമാണ് ഇവിടത്തെ കാർഷികവിള. വർഷത്തിൽ രണ്ടുതവണ വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശമാണെങ്കിലും ഇവിടെയും ജനവാസം തീരക്കുറവല്ല. തന്മൂലം വെള്ളപ്പൊക്കത്തിന്റെ ദുരിതങ്ങൾ പലപ്പോഴും ഈ പ്രദേശത്തുകാർ നേരിടേണ്ടിവരുന്നു. ഈ പ്രദേശത്ത് ഇഷ്ടി നനിർമ്മാണം, മണൽ ഖനനം ഇവ വൻതോതിൽ നടന്നുവരുന്നു. ക്രമാതീതമായ ഈ മണൽ ഖനനവും ഇഷ്ടി നിർമ്മാണത്തിലേക്കുള്ള മണ്ണെടുപ്പും പല പരിസ്ഥിതി പ്രശ്നങ്ങൾക്കും ഇടവരുത്തുന്നു. നദിയുടെ ആഴം ക്രമാതീതമായതോടെ തീരപ്രദേശപ്രദേശങ്ങളിലെ കിണറുകളിലെ ജലലഭ്യതയും കുറഞ്ഞു. മണ്ണെടുപ്പുമൂലം വർഷകാലത്ത് നദിതീരങ്ങൾ ഇടിഞ്ഞുവീഴുന്നതും വൻതോതിൽ കൃഷിനാശം സംഭവിക്കുന്നതും ഇവിടങ്ങളിൽ സാധാരണമാണ്.

6. താഴ്ന്ന സമതലങ്ങൾ

ഈ ഭൂപ്രദേശങ്ങൾ പൂർണ്ണമായും പാടശേഖരങ്ങളാണ്. കളമച്ചൽ, ആനച്ചൽ, വലിയകണിച്ചോട് ചെറിയ കണിച്ചോട്, ആനാകുടി മൺകുണ്ടയം, കാരൂർക്കോണം തുടങ്ങിയ പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നിലവിലുണ്ട്. എന്നാൽ വാമനപുരം കൂരോട്ട് ഏല, ഇരുംകുളം, പൂപ്പുറം, മാടൻനട, പുളിഞ്ചിക്കപ്പൊയ്ക്ക, മിതൂർ, പൂവത്തൂർ, 'മേലാറ്റുമൂഴി (ഒരു പൂവ്, ഇരുപ്പൂവ്), താന്നിമൂട്, പൂന്തൽക്കോണം തുടങ്ങിയ പാടശേഖരങ്ങൾ ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്തവയാണ്. കർഷകത്തൊഴിലാളികളുടെ അഭാവവും നെൽക്കൃഷിക്കാർ നേരിടുന്ന മറ്റു പ്രശ്നങ്ങളും കൊണ്ടാകണം പാടശേഖരങ്ങൾ നികത്തി ഇതര കൃഷികൾ വ്യാപകമാക്കുന്ന പ്രവണത ഇവിടങ്ങളിൽ ദൃശ്യമാണ്. വാമനപുരം നദീതീരത്തോടു ചേർന്നാണ് മേൽപ്പറഞ്ഞ പാടശേഖരങ്ങളെങ്കിലും ജലസേചന സൗകര്യങ്ങൾ കുറവായ

തിനാൽ മിക്കവയും ഇരുപ്പൂ നിലങ്ങളാണ്. രണ്ടാം വിളയ്ക്കു ശേഷം നാലുമാസക്കാലത്തോളം ഈ പാടശേഖരങ്ങൾ തരിശിടുകയാണ് പതിവ്. ജലവിഭവം വേണ്ടവിധം ചൂഷണം ചെയ്യാനായാൽ ഈ നിലങ്ങളെല്ലാം മൂന്നു പൂ കൃഷി ഇറക്കുകയോ ഇടവേളയിൽ പച്ചക്കറി കൃഷി വ്യാപകമാക്കുകയോ ചെയ്യാവുന്നതാണ്. പാടശേഖരങ്ങളിൽ വച്ച് ഏറ്റവും വിസ്തൃമായത് ആനാകുടി ഏലായാണ്. പഞ്ചായത്ത് പ്രദേശത്തെ നെല്ലുല്പാദന ക്ഷമത താരതമ്യേന കുറവാണ്.

കാലാവസ്ഥ

പൊതുവെ പറഞ്ഞാൽ ജില്ലയുടെ ഇതരഭാഗങ്ങളിൽ അനുഭവപ്പെടുന്ന വേനലും മഴയും ഏറെക്കുറെ വ്യത്യാസമില്ലാത്ത രീതിയിൽ തന്നെയാണ് നമ്മുടെ ഗ്രാമത്തിലും അനുഭവപ്പെടുന്നത്. സന്തുലിതമായ ഒരു കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ഭൂ വിസ്തൃതിയിൽ ഏറിയ ഭാഗവും വാമനപുരം നദിയോട് ചേർന്നുകിടക്കുന്ന താഴ്ന്ന പ്രദേശങ്ങളായതാകാം ഇതിനുള്ള കാരണം. കേരളത്തിലെ പതിമൂന്നു കാർഷിക കാലാവസ്ഥാമേഖലകളിൽ തെക്കൻ ഇടനാട കാർഷിക കാലാവവസ്ഥാ വിഭാഗത്തിൽപ്പെടുന്നതാണ് നമ്മുടെ ഗ്രാമം. (ഗ്രാഫ് ശ്രദ്ധിക്കുക)*

ജില്ലയിൽ അനുഭവപ്പെടുന്ന കാലാവസ്ഥാ മാറ്റം നേരിയ വ്യതിയാനത്തോടെ നമ്മുടെ പ്രദേശത്തും അനുഭവപ്പെടുന്നു. പഞ്ചായത്തിലനുഭപ്പെടുന്ന കാലാവസ്ഥാ വ്യതിയാനങ്ങളെ വേനൽക്കാലം, മഴക്കാലം, മഞ്ഞുകാലം, ഇടയ്ക്കിടയ്ക്ക് മഴയുള്ള കാലം, ഒറ്റപ്പെട്ട മഴ പെയ്യുന്ന കാലം എന്നിങ്ങനെ വേർതിരിക്കാം. തുലാവർഷത്തിലും ഇടവപ്പാതിയിലുമാണ് മഴ ധാരാളമായി ലഭിക്കുക. എന്നിരുന്നാലും തുലാവർഷത്തിലാണ് കൂടുതലും മഴ ലഭിക്കുന്നത്. വാമനപുരം നദി പഞ്ചായത്തിനെ രണ്ടായി വിഭജിക്കുന്നു എന്നതിലുപരി മിക്ക വാർഡുകളേയും തൊട്ട് ഒഴുകുന്നതു മൂലം മഴക്കാലങ്ങളിൽ തീരപ്രദേശങ്ങൾ വെള്ളപ്പൊക്കെടുതിക്ക് ഇരയാകുന്നു. ജനുവരിയോടെ വേനലിന് തുടക്കം കുറിക്കുന്നതിനാൽ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളും കുടിവെള്ളക്ഷാമത്തിന്റെ പിടിയിലമരുന്നു. വേനൽക്കാലം ഏപ്രിൽ, മെയ് മാസങ്ങളിൽ അതിന്റെ മൂർദ്ധന്യത്തിലെത്തുമ്പോൾ, കുടിവെള്ളത്തിനുവേണ്ടി ടാങ്കർ ലോറികളും കാത്ത് പാത്രങ്ങളുമായി ഗ്രാമവാസികൾ നിൽക്കുന്ന കാഴ്ച പഞ്ചായത്തിലെങ്ങും ദൃശ്യമാണ്. മെയ് മദ്ധ്യത്തോടെ ഒറ്റപ്പെട്ട മഴ പെയ്തുതുടങ്ങും. തുടർന്ന് ജൂൺ, ജൂലായ് മാസങ്ങളിൽ ഇടപ്പാതി കാലമാണ്. ഇടവപ്പാതി ക്രമേണ ശക്തികുറഞ്ഞ് ആഗസ്റ്റ്, സെപ്തംബർ മാസങ്ങളായിക്കഴിഞ്ഞാൽ ഇടയ്ക്കിടെ മഴ കിട്ടുകയാണ് പതിവ്. ഒക്ടോബർ മാസം മിക്കപ്പോഴും തുലാവർഷത്തോടു കൂടിയാണ് എത്തുക. തുലാവർഷം നവംബർ ആകുമ്പോഴേക്കും ശരിയ തോതിലാകുന്നു വെങ്കിലും ഡിസംബർ പകുതി മിക്കപ്പോഴും മഴ ലഭിക്കാറുണ്ട്. ഡിസംബർ പകുതിന്നതോടെ കാലാവസ്ഥയിൽ വ്യക്തമായ വ്യതിയാനം വിക്കുന്നു. രാത്രികാലങ്ങളിൽ നല്ല തണുപ്പും പകൽങ്ങളിൽ പൊതുവെ അതൃഷ്ണവുമാണ് പിന്നീട് പഞ്ചായത്ത് പ്രദേശത്തു ലഭിക്കുന്ന മഴയുടേയും കാഥയുടേയും കൂടുതൽ വിവരങ്ങൾ പട്ടിക ചേർത്തിരിക്കുന്നു.

കാലാവസ്ഥ					
മാസം	വേനൽ	മഴ	മഞ്ഞ്	ഇടയ്ക്കിടെ മഴ	
ജനുവരി	x		x		
ഫെബ്രുവരി	x		x		
മാർച്ച്	x				
ഏപ്രിൽ	x				
മേയ്	x				
ജൂൺ		x			
ജൂലൈ		x			
ആഗസ്റ്റ്				x	
സെപ്റ്റംബർ				x	
ഒക്ടോബർ		x			
നവംബർ		x			
ഡിസംബർ			x	x	

ജലലഭ്യത

"വെള്ളം, വെള്ളം, സർവ്വത്ര, തുള്ളി കുടിക്കാനില്ല" എന്ന ചൊല്ല് വാമനപുരം പഞ്ചായത്തിനെ സംബന്ധിക്കച്ചും അനവർത്ഥമാണ്. വാമനപുരം പഞ്ചായത്തിന്റെ കിഴക്കേ അറ്റം തുടങ്ങി പടിഞ്ഞാറേ അറ്റം വരെയുള്ള വാറും എല്ലാ വാർഡുകളും വാമനപുരം നദിയുടെ ളനയിൽ കഴിയുന്നവയാണ്. എന്നാൽ പഞ്ചായത്തിന്റെ പ്രധാന പ്രശ്നങ്ങളിലൊന്ന് കുടിവെള്ളമാണ്. മാത്രമല്ല, കൃഷിക്കുവേണ്ടത്ര ജലം ലഭ്യമല്ലെന്ന കാരണടെ മുറവിളി വേറെയും. നദീജലം ശാസ്ത്രീയമായ പദ്ധതിയിലൂടെ ശരിയ്ക്കും ചൂഷണം ചെയ്ത് വിനിക്കാൻ നാളിതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല. അതേ


35°
30°
25°
20°
15°
10°
5°
താപനില
ഡിഗ്രി
സെൽഷ്യസ്
ജനുവരി
ഫെബ്രുവരി
മാർച്ച്
ഏപ്രിൽ
മെയ്
ജൂൺ
ജൂലൈ
ആഗസ്റ്റ്
സെപ്റ്റംബർ
ഒക്ടോബർ
നവംബർ
ഡിസംബർ
മാസം

ജനസംഖ്യാ പട്ടിക – 1998-ലെ ഐ.സി.ഡി.എസ്. സർവ്വേ

വാർഡ്	ജനസംഖ്യ			പട്ടികജാതിക്കാർ			1991ലെ കനേഷുമാരി കണ 9 വാർഡുകളേ ഉണ്ടായിരു	
	പുരു.	സ്ത്രീ	ആകെ	പുരു.	സ്ത്രീ	ആകെ	പുരു.	സ്ത്രീ.
1	1244	1259	2513	48	56	104	1059	1185
2	1342	1407	2749	191	187	378	1463	1581
3	1406	1453	2859	81	78	159	1210	1323
4	1036	1100	2136	142	139	281	981	1101
5	895	928	1823	77	85	162	710	829
6	988	1056	2044	148	153	301	1193	1399
7	1025	1152	2175	30	38	68	984	1030
8	773	801	1574	37	31	68	936	1109
9	1059	1165	2214	92	94	186	1038	1033
10	1175	1206	2381	139	145	284	-	-
ആകെ	10943	11525	22468	1072	1099	2171	9574	10540

പുളിമാത്ത്, മാണിക്കൽ പഞ്ചായത്തുകളിൽ ഈ നദീജലം ഫലപ്രദമായി ഉപയോഗിക്കുന്നു. നദീജലം നാം പ്രയോജനപ്പെടുത്തുന്നില്ലായെന്നതിലുപരി നദി വേണ്ട രീതിയിൽ സംരക്ഷിക്കുന്നതിനുപോലും നാം ശ്രദ്ധചെലുത്തുന്നില്ല. ഈ നദിക്കു പുറമേ പഞ്ചായത്തിലുള്ള മറ്റ് പല ജലസ്രോതസ്സുകളും പ്രയോജനപ്പെടുത്തുന്നതിനോ സംരക്ഷിക്കുന്നതിനോ നമ്മൾ പദ്ധതികളൊന്നും നാളിതുവരെയും ആവിഷ്ക്കരിച്ചിട്ടില്ല. 2387 ഹെക്ടർ വരുന്ന പഞ്ചായത്തു പ്രദേശത്തെ ഭൂവിനിയോഗം താഴെ കാണുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പുരയിടം	: 2011.64
നിലം	: 137.5
തരിശ്	: 1.36
കെട്ടിടങ്ങൾ	: 98.00
റോഡ്	: 61.34
തോട്	: 33.78
കുളം	: 1.49
പുഴ	25.45
പുറമ്പോക്ക്	: 5.5
റവന്യൂ	: 11.94
ആകെ	: 2387.00

അളവുകൾ എല്ലാം ഹെക്ടറിൽ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ മ
ഫലഭൂയിഷ്ഠതയിൽ ഏറ്റക്കുറച്ചിൽ കാണുന്നുണ്ട
പൊതുവെ കൃഷിക്കനുയോജ്യമായ കളിമണ്ണു കല
നീർവാർച്ചുള്ളതുമായ മണ്ണാണ് ഇവിടെ കാണുന്ന

ഗ്രാമത്തിൽ ജനവാസം വ്യാപകമായതോടെ
സ്യ പ്രകൃതികളിലും മാറ്റങ്ങൾ സംഭവിച്ചു. പ
ന്റെ കിഴക്കൻ ഭാഗങ്ങൾ ഒരു കാലത്ത് സർപ്പഗന്ധ
ന്തോട്ടി, കച്ചോലം, ശതാവരി, ആടലോടകം, ആര്യ
ങ്ങിയ ഔഷധ സസ്യങ്ങൾ സമൃദ്ധമായിരുന്നെങ്കി
അപൂർവ്വമായി മാത്രമേ കാണുന്നുള്ളു. നമ്മുടെ
ലെ ചില ഭാഗങ്ങളിലെ വൃക്ഷക്കൊമ്പുകളിൽ വ

ൽ കൂട്ടത്തോടെ പാർത്തിരുന്നത് കഥയും ഇന്ന് പഴമക്കാ
ട ഓർമ്മകളിൽ മാത്രം അവശേഷിക്കുന്നു.

മനുഷ്യവിഭവം കൊണ്ട് അനുഗ്രഹീതമാണ് നമ്മുടെ
ായത്ത്. പക്ഷേ അവരുടെ കർമ്മശേഷി നാം പൂർണ്ണമാ
പ്രയോജനപ്പെടുത്തുന്നില്ല. 1991ലെ കാനേഷുകുമാരി
നക്കുകൾ പ്രകാരം 20114 ആണ് നമ്മുടെ ജനസംഖ്യ.
നസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 842.6 ആയിരുന്നു.
നസംഖ്യാ പട്ടിക കാണുക)

എന്നാൽ 1996 ആയപ്പോഴേക്കും ജനസംഖ്യ 22468
യും ജനസാന്ദ്രത 941.2 ആയും ഉയർന്നു. (ഐ.സി.ഡി.
സ്. സർവ്വേ 96 മെയ്) 1991-ൽ പുരഷന്മാരേക്കാൾ 961
ത്രീകൾ കൂടുതലായിരുന്നുവെങ്കിൽ 96 ആയപ്പോഴേ
ും ഈ പ്രവണത 582 ആയി ചുരുങ്ങി. ഗ്രാമവാസികളിൽ ഏറിയപങ്കും തൊഴിൽ രഹിതരുടെ പട്ടികയിൽപ്പെടുന്നു. ചെറിയൊരു വിഭാഗം ഗൾഫ് നാടുകളിൽ പണിയെടുക്കുന്നു.

ഉന്നതമായ പാരമ്പര്യം കൊണ്ടും സമ്പുഷ്ടമായ ഭൗതിക സാഹചര്യങ്ങൾകൊണ്ടും അനുഗ്രഹീതരാണ് നമ്മൾ. എന്നാൽ സാധാരണക്കാരന്റെ ഒട്ടനവധി അടിസ്ഥാനപരമായ പ്രശ്നങ്ങൾ തുടർന്നുവരുന്ന അധ്യായങ്ങളിലൂടെ കടന്നുപോകുമ്പോൾ നമുക്കു ബോധ്യമാകും. കൂട്ടായ്മയിലൂടെ മാത്രമേ നമുക്കവ പരിഹരിക്കാനാവൂ. സങ്കുചിത പ്രാദേശിക വികസനമല്ല നമ്മുടെ ലക്ഷ്യം, സമഗ്രമായ ഗ്രാമവികസനമാണ്. ആ നിലയ്ക്കുവേണം അവ നാം ചർച്ച ചെയ്യേണ്ടത്.



വികസന
മേഖലകൾ

വാമനപുരം ഗ്രാമപഞ്ചായത്ത് വികസന

4. കൃഷിയും ജലസേചനവും



ഇന്ത്യ മുഖ്യമായും ഒരു കാർഷിക രാജ്യമാണ്. ഇവിടെ 70% ആളുകളും ഉപജീവനത്തിനുവേണ്ടി ആശ്രയിക്കുന്നത് കൃഷിയെയാണ്. നമ്മുടെ ദേശീയ വരുമാനത്തിന്റെ 50 ശതമാനവും കാർഷിക മേഖലയിൽ നിന്നാണുതാനും. ഇതിൽനിന്നു തന്നെ കാർഷിക മേഖലയുടെ പ്രാധാന്യം വ്യക്തമാണല്ലോ. ഇന്നത്തെ നമ്മുടെ കാർഷിക മേഖലയുടെ സ്ഥിതി അത്രകണ്ട് ഭദ്രമാണെന്ന് പറയുക വയ്യ. അതുകൊണ്ട് കാർഷിക മേഖലയെ അതിന്റെ ഇന്നത്തെ ദുരവസ്ഥയിൽനിന്ന് മോചിപ്പിച്ച് നാടിന്റെ സാമ്പത്തിക വികസനത്തിൽ സമൃദ്ധമായ പങ്കു വഹിക്കാൻ പര്യാപ്തമാക്കുന്നതിന് നാം ദൃഢനിശ്ചയത്തോടെ മുൻകൈയെടുത്തു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

വാമനപുരം പഞ്ചായത്തിന്റെ കാർഷിക ചരിത്രം പരിശോധിച്ചാൽ പരമ്പരാഗത കാർഷിക വിളകളിൽ നിന്നും കൂടുതൽ ലാഭകരമായ തോട്ടവിളകളിലേക്കുള്ള മാറ്റം ദൃശ്യമാണ്.

ജന്മി കുടിയാൻ ബന്ധം നിലനിന്നിരുന്ന കാലത്ത് നമ്മുടെ പഞ്ചായത്തിന്റെ 70% വരുന്ന പ്രദേശത്തും (1671 ഹെക്ടർ) തെങ്ങ്, മരച്ചീനി, കശുമാവ്, കൗവുങ്ങ്, കുരുമുളക്, വെറ്റിലക്കൊടി ഇവയാണ് കൃഷിചെയ്ത് പോന്നിരുന്നത്. ഈ കാലഘട്ടത്തിൽ പുറമ്പോക്കു ഭൂമി ഒഴികെയുള്ള കൃഷിഭൂമി ഇരുനൂറിനു താഴെ വരുന്ന ഏതാനും ജന്മിമാരുടേയും ചില ദേവസ്വങ്ങളുടേയും വകയായിരുന്നുവെന്ന് രേഖകൾ കാണിക്കുന്നു. അന്ന് യഥാർത്ഥ കർഷകൻ ഇവരുടെ പാട്ടക്കാരും വാരക്കാരുമായിരുന്നു. കുടികിടപ്പുകാരും പരമ്പരാഗതമായി കാർഷിക വൃദ്ധി സ്വീകരിച്ചുപോന്ന ഹരിജനങ്ങളും തുച്ഛമായ പ്രതിഫലത്തിന് അടിമകളെപ്പോലെ ഇവരുടെ കീഴിൽ പണിയെടുത്തുവന്ന കർഷകത്തൊഴിലാളികളായിരുന്നു. 1950 കളിൽ ഉണ്ടായ കർഷകത്തൊഴിലാളി പ്രക്ഷോഭങ്ങളും 58, 70 വർഷങ്ങളിൽ നടപ്പിൽവന്ന കാർഷിക നിയമങ്ങളും നിലവിലുണ്ടായിരുന്ന ഭൂ ഉടമവ്യവസ്ഥ കീഴുമേൽ മറിച്ചു. ഇതോടെ 2000ാളം കുടുംബങ്ങളുടെ കൈപ്പിടിയിൽ ഒതുങ്ങുയിരുന്ന കൃഷിഭൂമി യഥാർത്ഥ കർഷകരുടെ കൈകളിൽ എത്തിച്ചേരുകയും ചെയ്തു. ഇന്ന് പഞ്ചായത്തിൽ 90% കുടുംബങ്ങളും നാമമാത്രമായിട്ടാണെങ്കിൽപോലും കൃഷിഭൂമി സ്വന്തമായിട്ടുള്ളവരാണ്.

പട്ടിക – 1

ഭൂ ഉടമാബന്ധം

ആകെ കുടുംബങ്ങൾ	:	4899
10 സെൻറിനു താഴെ ഭൂമി ഉള്ളവർ	:	1172
10–25	:	1087
25–50	:	714
50നു 1 ഏക്കറിനുമിടയിൽ	:	687
1 – 2 ഏക്കറിന്	:	521
2 – 5 ഏക്കറിന്	:	314
5 ഏക്കറിനു മുകളിൽ	:	32
ഭൂമി ഇല്ലാത്തവർ	:	372

(അവലംബം: വില്ലേജ് സെറ്റിൽമെൻറ് രേഖകൾ)

ജന്മി – കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്ന കാലഘട്ടങ്ങളിൽ കൃഷിയുടെ ലാഭനഷ്ടങ്ങൾ ഒരു പ്രശ്നമായിരുന്നില്ല. ഒരു ജന്മിക്ക് തന്നെ വളരെയധികം കൃഷി ഭൂമി ഉണ്ടായിരുന്നതിനാലും തുച്ഛമായ പ്രതിഫലത്തിൽ ജോലി ചെയ്യാൻ തൊഴിലാളികൾ ധാരാളമായി ഉണ്ടായിരുന്നതിനാലും അന്ന് കൃഷി ലാഭകരമായിരുന്നു. എന്നാൽ ഭൂ ഉടമാബന്ധത്തിൽ മാറ്റം വന്നതോടെ കൃഷി രീതികളിലും വേതന നിരക്കുകളിലും മാറ്റങ്ങൾ ഉണ്ടായി. കൃഷിച്ചെലവുകളുടെ വർദ്ധനവും ഉൽപ്പന്നങ്ങളുടെ വിലയിടിവും കൃഷിക്കാരെ കൃഷയുടെ ലാഭനഷ്ടക്കണക്കുകളെപ്പറ്റി വിലയിരുത്തുവാൻ പ്രേരിപ്പിച്ചു.

വർഷത്തിൽ ഒരിക്കൽമാത്രം വിളവെടുപ്പ് നടത്താൻ കഴിയുന്ന പരമ്പരാഗത കൃഷികളായ കശുമാവ്, കുരുമുളക്, കമുങ്ങ്, മരച്ചീനി തുടങ്ങിയവയോട് ക്രമേണ കർഷകരുടെ താൽപ്പര്യം കുറഞ്ഞുതുടങ്ങി. തെങ്ങുകൃഷിയെ സംബന്ധിച്ചിടത്തോളം വ്യാപകമായി പടർന്നു പിടിച്ച കാറ്റുവീഴ്ച രോഗവും കൂമ്പു ചീയൽ രോഗവും നാളീകേരത്തിന്റെ വിലയിടിവും കേരള കർഷകനെ തെങ്ങ് കൃഷിയിൽനിന്നും അകറ്റാൻ തുടങ്ങി. ജൈവ വളങ്ങളുടെ ദൗലഭ്യവും രാസവളങ്ങളുടേയും കീടനാശികളുടേയും വിലവർദ്ധനവും കർഷകനെ നഷ്ടത്തിൽനിന്നും നഷ്ടത്തിലേക്ക് നയിച്ചു. മുൻകാലങ്ങളിലെ കർഷകനെ ആദരിച്ചു പോന്നിരുന്ന സമൂഹം ക്രമേണ അവന് സമൂഹത്തിൽ വേണ്ടത്ര അംഗീകാരം നൽകാതെ വന്നതും ഗൾഫ് മേഖലകളിൽ നിന്നുമുള്ള പണത്തിന്റെ സ്വാധീനവും കർഷകരും കൃഷിയും തമ്മിലുള്ള അകലം വീണ്ടും വർദ്ധിപ്പിച്ചു. കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനും കർഷകന്റെ ഉന്നമനത്തിനുമായി വിവിധ പദ്ധതികൾ സർക്കാർ തലത്തിൽ ആവിഷ്ക്കരിക്കപ്പെട്ടുവെങ്കിലും അവയൊന്നും ലക്ഷ്യം കണ്ടില്ല. ഇക്കാരണങ്ങളാൽ പരമ്പരാഗത കാർഷിക വിളകളോട് ഗ്രാമത്തിലെ കർഷകർക്ക് ആഭിമുഖ്യം കുറയുകയും റബ്ബർ പോലുള്ള നാണ്യവിളകളിലേക്ക് ചിന്ത തിരിയുകയും ചെയ്തു. വളക്കൂറുള്ള മണ്ണും താരതമ്യേന കുറഞ്ഞ കൃഷിച്ചെലവുകളും വർഷത്തിലേറിയകാലവും ആദായം ലഭിക്കുമെന്ന മേന്മയും റബർ ബോർഡിന്റെ കുറ്റമറ്റ ധനസഹായ പദ്ധതികളും കർഷകരെ അതിവേഗം ഈ മേഖലകളിലേക്ക് നയിച്ചു. 70 കളുടെ തുടക്കത്തിൽ പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന റബർ പത്തുവർഷം പിന്നിട്ടപ്പോൾ പഞ്ചായത്തിലങ്ങോളമിങ്ങോളം വേരുപിടിച്ചു. ഇന്ന് വാമനപുരം പഞ്ചായത്തിന്റെ ഏതു കോണിൽ നോക്കിയാലും റബർ മരങ്ങൾ സുലഭമാണ്. ഒരു കാലത്ത് തെങ്ങും കശുമാവും തഴച്ചു വളർന്നിരുന്ന പറമ്പുകളെല്ലാം റബർ കൈയ്യടക്കി. ഈ രംഗത്ത് കഴിഞ്ഞ 25 വ
ലുണ്ടായ മാറ്റങ്ങളെക്കുറിച്ച് ഒന്നു പരിശോധിക്കാം.

പട്ടിക – 2

വർഷം	റബ്ബർ	തെങ്ങ്	ക
1970–80 (ഹെക്ടർ)	100	900	
1980–85 (ഹെക്ടർ)	350	750	
85–90 (ഹെക്ടർ)	600	700	
90–95 (ഹെക്ടർ)	800	650	

നെൽക്കൃഷി

നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം കൃഷ
യിലെ പൊതുവിലുണ്ടായ മാറ്റങ്ങളിൽ നിന്ന് സ്ഥിതി
ക്കൂടി രൂക്ഷമാണ്. നെൽക്കൃഷി ഒരു വൻ തകർച്ച
ന്നെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തു പ്ര
ത്തിലെ ഒന്നും രണ്ടും വിളകളിലായി 135 ഹെക്ടർ
പ്രദേശത്താണ് നെൽക്കൃഷി ചെയ്യുന്നത്. പരമ്പര
കൃഷി രീതികളിൽനിന്നും ആധുനിക കൃഷിരീതികളി
ഈ മേഖല ക്രമേണ മാറിക്കൊണ്ടിരിക്കുന്നതായി കാ
മുൻകാലത്ത് ജൈവ വളങ്ങളെ മാത്രം ആശ്രയിച്ച് ന
കൃഷിരീതികളെ അവലംബിച്ചും ജൈവ കീടനാശിനി
അവലംബിച്ചുമായിരുന്നു നെൽപ്പാടങ്ങളിൽ കൃഷി
ത് പോന്നിരുന്നത്. ജൈവ വളങ്ങളുടെ ദൗർലഭ്യം കർ
രെ രാസവളങ്ങളെ ആശ്രയിക്കാൻ നിർബന്ധിതരാ
രാസവളങ്ങൾക്കും കീടനാശിനികൾക്കും അടിക്കടിയു
കുന്ന വിലവർദ്ധനവ് നെൽക്കൃഷിയെ സാരമായി ബ
ച്ചു. വയൽപ്പണികൾ കരപ്പണികളെക്കാൾ ആയാസകര
യാൽ ഈ മേഖലയിൽ കർഷകത്തൊഴിലാളികളെ ലഭി
ക്കായി തുടങ്ങി. പഞ്ചായത്തു പ്രദേശത്തെ നെൽക്ക
ക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നവും ഇ
തന്നെയാണ്.

പഴയകാലത്തു വിശാലമായിരുന്ന പാടശേഖരങ്ങ
ഇന്നു തുണ്ടുതുണ്ടു ഭൂമികളായി ഭാഗിച്ചു കൃഷിയിറക്കു
തും നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിച്ചു. മു
കാലത്തു ഓരോ പാടശേഖരങ്ങളുടെ ആരംഭത്തിൽ
ഓരോ ചിറയുണ്ടായിരുന്നു. അവയിൽ ചിലത് സ്വകാര്യ
ക്തികൾ കൈയ്യേറിയതിനാലും ശേഷിച്ചവ കാലാകാലാ

സംരക്ഷിക്കുന്ന പതിവില്ലാതിരുന്നതിനാലും അവയൊ തന്നെ ഇന്നു കർഷകർക്ക് ഉപയുക്തമല്ല. പഞ്ചായ പ്രദേശത്തുകൂടി ഒഴുകുന്ന വാമനപുരം നദിയിൽനി ക്രമാതീതമായി മണൽ വാരൽ തുടങ്ങിയതോടെ നദി ട ആഴം വർദ്ധിക്കുകയും ജലനിരപ്പ് താഴുകയും ചെയ് ഇത് വയലേലകളിലെ ജല ദൗർലഭ്യത്തിനു മറ്റൊരു ണമായി. തോടുകളിൽ കൂടി ഒഴുകാൻ ജലമില്ല എന്ന സ്ഥയിലാണ് ഇപ്പോൾ. മഴയെ മാത്രം ആശ്രയിച്ചുള്ള ി രീതിയാണ് ഇന്നു നിലവിലുള്ളത്. ഭാരിച്ച കൂലിച്ചെല മേൽ സൂചിപ്പിച്ച പ്രതികൂല സാഹചര്യങ്ങളും അതിജീ് നടത്തുന്ന നെൽകൃഷി മിക്കപ്പോഴും നഷ്ടത്തിലാണു ശിക്കുക. നെൽക്കൃഷിമൂലമുണ്ടാകുന്ന നഷ്ടം ക്കിലെടുത്ത് വയലുടമകൾ പാടങ്ങൾ തരിശ്ശിടുകയോ ാളമായി നികത്തി മറ്റു വിളകൾ നടത്തുകയോ യ്യുന്ന പ്രവണത ഈ പ്രദേശത്തു ധാരാളമായി കണ്ടു ങ്ങിയിട്ടുണ്ട്. നിയമം മൂലം ഇത്തരം പ്രവണത തടഞ്ഞി ങ്കിൽ വളരെയടുത്ത ഭാവിയിൽത്തന്നെ നെൽപ്പാടങ്ങൾ ിണ്ണമായും അപ്രത്യക്ഷമാവുകയും മുഖ്യഭക്ഷണഘടക യ നെല്ലരിക്കു രൂക്ഷമായ ദാരിദ്ര്യം അനുഭവപ്പെടുകയും യ്യും. സാദ്ധ്യതയും ഉണ്ട്.

ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും യന്ത്രവൽ ത പാടമൊരുക്കൽ, സംഘകൃഷി, പാടശേഖര പദ്ധതി, തു ഞാറ്റടികൾ, ജൈവ വള, ജീവാണു വള പ്രയോഗ ൾ തുടങ്ങിയ ആധുനിക കൃഷിരീതികൾ അവലംബിച്ചും ൽക്കൃഷി ആദായകരമാക്കാനുള്ള പദ്ധതികൾക്കു നാം പം കൊടുക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തു പ്രദേശത്തെ ഇന്നത്തെ മുഖ്യവിളകൾ ർ, തെങ്ങ്, നെല്ല്, വാഴ, കുരുമുളക്, കശുമാവ്, മരച്ചീ വെറ്റില, മുതലായവയാണ്. കൂടാതെ ഇടവിളകളായി വർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഇഞ്ചി, ഞ്ഞൾ, ചേന, ചേമ്പ്, കാച്ചിൽ, ചെറുവള്ളിക്കിഴങ്ങ് തുട ിയവയും കൃഷി ചെയ്തുവരുന്നു. ഫലവൃക്ഷങ്ങളായ വ, പ്ലാവ്, നെല്ലി, വാളൻപുളി തുടങ്ങിയവയും പഞ്ചായ ു പ്രദേശത്തു കണ്ടുവരുന്നുണ്ട്.

ഉൽപ്പാദനക്ഷമതയുടെ കാര്യത്തിൽ റബർ കൃഷിയിൽ ത്രമേ നാം സംസ്ഥാന ശരാശരിയുടെ മുന്നിലെത്തുന്നു ു. റബറിന്റെ സംസ്ഥാനതല ഉൽപ്പാദനക്ഷമത ഹെക്ട നു 830 കി. ഗ്രാം. ആണെങ്കിൽ ഇതു പഞ്ചായത്തുതല ിൽ 850 കി. ഗ്രാം ആണ്. എന്നാൽ ഭക്ഷ്യവിളകളുടെയും ു കാർഷികോൽപ്പന്നങ്ങളുടെയും ഉൽപ്പാദനക്ഷമത ൽ നമ്മൾ പിന്നിലായതിന്റെ കാരണങ്ങൾ പരിശോധന ക്കു വിധേയമാക്കേണ്ടതാണ്. നെല്ലുൽപ്പാദനം സംസ്ഥാന ശരാശരി 2108 Kg/hec. ആണെങ്കിൽ നമ്മുടേത് 1650 Kg/hec. ആണെന്നതും മരച്ചീനിയുടേത് സംസ്ഥാന ശരാശരി 19.47 ടൺ/ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിൽ ഇത് കേവലം 5 ടൺ/ഹെക്ടർ ആണെന്നതും ശ്രദ്ധിക്കപ്പെടേണ്ട വസ്തുതകളാണ്. (പട്ടിക – 3 കാണുക)

മഴയെമാത്രം ആശ്രയിച്ചുള്ള കൃഷി മിക്കപ്പോഴും കാല വർഷം താളം പിഴക്കുമ്പോൾ നമ്മുടെ ഉൽപ്പാദന ക്ഷമത യേയും താളം തെറ്റിക്കുന്നു. രോഗങ്ങളും കീടങ്ങളും ഉൽപ്പാദനമേഖലയെ ബാധിക്കുന്ന മറ്റു ഘടകങ്ങളാണ്. ജൈവ വളങ്ങളുടെ ദൗർലഭ്യം കർഷകനെ രാസവളങ്ങളിലേക്കു നയിച്ചെങ്കിലും രാസവളപ്രയോഗം പലപ്പോഴും ശരിയായ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തലല്ല നടത്തുന്നത്. രാസവളങ്ങളുടെ തണലിൽ മാത്രമുള്ള കൃഷി മണ്ണിന്റെ ഘടനയെത്തന്നെ ബാധിച്ചു. മറ്റൊരു പ്രധാനകാരണം യഥാസമയം കൃഷിപ്പണിക്കാരെ കിട്ടാനില്ല എന്നതുമാണ്. ഉൽപ്പാദന വർദ്ധനവിനും കാർഷിക വികസനത്തിനും വേണ്ടി കർഷകന്റെ മിത്രങ്ങളായി പ്രവർത്തിക്കേണ്ട കൃഷി ഭവനുകൾ മിക്കപ്പോഴും ചുരുക്കം ചില തൽപ്പരകക്ഷികളുടെ സംരക്ഷകരായി പ്രവർത്തിച്ചുവരുന്നതും കൃഷിഭൂമിയുടെ തുണ്ടുവൽക്കരണവും ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിന്റെ അഭാവവുമൊക്കെ നമ്മുടെ കാർഷിക രംഗത്തിന്റെ പിന്നോട്ടടിക്കു കാരണങ്ങളാണ്.

ജലസമ്പത്തുകൊണ്ടു അനുഗ്രഹീതമായ നമ്മുടെ പഞ്ചായത്ത് ജലസേചന സൗകര്യങ്ങളോ കുടിവെള്ളമോ വേണ്ടത്ര ഇല്ലാതെ നട്ടം തിരിയുന്നു എന്നു പറഞ്ഞാൽ വിരോധാഭാസമായി തോന്നുന്നുവെങ്കിലും സത്യം അതാണ്. പഞ്ചായത്തിനെ രണ്ടായി വിഭജിക്കുന്ന വാമനപുരം നദി 1,2,3,5,9,10 വാർഡുകളിലൂടെയാണ് ഒഴുകുന്നത്. നമ്മുടെ നദീതീരം 19 കി. മീ. ആണ്. എന്നാൽ ഈ നദിയിലൂടെ അറബിക്കടലിൽ ഒരുവർഷം ഒഴുകിയെത്തുന്ന 889 എം. സി. എം ജലത്തിൽ കാർഷികാവശ്യത്തിനായി ഒരു തുള്ളി പോലും നാം പ്രയോജനപ്പെടുത്തുന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ ചിറകളും തോടുകളും നാം യഥാസമയം സംരക്ഷിക്കുന്നില്ല. നദിയിൽനിന്നുമുള്ള ജലം ജലസേചന പദ്ധതികൾ വഴി ഉപയോഗപ്പെടുത്തിയാൽ വയലേലകളിൽ രണ്ടുവിളകൾക്കുപകരം മൂന്നു വിളകളോ രണ്ടു വിളകൾക്കിടയിലുള്ള കാലം പയർ, പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്യാനോ സാധിക്കും. ഇതോടൊപ്പം തെങ്ങ്, കവുങ്ങ് തുടങ്ങിയവയും മറ്റ് കൃഷികളും കൂടുതൽ ഉൽപ്പാദനക്ഷമത നേടുകയും ചെയ്യും.

ഉൽപാദനക്ഷമത

പട്ടിക 3

ക്രമ നമ്പർ	വിള	വിസ്തീർണം (ഹെക്ടർ)	മൊത്തം ഉൽപ്പാദനം	ഉൽപാദന ക്ഷമത	സംസ്ഥാന ഉൽപാദന ക്ഷമത (ഹെക്ടറിൽ)
1	നെല്ല് ഒന്നാം വിള	135	247.75 MT/H	1650 Kg.	2018 Kg.
2	നെല്ല് രണ്ടാം വിള	135	197.75 MT/H		
3	പയർ	25	5 ടൺ	200 Kg.	-
4	തെങ്ങ്	650	3,90,000 എണ്ണം	തെങ്ങൊന്നിന് വർഷത്തിൽ 30 എണ്ണം	തെങ്ങൊന്നിന് വർഷത്തിൽ 38 എണ്ണം
5	വാഴ	210	840 ടൺ	4 ടൺ	7.65 ടൺ
6	മരച്ചീനി	50	250 ടൺ	5 ടൺ	19.4 ടൺ
7	കുരുമുളക്	60	13.1 ടൺ	218.3 Kg.	271 ടൺ
8	പ്ലാവ്	8	-	-	-
9	കശുമാവ്	25	7.5 ടൺ	300 Kg.	877 Kg.
10	റബർ	800	650 ടൺ	850 Kg.	830 Kg.
11	കവുങ്ങ്	2	-	-	-
12	മഞ്ഞൾ	നാമമാത്രം	-	-	-
13	ഇഞ്ചി	,,	-	-	-
14	പച്ചക്കറികൾ	15	225 ടൺ	1.5 ടൺ	-
15	മാവ്	8	-	-	-

ആധാരം: കൃഷിഭവൻ രേഖകൾ

റബർ കൃഷി ഇന്നു പഞ്ചായത്തു പ്രദേശത്തെ പ്രധാന കൃഷിയായി മാറിയിരിക്കുന്നു. ഉൽപ്പാദനം സംസ്ഥാന ശരാശരിയേക്കാൾ നേരിയ വർദ്ധന കാണിക്കുന്നു എങ്കിലും ഇനിയും കൂടതൽ ഉൽപ്പാദന ക്ഷമത കൈവരിക്കാനാവുമെന്നാണ് കൃഷി ഡിപ്പാർട്ടുമെൻറിൻെറയും കർഷകരുടേയും അഭിപ്രായം. മഴക്കാലമായാൽ പലപ്പോഴും ടാപ്പിംഗ് മുടങ്ങുന്നു. റെയിൻഗാർഡ് പഞ്ചായത്തിൽ വ്യാപകമായിട്ടില്ല. മാത്രമല്ല കാലം തെറ്റിവരുന്ന മഴ പട്ടമരവിപ്പു രോഗത്തിനു ഇടയാക്കുമെന്നും കർഷകർ പറയുന്നു. റബർ ബോർഡിൻെറ സാങ്കേതിക ഉപദേശങ്ങളും സഹായ സഹകരണങ്ങളും പ്രയോജനപ്പെടുത്തി റബർ കർഷകരുടെ സഹകരണാടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾ റബർ വിപണന സാധ്യതകൾ, റബർ ഉൽപ്പന്നങ്ങൾ കൊണ്ടു ഉണ്ടാക്കാവുന്ന വ്യവസായശാലകൾ എന്നീ മേഖലകൾ പരിപോഷിപ്പിച്ചാൽ ഈ മേഖല കൂടതൽ ആദായകരവും ലാഭകരവുമാക്കാൻ സാധിക്കും.

ജലസേചന സൗകര്യങ്ങളും നല്ലയിനം വിത്തുകളും ലഭ്യമാക്കിയാൽ പച്ചക്കറി കൃഷിയിലും നമുക്കു നല്ല നേട്ടങ്ങൾ കൈവരിക്കാം. ഇന്നു നമ്മുടെ നാട്ടിൽ അപൂർവ്വം ചില പ്രദേശങ്ങളൊഴിച്ചാൽ വീട്ടുമുറ്റത്തെ ഒന്നോ രണ്ടോ വെണ്ടയിലും പയറിലും അപൂർവ്വം ചില പാവലുകളിലും ഒതുങ്ങുന്നതാണ് നമ്മുടെ പച്ചക്കറിക്കൃഷി. രോഗപ്രതിരോധ ശക്തിയുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ വിത്തിനങ്ങൾ ലഭ്യമാക്കുന്നതിലീം കർഷകർക്കു വേണ്ട ഉപദേശങ്ങൾ നൽകുന്നതിലും കൃഷിവകുപ്പ് ശ്രദ്ധ

ച്ചേ മതിയാകൂ.

പഞ്ചായത്തു പ്രദേശത്തെ സാമാന്യമായ കൃഷി രീതികൾ കാർഷിക കലണ്ടർ വ്യക്തമാക്കുന്നു. (പട്ടിക 4 കാണുക)

കാലവർഷത്തിന്റെ ആഗമനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഇതിൽ അല്പസ്വൽപ്പം മാറ്റങ്ങൾക്കിട വരുത്തുമെന്നപോലെ തന്നെ മരച്ചീനി, വാഴ തുടങ്ങിയവ വൻതോതിലുള്ള കൃഷി അല്ലാത്തതിനാലും മാറ്റങ്ങൾക്കുവിധേയമാണ്.

കാർഷിക മേഖലയിലെ മറ്റൊരു പ്രധാനപ്രശ്നമാണ് വിപണന സാധ്യതകൾ. ഈ രംഗത്ത് കർഷകരുടെ ഏക ആശ്രയം വാമനപുരം പബ്ലിക്ക് മാർക്കറ്റ് മാത്രമാണ്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലക്കാർ കല്ലറ മാർക്കറ്റിനേയും ആശ്രയിച്ചുവരുന്നു. ഈ മാർക്കറ്റുകളിൽ ഉൽപ്പന്ന സംഭരണം ചുരുക്കം ചില സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലാകയാൽ കർഷകനു തന്റെ ഉൽപ്പന്നങ്ങൾക്കു മിക്കപ്പോഴും ന്യായവില ലഭിക്കില്ല. പ്രത്യേകിച്ചും വാഴക്കുല, വെറ്റില, നാളികേരം തുടങ്ങിയവ. മുൻകാലങ്ങളിൽ നാളികേരം വീടുകളിൽ വന്നു വിലകൊടുത്തു വാങ്ങുവാൻ വ്യാപാരികളുണ്ടായിരുന്നുവെങ്കിൽ ഇന്ന് ആ സ്ഥിതി പഞ്ചായത്തിലെ ചുരുക്കം ചില ഭാഗങ്ങളിലായി ഒതുങ്ങി നിൽക്കുന്നു. എന്നാൽ റബ്ബർ വിപണനരംഗത്ത് കൂടുതൽ സാദ്ധ്യതകൾ കാണുന്നുണ്ട്. ആറോളം സ്വകാര്യ മാർക്കറ്റിംഗ് കേന്ദ്രങ്ങൾ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നു. വിപണന മേഖലയിൽ കർഷകനെ സഹായിക്കാൻ മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപം കൊള്ളേണ്ടിയിരിക്കുന്നു. ഈ രംഗത്ത് ഇടപെടാൻ പഞ്ചായത്തിനു കൂടുതൽ അവസരങ്ങളാണുള്ളത്.

ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വേർതിരിച്ചാൽ 4137 കുടുംബങ്ങർ നാമമാത്ര കർഷകരും 304 കുടുംബങ്ങൾ ചെറുകിട കർഷകരും 32 കുടുംബങ്ങൾ വൻകിട കർഷകരുമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് കർഷ കരുടെ എണ്ണം കുറഞ്ഞവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കാർഷിക വൃദ്ധിയിൽ നിന്ന് നിത്യജീവിതത്തിനനുള്ള വക കണ്ടെത്താനാകാത്തതും ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള തിളക്കമാർന്ന സമ്പത്തിന്റെ ഒഴുക്കുമാണ് ഇതിന്റെ പിന്നിൽ.

കൃഷിപ്പണികൾ സ്വന്തമായി നിർവ്വഹിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരുന്നു. 'കേരളത്തിൽ പണിയെടുക്കില്ല, പുറത്തെന്തിനും തയ്യാർ' എന്ന മനോഭാവമാണ് ഇന്ന് കേരളീയർക്കു പൊതുവെ. നമ്മുടെ പഞ്ചായത്തു പ്രദേശത്തും ഈ പ്രവണത ദൃശ്യമാണ്. ഇവിടെ ലഭ്യമായ മനുഷ്യവിഭവം കാർഷിക മേഖലയിൽ വേണ്ടവിധം വിനിയോഗിക്കാൻ കഴിയാത്ത് ഉൽപ്പാദന മേഖലയിൽ മുരടിപ്പിനിടയാക്കി. നിസ്സാര കൃഷിപ്പണികൾക്കും തൊഴിലാളികളെ തേടുന്നതിന്റെ പിന്നിലും ഗൾഫ് പണത്തിന്റെ സ്വാധീനം ദൃശ്യമാണ്. 1991-ലെ സെൻസസ് കണക്കുകൾ കാണിക്കുന്നത് 1328 പുരുഷന്മാരും 270 സ്ത്രീകളും കൃഷി തൊഴിലായി സ്വീകരിച്ചിരുന്നു എന്നാണ്. ഇവർ ജനസംഖ്യയുടെ 8% മാത്രമാണ്. കർഷകത്തൊഴിലാളികളാകട്ടെ ജനസംഖ്യയുടെ 15.8 ശതമാനവും.

ശരിയായ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലല്ല മിക്കപ്പോഴും രാസവളപ്രയോഗം നടത്തുന്നത്. കൃഷി ഡിപ്പാർട്ടുമെന്റിന്റെ സഹകരണം ഇക്കാര്യത്തിലിനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. രാസവളങ്ങൾക്കു ബദലായി ജൈവ വളങ്ങൾ വ്യാപകമായി ഉൽപ്പാദിക്കുകയും പ്രയോഗിക്കുകയും ചെയ്ത് മണ്ണിന്റെ ഫലപൂയിഷ്ടത നിലനിർത്താം. കാലിവളർത്തൽ, കമ്പോസ്റ്റ് നിർമ്മാണം തുടങ്ങിയ പരമ്പരാഗത രീതികളും പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. മുൻകാലങ്ങളിൽ പച്ചിലവളം ഇവിടെ സുലഭമായിരുന്നു. കൃഷിരീതിയിലുണ്ടായ മാറ്റം പച്ചിലവളത്തിന്റെ ലഭ്യത തീരെക്കുറച്ചു. എന്നാൽ ഈ പ്രദേശത്തു മാർക്കറ്റുകളിലും മറ്റു പൊതു സ്ഥലങ്ങളിലും ഇന്നു കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്ന ചപ്പു ചവറുകളും മറ്റു മാലിന്യങ്ങളും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി കമ്പോസ്റ്റു വളങ്ങളാക്കാൻ കഴിഞ്ഞാൽ ജൈവ വളത്തിന്റെ കാര്യത്തിലിന്നു നേരിടുന്ന ദൗർലഭ്യം വളരെ ചെലവു കുറഞ്ഞ രീതിയിൽ നല്ലൊരളവു പരിഹരിക്കാൻ കഴിയും എന്നതിലുപരി പരിസര മലിനീകരണ പ്രശ്നത്തിനും ഇതൊരു പരിഹാരമാകും. വീടുകൾ തോറും കമ്പോസ്റ്റു വളം നിർമ്മാണത്തിനു വേണ്ട പ്രോത്സാഹനവും ഉണ്ടാകേണ്ടിയിരിക്കുന്നു.

അമിതമായ കീടനാശിനി പ്രയോഗവും പല ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു. പ്രത്യേകിച്ച് പച്ചക്കറികൾക്കും വാഴക്കും നെല്ലിനും കീടനാശിനി പ്രയോഗിച്ച് വേണ്ടത്ര ഇടവേള നൽകാതെയാണ് പലപ്പോഴും വിളവെടുക്കുന്നത്. കീടനാശിനികളുടെ അമിത പ്രയോഗംമൂലം ഉപദ്രവകാരികളായ കീടങ്ങളോടൊപ്പം ഉപകാരികളും നശിക്കുന്നു എന്നതും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

ഈ പ്രദേശത്തു കാർഷിക വിളകൾക്കു കണ്ടുവരുന്ന പൊതുവായ ചില രോഗങ്ങളാണ് പട്ടിക 5ൽ പറയുന്നത്. (പട്ടിക – 5 കാണുക)

കാർഷിക മേഖലയിലെ കൂലിസേവന വ്യവസ്ഥകൾ

കാർഷിക കലണ്ടർ

പട്ടിക 4

വിള	ജനു.	ഫെബ്രു.	മാർച്ച്	ഏപ്രിൽ	മേയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്റ്റം.	ഒക്ടോബർ	നവംബർ	ഡിസംബർ
നെല്ല് ഒന്നാം വിള	–	–	–	–	ഉഴവും ഞാറ്റടിയും	പറിച്ചു നടൽ	കള പറിക്കൽ വളം ചേർക്കൽ		വിളവെടുപ്പ്		കള പറിക്കൽ വളം ചേർക്കൽ	
രണ്ടാംവിള	വിളവെടുപ്പ്	വിളവെടുപ്പ്	–	–	–				ഞാറ്റടി	ഉഴവും പറിച്ചു നടീലും	ടാപ്പിംഗ്	
റബർ: ടാപ്പിംഗ് ഉള്ളവ	ടാപ്പിംഗ്	–	–	–	ടാപ്പിംഗ്	ടാപ്പിംഗ് വളംചേർക്കൽ	ടാപ്പിംഗ്		ടാപ്പിംഗ്	ടാപ്പിംഗ് വളം ചേർക്കൽ		ടാപ്പിംഗ്
അല്ലാത്തവ	കൂഴികൾ തയ്യാറാക്കൽ	–	–	–		തൈ നടൽ				വളം ചേർക്കൽ		
തെങ്ങ്	ഇട കിളക്കൽ	–	വിളവെടുപ്പ്			തടം കിളച്ചു വളം ചേർക്കുന്നു	വിളവെടുപ്പ്			വളം ചേർക്കൽ	വിളവെടുപ്പ്ഇടകിളക്കൽ	
വാഴ	–	–			കൃഷി				തൈ നടവ്		വളം ചേർക്കൽ	
മരച്ചീനി	വിളവെടുപ്പ്	–	കുംഭകൃഷി	–				കൃഷി		വിളവെടുപ്പ്		
പച്ചക്കറികൾ	കൃഷി	–	–	വിളവെടുപ്പ്		കൃഷി			വിളവെടുപ്പ്			
പയറുവർഗങ്ങൾ	കൃഷി വയലുകളിൽ	കൃഷി	–	വിടവെടുപ്പ്		കറുകൃഷി			വിളവെടുപ്പ്			
ചേന, ചേമ്പ് തുടങ്ങിയവ	വിളവെടുപ്പ്	–	ചേനകൃഷി	–	ചേമ്പ് മറ്റു ചെറു കൃഷികൾ							

പട്ടിക – 5

വിള	കീടങ്ങൾ മൂലമുള്ളവ	വൈറസ് മൂലമുള്ളവ
നെല്ല്	പട്ടാളപ്പുഴു, തണ്ടുതുരപ്പൻ പുഴു, കുഴൽപ്പുഴു, കുഴൽരോഗം, ഇലചുരുട്ടിപ്പുഴു, ചാഴി	ബ്ലാസ്റ്റ്, ബൈറ്റ്, ഓല മഞ്ഞളിപ്പ്
തെങ്ങ്	കൊമ്പൻ ചെല്ലി ചുവന്ന ചെല്ലി	മഞ്ഞളിപ്പ്, കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കാറ്റുവീഴ്ച
വാഴ	തടപ്പുഴു	കുറുനാമ്പു രോഗം ഇല മഞ്ഞളിപ്പ്
റബർ	അകാലത്തിൽ ഇലകൊഴിച്ചിൽ	പട്ട മരവിപ്പ്
കുരുമുളക്	–	വാട്ട രോഗം
മരച്ചീനി	മുഞ്ഞരോഗം	പുള്ളിരോഗം

വിശകലനം ചെയ്താൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് കൂലിനിരക്കുകൾ ഇരട്ടിച്ചതായി മനസ്സിലാക്കാം. കാർഷിക വിളകൾക്കാകട്ടെ തദനുസരണമായ വിലവർദ്ധനവു ഉണ്ടായിട്ടുമില്ല. (പട്ടിക 6 കാണുക.)

പട്ടിക – 6 കൂലി സേവന വ്യവസ്ഥകൾ

	കൂലിനിരക്ക് 1991–92		കൂലിനിരക്ക് 95–96	
പണികൾ	പുരു.	സ്ത്രീ	പുരു.	സ്ത്രീ
ഉഴവ് (കന്നുകാലി)	125 (പറയ്ക്ക്)	–	325 (പറയ്ക്ക്)	–
ഉഴവ് (ട്രില്ലർ)	–		350 രൂ. (പറയ്ക്ക്)	
കള പറിക്കൽ	–	40 രൂ.		75 രൂ.
വരമ്പ് വൃത്തിയാക്കൽ	45 രൂ.	–	100 രൂ.	–
ഞാറു നടിൽ	45 രൂ.	45 രൂ.	–	75 രൂ.
കൊയ്ത്ത്	പത്തിനൊന്ന് (കൊറ്റ്)	പത്തിനൊന്ന് (കൊറ്റ്)	പണിക്കാരില്ല	75 രൂ
പാമ്പുകിളയൽ	45 രൂ.	–	100 രൂ.	–
റബർ ടാപ്പിംഗ്	മരമൊന്നിന് 10 പൈസ	മരമൊന്നിന് 10 പൈസ	മരം 1-ന് 20 പൈസ	മരം 1-ന് 20 പൈസ
തേങ്ങയിടൽ	45 രൂ.	–	150 രൂ.	–
ചുമടെടുപ്പ്	35 രൂ.	25 രൂ.	75 രൂ.	75 രൂ.

ഈ പ്രദേശത്തെ കർഷകരുടെ പ്രധാന ആശാകേന്ദ്രം വാമനപുരം കൃഷിഭവനാണ്. കൂടാതെ കർഷകർക്ക് കാർഷികവായ്പ നൽകി സഹായിച്ചുപോരുന്ന ഇതര സ്ഥാപനങ്ങളാണ് വാമനപുരം സർവ്വീസ് സഹകരണ ബാങ്കും വാമനപുരം എസ്. ബി. ടി.യും. നാമമാത്രമായാണെങ്കിലും പാലോട് കാർഷിക വികസന ബാങ്കിന്റെ സേവനവും കർഷകർ ഉപയോഗപ്പെടുത്തുന്നു. പാലോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ ബാങ്കിന്റെ ഒരു ശാഖ വാമനപുരത്തുകൂടി പ്രവർത്തനമാരംഭിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലും സമീപപ്രദേശങ്ങളിലുമുള്ള കർഷകർക്ക് കൂടുതൽ സഹായ സഹകരണങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ കഴിയും..

1987 സെപ്തംബറിൽ പ്രവർത്തനമാരംഭിച്ച പഞ്ചായത്തു കൃഷിഭവൻ ഇതിനകം പല പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. വാമനപുരം കൃഷി അസി. ഡയറക്ടർ ഓഫീസും ഈ കെട്ടിടത്തിൽത്തന്നെ പ്രവർത്തിക്കുന്നതു മൂലമുള്ള സ്ഥലപരിമിതി പരിഹരിക്കാൻ കെട്ടിട സൗകര്യങ്ങൾ ഉണ്ടാകേണ്ടതാണ്. കൃഷിഭവന്റെ വിവിധ സഹായ പദ്ധതികൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

	പദ്ധതികൾ	1994–95	1995–96
1	സമഗ്ര നാളികേര വികസനം	66650	206900
2	പ്രത്യേക ഘടകപദ്ധതി	94451	78625
3	സുഗന്ധവിള വികസനപദ്ധതി	12500	20500
4	ട്രിപ്പ് ഇറിഗേഷൻ		110820
5	ബയോഗ്യാസ് പ്ലാന്റ്	7200	–
6	അംഗീകൃത വിത്തുൽപാദന പദ്ധതി		3750
7	നെൽകൃഷി ഉൽപാദന ബോണസ്	44450	33750
8	കാർഷിക യന്ത്രവൽകരണ പദ്ധതി (ട്രില്ലർ – ആനച്ചൽ, കളമച്ചൽ ഏലാകൾക്ക്)	74526	–
9	തെങ്ങുവികസന പദ്ധതി	210000	317100
	ആകെ	509777	771445

കാർഷിക മേഖലയിൽ കഴിഞ്ഞ രണ്ടുവർഷക്കാലമായി വിതരണം ചെയ്ത മേൽപ്പറഞ്ഞ സഹായ പദ്ധതികൾക്കും സബ്സിഡികൾക്കും പുറമെ പ്രകൃതിക്ഷോഭം, മിനികിറ്റ് പദ്ധതി, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പച്ചക്കറി കൃഷിപദ്ധതി തുടങ്ങി വിവിധ മേഖലകളിൽ കൃഷിഭവന്റെ

സഹായ ഹസ്തങ്ങൾ എത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ കൃഷിഭവന്റെ സേവനം പലപ്പോഴും സാധാരണ കർഷകനു ലഭിക്കുന്നില്ലെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി സുതാര്യമല്ലെന്നും പദ്ധതികൾ പലപ്പോഴും രഹസ്യ സ്വഭാവത്തിലാണു കൈകാര്യം ചെയ്യുന്നത് എന്നുമുള്ള വ്യാപകമായ പരാതികൾ ഒട്ടുമിക്ക ഗ്രാമസഭകളിലും ഉയർന്നിരുന്നു. തെങ്ങ് വികസന പദ്ധതി പ്രകാരം രോഗം ബാധിച്ച തെങ്ങ് മുറിച്ചു മാറ്റിയതിലും ഇഞ്ചികൃഷി വികസന പദ്ധതിയിലുമൊക്കെ വ്യാപകമായി അഴിമതി നടന്നതായുള്ള പരാതികൾ ഇപ്പോഴും നിലനിൽക്കുന്നു. കൃഷിഭവന്റെ ഒട്ടുമിക്ക പദ്ധതികളും ഈ വക കാരണങ്ങൾകൊണ്ട് ഉദ്ദേശിക്കുന്ന ഫലങ്ങൾ ഉളവാക്കിയിട്ടില്ല. സഹായധനം സ്വീകരിക്കുന്നതോടെ കൃഷിഭവനും കൃഷിക്കാരനും തമ്മിലും ബാധ്യതീർന്നു എന്ന മനോഭാവമാണ് ഇരു കൂട്ടരും ഇന്ന് പുലർത്തുന്നത്. സഹായധനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള കൃഷിവികസന പ്രവർത്തനങ്ങൾ യഥാസമയത്തും നിർദ്ദേശിക്കപ്പെട്ട രീതിയിലും നടക്കുന്നുണ്ടോ എന്ന പരിശോധന കൃഷിഭവനിൽ നിന്നുണ്ടാകണം. കൃഷിഭവന്റെ സഹായധനങ്ങൾ വഴിവിട്ട രീതിയിൽ ചെലവിടുന്നതിൽ പഞ്ചായത്തിനും ശ്രദ്ധിക്കാൻ കഴിയും. കൃഷി പ്രോത്സാഹനാർത്ഥം വിവിധ കാർഷിക സംരംഭങ്ങൾ പഞ്ചായത്തു പ്രദേശത്തു നിലവിലുണ്ട്. 7 പാടശേഖര സമിതികളും. ഒരു കേര കർഷക സമിതിയും ഈ രംഗത്തു പ്രവർത്തിച്ചുവരുന്നു. കുരുമുളകു വികസന സമിതികളോ, റബർ കർഷക സമിതികളോ ഇനിയും രൂപപ്പെട്ടിട്ടില്ല.

പ്രശ്നങ്ങൾ

1 നെൽക്കൃഷി ലാഭകരമല്ലാത്തതിനാൽ നിലങ്ങൾ നികത്തപ്പെടുന്നു.
2 ജലസേചനത്തിനുള്ള സൗകര്യക്കുറവ്. ജലസേചന ക്കുളങ്ങളിലും ബണ്ടുകളിലും ജലച്ചോർച്ച.
3 ഭക്ഷ്യവിളകളുടെ കൃഷി കുറയുന്നു.
4 റബർപോലുള്ള നാണ്യവിളകളുടെ കടന്നുകയറ്റം.
5 ജൈവ വളങ്ങളുടെ ലഭ്യതക്കുറവ്.
6 കർഷകതൊഴിലാളികളുടെ കൂലി വർദ്ധനവ്.
7 കാർഷികരംഗത്തെ യന്ത്രവൽക്കരണത്തിന്റെ അപര്യാപ്തത.
8 പരമ്പരാഗത കൃഷിരീതികളെ ആശ്രയിക്കേണ്ടിവരുന്നത്.
9 ഉൽപ്പന്ന വിപണന സൗകര്യക്കുറവ്. സഹകരണ മേഖലയിൽ സ്ഥാപനങ്ങളില്ല.
10 നവീന നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്.
11 കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യക്കുറവ്.
12 കാർഷിക വ്യവസായങ്ങളുടെ അഭാവം.
13 കുറഞ്ഞ കാർഷിക പരിജ്ഞാനം ലഭിച്ചവ പ്രത്തിൽ വരുത്താനുള്ള വിമുഖത.
14 ഇഷ്ടിക നിർമ്മാണവും മണൽ ഖനനവും നി നദീതീരത്തെ പുരയിടങ്ങളിൽ അമിതമായ ജ ചോർച്ച.
15 കൃഷി ഭവനിലൂടെ ലഭിക്കുന്ന സഹായങ്ങൾ മയം ലഭ്യമാകുന്നില്ല.
16 തെങ്ങിന്റെ കാറ്റുവീഴ്ച, കൂമ്പുചീയൽ എന്ങ്ങളുടെ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷ
17 പഞ്ചായത്ത് അതിർത്തിയിൽ ക്രൈപ്രാസംഭരണവും റബ്ബർ വിപണ കേന്ദ്രവും ഇല്ല.
18 നിലവിലുള്ള പഞ്ചായത്ത് ജലസേചന പമ്പുകൾ പ്രവർത്തനക്ഷമമല്ല. വൈദ്യുതീകരിക്കപ്പെ
19 രാസവളങ്ങളുടെ അമിതമായ ഉപയോഗം മണ്ണ് സ്വാഭാവിക ഗുണങ്ങളെ നശിപ്പിക്കുന്നു.
20 ചിലയിടങ്ങളിൽ പാടങ്ങൾ തരിശ്ശിടുന്നു.
21 കുന്നിൻപ്രദേശങ്ങളിൽ മണ്ണൊലിപ്പ് ഗണ്യമാണ
22 റബർ നഴ്സറികളിലെ തൈകളുടെ ഗുണനിലവാരം പരിശോധിക്കപ്പെടുന്നില്ല.
23 നിലവിലുള്ള മണ്ണു പരിശോധനാ സംവിധാനം തൃപ്തികരമല്ല.

സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1 നിലങ്ങൾ നികത്തുന്നത് കർശനമായി തടയുക്കൃഷി ലാഭകരമാക്കുന്നതിന് താഴെപ്പറയുന്ന കൾ സ്വീകരിക്കുക. (എ). നെൽപ്പാടങ്ങളിൽ ഗ്രൂഫാമിംഗ് പദ്ധതി നടപ്പിലാക്കി വിത്തിന്റെയും ന്റെയും സബ്സിഡി ഉയർത്തുക. (ബി) വയലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക നെൽക്കൃഷിയെക്കുറിച്ച് ബോധവൽക്കരണ പരിനങ്ങൾ നടത്തുക.
2 കളമച്ചൽ, കീഴ്ചേരി, വാഴ്വേലിക്കോണം, മേലഴി എന്നീ ഏലാകളിലെ തലച്ചിറകൾ വൃത്തിയാക്കി ജലസേചനത്തിനുപയോഗപ്പെടുത്തുക.
3 ജലസേചന തോടുകളിൽ ബണ്ടുകൾ നിർമ്മിക്കപഴയവ പുതുക്കിപ്പണിയുക, ഇവ യഥാസമയം വൃത്തിയാക്കുക.
4 തോട്ടിലെ ഉപയോഗശൂന്യമായ ചീർപ്പുകൾ പൊളിച്ചുമാറ്റുക
5 വാമനപുരം നദിയിൽ ചെക്കുഡാമുകൾ കെട്ടിക്കാവശ്യമായ ജലസേചനം നടത്താം.

നദീതീരത്തെ ഇഷ്ടികനിർമ്മാണവും മണൽവാരലും നിയന്ത്രിച്ചുകൊണ്ടുള്ള നിയമങ്ങൾ കർശനമാക്കുക.

തെങ്ങിനുള്ള ട്രിപ്പ് ഇറിഗേഷൻ സംവിധാനം വ്യാപകമായി ഏർപ്പെടുത്തുക.

കാർഷികരംഗത്ത് അനുയോജ്യമായ രീതിയിൽ യന്ത്രവൽക്കരണം നടത്തുക.

കാർഷികവിളകളുടെ വിപണനത്തിനായി മാർക്കറ്റിംഗ് സെൻററുകൾ ആരംഭിക്കുക.

കാർഷിക വായ്പകൾ എളുപ്പം ലഭ്യമാക്കുക.

കാർഷിക സെമിനാറുകൾ വാർഡുതലത്തിൽ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുക

കൃഷിഭവനിലൂടെയുള്ള തൈകളുടെ വിതരണം അനുയോജ്യമായ സമയത്തു നടത്തുക.

കൃഷിനാശത്തിനുള്ള സഹായങ്ങൾ യഥാസമയം വിതരണം ചെയ്യുക.

4 കാർഷിക വിളകളുടെ രോഗങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

5 ജൈവ വളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും രാസവളങ്ങളുടെ അമിതമായ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

6 എല്ലാവിളകൾക്കും വിള ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക.

17 കീടനാശിനികളുടെ അമിതമായ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും ഇവയുടെ നിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമാക്കുകയും ചെയ്യുക, ജൈവ കീടനാശിനികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

18 പഞ്ചായത്ത് പുറമ്പോക്കുകളിൽ പ്ലാവ്, മാവ്, പുളി എന്നീ ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക.

19 ആനച്ചൽ ഏലായിലെ വാഴോട്ടുകോണം വാതുക്കൽ കലുങ്ക് പൊളിച്ചുകെട്ടി തോട്ടിലൂടെ ഉള്ള നീരൊഴുക്കു സുഗമമാക്കുക.

താഴെപ്പറയുന്ന ഏലാകളിൽ തോട്ടുവരമ്പുകൾ, ബണ്ടുകൾ കെട്ടി വികസിപ്പിച്ച് ട്രാക്ടർ റോഡുകളാക്കി മാറ്റണമെന്ന നിർദ്ദേശവും ഗ്രാമസഭയിൽ ഉയർന്നു.

കളമച്ചൽ, ആനച്ചൽ, കണിച്ചോട്, കൂരോട്ട്, ഇരുകുളം – പൂപ്പറം, കാരുകോണം ആനാകുടി – കല്ലുപാലം, പൊൻകുഴിക്കോണം മേലാറ്റുമൂഴി തെക്ക്, ചാങ്ങയിൽക്കോണം, മാടൻനട, പുളിഞ്ചിയ്ക്കപൊയ്ക, ആനാകുടി – അരുമനക്കോണം, പൂവത്തൂർ, കാഞ്ഞിരംപാറ, പറയൻ കരിയ്ക്കകം.

പ്രധാനപ്പെട്ട തോടുകൾ, കുളങ്ങൾ



ഗ്രാമസഭയിലെ ആവശ്യങ്ങൾ മറുപുറത്ത്

ഗ്രാമസഭയുടെ ആവശ്യങ്ങൾ

വാർഡ് നമ്പർ	സ്ഥലങ്ങൾ	ഗ്രൂപ്പ് ഫാം		ലിഫ്റ്റ് ഇറിഗേഷൻ		ട്രിപ്പ് ഇറിഗേഷൻ		ട്രാക്ടർ യാത്രാ സൗകര്യം	സൈഡ്വാൾ കെട്ടേണ്ടത് നദിക്കര	വൈദ്യുത പമ്പുസെറ്റുകൾ സ്ഥാപിക്കേണ്ടത്	ചിറ				
		ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്				ഉള്ളത് നന്നാക്കേണ്ടത്	പുതിയത് കുഴിക്കേണ്ടത്	ചീർപ്പുകൾ നിർമ്മിക്കേണ്ടത്	കുളങ്ങൾ വേണ്ടവ	റിമാർക്ക്
1	കളമച്ചൽ	✓			✓			✓	✓						
	ചിറതലയ്ക്കൽ				✓						✓				
	പള്ളിമൺകുഴി								✓						
2	ആനച്ചൽ	✓	✓					✓							
	വലിയ കണിച്ചോട്	✓			✓										
	ചെറിയ കണിച്ചോട്	✓						✓							
	കീഴ്ചേരി										✓				
3	കൂരോട്							✓							
	വാമനപുരം		✓						✓						
	പൊലിമേൽ				✓				✓						
	കൊണ്ടോട്ടി								✓						
4	ഇരുംകുളം		✓					✓					✓		
	ആനാകുടി	✓						✓	✓				✓		
	തേവര കോവിൽ				✓				✓						
	പൊൻകുഴിക്കോണം				✓		✓						✓		
	പൂപ്പുറം		✓					✓							
5	ഒരുപ്പൂ		✓		✓					✓					
	വെള്ളീഞ്ചക്കുഴി											✓			
	പാലിയക്കോട്											✓			
	പയ്യംപള്ളിക്കോണം											✓			
	കാരുൽകോണം	✓						✓							

ഗ്രാമസഭയുടെ ആവശ്യങ്ങൾ

വാർഡ് നമ്പർ	സ്ഥലങ്ങൾ	ഗ്രൂപ്പ് ഫാം		ലിഫ്റ്റ് ഇറിഗേഷൻ		ട്രിപ്പ് ഇറിഗേഷൻ			ഭൂഗർഭജലം കൊണ്ടുള്ള ചെറുകിട പദ്ധതികൾ		ചിറ				റിമാർക്സ്
		ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ട്രാക്ടർ യാത്രാ സൗകര്യം			ഉള്ളത് നന്നാ കേണ്ടത്	പുതിയത് കുഴിക്കേ ണ്ടത്	ചിറകൾ നിർമ്മി കേണ്ടത്	കുളങ്ങൾ വേണ്ടവ	
6	കോലിഞ്ഞി		✓					✓		✓				✓	
	കാഞ്ഞിരംപാറ		✓				✓						✓	✓	
7	താളിക്കുഴി						✓								
	മാടൻമല		✓												
	പുളിഞ്ഞിക്കാ പൊയ്ക		✓					✓						✓	
	മീനുംമൂ		✓												
	പറയൻ കരിക്കകം											✓			
	പാറങ്ങയിൽക്കോണം							✓							
	പിറകോണം										✓				
8	തുണ്ടയിൽ							✓							
	ഊറ്റൻകോണം		✓												
	താന്നിമൂട്		✓											✓	
	മഠത്തുവാഴുക്കൽ				✓							✓			
	മങ്കുഴിമേടയം	✓													
9	പന്തയത്തുംകുഴി				✓				✓					✓	
	ഇരുളുമൂല											✓			(9) സ്ഥലം ലഭ്യമാണ്
	നീരുമൺകടവ്								✓						

ഗ്രാമസഭയുടെ ആവശ്യങ്ങൾ															
		ഗ്രൂപ്പ് ഫാം		ലിഫ്റ്റ് ഇറിഗേഷൻ		ട്രിപ്പ് ഇറിഗേഷൻ					ചിറ				
വാർഡ് നമ്പർ	സ്ഥലങ്ങൾ	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ട്രാക്ടർ യാത്രാ സൗകര്യ	സൈഡ്വാൾ കെട്ടേണ്ടത് നദിക്കര	വൈദ്യുത പമ്പുസെറ്റുകൾ സ്ഥാപിക്കേണ്ടത്	ഉള്ളത് നന്നാക്കേണ്ടത്	പുതിയത് കുഴിക്കേണ്ടത്	ചീർപ്പുകൾ നിർമ്മിക്കേണ്ടത്	കുളങ്ങൾ വേണ്ടവ	റിമാർക്ക്
10	പൂവത്തൂർ		✓		✓		✓	✓	✓					✓	
	മേലാറ്റുമൂഴി തെക്ക്		✓					✓							
	ചാരുപാറ				✓										4 സ്ഥലം ലഭ്യമാണ്
	കുഴിവെട്ടാൽവിള				✓										
	ദർഭകെട്ടയ്ക്കാൽ					✓									
	രാമൻകുഴി													✓	
	മണ്ണടിക്കടവ്								✓						
	ശാസ്താംകടവ്								✓	✓					
	കലമുടപ്പൻ പോങ്ങ്								✓						
	കരിങ്കുറ്റിക്കര				✓										
I	പനയറക്കോണം										✓				
	വാഴ്വേലിക്കോണം										✓				
2	കുന്നം കരിക്കകം													✓	
	മലരുപാറ													✓	
	അരുമനക്കോണം												✓		
	കുന്നുംപാറ												✓		
	നെടുംകുഴി												✓		
	മുളമന വാതുക്കൽ												✓		
	വേവറവട്ടം												✓		



5. മൃഗസംരക്ഷണവും മത്സ്യബന്ധനവും

ലോകത്തിലെ ഏറ്റവും വലിയ കാലിസമ്പത്ത് ഇന്ത്യയിലാണ്. എണ്ണത്തിന്റെ കാര്യത്തിൽ നാം മുന്നിലാണെങ്കിലും ഗുണത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ്. നമ്മുടെ ആരോഗ്യകരമായ ആവശ്യങ്ങളുമായി മൃഗപരിപാലനത്തിന് അഭേദ്യമായ ബന്ധമുണ്ട്. മാത്രമല്ല വർദ്ധിച്ച തൊഴിൽ സാധ്യതയും ഊർജ്ജോൽപ്പാദന സൗകര്യങ്ങളും കാലി വളർത്തൽ കൊണ്ടുണ്ട്. ആയതിനാൽ മൃഗപരിപാലന മേഖലയിൽ സമഗ്രമായ പരിവർത്തനങ്ങളും ആസൂത്രണ പ്രവർത്തനങ്ങളും ആവശ്യമാണ്.

നമ്മുടെ കാലിസമ്പത്തിന്റെ 94%വും ഗ്രാമപ്രദേശങ്ങളിൽ ചെറുകിട നാമമാത്രമായ കർഷകരുടെ കൈവശമായതു കൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണ കർഷക മേഖലയെ സമ്പുഷ്ടമാക്കും. വാമനപുരം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു കാലത്ത് കാലിവളർത്തലിൽ അനുകൂല കാലാവസ്ഥയാണ് ഉണ്ടായിരുന്നത്. കൃഷി ഭൂമി തുണ്ടുതുണ്ടുകളായി മാറിയത് കാലി വളർത്തലിനെ കാര്യമായി ബാധിച്ചു. മുൻകാലങ്ങളിൽ നാടൻ പശുക്കളെയും ആടുകളെയും സംരക്ഷിച്ചു പോന്നിടത്ത് അത്യുൽപ്പാദന ശേഷിയുള്ള കന്നുകാലികളിലേക്കുള്ള പരിവർത്തനം ആശാവഹമാണ്.

1970ലെ കണക്കുകൾ സൂചിപ്പിക്കുന്നത് അന്ന് പഞ്ചായത്തിലെ കന്നുകലികളിൽ 85%വും നാടൻ ഇനങ്ങളിൽപ്പെടവയായിരുന്നുവെന്നാണ്. ഇവയുടെ ഉൽപ്പാദനശേഷിതുലോം കുറവായിരുന്നു. എന്നാൽ ഇന്ന് നാടൻ ഇനങ്ങളുടെ സ്ഥാനം സങ്കരയിനം കന്നുകാലികൾ കൈയ്യടക്കിയിരിക്കുന്നതായി കാണാം. പഞ്ചായത്ത് പ്രദേശത്ത് ഇപ്പോഴുള്ള ആകെ കന്നുകാലികളിൽ 86-90 ശതമാനവും സങ്കരയിനത്തിൽപ്പെട്ടവയാണ്. ഇത് പാല് ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ മൃഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

കാളകൾ:		
നാടൻ	:	40
സങ്കരം	:	330
പശുക്കൾ:		
നാടൻ	:	210
സങ്കരം	:	1200
എരുമ	:	13
പോത്ത്	:	12
ആട്	:	2250
പട്ടി	:	1740
കോഴി	:	7800
താറാവ്	:	25

പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കളമച്ചൽ വാർഡിൽ പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയും മേലാറ്റുമൂഴി വാർഡിൽ പൂവത്തൂർ പ്രവർത്തിക്കുന്ന ഒരു ഐ.സി.ഡി.പി സബ് സെന്ററുമാണ് ഇന്നുള്ളത്. കളമച്ചൽ മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള മൂന്ന് വാർഡുകളിൽ മാത്രം ലഭിക്കുന്നു. കിഴക്കൻ മേഖലയിലെ 7 വാർഡുകളുടെ ആശ്രയം മേലാറ്റുമൂഴി സെന്ററാണ്. വിശാലമായ ഭൂപ്രദേശം ഉൾക്കൊ

ള്ളുന്ന ഈ വാർഡുകളിലെ കാലി സംരക്ഷണത്തിന് മേൽപ്പറഞ്ഞ സബ് സെൻറർ വളരെ അപര്യാപ്തമാണ്. ഇതിന് പരിഹാരം സബ്സെൻർ മൃഗാശിപത്രിയായി ഉയർത്തുകയാണ്.

1991ൽ സ്ഥാപിതമായ കളമച്ചൽ മൃഗാശുപത്രി വേണ്ടത്ര ചികിത്സാ സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ലാത്ത വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അത് വളരെ പ്രയാസങ്ങൾക്ക് ഇടയാക്കുന്നു. മൃഗാശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി നാലുകൊല്ലങ്ങൾക്ക് മുമ്പ് നാട്ടുകാർ വിലയ്ക്ക് വാങ്ങി സർക്കാരിന് കൈമാറിയ ഭൂമിയിൽ കെട്ടിടമുണ്ടാക്കിയാലെ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകു. പഞ്ചായത്തിന്റെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.

മൃഗാശുപത്രി മുഖേന താഴപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഈ പദ്ധതി പ്രകാരം താഴ്ന്ന വരുമാനക്കാരുടെ സങ്കരയിനം കന്നുകുട്ടികൾക്ക് ആദ്യപ്രസവം വരെ സൗജന്യ ചികിൽസയും ഇൻഷ്വറനസ് പരിരക്ഷയും കാലിത്തീറ്റ 50 ശതമാനം സബ്സിഡി നിരക്കിലും നൽകി വരുന്നു. കുറമ്പയം ക്ഷീരോൽപ്പാദക സഹകരണ സംഘം വഴിയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. നാമമാത്രമായ കർഷകർക്ക് മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളു. പഞ്ചായത്തിന്റെ മറ്റു ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ പഞ്ചായത്തിലെ അർഹരായ മുഴുവൻ കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളു.

പേ വിഷബാധ നിയന്ത്രണ പരിപാടി

പേ വിഷബാധയ്ക്കെതിരേയുള്ള വാക്സിൻ പകുതി വിലക്ക് മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കുന്നു. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ 125 നായ്ക്കൾക്ക് വാക്സിൻ നൽകിയിട്ടുണ്ട്. ഇത് പഞ്ചായത്ത് പ്രദേശത്ത് ആകെയുള്ള വളർത്തുനായ്ക്കളുടെ 7 ശതമാനം മാത്രമേ ആകുന്നുള്ളു. അപൂർവ്വം ചില വ്യക്തികൾ വളർത്തുന്ന നായ്ക്കൾക്ക് സ്വന്തം ചെലവിൽ വാക്സിൻ നൽകിയിട്ടുണ്ട്. ഇതുംകൂടി കണക്കിലെടുത്താൽ പോലും 90 ശതമാനത്തിലേറെ നായ്ക്കൾക്ക് വാക്സിൻ നൽകിയിട്ടില്ല എന്നതാണ് വസ്തുത. പഞ്ചായത്ത് പ്രദേശത്ത് അലഞ്ഞു തിരിയുന്ന നായ്ക്കളെ കൂടി പരിഗണിച്ചാൽ പേ വിഷബാധയ്ക്കെതിരേയുള്ള പ്രവർത്തനങ്ങൾ ഇനിയും കാര്യക്ഷമമാക്കേണ്ടതുണ്ട്. പേ വിഷബാധ നിയന്ത്രണ പദ്ധതി മിക്കപ്പോഴും പൊതു[illegible]ങ്ങൾ ഉപയോഗപ്പെടുത്തി കാണുന്നില്ല. ഇത്തരം പദ്ധ[illegible]ക്ക് പഞ്ചായത്ത് നല്ല പ്രചാരണം നടത്തേ[illegible]അത്യവശ്യമാണ്.

വളർത്തു നായ്ക്കൾക്ക് ലൈസൻസ് കർശനമാക്[illegible]യും അലഞ്ഞു നടക്കുന്ന നായ്ക്കളെ കണ്ടെത്തി നശിപ്പി[illegible]ന്നതിന് ഇന്നുള്ള പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുക[illegible]ചെയ്യേയണ്ടിയിരിക്കുന്നു.

ആടുവളർത്തൽ പദ്ധതി

പട്ടികജാതിക്കാർക്ക് പൂർണ്ണമായും പൊതുവി[illegible]ത്തിന് 50 ശതമാനവും സബ്സിഡി നിരക്കിലും ആട്ടിൻ[illegible]കളെ വിതരണം ചെയ്തുവരുന്നു. ഇതനുസരിച്ച് പട്ടിക[illegible]തി വിഭാഗത്തിന് 22ഉം മറ്റുള്ളവർക്ക് 50ഉം പേർക്ക് പദ്ധ[illegible]പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിൽ 80 ശതമാനം ഗുണഭോ[illegible]താക്കളും വനിതകളാണ് എന്നത് പദ്ധതിയുടെ സവിശേ[illegible]തയാണ്. നല്ലയിനം ആടുകളുടെ ലഭ്യതക്കുറവ് ഈ പദ്ധ[illegible]യുടെ പോരായ്മയായി കാണുന്നു.

കാലിരോഗ നിയന്ത്രണപരിപാടി

കുളമ്പ് രോഗം, കാലിവസന്ത എന്നീ രോഗങ്ങൾക്കെ[illegible]രേ പ്രതിരോധ കുത്തിവെയ്പ്പ് സൗജന്യമായി നൽകുന്നതാ[illegible]ണ് ഈ പദ്ധതി. കഷകർക്കിടയിൽ വേണ്ടത്ര പ്രചരണം ന[illegible]ക്കാത്തതുമൂലം ഇത് മിക്കപ്പോഴും ഉദ്ദേശിച്ച ഫ[illegible]ചെയ്യുന്നില്ല.

വീട്ടുവളപ്പിലെ കോഴിവളർത്തൽ

പകുതി വിലയ്ക്ക് നല്ലയിനം കോഴിക്കുഞ്ഞുങ്ങ[illegible]വിതരണം ചെയ്യുന്ന ഈ പദ്ധതിയുടെ ഗുണം 200 പേർക്[illegible]ഇതിനകം ലഭിച്ചിട്ടുണ്ട്. ആവശ്യത്തിന് മേൽത്തരം കോഴി[illegible]ളെ ലഭിക്കുന്നില്ലെന്നുള്ളതാണ് ഈ പദ്ധതിയുടെ[illegible]പോരായ്മ.

ഗോരക്ഷാ ക്യാമ്പുകൾ

വർഷത്തിൽ രണ്ട് പ്രാവശ്യം വിദഗ്ധ ഡോക്ടർമാരു[illegible]ടെ നേതൃത്വത്തിൽ മൃഗചികിത്സയും പ്രതിരോധ കുത്തി[illegible]വെയ്പ്പും ഈ ക്യാമ്പുകളിൽ നടത്തിവരുന്നു. വേണ്ടത്ര[illegible]സർക്കാർ ധനസഹായം ലഭിക്കാത്തതും പൊതുജനങ്ങളു[illegible]ടെ സഹകരണക്കുറവും ഈ ക്യാമ്പുകളെ മിക്കപ്പോഴും[illegible]ലക്ഷ്യത്തിലെത്തിക്കുന്നില്ല. മുൻകാലങ്ങളെ അപേക്ഷിച്ച്[illegible]പാൽ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടു[illegible]ണ്ടെങ്കിലും പഞ്ചായത്ത് പ്രദേശത്തെ ആഭ്യന്തര ഉപയോ[illegible]

ത്തിന് ഇതു മതിയാവില്ല. അതേസമയം ക്ഷീര സഹകരണ സംഘങ്ങൾ പാൽ ശേഖരിച്ച് പുറത്തേക്കയക്കുന്ന പതിവും നിലവിലുണ്ട്. നമ്മുടെ പ്രദേശത്ത് ഇന്ന് വിതൂർ, കണിച്ചോട് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. കണിച്ചോട് ക്ഷീരസഹകരണ സൊസൈറ്റിയോട് അനുബന്ധിച്ച് കളമച്ചൽ ഒരു പാൽ ശേഖരണ യൂണിറ്റ് കൂടി പ്രവർത്തിക്കുന്നു. മുൻകാലങ്ങളിൽ പ്രവർത്തിച്ചുവന്നിരുന്ന മറ്റു പല ക്ഷീണസഹകരണ സംഘങ്ങളും ഇന്ന് പ്രവർത്തനക്ഷമമല്ല. ക്ഷീര സഹകരണസംഘങ്ങൾ വഴി ശേഖരിച്ച് വിൽപ്പന നടത്തുന്ന പാലിനെ സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

പേര്	ശേഖരിക്കുന്ന ആകെ പാൽ	പഞ്ചായത്ത് പ്രദേശത്ത് വിൽപന നടത്തുന്നത്	പുറത്തേക്ക് അയക്കുന്നത്
കുറുമ്പയം	250 ലിറ്റർ	50 ലി.	200 ലി.
കണിച്ചോട്	242.5 ലിറ്റർ	119.5 ലി.	123 ലി.
ആകെ	492.5 ലിറ്റർ	169.5 ലി.	323 ലിറ്റർ

ക്ഷീരസംഘങ്ങൾ നൽകുന്ന വിലകൾ പലപ്പോഴും പുറത്ത് മാർക്കറ്റുകളിലെ വിലകളെ അപേക്ഷിച്ച് തീരെ കുറവാണെന്നതാണ് വാസ്തവം. തൻമൂലം പഞ്ചായത്തു പ്രദേശത്തു ഉൽപ്പാദിപ്പിക്കുന്ന നല്ലൊരു ശതമാനം പാലും ചായക്കടകളിലാണ് വിൽപ്പന നടത്തുന്നത്. ഇത്മൂലം ക്ഷീരസഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്ന പല പദ്ധതികളും കർഷകർക്ക് നഷ്ടമാകുന്നു.

ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പലതാണ്. കാലിത്തീറ്റകളുടെ അടിക്കടിയുണ്ടാകുന്ന വിലവർദ്ധന കർഷകരെ വിഷമസന്ധികളിലെത്തിക്കുന്നു. ക്ഷീരസഹകരണ സംഘങ്ങൾ വഴി കാലിത്തീറ്റ ലഭ്യമാക്കുന്നുണ്ടെങ്കിലും ഒട്ടുമിക്ക കർഷകർക്കും സ്വകാര്യ വിൽപ്പനക്കാരെ ശരണം പ്രാപിക്കുകയേ തരമുള്ളു. പഞ്ചായത്ത് പ്രദേശത്ത് കാലിത്തീറ്റ നിർമ്മാണ ശാലകൾക്കുള്ള സാധ്യത പല ഗ്രാമസഭകളും മുന്നോട്ടുവച്ച സാഹചര്യത്തിൽ ഇത് പരിഗണനക്ക് വിധേയമാക്കേണ്ടതാണ്.

പച്ചപ്പുല്ല് ലഭിക്കുന്നതിനുള്ള പ്രയാസമാണ് ഈ മേഖല നേരിടുന്ന മറ്റൊരു പ്രശ്നം. മുൻകാലങ്ങളിലെ വിശാലമായ ഭൂപ്രദേശങ്ങൾ തുണ്ടുകളാവുകയും ഭൂരിഭാഗം പ്രദേശവും റബർ തോട്ടങ്ങളായി തീരുകയും ചെയ്തതോടെ പ്രശ്നം കൂടുതൽ രൂക്ഷമായി. നെൽപ്പാടങ്ങൾ നികത്തി മറ്റു കൃഷികൾ വ്യാപിച്ചതോടെ കച്ചിലിന്റെ അളവ് വൻതോതിൽ കുറയുകയും വിലവർദ്ധിക്കുകയും ചെയ്തു. തന്മൂലം സാധാരണക്കാർക്ക് കാലി വളർത്തൽ ആദായകരമല്ലാത്ത അവസ്ഥിയില്ലെത്തി ഇതിന് പരിഹാരം വിസ്തൃതമായ നദീതീരത്തെ തെങ്ങിടകളിൽ പുൽക്കൃഷിക്ക് പ്രോത്സാഹനം നൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ്. കൂടാതെ കച്ചിൽ യൂറിയ സമ്പഷ്ടമാക്കാനുള്ള പരിശീലനവും പ്രോത്സാഹനവും കർഷകർക്ക് നൽകുകയും വേണം. മുൻകാലങ്ങളിൽ വാമനപുരം നദിയുടെ കുളിക്കടവുകൾ കന്നുകാലികളെ ഇറക്കി കുളിപ്പിക്കാനുള്ള സൗകര്യങ്ങളുണ്ടായിരുന്നു. മണൽ വാരിലിലൂടെ പുഴയുടെ ആഴം വർദ്ധിച്ചതോടെ കുളിക്കടവിൽ മനുഷ്യർക്ക് പോലും ഇറങ്ങാൻ വയ്യാത്ത സ്ഥിതിയിലായി കടവുകൾ പാറകെട്ടി പുതുക്കിപ്പണിതാലേ ഇതിനു പരിഹാരമാവു. മൃഗാശുപത്രികളിലെ പ്രവർത്തന സമയത്തിൽ ഗവർമെൻറ് അടുത്ത കാലത്ത് വരുത്തിയ പരിഷ്ക്കാരങ്ങളും കർഷകർക്ക് ബുദ്ധിമുട്ടാകുന്നു.

പാവപ്പെട്ടവന്റെ പശുവെന്നറിയപ്പെടുന്ന ആടുവളർത്തൽ പഞ്ചായത്ത് പ്രദേശത്ത് ഏറെ വികസന സാദ്ധ്യതയുള്ള ഒന്നാണ്. "Goat is Gold" എന്ന പഴമൊഴി ഇക്കാര്യത്തിൽ തികച്ചും അർത്ഥവത്താണ്. ഏതുസമയത്തും സ്വർണ്ണം പോലെ വിറ്റുപണമാക്കാമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. വീട്ടമ്മമാരുടെയും കുട്ടികളുടെയും അദ്ധ്വാനശേഷി ഫലപ്രദമായി വിനിയോഗിക്കാനാവുമെന്നതും കുറച്ച് മൂലധനമേ മുടക്കേണ്ടതുള്ളുവെന്നതും ഇതിന്റെ മറ്റ് സവിശേഷതകളാണ്. മൃഗാശുപത്രി പ്രവർത്തനങ്ങളോടെ ഈ മേഖലയിൽ ചെറിയൊരു ചലനം സൃഷ്ടിക്കാൻ കഴിഞ്ഞുവെങ്കിലും പഞ്ചായത്ത് പ്രദേശത്ത് ഇനിയും സാധ്യതകൾ ഏറെയാണ്. ഓരോ വാർഡിലും ഇതിനുള്ള സാധ്യതകൾ വിലയിരുത്തി പരമാവധി കർഷകരെ ആകർഷിക്കണം. വാർഡുകൾ തോറും ഓരോ മുട്ടനാട് യൂണിറ്റ് സ്ഥാപിക്കുകയും സൗജന്യ ഇൻഷുറൻസ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുകയും നിർദ്ധന കുടുംബങ്ങൾക്ക് വാർഡ് മെമ്പർമാരുടെ ഉത്തരവാദിത്വത്തിൽ സംഘടിപ്പിച്ച് കൊടുക്കുകയും ചെയ്താൽ ഈ മേഖല വളരെ ശക്തിപ്പെടും. മാത്രമല്ല പഞ്ചായത്ത് പ്രദേശത്ത് മേഖലാടിസ്ഥാനത്തിൽ മാംസ സംസ്ക്കരണ വിപണന യൂണിറ്റുകൾ സഹകരണ മേഖലയിൽ തുടങ്ങാനും കഴിയും.

പന്നി വളർത്തലും മുയൽ വളർത്തലും പഞ്ചായത്തിന്റെ ശ്രദ്ധ പതിയേണ്ട രണ്ട് മേഖലകളാണ്. പന്നിവളർത്തലിലൂടെ ഇറച്ചി ഉൽപ്പാദനവും ലഭ്യതയും വർദ്ധിപ്പിക്കാനാവും. തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഇതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് തലത്തിൽ പദ്ധതികൾ

ആവിഷ്ക്കരിച്ച് നടപ്പാക്കാനും ആദായകരമായി മുയൽ വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കാനും നമുക്ക് കഴിയും. 10 പെൺ മുയലുകളും 2 ആൺമുയലുകളുമുള്ള യൂണിറ്റുകൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള കർഷകർക്ക് വേണ്ട പ്രോത്സാഹനം പഞ്ചായത്തിൽനിന്നും ഉണ്ടാകണം. കൂടാതെ ഹൈസ്കൂൾ തലം മുതൽ ഓരോ വിദ്യാർത്ഥിക്കും 2 പെൺമുയലും ഒരാൺ മുയലും അടങ്ങുന്ന സ്കൂൾ യൂണിറ്റുകളും സംഘടിപ്പിക്കാനാവും. എട്ടാം സ്റ്റാൻന്റേർഡിൽ വച്ചു നൽകുന്ന മുയലുകൾക്ക് പത്താം സ്റ്റാൻഡേർഡ് ആകുമ്പോൾ ഒരു ജോഡി മുയൽ കുഞ്ഞുങ്ങളെ തിരിച്ചു നൽകണമെന്ന വ്യവസ്ഥയിൽ ഇതു സംവിധാനം ചെയ്താൽ മുയൽ കുഞ്ഞുങ്ങളുടെ ലഭ്യതയും ഉറപ്പു വരുത്താം. മാംസോത്പാദനം വർദ്ധിപ്പിക്കാനുള്ള മറ്റൊരു പദ്ധതിയാണ് കാളക്കുട്ടി പരിപാലനം. കാളക്കുട്ടികളെ ശരിയായി സംരക്ഷിക്കാനുള്ള പദ്ധതിയ്ക്ക് പഞ്ചായത്ത് മുൻകൈ എടുക്കണം.

ആദായകരമായ മറ്റൊരു മേഖലയാണ് കോഴിവളർത്തൽ. ഈ മേഖലയിലെ കർഷകർ അസംഘടിതരാണെന്നതാണ് മറ്റൊരു പ്രശ്നം. ഒന്നു രണ്ടു കോഴികളെങ്കിലും ഇല്ലാത്ത കുടുംബങ്ങൾ പഞ്ചായത്തിൽ കുറവാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ മേഖലയിൽ പഞ്ചായത്ത് തികച്ചും ഒരു ഉപഭോക്തൃ പ്രദേശമാണ്. മുട്ടയ്ക്കായാലും ഇറച്ചിക്കായാലും നാം അന്യപ്രദേശങ്ങളെ ആശ്രയിക്കുന്നു. "അടുക്കള മുറ്റത്തെ കോഴി" പ്രാവർത്തികമാകണമെങ്കിൽ നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ നമുക്ക് ലഭ്യമാകാണം. അതിനുള്ള എഗ്ഗർ നഴ്സറികളും, ഹാച്ചറി യൂണിറ്റുകളും പഞ്ചായത്ത് തലത്തിൽ രൂപീകൃതമാകണം. 45 ദിവസത്തെ പ്രായമുള്ള 5 മുട്ട കോഴികുഞ്ഞുങ്ങളെ വീതം ഓരോ വാർഡിലും തെരഞ്ഞെടുത്ത 100 വീടുകളിലെങ്കിലും പരിപോഷിപ്പിക്കാനുള്ള പദ്ധതി നമുക്കുണ്ടാകുകയും സ്കൂൾ പൗൾട്രി ക്ലബ്ബുകൾ പ്രാവർത്തികമാക്കാനും കഴിഞ്ഞാൽ ഈ രംഗത്ത് നല്ല ഫലമുളവാകും.

മുട്ടക്കോഴി വളർത്തൽ യൂണിറ്റ് വ്യാവസായിക അടിസ്ഥാനത്തിൽ സ്ഥാപിക്കാനുള്ള സാധ്യതയും ഇവിടെയുണ്ട്. സഹകരണ മേഖലയിൽ ഇത്തരം യൂണിറ്റുകൾ ആരംഭിക്കുകയും കോഴിത്തീറ്റ ഉൽപ്പാദനവും വിപണനവും സംഘത്തിന് ഏറ്റെടുത്ത് നടത്താനാവുന്നതാണ്. ആദായകരമായി നടത്താവുന്ന മറ്റൊരു പ്രവർത്തനമാണ് ഇറച്ചിക്കോഴി വളർത്തൽ. ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തിയാൽ 2 മാസക്കാലംകൊണ്ട് വരുമാനം കൈയിലെത്തുന്ന ഈ രംഗം നാമിന്ന് ശ്രദ്ധിക്കപ്പെടാതെയിട്ടിരിക്കുന്നു. കോഴിവളർത്തൽ വനിതകളെ സംബന്ധിച്ചിടത്തോളം നല്ലൊരു ഉപതൊഴിലാക്കാവുന്നതാണ്. അതുപോലെ തന്നെ താറാവ് കൃഷിയും ശ്രദ്ധിക്കേണ്ടതാണ്.

ഇങ്ങനെ നോക്കിയാൽ മൃഗസംരക്ഷണ രംഗത്ത് വളരെയേറെ നേട്ടങ്ങൾ കൈവരിക്കാനുള്ള സാധ്യതകൾ നമ്മുടെ മുന്നിലുണ്ട്. വേണ്ടത്ര ശ്രദ്ധയോ ആസൂത്രണമോ ഇല്ല എന്നതാണ് ഇന്നത്തെ പ്രധാന പ്രശ്നം. ഓരോ വാർഡിലേയും തൽപ്പരരായ കർഷകരെ ഉൾപ്പെടുത്തി വാർഡ് കമ്മിറ്റികളും ഈ കമ്മിറ്റികളുടെ പ്രതിനിധികൾ ഉൾപ്പെടുള്ളുന്ന പഞ്ചായത്ത് സമിതിയും രൂപീകരിക്കണം. പഞ്ചായത്ത് തല സമിതിയിൽ മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരേയും പഞ്ചായത്ത് ഭരണ സമിതി പ്രതിനിധികളെയും ഉൾപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുള്ള പക്ഷിമൃഗ പരിപാലന സാദ്ധ്യതകൾ ഈ കമ്മിറ്റികൾ വിലയിരുത്തി. പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയാൽ ഈ മേഖലയിൽ വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ മത്സ്യക്കൃഷി സാദ്ധ്യത പരിമിതമാണ്. ചെറുതും വലുതുമായ 10 കുളങ്ങൾ പഞ്ചായത്ത് വകയായി ഉണ്ട്. ഇതിനു പുറമെ ഇഷ്ടിക ചൂളക്ക് മണ്ണെടുത്ത കുഴികൾ രൂപാന്തരപ്പെട്ടുണ്ടായ കുളങ്ങൾ മറ്റു ചില സ്വകാര്യ കുളങ്ങളും ഉണ്ട്. ഇവയെല്ലാം ശാസ്ത്രീയ മത്സ്യക്കൃഷി വികസനത്തിന് സാദ്ധ്യതയുള്ളതാണ്. ഡിന്റേറയോ മറ്റ് ദേശസാൽക്കൃത ബാങ്കുകളുടേയോ സഹായത്തോടെ മത്സ്യക്കൃഷി പദ്ധതികൾ പ്രയോജനപ്പെടുത്തിയാൽ ഇതിന് വേണ്ടുന്ന പണം കണ്ടെത്തനാകും. കുടാതെ ഇന്ന് നിലവിലുള്ള സൗജന്യ ഇൻഷ്വറൻസ് പദ്ധതിയും മത്സ്യകർഷകർക്ക് പ്രയോജനപ്പെടുത്താം. ഈ കാര്യങ്ങളെക്കുറിച്ച് സമഗ്രമായ ബോധവൽക്കരണം ആവശ്യമാണ്.

പഞ്ചായത്ത് അധീനതയിലുള്ള കുളങ്ങൾ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കോ വനിതകൾക്കോ മറ്റ് സന്നദ്ധ സംഘടനകൾക്കോ മത്സ്യക്കൃഷിക്കായി കരാർ വ്യവസ്ഥയിൽ നൽകിക്കഴിഞ്ഞാൽ ഈ മേഖലയിലൂടെ അനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

മത്സ്യക്കൃഷി പഞ്ചായത്തിൽ വിരളമാണെങ്കിലും മത്സ്യ വിപണനമേഖലയിൽ പണിയെടുക്കുന്ന നിരവധി തൊഴിലാളികൾ ഇവിടെയുണ്ട്. അസംഘടിതരായ ഇവർക്കായി മേഖലയിലുള്ള പല ക്ഷേമപദ്ധതികളുടെയും ആനു

പ്പോഴും ലഭിയ്ക്കാറില്ല. ഇവരുടെ ജീവിത നിലവാരം ത്തുന്നതിനും വേണ്ട പദ്ധതികളും പഞ്ചായത്ത് ആവി ിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

നങ്ങൾ

മൃഗപരിപാലന രംഗത്ത് ബന്ധപ്പെട്ട വകുപ്പിന്റെ ിത്വം കുറവ്.

മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിലെ മുഴു കർഷകർക്കും ലഭ്യമാകുന്നില്ല. അടുത്തകാലത്തായി ത്തന സമയത്തിൽ വരുത്തിയ മാറ്റം കർഷകരെ ദോഷ യി ബാധിക്കുന്നു.

നിലവിലുള്ള മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിട ഫ്രിഡ്ജ്, ലാബ് സൗകര്യങ്ങളോ ഇല്ല.

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾക്ക് വേണ്ട ചരണം ലഭിക്കുന്നില്ല.

പേ വിഷബാധ നിയന്ത്രണ പദ്ധതികൾ ഉദ്ദേശിച്ച ാപ്തി കൈവരിക്കുന്നില്ല.

കാലിത്തീറ്റയുടേയും കോഴിത്തീറ്റയുടേയും അമിത വില വർദ്ധനയും പച്ചപ്പുല്ലിന്റെ ദൗർലഭ്യവും.

കൃത്രിമ ബീജ സങ്കലനം ഫലപ്രാപ്തി ത്തുന്നില്ല.

പാല് ഉൽപ്പന്നങ്ങൾക്ക് മതിയായ വിപണന സൗകര്യ ഇല്ല.

സങ്കരയിനം ആട്, കോഴി, താറാവ് ഇവയുടെ ലഭ്യത തം.

മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത വളരെക്കുറവ്.

യുവതലമുറയ്ക്ക് ഈ മേഖലയോടുള്ള താൽപ്പ റവ്.

്യതകളും നിർദ്ദേശങ്ങളും

മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടു കാര്യക്ഷമമാക്കുക. പദ്ധതികളെക്കുറിച്ച് പഞ്ചായത്തു പ്രചരണങ്ങൾ വ്യാപകമാക്കുക. ആശുപത്രികൾ മുഴു സമയവും പ്രവർത്തിപ്പിക്കുക.

മേലാറ്റുമൂഴിയിൽ പ്രവർത്തിക്കുന്ന ഐ. സി. ഡി. സബ്സെന്ററ് മൃഗാശുപത്രിയായി ഉയർത്തുക. എല്ലാ ഡുകളിലും സബ് സെന്ററുകൾ ആരംഭിക്കുക.

കളമച്ചൽ മൃഗാശുപത്രിയ്ക്കായി നാട്ടുകാർ ദ്ധിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുകയും ഫ്രിഡ്ജ്, ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. വാഹന സൗകര്യവും ടെലിഫോൺ സൗകര്യവും ഉണ്ടാക്കുക.

4. പേ വിഷബാധ നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുക.

5. കാലിത്തീറ്റയുടെയും കോഴിത്തീറയുടെയും സബ്സിഡി ഉയർത്തുകയും വിതരണം കാര്യക്ഷമമാക്കുകയും ചെയ്യുക.

6. നദീതീരങ്ങളിലും പുറമ്പോക്ക് പ്രദേശങ്ങളിലും പച്ച പുൽകൃഷി പ്രോത്സാഹിപ്പിക്കുക. കുളിക്കടവുകൾ പുതുക്കിപ്പണിയുക.

7. കച്ചിൽ യൂറിയ സമ്പുഷ്ടമാക്കുവാനുള്ള പരിശീല നം നൽകുക.

8. വാർഡുകൾ തോറും ക്ഷീരോൽപ്പാദക വിപണന സഹകരണ സംഘങ്ങൾ ആരംഭിക്കുക.

9. സങ്കരയിനം ആട്, കോഴി, താറാവ്, നല്ലയിനം മത്സ്യ ക്കുഞ്ഞുങ്ങൾ ഇവയുടെ വിതരണം കാര്യക്ഷമമാക്കുക.

10. പഞ്ചായത്ത് വക കുളങ്ങൾ കരാർ വ്യവസ്ഥയിൽ മത്സ്യക്കൃഷിക്ക് വിട്ടുകൊടുക്കുക.

11. പഞ്ചായത്ത് കേന്ദ്രമായി സഹകരണ മേഖലയിൽ കാലിത്തീറ്റ നിർമ്മാണ വിതരണ യൂണിറ്റ് ആരംഭിക്കുക.

12. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മിത്യമ്മല മൃഗാശുപത്രിക്കു മീതൂർ വാർഡിൽ വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയുക.

13. നാമാവശേഷമായി കിടക്കുന്ന മറ്റ് കുളിക്കടവുളും കുഴിവിളക്കടവും കന്നുകാലികളെ ഇറക്കി കുളിപ്പിക്കുന്നതി നു സൗകര്യപ്പെടുത്തുക.

ക്ഷീരവികസന വകുപ്പ്

വാമനപുരം പഞ്ചായത്ത് പ്രദേശം കല്ലറ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വാമനപുരം ക്ഷീരവികസന ഓഫീസി ന്റെ കീഴിൽ വരുന്നു. പ്രസ്തുത വകുപ്പ് വഴി ആവിഷ്ക്കരി ച്ച് വരുന്ന പല പദ്ധതികളും ക്ഷീരകർഷകർക്ക് ഉപയോഗപ്ര ദമാകുന്നില്ല. കാരണം ഇവയെക്കുറിച്ചുള്ള ജനങ്ങൾക്ക് അറിവില്ലായ്മയാണ്.

പദ്ധതികൾ നിർദ്ദേശങ്ങൾ

1. ബ്ലോക്ക് തലത്തിൽ നടത്തിവരുന്ന കന്നുകാലി പ്രദർ ശനം സെമിനാർ എന്നിവയ്ക്ക് കാര്യക്ഷമമായ രീതിയിൽ

പ്രചരണം നൽകുകയോ ഇവ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുകയോ ചെയ്യുക.

2. മാതൃക കാലിത്തൊഴുത്തിന് നൽകുന്ന ധനസഹായം 1250ൽ നിന്നും 2500 ആയി വർദ്ധിപ്പിക്കുക.

3. നാല് യുവതികൾക്ക് നാടൻ ക്ഷീരോൽപ്പാദന വിപണന പദ്ധതി പ്രകാരം രൂപീകരിക്കാവുന്ന യൂണിറ്റ് രണ്ടുപേർക്ക് ഒരു യൂണിറ്റ് എന്ന രൂപത്തിലാക്കുക.

4. പുൽക്കൃഷിക്ക് ഇന്ന് നൽകുന്ന ധനസഹായം 25 സെൻറ് പുരയിടമുള്ളവർക്ക് കൂടി വ്യാപിപ്പിക്കുക.

5. പ്രീപ്രൈമറി വിദ്യാർത്ഥികൾക്ക് ഒരു ദിവസം ഒ സ്സ്പാൽ എന്ന പദ്ധതി യൂണിസെഫിന്റെ സഹകര ടെ നടപ്പാക്കുക. കാലികൾക്കുള്ള ധാതു ലവണ മി വൈറ്റമിൻ സപ്ലിമെൻറ് മുതലായ സബ്സിഡി നി എല്ലാ ക്ഷീരകർഷകർക്കും ലഭ്യമാക്കണം.

7. കറവ സംബന്ധമായ ഉപകരണങ്ങൾ (ശു പാൽ ഉൽപ്പാദന കിറ്റ്) ക്ഷീരകർഷകർക്ക് സൗജ ക്കിൽ ലഭ്യമാക്കണം.



വ്യവസായം

വ്യവസായിക യുഗമെന്ന് അറിയപ്പെടുന്ന 20–ാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് നാം ഇന്ന്. ശാസ്ത്ര – സാങ്കേതിക രംഗത്ത് ഉണ്ടായ നേട്ടങ്ങൾ വ്യാവസായിക വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ വ്യവസായിക വളർച്ചയുടെ ഇന്ത്യൻ ശരാശരിയും കേരളത്തിന്റെ സ്ഥിതിയും താരതമ്യം ചെയ്താൽ ഇക്കാര്യത്തിൽ നാം വളരെ പിന്നിലാണെന്നു മനസ്സിലാക്കാം. ക്ഷയിച്ചുകൊണ്ടിരിക്കുന്ന ചെറുകിട പരമ്പരാഗത വ്യവസായങ്ങൾക്ക് പകരം വൻകിട വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്ത് കാര്യമായി ഉണ്ടായിട്ടില്ല. കാര്യക്ഷമമായ പ്രാദേശിക ആസൂത്രണം കൊണ്ട് നമ്മുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിഞ്ഞേക്കും.

വാമനപുരം പഞ്ചായത്തിന്റെ വ്യാവസായിക ചരിത്രം പരിശോധിച്ചാൽ ശോചനീയമായ ചിത്രമാണ് കാണാൻ കഴിയുക. മുൻകാലങ്ങളിൽ നാമമാത്രമെങ്കിലും പ്രവർത്തിച്ചുകൊണ്ടിരുന്ന പരമ്പരാഗത വ്യവസായങ്ങളായ ഈറ, കളിമൺ വ്യവസായം ഇവ പൂർണ്ണമായും തകർച്ചയെ നേരിടുകയാണ്. പഞ്ചായത്തിൽ ഉണ്ടായിരുന്ന കശുവണ്ടി ഫാക്ടറി പ്രവർത്തന രഹിതമായി കിടക്കുന്നു. അസംഘടിതമെങ്കിലും വ്യാപകമായി ഉണ്ടായിരുന്ന ബീഡി വ്യവസായം ഇന്ന് നാമമാത്രമായി അവശേഷിക്കുന്നു. കൈത്തറി മേഖല മാത്രമാണ് ഒരുവിധം പിടിച്ചുനിൽക്കുന്ന ഏക മേഖല. പരമ്പരാഗത വ്യവസായങ്ങൾ നിലനിർത്തുന്നതിനുള്ള പരിപാടികളുടെ ഭാഗമായി വിഗദ്ധമായ സാങ്കേതിക പരിശീലനം ലഭിച്ചവർപോലും അതതു മേഖലകളിൽ പണിയെടുക്കാൻ വിമുഖരാണ്.

ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന വ്യവസായമാണ് ഇഷ്ടികനിർമ്മാണം. ഓയിൽ മില്ലുകൾ, തടി മില്ലുകൾ, ഫ്ളവർ മില്ലുകൾ, മോട്ടോർ വർക്ക്ഷോപ്പുകൾ, ഗേറ്റ്, ഗ്രിൽ തുടങ്ങിയവ നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകൾ തുടങ്ങിയവയും ഈ പഞ്ചായത്തിൽ നടന്നുവരുന്നു. പഞ്ചായത്ത് പ്രദേശത്ത് ഒരു ബീഡി നിർമ്മാണ യൂണിറ്റും ഇന്നു പ്രവർത്തിക്കുന്നു.

കൈത്തറി	കശുവണ്ടി	ഓയിൽ മിൽ	സാമിൽ	ഫ്ലവർ മിൽ	സിനിമ തിയേറ്റർ	കടകൾ	ബീഡി
2	1	2	3	8	1	290	1

ഇഷ്ടിക നിർമ്മാണരംഗത്ത് നാൽപ്പതോളം യൂണിറ്റുകൾ പഞ്ചായത്തു പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ഏകദേശം ആയിരത്തിലധികം തൊഴിലാളികൾ ഈ വ്യവസായവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നു. എന്നാൽ ഈ തൊഴിലാളികൾ ഒന്നുംതന്നെ സംഘടിതരല്ല. ഉപയോഗപ്പെടുത്താവുന്ന ആധുനിക സാങ്കേതിക വിദ്യകളും ഈ മേഖലയിൽ നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യത പഞ്ചായത്തു പ്രദേശത്ത് ധാരാളമായി ഉള്ളതിനാൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാത്ത തരത്തിൽ ഈ വ്യവസായം കൂടുതൽ വ്യാപിക്കാനാവും. ഗുണമേന്മയുള്ള ഇഷ്ടിക നിർമ്മിക്കാനുള്ള യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കളമച്ചൽ കൈത്തറി നെയ്ത്ത് സഹകരണ സംഘവും ആനച്ചൽ കൈത്തറി നെയ്ത്ത് സഹകരണ സംഘവുമാണ് കൈത്തറി മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ. എന്നാൽ രണ്ടാമത് സൂചിപ്പിച്ച സ്ഥാപനം പൂർണ്ണമായും പ്രവർത്തന രഹിതമാണ്. നല്ല പ്രവർത്തനം കാഴ്ചവെക്കുന്ന കളമച്ചൽ കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിൽ 2019 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. ഇവരിൽ അയൽ പഞ്ചായത്തു നിവാസികളും ഉൾപ്പെടുന്നു. ഗുണമേന്മയുള്ള നൂലിന്റെ ദൗർലഭ്യതയും തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകാൻ കഴിയാത്തതും ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

ഖാദിബോർഡിന്റെ കീഴിൽ കതിരുവിള സ്ഥാപിച്ചിട്ടുള്ള യൂണിറ്റ് ഇന്ന് നാമമാത്രമായി പ്രവർത്തിക്കുന്നു. ബീഡി വ്യവസായ യൂണിറ്റിൽ 25ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. നേരത്തേ സൂചിപ്പിച്ച പഞ്ചായത്തിലെ ഇതര സ്ഥാ

പനങ്ങളെല്ലാം തന്നെ സ്വയം തൊഴിൽ കണ്ടെത്തൽ എന്ന നിലയിൽ പ്രവർത്തിക്കുന്നവയാണ്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ലാത്ത നമ്മുടെ ഗ്രാമത്തിലെ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവരുടെ വിവിരം ചുവടെ ചേർക്കുന്നു.

പട്ടിക 2

വാർഡ് നമ്പർ	കുടിൽ വ്യവസായം	ഉൽപാദന വിപണന മേഖല	നിർമാണ പ്രവർത്തനങ്ങൾ	വ്യാപാര വാണിജ്യ മേഖല	ഗതാഗത മേഖല	ഇതര മേഖലകൾ
91	125	102	16	34	10	9
2	56	109	26	62	20	12
3	11	57	18	71	58	7
4	-	19	4	45	18	1
5	26	27	12	16	7	1
6	3	26	13	22	21	1
7	6	36	18	40	13	-
8	3	9	1	14	11	-
9	-	81	10	26	20	4
ആകെ	230	466	118	330	178	35

അവലംബം: 1991-ലെ കാനേഷുമാരി കണക്ക്)
പഞ്ചായത്ത് 9 വാർഡുകളായിരുന്നു.

ഇഷ്ടിക നിർമ്മാണവുമായി ബന്ധപ്പെട്ട അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയെക്കുറിച്ച് നേരുത്തെ സൂചിപ്പിച്ചിരുന്നല്ലോ. പഞ്ചായത്ത് പ്രദേശത്ത് സുലഭമായ മറ്റൊരു അസംസ്കൃത വസ്തുവാണ് റബ്ബർ പാൽ. ഇത് ഉപയോഗിച്ച് ആരംഭിക്കാവുന്ന ചെറുകിട യൂണിറ്റുകളെ കുറിച്ച് ആലോചിക്കേണ്ടതുണ്ട്. അതുപോലെ തന്നെ നാളീകേര ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ഉള്ള വ്യവസായ യൂണിറ്റുകൾക്ക് സാധ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്. കെട്ടിട നിർമ്മാണ സാമഗ്രികളായ കോൺക്രീറ്റ് കട്ടിളകൾ, ജാളി, ഗ്രിൽ, ജനാലകൾ തുടങ്ങിയവയുടെ ഉൽപ്പാദനത്തിനും വിപണനത്തിനും സാധ്യതകൾ ഉണ്ട്. വനിതാ വ്യവസായരംഗത്ത് പഴ സംസ്ക്കരണം, അച്ചാർ നിർമ്മാണം ഇവയ്ക്കുള്ള അസംസ്കൃത വസ്തുക്കൾ പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാണ്. തയ്യൽ പരിശീലനം നേടിയ നൂറുകണക്കിന് വനിതകളെ സംഘടിപ്പിച്ചുകൊണ്ട് വസ്ത്ര യൂണിറ്റുകൾ ആരംഭിക്കുവാൻ സാധ്യതയുണ്ട്. ഇത്തരം സാധ്യതകൾ ഉപയോഗപ്പെടുത്തി സഹകരണ മേഖലകളിലും സ്വകാര്യ മേഖലകളിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിക്കും. തടി സംസ്ക്കരണം (റബ്ബർ, തെങ്ങ്), ആധുനിക ഇഷ്ടിക നിർമ്മാണം എന്നിവ സഹകരണ മേഖലയിലോ സ്വകാര്യ
ലോ ലാഭകരമായി നടത്തുവാൻ കഴിയും. മറ്റ് മേ
സ്വകാര്യ സംരംഭകരെ കണ്ടെത്തി അവർക്ക് ആ
പ്രോത്സാഹനംകൂടി നൽകുവാൻ കഴിഞ്ഞാൽ പ
ന് അനുയോജ്യമായ ചെറുകിട കുടിൽ വ്യവ
ആരംഭിക്കുന്നതിനും അതിലൂടെ തൊഴിലില്ലായ്
രു അളവുവരെ പരിഹരിക്കുന്നതിനും സാധിക്കും.

ഇത്തരം സാധ്യതകൾ എല്ലാം ഉണ്ടെങ്കിലും
സായ സംരംഭകൻ (സ്വകാര്യമേഖല ആയാലും
രണ മേഖല ആയാലും) നേരിടേണ്ടിവരുന്ന ഒട്ടന
നങ്ങൾ ഉണ്ട്. മൂലധന സമാഹരണം ഇതിൽ പ്രധ
എന്നാൽ ആത്മാർത്ഥമായ പ്രവർത്തനങ്ങളിലൂ
പരിഹാരം ഉണ്ടാക്കാൻ സാധിക്കും. ഗൾഫ് ഉൾപ്പെ
ശരാജ്യങ്ങളിൽ പണിയെടുക്കുന്ന ഒട്ടനവധി
ഈ പ്രദേശത്തുണ്ട്. ഇവരുടെ വരുമാനത്തിന്റെ
പങ്കും ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെ
ണ്. ഈ വരുമാനം വ്യവസായങ്ങൾക്കുള്ള മൂല
മാറ്റുവാൻ കഴിയും. അതുപോലെ ധനകാര്യ സ്ഥാ
ളിൽ നിന്നും വായ്പയായും തൊഴിലാളികളുടെ
ഇനത്തിലും മൂലധനം കണ്ടെത്താവുന്നതാണ്.

ഊർജ്ജത്തിന്റെ ലഭ്യതക്കുറവാണ് പരിഹ
ടേണ്ടുന്ന മറ്റൊരു പ്രധാന പ്രശ്നം. സംസ്ഥാന
വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭ
മാത്രമേ ഇതിനു പരിഹാരം കാണാൻ കഴിയു
വ്യവസായങ്ങളുടെ ഘടന, സ്വഭാവം എന്നിവ അ
ഫർണസ്സ് ഓയിൽ, ഡീസൽ, കൽക്കരി, വിറക്
ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിശോധിക്ക
തുണ്ട്. മുമ്പ് നിർദ്ദേശിക്കപ്പെട്ട വ്യവസായങ്ങൾക്
മായ സ്ഥല സൗകര്യങ്ങൾ പഞ്ചായത്തിലുണ്ട്.
ആവശ്യമായ ഗതാഗതസൗകര്യം ഇനിയും ഉണ്ട
വ്യവസായ യൂണിറ്റുകളുടെ ആവശ്യം മു
അത്തരം പ്രദേശങ്ങളിലേക്ക് ഗതാഗതസൗകര്യം
ത്തുന്നതിന് പഞ്ചായത്ത് മുൻഗണന നൽകേണ്ടതു

പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭി
ഉണ്ടാകാവുന്ന മലിനീകരണ പ്രശ്നങ്ങൾ ആദ്യ
വിലയിരുത്തി ആവശ്യമായ പരിഹാരങ്ങൾ കൂടി
ണ്ടതുണ്ട്. ഇന്ന് പഞ്ചായത്തിലും അയൽ പ്രദേശത്
ത്തിക്കുന്ന യൂണിറ്റുകൾമൂലം ഉണ്ടാകുന്ന മലിനീക
നങ്ങൾ തന്നെ ഗുരുതരമാണ്. പുളിമാത്ത് പഞ്ച
പ്രവർത്തിക്കുന്ന ശബരി റോളർ ഫ്ളവർ മില്ലും
കൈത്തറി നെയ്ത്ത് സഹകരണ സംഘവും ഇതി

ങ്ങളാണ്. ശബരി റോളർ ഫ്ളവർ മില്ലിലെ മലിന ജലം പുറത്തുള്ള തോട്ടിൽക്കൂടി വാമനപുരം നദിയിലേക്ക് ക്കിവിടുന്നതിനാൽ തോട്ടിലും നദിയിലും ഉള്ള ജലം നീകരിക്കപ്പെടുന്നു. ഈ പഞ്ചായത്തിലെ മാത്രമല്ല ൽ പഞ്ചായത്തുകളിൽപ്പോലും ശുദ്ധജലവിതരണത്തി ള്ള ജലസ്രോതസ്സ് ഈ നദിയാണ്. അതിന് ആവശ്യമായ ുഹൗസുകൾ നിർമ്മിക്കുന്ന ഭാഗത്തുതന്നെയാണ് ഈ നജലം ഒഴുകിയെത്തുന്നത്. കളമച്ചൽ കൈത്തറി നെയ്ത് സഹകരണസംഘത്തിലെ ഡൈയിംഗ് യൂണിറ്റിൽ ന്നും പുറത്തുവിടുന്ന ആസിഡ് കലർന്ന ജലം സമീപ ദേശങ്ങളിലെ കിണറുവെള്ളം അശുദ്ധമാക്കുകയും യലുകളിലെ കൃഷി നശിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

ിശ്നങ്ങൾ

വ്യവസായത്തിന് ആവശ്യമായ മൂലധനം ലഭ്യമല്ല. സ്വയം തൊഴിൽ സംരംഭങ്ങൾക്കുപോലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും യഥാസമയം വായ്പകൾ ലഭ്യമല്ല.

2 വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നു. ആവശ്യമായ വോൾട്ടേജ് ലഭിക്കുന്നില്ല.

3 തൊഴിൽ സംരംഭകർക്ക് സാങ്കേതിക പരിശീലനത്തിനുള്ള സംവിധാനങ്ങൾ ലഭ്യമല്ല. വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടുന്നില്ല.

4 മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല.

5 പല വ്യവസായങ്ങൾക്കും ആവശ്യമായ അസംസ്കൃത സാധനങ്ങളും (നൂൽ, കശുവണ്ടി, ഈറ) ലഭിക്കുന്നില്ല.

6 കൈത്തറി തൊഴിലാളികൾക്ക് മതിയായ കൂലി നൽകുവാൻ കഴിയുന്നില്ല.

സാധ്യതകൾ

1 ധനകാര്യ സ്ഥാപനങ്ങൾ വായ്പനൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. വ്യവസായ യൂണിറ്റിന്റെ ആവശ്യം മനസ്സിലാക്കി മതിയായ തുക നൽകുവാൻ സന്നദ്ധത കാട്ടണം. ഗൾഫ് പ്രവാസി പണം വ്യവസായരംഗത്ത് മുതൽ മുടക്കുവാൻ പ്രേരിപ്പിക്കുക.

2 സംസ്ഥാനത്തിന്റെ വൈദ്യുതി പ്രതിസന്ധി അടിയന്തിരമായി പരിഹരിക്കണം. ഒപ്പം തന്നെ മറ്റ് സ്രോതസ്സുകളെ ആശ്രയിക്കുവാനുള്ള സാധ്യതകൾ പരമാവധി പരിശോധിക്കണം (കാറ്റ്, സൗരോർജ്ജം, ഡീസൽ തുടങ്ങിയവ).

3 വ്യവസായ സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകുക. ഹ്രസ്വകാല തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രങ്ങൾ താലൂക്ക് തലങ്ങളിൽ ആരംഭിക്കുക.

4 സഹകരണ മേഖലയിൽ ആധുനിക ഇഷ്ടിക നിർമ്മാണം, റബ്ബർ, റബ്ബർ തടി, നാളീകേരം, തെങ്ങിൻതടി ഇവ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കാവുന്ന ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.

5 വനിതാ വ്യവസായ മേഖലയിൽ തീപ്പെട്ടി, അച്ചാർ, പഴസംസ്ക്കരണം, റെഡിമെയ്ഡ് വസ്ത്രങ്ങൾ, നോട്ടുബുക്ക്, കരകൗശലം, മെഴുകുതിരി ഇവയുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

6 ചെറുകിട വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക.

7 ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ സഹകരണ മേഖലയെ ഉപയോഗപ്പെടുത്തുക.

8 ധനസഹായത്തോടെ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകളുടെ മോണിറ്ററിംഗ് കർശനമാക്കുക. നടത്തിപ്പിന് ആവശ്യമായ ഉപദേശങ്ങൾ നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

ഗ്രാമസഭയിലെ ആവശ്യങ്ങൾ

വാർഡുകൾ	1	2	3	4	5	6	7	8	9	
ഇഷ്ടിക	✓									
റബർ					✓	✓	✓	✓	✓	
അരിനിർമാണം				✓	✓					
തീപ്പെട്ടി									✓	
അച്ചാറ്	✓	✓		✓	✓	✓	✓	✓	✓	
പാൽ ഉൽപന്നങ്ങൾ			✓		✓					
റെഡിമെയ്ഡ്	✓	✓	✓	✓	✓	✓	✓	✓	✓	
പ്ലാസ്റ്റിക്			✓		✓					
ഇലക്ട്രോണിക്സ്					✓					
തുകൽ					✓					
നാളികേരം										
മെഴുകുതിരി	✓									
കറിപൗഡർ			✓	✓						
ചുരൽ	✓				✓		✓		✓	✓
ബത്തി	✓				✓		✓		✓	✓
നോട്ടുബുക്ക്	✓	✓	✓		✓			✓		✓
മെറ്റൽ (പാറ)	✓	✓	✓		✓		✓			✓
കരകൗശലം		✓			✓					✓
പട്ടുനൂൽ പുഴു			✓		✓					✓
പൗൾട്രി	✓				✓	✓				✓
തേനീച്ച	✓			✓	✓				✓	✓
ബീഡി			✓		✓				✓	✓
ഫർണിച്ചർ			✓		✓					✓

7. വിദ്യാഭ്യാസം



സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും, സാക്ഷരതയുടെ കാര്യത്തിലും സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ ഖ്യാതിനേടിയ സംസ്ഥാനമാണല്ലോ നമ്മുടേത്. സാമൂഹ്യ പരിഷ്ക്കർത്താക്കളും മിഷനറിമാരും സ്വകാര്യ ഏജൻസികളും സർക്കാരും ഇക്കാര്യത്തിൽ വലിയൊരളവ് പങ്ക് വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസം സാമൂഹ്യബാദ്ധ്യതയായി സർക്കാർ ഏറ്റെടുത്തതോടെ സംസ്ഥാനത്തൊട്ടാകെ കൂടുതൽ വിദ്യാലയങ്ങളും കൂടുതൽ കോളേജുകളും ഉണ്ടായി. തൽഫലമായി കൂടുതൽ ബിരുദ ധാരികളെ സൃഷ്ടിക്കുവാനും നമുക്കു കഴിഞ്ഞു. എന്നാൽ എണ്ണത്തിലുണ്ടായ ഈ മികവ് ഗുണപരമായ കാര്യത്തിൽ ഏറെ ദൃശ്യമായില്ല.

ഇന്ന് സർക്കാർ വിദ്യാലയങ്ങളോട് സാധാരണക്കാർക്കുപോലും 'അലർജി' അനുഭവപ്പെടുന്നു. നഗരത്തിലെ മെച്ചപ്പെട്ട റിസൾട്ട് ഉണ്ടാക്കുന്ന വിദ്യാലയങ്ങളോടും ഇംഗ്ലീഷ് മീഡിയും സ്കൂളുകളോടുമാണ് ഇടത്തരക്കാരായ രക്ഷിതാക്കൾക്കുപോലും ഭ്രമം. മക്കളുടെ ഭാവി ഭദ്രമാക്കാനുള്ള നെട്ടോട്ടമാണ് ഇന്ന്. ഇതിന്റെ ഫലമോ, പാവപ്പെട്ടവന്റെ മക്കൾ പഠിക്കുന്ന സർക്കാർ സ്കൂളുകൾ 'അൺഎക്കണോമിക്' ആയി പ്രഖ്യാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

വിജ്ഞാന ശകലങ്ങൾ യാന്ത്രികമായി ഓർമ്മിക്കാനും യഥാസമയം ഉത്തര കടലാസിൽ പകർത്തിവെക്കാനുമുള്ള പാടവമാണ് വിദ്യാഭ്യാസമെന്ന ചിന്താഗതിപോലും ഉയർന്നുവന്നു. ട്യൂട്ടോറിയൽ പ്രസ്ഥാനങ്ങളും ഗൈഡ് പുസ്തക സംസ്ക്കാരങ്ങളും വിദ്യാഭ്യാസം എത്രകണ്ട് ലക്ഷ്യത്തിൽനിന്നും അകന്നു കഴിഞ്ഞിരിക്കുന്നു എന്നതിന്റെ സൂചനയാണ്. വിപണികളുടെ മാസ്മര ശക്തിക്ക്

കീഴടങ്ങിയ ഒരു ശരാശി കേരളീയൻ വിലകൊടുത്തു വാങ്ങാവുന്ന ഒരു ഉൽപ്പന്നമാണ് വിദ്യാഭ്യാസമെന്ന് തെറ്റിദ്ധരിക്കുന്നു.

താഴ്ന്ന ക്ലാസ്സുകളിലെ 'ഹോൾ പ്രമോഷനു'കളിലൂടെ പത്താം തരത്തിലെത്തി എസ്. എസ്. എൽ. സി. പരീക്ഷയെന്ന കൂട്ടക്കുരുതിയിൽ പരാജയപ്പെട്ടുവരുന്നവരോ, മോഡറേഷനിലൂടെ 210 മാർക്ക് നേടി വിജയിച്ചുവരുന്നവരോ അല്ല നമുക്ക് വേണ്ടത്. പത്താംതരം കഴിഞ്ഞാൽ 'ഇനി എന്ത്' എന്നറിയാതെ പകച്ചു നിൽക്കുന്ന ഇവർക്കു പകരം ജീവിക്കാനുതകുന്നതും നാടിനേയും നാടിന്റെ പ്രശ്നങ്ങളേയും തിരിച്ചറിയാൻ കഴിയുന്നതുമായ വിദ്യ അഭ്യസിച്ചുവേണം ഇവർ വിദ്യാലയങ്ങളിൽ നിന്നും പുറത്തു വരേണ്ടത്.

ഇന്നു കാണുന്ന ഈ വിദ്യാഭാസ ഗുണനിലവാരം തകർച്ചയുടെ ഉത്തരവാദിത്വത്തിൽനിന്നും അദ്ധ്യാപകർക്കോ, സർക്കാരിനോ, രക്ഷിതാക്കൾ ഉൾപ്പെടെയുള്ള സമൂഹത്തിനോ ഒഴിഞ്ഞുമാറാൻ പറ്റുമെന്നു തോന്നുന്നില്ല. ഇക്കാര്യത്തിൽ ഒരാത്മപരിശോധന നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വിദ്യാഭ്യാസത്തിനുവേണ്ടി ഓരോ കുട്ടിക്കും സർക്കാരും രക്ഷിതാക്കളും വിനിയോഗിക്കുന്ന ഭീമമായ തുക എത്രത്തോളം ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുണ്ടെന്ന വസ്തുത വിലയിരുത്തിയേ മതിയാകൂ. ഉയർന്ന മാർക്കും ഉയർന്ന ഉദ്യോഗവും ഉയർന്ന ശമ്പളവും മുന്നിൽ കണ്ടുകൊണ്ടുള്ള ഇന്നത്തെ വിദ്യാഭ്യാസ രീതിക്ക് മാറ്റം അനിവാര്യമാണെന്നതിൽ രണ്ടഭിപ്രായത്തിനു വകയില്ല.

ഈ വസ്തുതകളുടെ വെളിച്ചത്തിൽവേണം നമ്മുടെ ഗ്രാമത്തിലെ വിദ്യാഭ്യാസ രംഗവും വിലയിരുത്താൻ. വിദ്യാഭ്യാസ രംഗത്ത് ഉന്നതമായ ഒരു പാരമ്പര്യം വാമനപുരത്തിന് അവകാശപ്പെടാനുണ്ടെങ്കിലും ഇന്ന് നമ്മുടെ അവസ്ഥ പരിശോധിച്ചാൽ പഴയകാല പ്രതാപങ്ങളൊക്കെ നഷ്ടപ്പെട്ടതായി സംശയിക്കേണ്ടിയിരിക്കുന്നു.

ഒരു നൂറ്റാണ്ടിനുമുമ്പ്, കൃത്യമായി പറഞ്ഞാൽ കൊല്ലം വർഷം 1071ൽ വാമനപുരത്ത് സ്ഥാപിതമായ 'വിദ്യാവിലാസിനി' എന്ന പ്രൈമറി വിദ്യാലയമാണ് ഈ രംഗത്തെ ആദ്യത്തെ നമ്മുടെ ഔപചാരിക സ്ഥാപനം. അതിനുമുമ്പേ തന്നെ പഞ്ചായത്തിൽ അങ്ങിങ്ങായി ചില കുടിപ്പള്ളിക്കൂടങ്ങൾ നിലനിന്നിരുന്നതായി കാണുന്നുണ്ട്. വാമനപുരം കേന്ദ്രമായിത്തന്നെ സർവ്വീസ് സഹകരണ സംഘം വക ഭൂമിയിൽ ഒരു സ്വകാര്യ മിഡിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഈ രണ്ട് സ്കൂളുകളും കൂടി ഒന്നുചേർന്നുണ്ടായതാണ് ഇന്ന് കാണുന്ന വാമനപുരം ഗവർമെണ്ട് യു. പി. സ്കൂൾ. വിദ്യാവിലാസിനി പ്രവർത്തനം ആരംഭിക്കുമ്പോൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ മറ്റ് സ്ഥാനങ്ങളൊന്നും തന്നെയില്ലായിരുന്നു. ഇതിലേക്കായി അ പ്രദേശങ്ങളെ ആശ്രയിക്കുകയേ അന്നു തരമുണ്ടായിരുള്ളു. പിന്നീടിങ്ങോട്ട് മേലാറ്റുമൂഴി, ആനച്ചൽ, മടത്തവാക്കൽ പ്രദേശങ്ങളിലും പ്രൈമറി വിദ്യാലയങ്ങൾ പ്രവർച്ചു തുടങ്ങി. ഇന്ന് പഞ്ചായത്ത് പ്രദേശത്തെ വിദ്യാഭ്യാസ ഖലയിൽ ഒരു ഹൈസ്കൂളും മൂന്നു യു. പി. സ്കൂളുകളും ആറ് പ്രൈമറി സ്കൂളുകളും നമുക്ക് കൈമുതലായുണ്ട്. ഇവയ്ക്ക് പുറമെ സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രത്തിലുള്ള 22 അംഗൻവാടികളും സ്വകാര്യ മേഖലയിലുള്ള രണ്ട് നഴ്സറി സ്കൂളുകളും മൂന്നു ട്യൂട്ടോറിയലുകളും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. അവയുടെ വിശദരൂപം ചുവടെ ചേർക്കുന്നു. (പട്ടിക – 1 കാണുക).

പ്രൈമറി വിഭാഗം

പഞ്ചായത്തു പ്രദേശത്തു പ്രവർത്തിച്ചുവരുന്ന ആ പ്രൈമറി സ്കൂളുകളിൽ മൂന്നെണ്ണം സ്വകാര്യ മേഖലയിലും മൂന്നെണ്ണം സർക്കാർ മേഖലയിലുമാണ്. ഇവയിലെ കുട്ടി ആകെ 1480 കുട്ടികൾ പഠിച്ചുവരുന്നു.

എസ്.കെ.വി. എൽ. പി. എസ്. – പരപ്പാറമുകൾ

മാനേജുമെൻറിന്റെ അലംഭാവംമൂലം ഈ സ്ഥാനം ഒരുകാലത്ത് തകർച്ചയെ നേരിട്ടിരുന്നു. ഇതിന്റെ നിമമായ നടത്തിപ്പിന് അദ്ധ്യാപകരുടെ കൂട്ടായ ശ്രമവും ജയപ്പെട്ടു. ഈ അവസരത്തിൽ ശാസ്ത്ര പരിഷത്ത് പ്രവകരുടേയും നാട്ടുകാരുടേയും സംഘടിതഫലമായി സ്കകളക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ കഴിഞ്ഞു. ഈ അവസ്ഥയിലാണ് വിദ്യാലയം ഇന്നും തുടരുന്നത്. കുട്ടികൾ അക്ഷരാഭ്യാസം നേടുന്ന ഈ സ്ഥാപനത്തിൽ അഞ്ച് അദ്ധ്യാപകരാണ് പണിയെടുക്കുന്നത്. ആവശ്യമുവേണ്ട കെട്ടിടവും കളിസ്ഥലവും ഉണ്ടെങ്കിലും മറ്റു തിക സാഹചര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നോനിൽക്കുന്ന സ്ഥാപനമാണിത്. വേണ്ടത്ര പഠനോപകരങ്ങളോ ഫർമണിച്ചറുകളോ മൂത്രപ്പുരയോ പാചകപ്പുരയോ ഇല്ലെന്നുള്ളതിലുപരി ഇവിടെ കുടിവെള്ളക്ഷാമവും മാണ്. പി. ടി. എയുടെ പ്രവർത്തനം നാമമാത്രമാണ്. നിലവാരത്തിന്റെ കാര്യത്തിൽ കൂടുതൽ കുട്ടികളും രിക്ക് താഴെയാണെങ്കിലും ഉപജില്ലാ ഗണിതശാസ്ത്രയിൽ എൽ. പി. വിഭാഗം ഓവറാൾ ചാമ്പ്യൻഷിപ്പ് കാര്യം പ്രസ്താവ്യമാണ്.

പട്ടിക – 1

			ആകെ കുട്ടികൾ			പട്ടിക ജാതിക്കാർ		
സ്കൂളിന്റെ പേര്	വാർഡ്	ഉടമസ്ഥത	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
യുപിഎസ് ആനച്ചൽ	2	സർക്കാർ	283	259	542	'4	18	52
SKV LPS പരപ്പാറമുകൾ	2	സ്വകാര്യം	58	59	117	6	7	13
UPS വാമനപുരം	3	സർക്കാർ	170	190	360	20	21	41
UPS ആനാകുടി	4	പഞ്ചായത്ത്	176	121	347	27	22	49
KPMN LPS ഈട്ടിമൂട്	5	സ്വകാര്യം	52	63	115	9	10	19
LPS കാഞ്ഞിരംപാറ	6	സർക്കാർ	46	43	89	7	7	14
LPS മഠത്തുവാതുക്കൽ	8	സർക്കാർ	149	143	292	25	20	45
PTM LPS കുമ്പളത്തും പാറ	9	സ്വകാര്യം	55	61	116	6	8	14
LPS മേലാറ്റുമുഴി	10	സർക്കാർ	68	69	137	13	11	24
HS മുളമന	4	സ്വകാര്യം	128	85	213	9	8	17
ആകെ			1185	1143	2328	156	132	288

കെ. പി. എം. എൻ. എൽ.പി.എസ്. ഈട്ടിമൂട്

വാമനപുരം പഞ്ചായത്തിലെ അഞ്ചാംവാർഡിൽ ളരെ അടുത്തകാലത്ത് ആരംഭിച്ച സ്വകാര്യ എൽ പി സ്കൂ ാണ് ഇത്. ഇപ്പോൾ നാലു ഡിവിഷനുകളിലായി ആകെ 15 കുട്ടികളും നാലദ്ധ്യാപകരും ഇവിടെയുണ്ട്. ഈ സ്കൂൾ വന്നതോടെ ഒരു കിലോ മീറ്ററിനുള്ളിൽ സ്ഥിതിചെ ുന്ന മേലാറ്റുമുഴി, ആനാകുടി എന്നീ സ്കൂളുകളിലെ കുട്ടി കളുടെ എണ്ണം വളരെ കുറയുകയും അവയുടെ നിലനിൽ പിനു തന്നെ ഭീഷണി ഉയരുകയും ചെയ്തിട്ടുണ്ട് . ഭൗതിക സാഹചര്യങ്ങളുടേയും പഠനോപകരണങ്ങളുടേയും കാര്യ ത്തിൽ ഇല്ലായ്മകൾ തന്നെയാണ് ഇവർക്കും പറയുവാനു ള്ളത്. പി. ടി. എയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഠന ത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ ഉള്ള തെങ്കിലും പാഠ്യേതര പ്രവർത്തനങ്ങളിൽ നിലവാരം പുലർത്തുന്നവരാണ്.

എൽ. പി. എസ്. – കാഞ്ഞിരംപാറ

ഒരു കുടിപ്പള്ളിക്കൂടമായി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം പിന്നീട് ഗ്രാൻറ് സ്കൂളായും തുടർന്ന് സർക്കാർ സ്ഥാപനമായും മാറുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോഴും എൽ. പി. സ്കൂളായി പ്രവർത്തിക്കുന്ന ഈ വിദ്യാലയം ഇന്ന് തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നാലു ഡിവിഷനുകളിലായി വെറും 89 കുട്ടികളാണ് ഇപ്പോഴുള്ള ത്. പഠന നിലവാരത്തിൽ ശരാശരിക്കു മുകളിലുള്ള കുട്ടിക ളാണെങ്കിലും പഠനസൗകര്യങ്ങൾ ഇപ്പോഴും വേണ്ടത്രയില്ല. പി. ടി. എയുടെ പ്രവർത്തനം സജ്ജീവമാക്കിയാൽ മാത്രമേ ഇവ മെച്ചപ്പെടുത്തുവാനും സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന എന്ന ഗ്രാമസഭയുടെ ആവശ്യം സാധ്യമാക്കാനും കഴിയുക യുള്ളു. ഈ സ്ഥാപനത്തിൽ ഇന്ന് നാല് അദ്ധ്യാപകർ പണിയെടുക്കുന്നു.

എൽ. പി. എസ്. മഠത്തുവാതിൽക്കൽ

പഞ്ചായത്തിന്റെ ഏറ്റവും കൂടുതൽ എൽ പി വിഭാഗം കുട്ടികൾ ഉള്ള സ്കൂളാണിത്. 292 കുട്ടികളുള്ള ഈ വിദ്യാല യത്തിൽ സ്ഥല പരിമിതിമൂലം ഷിഫ്ട് സമ്പ്രദായത്തിലാണ് അദ്ധ്യയനം നടത്തുന്നത്. വളരെ ഫലപ്രദമായി പ്രവർത്തി ക്കുന്ന ഒരു പി. ടി. എ ആണ് ഇവിടെ ഉള്ളതെങ്കിലും ആവശ്യ മായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്. എട്ടുല ക്ഷം രൂപ ചെലവുവരുന്ന ഒരു കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കുന്നിൻ പ്രദേശത്തുള്ള ഈ സ്കൂൾ പ്രദേശത്തെ രൂക്ഷ മായ മണ്ണൊലിപ്പ് സ്കൂൾ കെട്ടിടത്തിനു ഭീഷണിയാകുന്നു എന്നതിലുപരി കുട്ടികൾക്ക് കളിക്കുന്നതിനാവശ്യമായ കളി സ്ഥലം പോലും നിർമ്മിക്കുക അസാധ്യമാണ്. മിത്രമ്മല ഗവൺമെൻറ് ഹൈസ്കൂളിന്റെ വളരെ സമീപത്തായുള്ള ഈ സ്കൂളിലെ കുട്ടികൾ പഠനനിലവാരത്തിൽ ശരാശരി ക്കു മുകളിലാണ്. 6 അദ്ധ്യാപകർ മാത്രമുള്ള ഈ സ്കൂളിൽ വേണ്ടത്ര സ്ഥലസൗകര്യങ്ങളും അധ്യാപകരെയും ലഭ്യമാ

ക്കിയാൽ നില ഇനിയും കൂടുതൽ മെച്ചമാക്കാൻ കഴിയും.

എൽ. പി. എസ്. കുമ്പളത്തുംപാറ

വാമനപുരം പഞ്ചായത്തിലെ ഇരുളൂർ വാർഡിലെ ഒരു സ്വകാര്യ എൽ പി. സ്കൂളാണിത്. 4 ഡിവിഷനുകളിലായി 116 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഭൗതിക സഹാചര്യങ്ങളും പഠനോപകരണങ്ങളും ഇവിടെ പരിമിതമാണെങ്കിലും മാനേജുമെന്റോ പി. ടി . എയോ ഇക്കാര്യത്തിൽ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എത്തിച്ചേരാനുള്ള അസൗകര്യവും ഈ സ്കൂളിന്റെ പുരോഗതിക്കു തടസ്സം നിൽക്കുന്നു. ഇന്നിവിടെ 4 അദ്ധ്യാപകരാണ് സേവനം അനുഷ്ഠിച്ചുവരുന്നത്.

എൽ പി എസ് മേലാറ്റുമൂഴി

കൊല്ലവർഷം 1098-ൽ സ്ഥാപിതമായ ഈ സ്കൂളിൽ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്ഥമായി അഞ്ചാം സ്റ്റാൻറ്റേർഡുകൂടി പ്രവർത്തിക്കുന്നുണ്ട് എന്നത് ഒരു പ്രത്യേകതയാണ്. 1947ൽ സ്കൂൾ സർക്കാരിനു കൈമാറുമ്പോൾ 13 ഡിവിഷനുകളും 15 അദ്ധ്യാപകരുമുണ്ടായിരുന്നെങ്കിൽ ഇന്ന് 5 സ്റ്റാൻറ്റേർഡുകളിലും കൂടി 137 വിദ്യാർത്ഥികളും അഞ്ച് അദ്ധ്യാപകരുമാണുള്ളത്. തൊട്ടടുത്ത് സ്വകാര്യ മേഖലയിൽ മറ്റൊരു എൽ. പി. സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയതാണ് ഈ സ്ഥാപനത്തിന്റെ തകർച്ചയ്ക്ക് പ്രധാന കാരണം. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നിൽ നിൽക്കുന്ന ഈ സ്ഥാപനത്തിൽ സ്കൂൾ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനുള്ള ഫർണിച്ചറുകളോ സ്റ്റാഫ് റൂമോ ഇല്ലെന്നതാണ് ഏറെ ദു:ഖകരം. തുറസ്സായ ഒറ്റഹാളിലാണ് ക്ലാസ്സുകൾ നടത്തിവരുന്നത്. പത്താം വാർഡിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട പ്രധാന ആവശ്യങ്ങളിൽ ഒന്നാണ്. പി. ടി. എ.യുടെ പ്രവർത്തനം പഠന നിലവാരവും സാമാന്യം തൃപ്തികരമാണ്. ഈ സ്ഥാപനത്തോട് അനുബന്ധിച്ച് പി. ടി. എയുടെ ആഭിമുഖ്യത്തിലുള്ള ഒരു പ്രീ-പ്രൈമറി സ്കൂളും പ്രവർത്തിച്ചുവരുന്നു.

അപ്പർ പ്രൈമറി വിഭാഗം

പഞ്ചായത്തു പ്രദേശത്താകെ മൂന്നു യു. പി. സ്കൂളുകളാണുള്ളത്. ആനച്ചൽ, വാമനപുരം എന്നിവ സർക്കാർ നിയന്ത്രണത്തിലും ആനാകുടി പഞ്ചായത്ത് നിയന്ത്രണത്തിലുമാണ്. ഇവയിലെല്ലാറ്റിലും കൂടി മൊത്തം 635 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.

യു പി. എസ്. ആനച്ചൽ

സ്വകാര്യ മേഖലയിൽ എൽ. പി. സ്കൂളായി പ്രവ
നം ആരംഭിച്ച ഈ സ്ഥാപനം പിൽക്കാലത്ത് സർക്കാ
ക്ക് സറണ്ടർ ചെയ്യുകയും പിന്നീട് യു. പി. എസ്സായി
ത്തുകയും ചെയ്തു. യു. പി. വിഭാഗത്തിലേറ്റവും കൂ
കുട്ടികൾ പഠിക്കുന്ന സ്കൂളാണിത്. 539 കുട്ടികളുള്ള
സ്കൂളിന് എം എൽ എ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച
ടം ഉൾപ്പെടെ സാമാന്യം സ്ഥലസൗകര്യങ്ങളുണ്ട്. എ
റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഈ സ്ഥാപ
ന് ചുറ്റുമതിലോ വേണ്ടത്ര കോമ്പൗണ്ടോ ഇല്ല. 41 സ
കോമ്പൗണ്ടിൽ കെട്ടിടങ്ങൾ തിങ്ങി നിൽക്കുന്നതു കാ
കായിക പരിശീലനത്തിനും കുട്ടികൾക്ക് കളിക്കുന്നത
കഴിയുന്നില്ല. ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്
തിൽ പി. ടി. എ. സജീവമായ പങ്ക് വഹിക്കുന്നുണ്ട്
അദ്ധ്യാപകർ സേവനം അനുഷ്ഠിച്ചുവരുന്ന ഇവിടെ
ത്ര പഠനോപകരണങ്ങളോ ഫർണിച്ചറുകളോ സ്കൂൾ
ബ്രറി, ലബോറട്ടറി തുടങ്ങിയവയോ ഇല്ലെന്നു
പറയാം. പഠന നിലവാരത്തിന്റെ സ്ഥിതി
യും മെച്ചപ്പെടേണ്ടിയിരിക്കുന്നു.

ഗവൺമെൻറ് യു. പി. എസ്. വാമനപുരം

കൊല്ലവർഷം 1070ൽ ആരംഭിച്ച 'വിദ്യാവിലാസ
സ്കൂൾ ആണ് കാലക്രമേണ വാമനപുരം യു. പി. എസ്
മാറിയത്. 1121ൽ സർ സി. പി. യുടെ കാലത്ത് ഈ സ്
സർക്കാരിനു കൈമാറുകയുണ്ടായി. സമീപത്തുണ്ട
രുന്ന ഒരു യു. പി. സ്കൂൾ ചില പ്രത്യേക സാഹചര്യങ്ങ
പ്രവർത്തനം സ്തംഭിച്ചതോടെ നാട്ടുകാരുടെ ശ്രമഫ
യി ആ സ്ഥാപനം നിലവിലുണ്ടായിരുന്ന ഗവൺമെ
എൽ. പി. സ്കൂളിനോടു ചേർത്ത് പ്രവർത്തിപ്പിക്കു
അങ്ങനെ വാമനപുരം എൽ പി സ്കൂൾ, യു. പി. സ്
ആയി മാറുകയും ചെയ്തു. ശതാബ്ദി ആഘോഷിച്ച
സ്കൂളിന് എം പിമാരുടെ പ്രാദേശിക വികസന പ
യിൽ ഉൾപ്പെടുത്തി 1995ൽ ആറു മുറികളുള്ള ഒരു കെ
നിർമ്മിച്ചു. പഠനത്തിൽ നല്ല നിലവാരം പുലർത്തുന്ന
വിദ്യാലയത്തിലെ കുട്ടികൾ കലാകായിക മേളയിലും
പ്രകടനം കാഴ്ചവെക്കുന്നു. ശക്തമായൊരു പി. ടി. എ
ടെ പ്രവർത്തനഫലമായി 360 കുട്ടികൾ പഠിക്കുന്ന
വിദ്യാലയത്തിന് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉ
ക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഫർണിച്ചർ, കോമ്പ
ചുറ്റുമതിൽ എന്നിവയുടെ അപര്യാപ്തത പ്രശ്നങ്ങളു

ശേഷിക്കുന്നു. പഞ്ചായത്ത് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഈ സ്കൂളിലെ നിലവിലുള്ള കെട്ടിടം ഇരുനിലയായി ഉയർത്തണമെന്നും അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കണമെന്നുമുള്ള ആവശ്യം ഗ്രാമസഭയിൽ ശക്തമായി ഉയർന്നു വന്നിട്ടുണ്ട്.

യു. പി. എസ്. ആനാകുടി

നാലാം വാർഡിലെ യു. പി. സ്കൂൾ പഞ്ചായത്ത് നിയന്ത്രണത്തിലുള്ളതാണ്. 347 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനം ഭൗതിക സാഹചര്യങ്ങളുടെ പരിമിതികൾകൊണ്ട് ഏറ്റവുമധികം പൊറുതിമുട്ടുന്ന സ്ഥാപനങ്ങളിലൊന്നാണ കാലപഴക്കം ചെന്ന 3 പെർമെനൻറും ഒരു സെമി പെർമനൻറും കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ശുദ്ധജല ലഭ്യതയോ വേണ്ടത്ര കളിസ്ഥലമോ കഞ്ഞിപ്പുരയോ മൂത്രപ്പുരയോ ഇല്ലെന്നതിലുപരി പഠനോപകരങ്ങളുടെ കാര്യത്തിലും സ്ഥിതി പരിതാപകരമാണ്. ഈ സ്ഥാപനത്തിൻെറ കടക്കലും കത്തിവെക്കുന്ന ഒന്നാണ് തൊട്ടടുത്ത് സ്ഥാപിതമായ സ്വകാര്യ യു. പി. സ്കൂൾ. കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ സ്ഥാനത്ത് പുതിയ കെട്ടിടം പണിയണമെന്ന ഗ്രാമസഭയുടെ ആവശ്യം പഞ്ചായത്തധികൃതർ ശ്രദ്ധിച്ചേ മതിയാകൂ. അക്കാദമിക്ക് നിലവാരം ശരാശരിക്ക് താഴെയുള്ള ഈ സ്കൂളിലെ പി. ടി. എയുടെ പ്രവർത്തനവും തൃപ്തികരമല്ല.

ഹൈസ്കൂൾ വിഭാഗം

എച്ച് എസ് മുള്ളമന

1982-ൽ ആരംഭിച്ച ഈ സ്വകാര്യ വിദ്യാലയം ആദ്യകാലങ്ങളിൽ വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു

പട്ടിക 2

വിവരണം	1992-93	1993-94	1994-95	1995-96
പരീക്ഷ എഴുതിയവർ	50	67	64	72
വിജയിച്ചവർ	39	37	28	16
പരാജയപ്പെട്ടവർ	11	30	36	56
വിജയശതമാനം	78	55	43	22

പോന്നിരുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക വാഹന സൗകര്യമില്ലാതെ എത്തിച്ചേരുന്നതിനുള്ള പ്രയാസവും നല്ലൊരു വിഭാഗം കുട്ടികൾ വാമനപുരം നദി കടന്നുവേണം വരേണ്ടത് എന്ന ബുദ്ധിമുട്ടും ഒക്കെ കൊണ്ടാകാം

സ്കൂളിൻെറ തുടർന്നുള്ള പ്രവർത്തനങ്ങൾ വേണ്ടത്ര വിജയിക്കാത്തത് ഇപ്പോൾ കേവലം ആറ് ഡിവിഷനുകളിലായി 213 കുട്ടികളാണ് ഇവിടെ ഉള്ളത്. തുടക്കത്തിൽ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും ഉന്നത നിലവാരം പുലർത്തിയിരുന്ന ഈ സ്കൂളിലെ കുട്ടികൾ നിവാരത്തിൻെറ കാര്യത്തിൽ ഇന്ന് വളരെ പിന്നലാണ്. കഴിഞ്ഞ വർഷങ്ങളിലെ എസ് എസ് എൽ സി വിജയശതമാനം തന്നെ ഈ വസ്തുത വെളിവാക്കുന്നു.

ആവിശ്യമുള്ളത്ര ഭൗതിക സാഹചര്യങ്ങളായ ഫർണിച്ചർ, പഠനോപകരങ്ങൾ, കുടിവെള്ളം, കളിസ്ഥലം, ലൈബ്രറി, ലബോട്ടറി, ഇവയൊന്നും ഈ സ്കൂളിനു ഇല്ലായെന്നത് ഒരു വസ്തുയാണ്. വേണ്ടത്ര കോമ്പൗണ്ട് സൗകര്യമുണ്ടെങ്കിലും അതു നിരപ്പാക്കി കളിസ്ഥമാക്കുകയോ ചുറ്റുമതൽ നിർമ്മിക്കുകയോ ചെയ്യാനുള്ള ശ്രമവും ഉണ്ടായിട്ടില്ല. താൽപ്പര്യമുള്ള പി. ടി. എയുടെ കുറവ്, നാട്ടുകാരുടെ സഹകരണമില്ലായ്മ, മാനേജുമെൻറിൻെറ അലംഭാവം ഇവയൊക്കെ വിദ്യാലയത്തിൻെറ പിന്നോട്ടു പോകലിനു കാരണമായിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് വിവിധ സ്കൂളുകളിലെ അദ്ധ്യാപകരുടെ പട്ടിക പരിശോധിച്ചാൽ അധ്യാപികമാർക്കാണ് മുൻതൂക്കമെന്ന് മനസ്സിലാക്കാം.

പട്ടിക – 3

	അധ്യാപകർ		
സ്കൂൾ	ആൺ	പെൺ	ആകെ
H.S.	3	9	12
U.P.S	15	31	46
L.P.S	10	15	25
ആകെ	28	55	83

എൽ. പി./ യു. പി. / എച്ച് എസ് വിഭാഗങ്ങളിലെല്ലാം കാണുന്ന അദ്ധ്യാപികമാരുടെ ഈ ആധിപത്യം പഠനാനുബന്ധ പ്രവർത്തനങ്ങൾക്ക് മിക്കപ്പോഴും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ ദയനീയമായ ഒരു ചിത്രമാണ് ദൃശ്യമാകുന്നത്. ഇല്ലായ്മകളുടെ കഥകളാണ് മിക്ക സ്കൂളുകൾക്കും

പറയാനുള്ളത്. പതിറ്റാണ്ടുകളുടെ പഴക്കം ചെന്ന ഓലക്കെട്ടിടങ്ങളിലാണ് ഇവയിൽ ഏറെയും പ്രവർത്തിക്കുന്നത്. സാധാരണക്കാരന്റെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയങ്ങളിൽ പഠനോപകരണങ്ങൾ കേവലം ബ്ലാക്ക് ബോർഡുകളിലും ചോക്ക് പീസുകളിലും ഒതുങ്ങുന്നു. നമ്മുടെ ഗ്രാമത്തിലെ സ്കൂളുകളുടെ ഭൗതിക സഹാചര്യങ്ങളുടെ യഥാർത്ഥ മുഖം പട്ടിക-4ൽ നിന്നു മനസ്സിലാകും.

ഭൗതിക സാഹചര്യങ്ങളിലെന്നപോലെ പഠനോപകരണങ്ങളുടെ കാര്യത്തിലും സ്ഥിതി ഒട്ടും തന്നെ മെച്ചമല്ല. ഗ്ലോബ് ഭൂപടം, ചാർട്ടുകൾ, മറ്റ് ദൃശ്യ - ശ്രവ്യ ഉപകരണങ്ങൾ ഇവയൊന്നും തന്നെ ഒട്ടുമിക്ക സ്കൂളുകളിലും വേണ്ടത്രയില്ല. സ്കൂൾ ലൈബ്രറികൾ ചുരുക്കം. പേരിനു വേണ്ടി ഉള്ളവയിൽ തന്നെ വിതരണ യോഗ്യമായ പുസ്തകങ്ങൾ നന്നേ കുറവ്. ഉള്ളവ വിതരണം നടത്തുന്നതിനും കുട്ടികളിൽ വയനാശീലം വളർത്തുന്നതിനും അധ്യാപകർ ശുഷ്കാന്തി കാണിക്കാറുമില്ല.

കളിസ്ഥലത്തിന്റെ കാര്യത്തിൽ സ്കൂളുകളുടെ കഥ പറയാതിരിക്കുകയാണ് ഭേദം. 50 സെൻറിനു താഴെ വരുന്ന സ്കൂൾ കോമ്പൗണ്ടുകളിലാണ് മിക്ക സ്കൂളുകളും പ്രവർത്തിക്കുന്നത്. ഇതിൽ സ്കൂൾ കെട്ടിടങ്ങളുടെ സ്ഥലംകൂടി കഴിച്ചാൽ ശേഷിക്കുന്നത് അഞ്ചോ, പത്തോ സെൻറ് ഭൂമിയായിരിക്കും. കായികമായി നമ്മുടെ കുട്ടികൾ പിന്നോക്കം നിൽക്കുന്നതിന്റെ കാരണം ഇതുതന്നെയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇനി നമുക്ക് നമ്മുടെ കുട്ടികളുടെ പഠന നിലവാരത്തിലേക്ക് കടക്കാം. ദയനീയമായ ഒരു ചിത്രമാണ് നാം ഇവിടെ കാണുന്നത്. (പട്ടിക - 5 കാണുക.)

മൂന്നു മുതൽ പത്തുവരെ ക്ലാസ്സിൽ പഠിക്കുന്ന 1606 കുട്ടികളിൽ ശരാശരിക്ക് താഴെ നിലവാരം പുലർത്തുന്നവർ 671 - ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അതിൽത്തന്നെ നിരക്ഷരരോ നിരക്ഷതയോട് അടുത്തു നിൽക്കുന്നവരോ ആയ കുട്ടികളും ഉൾപ്പെടുന്നു. പഠന നിലവാരം ഇത്രകണ്ട് പിന്നോക്കം പോയതിനു കാരണങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടിയിരിക്കുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കൂടുതൽ വിശകലനം ചെയ്തതിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് ഇവരിൽ നല്ലൊരുഭാഗം കുട്ടികളും പട്ടികജാതി കുടുംബത്തിൽപ്പെട്ടവരാണെന്നാണ്.

പഠന നിലവാരത്തകർച്ചയ്ക്ക് പിന്നിൽ സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. മറ്റൊരു പ്രധാന കാരണം മോശമായ ഗൃഹാന്തരീക്ഷസ്ഥിതിയാണ്. ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളുടെ അതിപ്രസരവും വിലകുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരവും ഇക്കാര്യത്തിൽ നല്ലൊരു പങ്ക് വഹിക്കുന്നു. വി

പട്ടിക 5

Std.	ആകെ കുട്ടികൾ	30% നു താഴെ മാർക്ക്	30% - 40%	40%-50	50%-60%	60% മു
3	373	142	60	52	37	
4	385	154	57	60	42	
5	244	95	48	49	24	
6	221	105	40	35	17	
7	170	75	34	26	10	
8	79	40	10	6	8	
9	69	32	10	6	8	
10	65	28	6	8	10	
ആകെ	1606	671	262	242	156	

ഭ്യാസ നിലവാരത്തകർച്ചയുടെ പിന്നിൽ അദ്ധ്യപക ഭാഗത്തും വീഴ്ചകൾ കടന്നുകൂടിയിട്ടുണ്ട്. അദ്ധ്യാപകത്തിയോടുള്ള അദ്ധ്യാപകരുടെ ആത്മാർത്ഥത സംശഷ്ടിയോടെയാണ് ഗ്രാമസഭകൾ മിക്കതും വിലയിരുത്തിരിക്കുന്നത്. ഇക്കാര്യത്തിൽ അദ്ധ്യാപകർ ഒരു ആത്മശോധന നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഭാസിലബസ്സും അശാസ്ത്രീയമായ പരീക്ഷാ സമ്പ്രദായങ്ങൾ അതിന്റേതായ പങ്കു വഹിക്കുന്നുണ്ട്. അക്ഷരം ഉറക്കാ കുട്ടികൾക്ക് പരിഹാരബോധനം നടത്താതെ 'ഓൾ പ്രഷൻ' നൽകുന്ന ഇന്നത്തെ സമ്പ്രദാപുനഃപരിശോധിക്കേണ്ടിയിരിക്കുന്നു.

അക്കാദമിക്ക് നിലവാരം താഴുന്നതിന് നമ്മുടെ ഗ്രത്തിന്റേതായ മറ്റൊരു കാരണം കൂടിയുണ്ട്. ഈ പഞ്ത്തിൽപ്പെട്ട വിദ്യാലയങ്ങളിൽ ചിലത് പാലോട് സബ്ജില്ലയിലും മറ്റ് ചിലത് ആറ്റിങ്ങൽ സബ് ജില്ലയിലുമാണ്. ആറ്റിങ്ങൽ സബ് ജില്ല പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുനിന്ന് പത്തു കിലോമീറ്റർ അകലത്തിലും പാലോട് സബ് ജില്ല ആസ്ഥാനത്തേക്ക അതിർത്തിയിൽനിന്നും 30 കി. മീ. അകലത്തിലുമാണ്. വിചിത്രമെന്നു പറയട്ടെ പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തെ ഒട്ടുമിക്ക സ്കൂളുകളും ആറ്റിങ്ങൽ സബ് ജില്ലയിലും പടിഞ്ഞാറു ഭാഗത്തെ സ്കൂളുകൾ പാലോട് സബ്ജില്ലയിലുമാണ് പെട്ടതാണ്. ഇത് ഭരണപരമായ ഒട്ടനവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന് പറയേണ്ടതില്ലല്ലോ. നിരന്തരം മേലധികാരികളുമായി ബന്ധപ്പെടേണ്ട പ്രഥമാദ്ധ്യാപകർക്ക് മിക്കപ്പോഴും അക്കാദമിക്ക് കാര്യങ്ങളിൽ ശ്രദ്ധിക്കാൻ കഴിയാതെ

പട്ടിക 4

| സ്കൂളിന്റെ പേര് | അടിസ്ഥാനസൗകര്യങ്ങൾ | | |

പോകുന്നു. സബ്ജില്ല പുനഃസംഘടിപ്പിച്ച് വാമനപുരം കേന്ദ്രമാക്കി ഒരു ഉപജില്ല രൂപീകരിച്ചാൽ ഈ പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളിലേയും വിദ്യാലയങ്ങൾക്ക് ഒരനുഗ്രഹമായിത്തീരും.

പഠനനിലവാരം ഉയർത്തുന്നതിന് വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം ക്രിയാത്മകമായ പല പദ്ധതികളും പഞ്ചായത്തു തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിയും. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ 'ഇൻസർവ്വീസ് കോഴ്സു'കൾ സംഘടിപ്പിക്കുക, സ്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കുക, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പരിഹാര ബോധന സംവിധാനങ്ങൾക്ക് രൂപം നൽകുക തുടങ്ങിയ പലതും ഇതിൽപ്പെടുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം പഠന നിലവാരം ഉയർത്തുന്നതിലും പി. ടി. എകൾക്ക് ഫലപ്രദമായി പങ്ക് വഹിക്കാൻ കഴിയണം. രക്ഷിതാക്കൾക്കിടയിൽ ശരിയായ ബോധവൽക്കരണ പരിപാടിയും വേണ്ടിയിരിക്കുന്നു. സ്കൂളിൽ ചേർത്ത് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തിയാൽ തന്റെ ബാധ്യത തീർന്നു എന്ന രക്ഷിതാവിന്റെ മനോഭാവം മാറണം. ദിവസേന ഒരു മണിക്കൂറെങ്കിലും തന്റെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധ ചെലുത്തുന്നതിന് രക്ഷിതാക്കൾ സമയം കണ്ടെത്തണം. ക്ലാസ്സ് പി. ടി. എകളും മാതൃസംഗമങ്ങളും ഫലപ്രദമാകണം. അദ്ധ്യാപകരും രക്ഷിതാക്കളും വിദ്യാഭ്യാസ പ്രവർത്തകരും വാർഡിലെ ജനപ്രതിനിധിയും അംഗങ്ങളായുള്ള വാർഡു തല വിദ്യാഭ്യാസ സമിതിക്ക് രൂപം നൽകുകയും ഈ സമിതികളുടെ പ്രതിനിധികളും പഞ്ചായത്ത് ഭരണ സമിതിയുടെ പ്രതിനിധിയും വിദ്യാഭ്യാസവകുപ്പ് പ്രതിനിനികളും ഉൾപ്പെട്ട ഒരു പഞ്ചായത്തുതല വിദ്യാഭ്യാസ സമിതി രൂപീകരിച്ച് വിദ്യാഭ്യാസ കാര്യങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ ഇന്നുകാണുന്ന ഈ മൂല്യത്തകർച്ചക്ക് പരിഹാരമാവും.

പഞ്ചായത്തു പ്രദേശത്തെ വിദ്യാലങ്ങളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നേരിയ തോതിലാണെങ്കിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇവരിൽ നല്ലൊരുഭാഗം കുട്ടികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണെന്നുള്ളതും ശ്രദ്ധേയമാണ്. മിക്കപ്പോളും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടംബത്തിലെ കുട്ടികളാണ് ഈ കൊഴിഞ്ഞുപോക്കിന് ഇരയാകുന്നത്. മാത്രമല്ല താഴ്ന്ന ക്ലാസ്സുകളിലേ അക്ഷരമുറക്കാത്തവരുമാണിവർ. ഇക്കാര്യത്തിൽ നാം ശ്രദ്ധവെച്ചില്ലെങ്കിൽ നിരക്ഷരരുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കും. നമ്മുടെ ഗ്രാമത്തിലെ സ്കൂൾ കുട്ടികളെ സംബന്ധിച്ച പൂർണ്ണമായ വിവരം താഴെ ചേർത്തിരിക്കുന്നു. (പട്ടിക 6 കാണുക).

പട്ടിക വിശകലനം ചെയ്താൽ വ്യക്തമാകുന്ന മറ്റൊരു വസ്തുത ഗ്രാമത്തിലെ വിദ്യാലയങ്ങൾ പ്രയോജനപ്പെടുത്തുന്ന 2328 കുട്ടികളിൽ 1480പേരും പ്രൈമറി വിഭാഗത്തിൽപ്പെടുന്നവരാണെന്നു കാണാം. യു. പി. വിഭാഗമാകുമ്പോഴേക്കും ഇവരുടെ എണ്ണം 635 ആയി ചുരുങ്ങുന്നു. ഹൈസ്കൂൾ വിഭാഗത്തിലേക്ക് കടന്നാൽ കേവലം 213 വിദ്യാർത്ഥികൾ മാത്രമേ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ പ്രയോജനപ്പെടുത്തുന്നുള്ളു എന്ന് കാണാം. ഇത് മൊത്തം വിദ്യാർത്ഥികളുടെ 14 ശതമാനത്തോളം മാത്രമാണ്. ഇതിനർത്ഥം ശേഷിക്കുന്ന 85% ലേറെ വിദ്യാർത്ഥികളും പഠനം നിർത്തുന്നു എന്നല്ല. അയൽ പഞ്ചായത്തുകളിലുള്ള എച്ച്. സ്കൂൾ ഇളമ്പ, എച്ച്. എസ്. കല്ലറ, എച്ച്. എസ്. മിതൃമ്മല, ദേവപ്രയാർ ബോർഡ് എച്ച്. എസ്. കാരേറ്റ് എന്നിവയെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്തിലെ ഹൈസ്കൂളിന്റെ പരിമിതികളാണ് ഇതിനു കാരണം. ഇതുമൂലം വിദ്യാർത്ഥികൾക്ക് കൂടുതൽ യാത്രാക്ലേശങ്ങളും രക്ഷിതാക്കൾക്ക് വമ്പിച്ച സാമ്പത്തിക ബാധ്യതകളും വേണ്ടിവരുന്നു. ഇതിനു പരിഹാരം പഞ്ചായത്തിലെ ഹൈസ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയോ സൗകര്യപ്രദമായ മറ്റൊരു സ്കൂൾ ഹൈസ്കൂളായി ഉയർത്തുകയോ ചെയ്യുക എന്നതാണ്. അല്ലാത്തപക്ഷം 85 ശതമാനത്തോളം വരുന്ന വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് ഇന്നു നേരടുന്ന കഷ്ടതകൾ ഇനിയും വർദ്ധിക്കുകയേയുള്ളു.

നഗരത്തിലെന്നപോലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള അമിത പ്രേമം നമ്മുടെ ഗ്രാമത്തിലും അടുത്ത് ദൃശ്യമാണ്. ഇതിന്റെ പിന്നിലെ പ്രധാന കാരണം ഗൾഫ് പണത്തിന്റെ സ്വാധീനമാണ്. മക്കൾ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്നു എന്നത് 'സ്റ്റാറ്റസ്സ്' ആയി കണക്കാക്കുന്നവരും ഇംഗ്ലീഷ് മീഡിയത്തിലായാൽ കുട്ടികളുടെ ഭാവി ഭദ്രമായെന്നു കണക്കാക്കുന്നവരും ഇല്ലാതെ കുറവല്ല. മീഡിയം ഏതായാലും ഗുണനിലവാരത്തിൽ വലിയ വ്യത്യാസം അനുഭവപ്പെടുന്നില്ലെന്നുള്ളതാണ് മലയാള മീഡിയത്തിൽ പഠിച്ച് ഐ. എ. എസ്. കേഡർ തസ്തികയിൽ ഉയർന്നിട്ടുള്ളവർ ഈ ഗ്രാമത്തിൽ തന്നെ ഉണ്ടെന്നുള്ളതും ഇവർ ബോധപൂർവ്വം മറക്കുന്നു.

സ്കൂളുകളിൽ പൊതുവെ കാണപ്പെടുന്ന തിരുത്തേണ്ട മറ്റൊരു പ്രവണതയാണ് കുട്ടികളുടെ ജനന തീയതി മിക്കവാറും എല്ലാ കുട്ടികളുടെയും ജനനം മെയ് മാസ

പട്ടിക 6

	ആകെ കുട്ടികൾ			പട്ടികജാതി			തോറ്റുപഠിക്കുന്നവർ			പഠനം നിർത്തിയവർ		
Std.	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	167	162	329	23	16	39	-	-	-	1	1	2
2	208	185	393	32	20	52	14	7	21	3	5	8
3	178	195	373	21	26	47	11	9	20	1	3	4
4	188	196	385	31	30	61	13	7	20	-	1	1
ആകെ	**742**	**738**	**1480**	**107**	**92**	**199**	**38**	**23**	**61**	**5**	**10**	**15**
5	119	125	244	14	11	25	9	1	10	-	1	1
6	111	110	221	15	13	28	5	1	6	3	-	3
7	85	85	170	11	18	19	3	-	3	2	-	2
ആകെ	**315**	**320**	**685**	**40**	**32**	**72**	**17**	**2**	**19**	**5**	**1**	**6**
8	52	27	79	1	-	1	4	2	6	1	2	3
9	47	22	69	7	7	14	8	3	11	-	4	4
10	29	36	65	1	1	2	-	-	-	2	2	4
ആകെ	**128**	**85**	**213**	**9**	**8**	**17**	**12**	**5**	**17**	**3**	**8**	**11**
മൊത്തം	1185	1143	2328	156	132	288	67	30	97	13	19	32

ലാണെന്നാണ് രജിസ്റ്റുകൾ പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. ഇത് അസ്വാഭാവികമാണെന്നു പറയേണ്ടതില്ലല്ലോ. സർക്കാർ സർവ്വീസ് ലക്ഷ്യംവച്ചാണ് മിക്കപ്പോഴും ഇങ്ങനെ ചെയ്യുന്നത്. ഇക്കാര്യത്തിൽ ശരിയായൊരു ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

പ്രീ-പ്രൈമറി വിഭാഗം

ഈ അടുത്ത കാലംമുതൽക്കാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൽ നമ്മുടെ ഗ്രാമം ശ്രദ്ധവെച്ചു തുടങ്ങിയത്. ഇന്ന് ഈ രംഗത്ത് 22 അംഗൻവാടികളും സ്കൂൾ പി. ടി. എ നടത്തുന്ന ഒരു പ്രീ - പ്രൈമറി സ്കൂളും സ്വകാര്യ മേഖലകളിലെ ചുരുക്കം ചില നഴ്സറി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

വാമനപുരം ഐ. സി. ഡി. എസ്സിന്റെ കീഴിലാണ് പഞ്ചായത്തു പ്രദേശത്തെ അംഗൻവാടികൾ. 1987ൽ തുടക്കം കുറിച്ച ഈ ശിശുവിദ്യാകേന്ദ്രങ്ങൾ ആരംഭകാലത്ത് വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു പോന്നിരുന്നത്. എന്നാൽ ഇന്ന് മിക്കവർക്കും സ്വന്തമായ കെട്ടിടങ്ങളായിക്കഴിഞ്ഞു. ശിശുവിദ്യാഭ്യാസ രംഗത്ത് സാമാന്യം തൃപ്തികരമായ സേവനം കാഴ്ചവെക്കുന്ന നമ്മുടെ അംഗൻവാടികളിലേക്കു മൂന്നിനും ആറിനുമിടയിലുള്ള മുഴുവൻ കുട്ടികളെയും ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല. വേണ്ടത്ര കളിക്കോപ്പുകൾ ഇല്ലാത്തതും അനാകർഷകമായ ചുറ്റുപാടുകളും ഇതിനൊരു കാരണമാകാമെങ്കിലും വിലകൊടുത്തുവാങ്ങാവുന്ന എൽ. കെ. ജി. സംസ്കാരം ഇവിടെയും തലയുയർത്തി നിൽക്കുന്നു.

ശരാശരി 220 കുടുംബങ്ങൾക്ക് ഒരു അംഗൻവാടിടെ സേവനം ലഭ്യമാണെന്നു കാണാം. എന്നാൽ കെട്ടിണ്ടാകേണ്ട 5 അംഗൻവാടികളിൽ നാലെണ്ണത്തിനും സ്മുണ്ടായിട്ടില്ല. മറ്റ് ഭൗതിക സാഹചര്യങ്ങളുടെ കാര്യലും ഈ ശിശുവിദ്യാലയങ്ങൾക്ക് പരിമിതികൾ ഏറെയാന്ന് പട്ടികയിൽ നിന്ന് മനസ്സിലാകും. അംഗൻവാടികളുപ്രവർത്തനം വ്യാപകമായതോടെ ശിശുവിദ്യാഭ്യാസത്തിമാത്രമല്ല മാതൃ - ശിശു സംരക്ഷണ രംഗത്തും കാര്യപുരോഗതി ഉണ്ടായിട്ടുണ്ട്. രാവിലെ 9.30 മുതൽ വൈന്നേരം 3.30 വരെ ഈ രംഗത്ത് ആത്മാർത്ഥ സേവനം കാഴ്വെയ്ക്കുന്ന അംഗൻവാടി പ്രവർത്തകർക്കു നാമമാത്രമായ പ്രതിഫലമേ ഇന്നു ലഭിക്കുന്നുള്ളുവെന്നതും വിപച്ചക്കറി എന്നിവയുടെ കാര്യത്തിൽ തുച്ഛമായ ധനസഹായമേ ലഭിക്കുന്നുള്ളുവെന്നതും പരിഹരിക്കപ്പെടേകാര്യങ്ങളാണ്.

ഉന്നത വിദ്യാഭ്യാസരംഗം

ഉന്നത വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന സ്ഥനങ്ങളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. ആങ്ങൽ, വർക്കല, നിലമേൽ, തിരുവനന്തപുരം തുടങ്പ്രദേശങ്ങളിലെ കോളേജുകളാണ് ഇക്കാര്യത്തിൽ നമ്മ

വാർഡ് നമ്പർ	അംഗൻവാടികളുടെ എണ്ണം	പ്രവർത്തന മേഖലയിൽ വരുന്ന കുടുംബങ്ങൾ	സ്വന്തമായി കെട്ടിടമുള്ളവ	സ്വന്തമായി ഭൂമി മാത്രമുള്ളവ	സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്തവ	വൈദ്യുതി ഉള്ളവ	കക്കൂസ് ഉള്ളവ	കിണർ ഉള്ളവ
1	2	528	-	1	1			
2	3	740	3					2
3	3	610	2		1			1
4	2	435	2				1	
5	2	347	2				1	
6	2	451	2				1	1
7	2	508	2				1	
8	1	190	1					
9	2	462	1		1			
10	3	543	2		1			
ആകെ	22	4823	17	1	4	-	4	4

ആശ്രയകേന്ദ്രം ഏറ്റവും സമീപത്തുള്ള ആറ്റിങ്ങൽ ഗവമെൻറ് കോളേജ് ആർട്ട്സ് കോളേജ് ആണെന്നതാണ് രു പരിമിതി. ഉന്നത വിദ്യാഭ്യാസത്തിനു ഇന്നു നേ

ഇത്തരം വിഷമതകൾ സാധാരണക്കാരായ ഗ്രാമീണരെ ഏറെ ബുദ്ധിമുട്ടിക്കുന്നു. വാമനപുരം കേന്ദ്രമാക്കി ഒരു ആർട്സ് ആൻറ് സയൻസ് കോളേജ് സ്ഥാപിച്ചുകിട്ടണമെന്ന ഗ്രാമസഭയുടെ ആവശ്യം ഏറെ പ്രസക്തിയുള്ളതാണ്.

സാങ്കേതിക വിദ്യാഭ്യാസരംഗം

ഇതിലേക്കായും പഞ്ചായത്തിൽ പേരെടുത്തു പറയത്തക്ക സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. ഭൂരിഭാഗം വിദ്യാർത്ഥികളുടേയും ആശ്രയം തലസ്ഥാന നഗരിയോ ആറ്റിങ്ങലോ ആണ്. ചുരുക്കം ചില തയ്യൽ പരിശീലന കേന്ദ്രങ്ങൾ സ്വകാര്യമേഖലയിൽ ഇവിടെ പ്രവർത്തിക്കുന്നു. കുടാതെ അങ്ങിങ്ങ് പ്രവർത്തിക്കുന്ന ചില ടൈപ്പ്റൈറ്റിംഗ് പരിശീലന കേന്ദ്രങ്ങളും ഈ മേഖലയിൽപ്പെടുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ സാധ്യതകളിലും പഞ്ചായത്തിൻെറ ശ്രദ്ധ പതിയേണ്ടിയിരക്കുന്നു.

സാക്ഷരതാ പ്രസ്ഥാനം

സമ്പൂർണ്ണ സാക്ഷരത എന്ന ലക്ഷ്യം 1990ൽ നമുക്ക് കൈവരിക്കാനായെങ്കിലും തുടർ വിദ്യാഭ്യാസത്തിനുള്ള സാധ്യതകൾ നഷ്ടമായതോടെ ഇവർ വീണ്ടും നീരക്ഷരരുടെ ലോകത്തിലേക്ക് തിരിച്ചുപോകുന്നതാണ് കാണാൻ കഴിയുന്നത്.

പ്രശ്നങ്ങൾ

1 സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ തീരെ കുറവാണ് പ്രത്യേകിച്ചും സ്വകാര്യ സ്കൂളുകളിൽ.
2 വിദ്യാഭ്യാസ നിലവാരം വളരെക്കുറവാണ്.
3 ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. 85% വിദ്യാർത്ഥികളും അയൽ പഞ്ചായത്തിലെ ഹൈസ്കൂളുകളെ ആശ്രയിക്കുന്നു.
4 വിദ്യാഭ്യാസ കാര്യങ്ങളിൽ രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ്.
5 പഞ്ചായത്ത് പ്രദേശം രണ്ട് ഉപജില്ലകളിൽ ഉൾപ്പെടുന്നു.
6 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല.
7 അംഗൻവാടികൾക്ക് കെട്ടിടങ്ങളും ഭൗതിക സാഹചര്യങ്ങളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.
8 പി. ടി. എ. കളുടെ പ്രവർത്തനം ഇനിയും കാര്യക്ഷമമാകേണ്ടിയിരിക്കുന്നു.
9 ഇൻസർവ്വീസ് കോഴ്സുകളും സ്കൂൾ കോംപ്ലക്സുകളും കാര്യക്ഷമമല്ല.
10 അദ്ധ്യാപകവൃത്തിയോടുള്ള അദ്ധ്യാപകരുടെ ആത്മാർത്ഥതക്കുറവ്.
11 കലാകായിക പരശീലനത്തിന് വേണ്ടത്ര അദ്ധ്യാപകരില്ല.
12 യു. പി. സ്കൂൾ ഹെഡ്മാസ്റ്റർക്ക് ഭരിച്ച ഓഫീസ് ജോലികൂടി ചെയ്തു തീർക്കേണ്ടിയിരിക്കുന്നു.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1 എല്ലാ സ്കൂളുകളിലും കുടിവെള്ളം, മൂത്രപ്പുര, പാചകപ്പുര, വൈദ്യുതി, പഠനോപകരണങ്ങൾ ഇവ ലഭ്യമാക്കുക.
2 നിലവിലുള്ള ഹൈസ്കൂളിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുകയും സൗകര്യപ്രദമായ മറ്റൊരു സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കുകയും ചെയ്യുക.
3 ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തു തല വിദ്യാഭ്യാസ സമിതികൾക്ക് രൂപം നൽകുക.
4 വാമനപുരം കേന്ദ്രമാക്കി ഒരു ഉപജില്ല രൂപീകരിക്കുക.
5. ആവശ്യംവേണ്ട സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുക.
6 കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങളുടെ സ്ഥാനത്ത് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക.
7 അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുക.
8 2 കിലോമീറ്ററിലേറെ ദൂരം പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി യാത്രചെയ്യേണ്ട കളമച്ചൽ അതിർത്തിമുക്ക് മിതൃർ വാർഡ് എന്നിവിടങ്ങളിൽ സ്കൂളുകൾ ആരംഭിക്കുക.
9 ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും അക്കാദമിക്ക് നിലവാരം ഉയർത്തുന്നതിലും പി. ടി. എയുടെ സഹകരണം ഉറപ്പുവരുത്തുക.
10 ഭാരിച്ച സിലബസ്സുളുടെ സ്ഥാനത്ത് ജീവിതത്തിനുതകുന്ന രീതിയിലുള്ള പുതിയ വിദ്യാഭ്യാസ പദ്ധതിക്ക് രൂപം നൽകുക.
11 ഉന്നത പഠനത്തിനും സാങ്കേതിക പഠനത്തിനും ഇന്ന് നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുക.
12 യു. പി. സ്കൂളുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുക.
13 യുറീക്ക, ശാസ്ത്രകേരളം, തളിര് തുടങ്ങിയ പ്രസിദ്ധീകരണങ്ങൾക്ക് വിദ്യാർത്ഥികൾക്കിടയിൽ നല്ല പ്രചരണം നൽകുക.

8 (i) കുടിവെള്ളം

മനുഷ്യന്റെ പരമപ്രധാനമായ പ്രാഥമിക ആവശ്യങ്ങളാണല്ലോ ശുദ്ധവായുവും ശുദ്ധ ജലവും. വാമനപുരം ഗ്രാമത്തിലെ ഭൂരി ഭാഗം വരുന്ന ജനങ്ങളും നേരിടുന്ന വലിയൊരു പ്രശ്നമാ ണ് കുടിവെള്ളം. പഞ്ചായത്തിലെ നല്ലൊരുഭാഗം ഉയർന്ന കുന്നിൻപ്രദേശങ്ങളാകയാൽ ഇവിടങ്ങളിൽ കിണർ കുഴി ക്കുക അസാധ്യമാണ്. മാത്രമല്ല ഭൂമിക്കടിയിൽ നിരന്നു പാറ കാണപ്പെടുന്നതും കിണറു കുഴിക്കാൻ പ്രതിബന്ധമാ യി നിൽക്കുന്നു. ഉള്ള കിണറുകളിൽ തന്നെ നല്ലൊരുപങ്കും വേനൽക്കാലാരംഭത്തോടെ വറ്റിപോകുന്നതിനാൽ പഞ്ചായ ത്തിലെ ബഹുഭൂരിപക്ഷം പ്രദേശവും കുടിവെള്ള ക്ഷാമത്തി ന്റെ പിടിയിൽ അമരുന്നു. ടാങ്കർ ലോറികളിൽ വെള്ളമെ ത്തുന്നതും കാത്തുനിൽക്കുന്നവരുടെ നിര വേനൽക്കാല ത്ത് ഇവിടെ സർവ്വസാധാരണമാണ്.

പഞ്ചായത്തിലെ മുഖ്യജലസ്രോതസ്സ് കിണറു തന്നെ യാണ്. ഭൂരിഭാഗം ജനങ്ങളും ശുദ്ധജലത്തിന് കിണറുകളെ യാണ് ആശ്രയിക്കുന്നത്. 4823 കുടുംബങ്ങളിൽ 3131 കുടും ബങ്ങൾക്ക് സ്വന്തമായി കിണറുകൾ ഉണ്ടെങ്കിലും വർഷം മുഴുവൻ ജലം ലഭിക്കുന്ന കിണറുകൾ രണ്ടായിരത്തിൽ താഴെയാണ്.

പഞ്ചായത്തിൽ രണ്ട് ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തിക്കുന്നു. അവ കാഞ്ഞിരംപാറ ശുദ്ധജല വിതരണ പദ്ധതിയും വാമനപുരം വാട്ടർ സപ്ലൈ സ്കീം (ആനാകുടി) ഉം ആണ്.

കാഞ്ഞിരംപാറ ശുദ്ധജല വിതരണ പദ്ധതി

12 ലക്ഷം രൂപ മുടക്കി 1982ൽ പണിപൂർത്തിയാക്കിയ ഈ പദ്ധതിയുടെ ജലസ്രോതസ്സ് കുഴൽക്കിണറാണ്. നിർ മ്മാണത്തിലെ വ്യാപകമായ അഴിമതികൊണ്ടാകാം ഈ പദ്ധതി ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല. പമ്പിംഗ് സ്റ്റേഷനിൽ ഉപയോഗ രഹിതമായി വെച്ചിരിക്കുന്ന 25 എച്ച്. പി. ശക്തി യുള്ള പമ്പ് പ്രയോജനപ്പെടുത്തുകയും പൈപ്പു ലൈനകളി ലെ കേടുപാടുകൾ തീർക്കുകയും ചെയ്താൽ കതിരുവിള, വാമനപുരം ഭാഗങ്ങളിലെ കുടിവെള്ളക്ഷാമമെങ്കിലും ഒരള വുവരെ പരിഹരിക്കാൻ കഴിയും 45 ടാപ്പുകളാണ് സ്ഥാപി ച്ചിരിക്കുന്നതെങ്കിലും അവയിൽ മിക്കതും ഇന്ന് പ്രവർത്തന രഹിതമാണ്.

വാമനപുരം വാട്ടർ സപ്ലൈ സ്കീം (ആനാകുടി)

47 ലക്ഷം രൂപാ ചെലവുചെയ്ത് ലോകബാങ്കിന്റെ ധനസഹായത്തോടെ ഈ അടുത്ത കാലത്ത് നിർമ്മാണം പൂർത്തിയാക്കിയ ശുദ്ധജലപദ്ധതിയാണിത്. ഒന്നരലക്ഷം ലിറ്റർ ജലം സംഭരിച്ച് വിതരണം നടത്തുകയാണ് പദ്ധതിയു ടെ ലക്ഷ്യം. 75 ടാപ്പുകളാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിരുന്ന ത്. വ്യാപകമായ അഴിമതി നിർമ്മാണ പ്രവർത്തനങ്ങളിൽ നടന്നതായി ഗ്രാമസഭകളിൽ ആക്ഷേപം ഉയർന്നു വന്നിട്ടു ണ്ട്. പൈപ്പു ലൈനുകൾ ഒരടിപോലും ആഴത്തിലല്ല മിക്കയി ടങ്ങളിലും സ്ഥാപിച്ചിരിക്കുന്നത്. 40, 50 മീറ്റർ അകലങ്ങളി ലാണ് ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നത്. ടാപ്പുകൾ തമ്മിലു ള്ള അകലം 200 മീറ്റർ എന്ന പൊതുമാനദണ്ഡം

സ്വീകരിച്ചി രുന്നുവെങ്കിൽ പഞ്ചായത്തിലെ മിക്കാവാറു വാർഡുകളിലെല്ലാം ഈ പദ്ധതിയുടെ പ്രയോജനം ലഭിക്ക മായിരുന്നു. ടാപ്പുകളിൽ മിക്കവയും ഇന്ന് പ്രവർത്തന രഹി തങ്ങളാണ്. പദ്ധതിയുടെ ക്രമക്കേടുകളെപ്പറ്റി ശരിയായൊ രു അന്വേഷണം വേണ്ടിയിരിക്കുന്നു.

പഞ്ചായത്തു പ്രദേശത്തെ മറ്റൊരു ജലസ്രോതസ്സാണ് വാമനപുരം നദി. പഞ്ചായത്തു പ്രദേശത്തെ രണ്ടായി വിഭ ക്കുന്ന നദി പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളെ തൊ ട്ടൊഴുകുന്നുണ്ടെങ്കിലും മേൽപ്പറഞ്ഞ പദ്ധതികളിലൂ നാമമാത്രമായ ജലമേ നാം കുടിവെള്ളത്തിനായി ഉപയോ ഗിക്കുന്നുള്ളു. കളമച്ചൽ പ്രദേശത്തെ പേഴുകാമുകൾ കേ ന്ദ്രമാക്കി മറ്റൊരു ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞെങ്കിലും ഇ തിന്റെ ജലസ്രോതസ്സ് വാമനപുരം നദിയല്ല. എന്നാൽ പഴ ക്കുന്ന് കേന്ദ്രീകരിച്ച് ഒരു ശുദ്ധജല വിതരണ പദ്ധതി ഗ്രാമ ഭയിൽ ചർച്ചയ്ക്കു വന്നത് ഏറ്റവും ചെലവു കുറഞ്ഞ കൂടുതൽ പ്രദേശത്ത് വ്യാപകമാക്കാൻ കഴിയുന്നതും ഒന്നാണ്. നദീജലമാണ് ഇതിന്റെ ഉറവിടമായി നിർദ്ദേശി ട്ടുള്ളത്. ഈ പദ്ധതി പ്രാവർത്തികമാക്കാൻ കഴിഞ്ഞാ പഞ്ചായത്തിലെ മൂന്നു വാർഡുകളിൽ ശുദ്ധജല വിതര സാദ്ധ്യമാകു.

പഞ്ചായത്തിലെ മറ്റ് സ്രോതസ്സുകളാണ് പൊതുകിറണുകളും കുളങ്ങളും. അവയുടെ വ്യക്തമായ ചിത്രം താഴെക്കാണുന്ന പട്ടികയിൽ നിന്നും ലഭിക്കും.

	കുളങ്ങളുടെ എണ്ണം						പൊതു കിണറുകൾ
വാർഡ്	10 സെ. നു താഴെ	10-20	20-30	30-40	40-50	50നു മുകളിൽ	
1	-	1	-	-	-	1	2
2	-	-	-	-	1	1	9
3	-	-	-	-	-	-	4
4	-	-	-	-	-	-	7
5	-	-	-	-	-	1	5
6	-	-	-	-	-	-	9
7	-	-	-	-	1	-	4
8	-	-	-	-	-	-	5
9	-	-	-	-	-	-	4
10	-	-	-	-	-	1	7
ആകെ	3	1	-	-	2	4	56

പൊതുകുളങ്ങളും കിണറുകളും കാലാകാലങ്ങളിൽ വൃത്തിയാക്കി സംരക്ഷിക്കുന്ന പതിവ് കുറവാണ്. പ്രത്യേകിച്ചും പൊതു കുളങ്ങൾ. മേൽപ്പറഞ്ഞ 56 കിണറുകൾ പഞ്ചായത്തു പ്രദേശത്തെ 350 കുടുംബങ്ങൾ പ്രയോജനപ്പെടുത്തിപോരുന്നു.

കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി പഞ്ചായത്തിൽ അങ്ങിങ്ങ് ചില കുഴൽക്കിണറുകൾ സ്ഥാപിക്കുകയുണ്ടായെങ്കിലും അവയിൽ ഉപയോഗിച്ചിരിക്കുന്ന പൈപ്പുകളിൽ നിന്നുണ്ടാകുന്ന തുരുമ്പ് മൂലം ഒരെണ്ണംപോലും ഇന്ന് ഉപയോഗയോഗ്യമല്ല. ഭൂഗർഭ ജലത്തെപ്പറ്റിയുള്ള പഞ്ചായത്തുല വിവരങ്ങൾ ലഭ്യമാല്ലെങ്കിലും പഠനങ്ങൾ തെളിയിക്കുന്നത് വാമനപുരം ബ്ലോക്ക് പ്രദേശത്ത് ഭൂഗർഭജല ലഭ്യത തൃപ്തികരമാണെന്നാണ്.

പഞ്ചായത്ത് നേരിടുന്ന കുടിവെള്ള പ്രശ്നം പലപ്പോഴും ആരോഗ്യരംഗത്തും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈട്ടിമൂട് പി എച്ച് സിയിലെ ഔട്ട് പേഷ്യൻറ് രജിസ്റ്റർ വിലയിരുത്തിയാൽ ജലജന്യങ്ങളായ ഡയറിയ, ഡിസൻറി, മഞ്ഞപ്പിത്തം, പിള്ളവാതം തുടങ്ങിയ മാരകരോഗങ്ങൾ വർഷംപ്രതി വർദ്ധിച്ചുവരുന്നതായി മനസ്സിലാക്കാം. കുടിവെള്ളക്ഷാമം നേരിടുന്ന ഘട്ടത്തിൽ വിതരണം നടത്തുന്ന ടാങ്കർ ജലത്തിൻെറ ശുദ്ധതയിലും ആൾക്കാർക്കിടയിൽ ആശങ്കയുണ്ട്. ആരോഗ്യ രംഗത്തെ അലംഭാവവും ജനങ്ങൾക്കിടയിൽ വിമർശന വിധേയമായിട്ടുണ്ട്. ജലശുദ്ധീകരണത്തിനായി ബ്ലീച്ചിംഗ് പൗഡർ, പൊട്ടാസ്യം പെർമാഗനേറ്റ് പോലുള്ള രാസപദാർത്ഥങ്ങൾ യഥാസമയം ലഭ്യമാകുന്നില്ലെന്നതിലുപരി പലപ്പോഴും മാരകരോഗങ്ങൾ പിടിപെട്ടെന്ന് അറിഞ്ഞാൽപ്പോലും അനങ്ങാപാറ നയം സ്വീകരിക്കുകയാണ് പതിവെന്നുമുള്ള ആക്ഷേപങ്ങൾ നിലനിൽക്കുന്നു.

ജലമലിനീകരണത്തിലും നമ്മുടെ പ്രദേശം പിന്നിലല്ല. പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങളിൽ സൂചിപ്പിച്ച ശബരി റോളർ ഫ്ളവർ മില്ലും കളമച്ചൽ കൈത്തറി നെയ്ത്ത് സഹകരണസംഘവും പുറത്തേക്ക് തള്ളുന്ന മലീന ജലം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മലിന ജല നിർഗമന മാർഗ്ഗങ്ങൾ വീടുകളിലും ഗൗരവമായി പരിഗണിക്കാറില്ല. വിശേഷിച്ചും കോളനി പ്രദേശങ്ങളിൽ. ഇവ കൊതുകു പെരുക്കുന്നതിനും അതുവഴി മലേറിയ, മന്ത്, മസ്തിഷ്ക്കജ്വരം തുടങ്ങിയ മാരകരോഗങ്ങൾ പകരുന്നതിനിടവരുത്തുന്നു. പൊതുവെ കൊതുകുകളുടെ ശല്യം പഞ്ചായത്ത് പ്രദേശത്ത് വർദ്ധിച്ചു വരികയാണ്. പൊട്ടിക്കിടക്കുന്നതും ഉപയോഗശൂന്യവുമായ കക്കൂസുകൾ, ഉപയോഗ ശൂന്യമായ കിണറുകൾ, കക്കൂസുകളിലെ വലകെട്ടാത്ത വിൻറ് പൈപ്പുകൾ ഇവ കൊതുക് പെരുകുന്നതിന് ഇടയാകുന്ന ഘടകങ്ങളാണ്.

പഞ്ചായത്ത് പ്രദേശത്ത് മുഖ്യ ജലസ്രോതസ്സ് കിണർ ജലമാണെങ്കിലും കിണർ ജലം മലിനമാകാതിരിക്കാൻ പലപ്പോഴും ശ്രദ്ധവെയ്ക്കുന്ന പതിവ് കാണുന്നില്ല. നിർദ്ധനരായ കുടുംബങ്ങളുടെ കിണറുകൾക്ക് ചുറ്റുഭിത്തി ഇല്ലാത്തത് കിണർ ജലം എളുപ്പം അശുദ്ധമകാൻ ഇടയാക്കുന്നു. കൂടാതെ വലമൂടാത്ത തുറസ്സായ കിണറുകളും ജലമലിനീകരണത്തിന് ഇടവരുത്തുന്നു. ഈ വക കാര്യങ്ങളിലേക്ക് പൊതുജന ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1 പഞ്ചായത്തിൻെറ ഉയർന്ന ഭാഗങ്ങളിൽ സ്ഥിരമായി കുടിവെള്ളക്ഷാമം നേരിടുന്നു.
2 പല കുന്നുകളുടേയും മണ്ണിനടിയിൽ പാറയായതിനാൽ കിണർ കുഴിക്കാൻ സാധിക്കുന്നില്ല.
3 കുളങ്ങൾ യഥാസമയം വൃത്തിയാക്കാത്തതിനാൽ വെള്ളം ഉപയോഗിക്കുവാൻ കഴിയുന്നില്ല.
4 നദീ തീരങ്ങളിൽ ക്രമാതീതമായി ഇഷ്ടികക്ക് മണ്ണ്

എടുക്കുന്നതും വളരെ ആഴത്തിൽ കുഴിച്ച് മണൽ വാരുന്നതും ജലനിരപ്പ് താഴ്ന്നതിനു കാരണമാവുകയും കിണറുകൾ വറ്റുകയും ചെയ്യുന്നു.

5 കുഴൽക്കിണറുകളിൽ വെള്ളം ലഭിക്കുന്നുണ്ടെങ്കിലും പൈപ്പ് തുരുമ്പിക്കുന്നതുമൂലം വെള്ളം ഉപയോഗശൂന്യമാവുന്നു.

6 പൊതു കിണറുകൾ വൃത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നു.

7 വേനൽക്കാലങ്ങളിൽ കിണർ ശുദ്ധീകരിക്കുന്നതിന് സ്വീകരിക്കുന്ന സർക്കാർ നടപടികൾ കാര്യക്ഷമമല്ല.

8 വാമനപുരം ശുദ്ധജല പദ്ധതി (ആനാകുടി)യിലും കാഞ്ഞിരംപാറ ശുദ്ധജല പദ്ധതിയിലും അനുവദിച്ചിരുക്കുന്ന ടാപ്പുക്കളുടെ എണ്ണം കുറവ്. കൂടുതൽ ആവശ്യപ്പെട്ടിട്ടും അനുവദിക്കുന്നില്ല.

9 ടാപ്പുകളിൽ കുടിവെള്ളം പലപ്പോഴും ശുദ്ധമല്ല.

10 പദ്ധതിയിലെ അറ്റകുറ്റപ്പണികൾ യഥാസമയം തീർക്കാത്തതുമൂലം ജലവിതരണം മുടങ്ങുന്നു.

സാധ്യകളും നിർദ്ദേശങ്ങളും

1 പഞ്ചായത്തിലെ 1, 2, 3 വാർഡുകളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കളമച്ചൽ, പേഴുംകാമുകൾ പദ്ധതി നടപ്പിലാക്കുക. സ്ഥലം സംഭാവനയായി ലഭിക്കും.

അല്ലെങ്കിൽ

2 പഞ്ചായത്തിലെ 1, 2, 3 വാർഡുകളിലും മുദാക്കൽ പഞ്ചായത്തിലെ 1, 2, 11 വാർഡുകളിലും ശുദ്ധജല വിതരണത്തിനുവേണ്ടി കളമച്ചൽ പഴവിളക്കുന്നിൽ ടാങ്ക് നിർമ്മിച്ച് വാമനപുരം നദിയിൽനിന്നുള്ള ജലം ശേഖരിച്ച് പദ്ധതി നടപ്പിലാക്കുക. സ്ഥലം സംഭാവനയായി ലഭിക്കും.

3 വാമനപുരം കൈലാസത്തു കുന്നിൽ ശുദ്ധജലം എത്തിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

4 ഇരുളൂർ വാർഡിൽ കാക്കക്കുന്ന് പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് വാമനപുരം നദിയിൽനിന്ന് വെള്ളം ശേഖരിക്കുകയാണെങ്കിൽ ഇരുളൂർ, തൂങ്ങയിൽ വാർഡുകളിലും മേലാറ്റുമൂഴി വാർഡിന്റെ ചില ഭാഗങ്ങളിലും കല്ലറ പഞ്ചായത്തിന്റെ മിതൃമ്മല വാർഡിലും ശുദ്ധ ജല വിതരണം സാധ്യമാണ്.

5 ആനാകുടി ശുദ്ധജല വിതരണ പദ്ധതിയിലെ പൈപ്പ് ലൈൻ മദ്രാസ് മുക്ക് – കടവത്ത് റോഡ്, മദ്രാസ് മുക്ക് – പൂപ്പുറം റോഡ്, ഒഴുകുപാറ, മൂന്നുതോട്, ഇരുങ്കുളം, പൊൻക്കുഴിക്കോണം, കാരേറ്റ് ശിവക്ഷേത്രം മഹാദേവക്കുന്ന്, ആളുമാനൂർക്കോണം, വേടരുകോണം എന്നിവടങ്ങളിലേക്ക് നീട്ടി വാട്ടർ ടാപ്പുകൾ സ്ഥാപിക്കുക.

6 കാഞ്ഞിരംപാറ ശുദ്ധജല വിതരണപദ്ധതിയിലെ പൈപ്പു ലൈൻ പുള്ളിപ്പച്ച, കാഞ്ഞിരംപാറ, ലക്ഷംവീട്, താളിക്കുഴി മിച്ചഭൂമി കോളനി എന്നീ പ്രദേശങ്ങളിലേക്ക് നീട്ടി വാട്ടർ ടാപ്പുകൾ സ്ഥാപിക്കുക.

7 ആനാകുടി പദ്ധതിയിൽ കാഞ്ഞിരംപാറ പദ്ധതിയിലെ ടാങ്കിലേക്ക് വെള്ളം പമ്പു ചെയ്യുവാൻ സ്ഥാപിച്ചിരിക്കുന്ന മോട്ടോർ പ്രവർത്തിപ്പിച്ച് കാഞ്ഞിരംപാറ പദ്ധതിയിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുക. രണ്ട് പദ്ധതികളിലും സ്ഥിരമായി ഒരു പമ്പ് ഓപ്പറേറ്റെ നിയമിക്കുക.

8 ഇരപ്പിൻതല, കരിംകുറ്റിക്കര, മേലേ പൂവത്തൂർ, എലിക്കോട്ടുകോണം കോളനി; പമ്മത്തിൽകീഴ്, മാമൂട്, ആനച്ചൽ പള്ളിക്കുന്ന് പ്രദേശങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കുക. കുഴൽക്കിണറുകളിൽ പി. വി. സി. പൈപ്പ് ഉപയോഗിക്കുക.

9 കതിരുവിള, മലരുപാറ, കാക്കക്കുന്ന്, മേലാറ്റുമൂഴിയിലെ വാറുവിളക്കുന്ന്, ആനച്ചൽ വാർഡിലെ പരപ്പാറമുകൾ എന്നീ പ്രദേശങ്ങളിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് കുളങ്ങളിൽ നിന്നോ കിണറ്റുകളിൽ നിന്നോ പമ്പ് സെറ്റുകൾ ഉപയോഗിച്ച് വെള്ളം ശേഖരിക്കുന്ന മിനി വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കുക.

10 പൊതു കിണറുകളും കുളങ്ങളും യഥാസമയം വൃത്തിയാക്കുക.

11 സ്കൂളുകളിലും അംഗൻവാടികളിലും ശുദ്ധജല വിതരണ സമ്പ്രദായം ഏർപ്പെടുത്തുക.

12 നിലവിലുള്ള ശുദ്ധജല പദ്ധതികളിൽ നിന്ന് ഹൗസ് കണക്ഷനുകൾ നൽകുക.

13 നദിതീരങ്ങളിൽ നിന്ന് മണ്ണ്, മണൽ ഇവ മാറ്റുന്നത് നിയന്ത്രിച്ചുകൊണ്ടുള്ള നിയമം കർശനമായി നടപ്പിലാക്കുക.

8 (2)
പൊതുജനാരോഗ്യം

സമൂഹത്തിന്റെ പുരോഗതിയുടെ പ്രധാനമാനദണ്ഡം അംഗങ്ങളുടെ ആരോഗ്യം തന്നെയാണ്. ആരോഗ്യ രംഗത്ത് സംസ്ഥാനം നേരിടുന്ന പൊതുപ്രശ്നങ്ങൾ പഞ്ചായത്തും നേരിടുന്നുണ്ട്.

ഒരു പ്രദേശത്തെ പൊതുജന ആരോഗ്യ നില വിലയിരുത്താൻ പൊതുമരണ നിരക്ക് ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് തുടങ്ങിയവ കണക്കിലെടുക്കേണ്ടതുണ്ട്. താഴെക്കാണുന്ന പട്ടിക ഇതിനു സഹായകരമായിരിക്കും.

ജനസംഖ്യ										
ആകെ	പുരു.	സ്ത്രീ	6 വയസിനു താഴെ പ്രായമുള്ള കുട്ടികൾ	ആകെ ജനനം	ചാപിള്ള ജനനം	1 വയസിനു താഴെ മരണം	1-3 വയസിൽ മരണം	1-6 വയസിൽ മരണം	പ്രസവവുമായി ബന്ധപ്പെട്ട മാതൃമരണം	ആകെ മരണം
22468	10943	11520	1726	315	1	3	-	1	-	116

ആധാരം: ഐ. സി. ഡി. എസ്. 1996-96

പട്ടിക പരിശോധിച്ചാൽ പഞ്ചായത്തിലെ പൊതു മരണ നിരക്ക് ആയിരത്തിന് 5.15ഉം ശിശുമരണ നിരക്ക് 9.5ഉം ആണെന്ന് കാണാം. ഇവയുടെ സംസ്ഥാന ശരാശരി യഥാക്രമം 5.9ഉം 18ഉം ആണ്. പ്രസവവുമായി ബന്ധപ്പെട്ട മാതൃമരണങ്ങൾ സംസ്ഥാനത്ത് ആയിരത്തിന് ഒന്നിൽ താഴെയാണ്. എന്നാൽ 95 -96 കാലത്ത് നമ്മുടെ പഞ്ചായത്തിൽ ഇവ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. ശരാശരി ജനനനിരക്ക് സംസ്ഥാനത്ത് ആയിരത്തിന് പതിനേഴ് ആണെങ്കിൽ അത് ഈ പഞ്ചായത്തിൽ ആയിരത്തിന് പതിനാലാണ്. ഈ വസ്തുതകൾ കാണിക്കുന്നത് പഞ്ചായത്തു പ്രദേശത്ത് പൊതുജനാരോഗ്യ നില സംസ്ഥാനത്തേക്കാൾ മെച്ചമാണെന്നാണ്.

ഈ നേട്ടങ്ങൾക്കു പിന്നിൽ പഞ്ചായത്തു പ്രദേശത്ത് ലഭ്യമായ ആരോഗ്യ സൗകര്യങ്ങളല്ല. ഇവിടത്തെ പൊതുജനാരോഗ്യ ചരിത്രം പരിശോധിച്ചാൽ പണ്ടുമുതൽ തന്നെ ജനങ്ങൾ ഇക്കാര്യത്തിൽ ബോധവന്മാരായിരുന്നു എന്നുകാണാം. അതുപോലെ തന്നെ വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന പ്രദേശമാകയാൽ ആരോഗ്യ പ്രശ്നങ്ങളിൽ ജനങ്ങൾ ബോധവന്മാരായിരുന്നു. സർക്കാരിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾ വളരെവേഗം ഉൾക്കൊള്ളാൻ വിദ്യാഭ്യാസ മുന്നോക്കാവസ്ഥ ഒട്ടുവളരെ സഹായിച്ചിട്ടുണ്ട്. വിദഗ്ധരായ ധാരാളം നാട്ടുവൈദ്യന്മാരുടെ സേവനവും ഈ പ്രദേശത്ത് ലഭ്യമായിരുന്നു. ഇതോടൊപ്പം തന്നെ സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് സർക്കാർ മേഖലയിൽ പ്രവർത്തനം ആരംഭിച്ച വാമനപുരം ധർമ്മാശുപത്രിയുടെ സേവനങ്ങളും ഇക്കാര്യത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. പിന്നീട് വാമനപുരം പ്രാഥമിക ആരോഗ്യ കേന്ദ്രമായി മാറിയ ഈ സ്ഥാപനം പഞ്ചായത്ത് പുനർ വിഭജനത്തെ തുടർന്ന് നെല്ലനാട് പഞ്ചായത്തിന് കൈമാറേണ്ടിവന്നു. എന്നിരുന്നാലും ഈ പഞ്ചായത്തു പ്രദേശത്തെ ബഹുഭൂരിപക്ഷം ജനങ്ങളും ഈ സ്ഥാപനത്തെ ആശ്രയിക്കുന്നുണ്ട്.

പഞ്ചായത്ത് അതിർത്തിയിൽ പ്രതിരോധ കുത്തിവെയ്പ്പ് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു. ഈ കണക്കുകളിൽ വാമനപുരം, കല്ലറ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും പ്രതിരോധ കുത്തിവെയ്പ്പുകൾ എടുത്ത പഞ്ചായത്തിനകത്തെ കുട്ടികളുടെ കണക്കുകൾ ഉൾപ്പെടുന്നില്ല.

			പോളിയോ				ഡിപിടി				മീസിൽസ്
പ്രായം	എണ്ണം	BCG	ID	2D	3D	BD	ID	2D	3D	BD	
0-1	315	295	247	231	203	-	247	231	203	-	204
1-3	611	596	582	563	556	513	582	563	562	513	576
3-6	810	793	793	793	793	770	793	793	789	770	793
ആകെ	1736	1684	1622	1587	1552	1283	1622	1587	1588	1302	1573

പ്രതിരോധ കുത്തിവെയ്പ്പ് സംബന്ധിച്ച വിവരം

പഞ്ചായത്ത് പ്രദേശത്തെ വികലാംഗരുടെ കണക്കു

കൾ ലഭ്യമാണ്. 119 സ്ത്രികളും 165 പുരുഷൻമാരും കുടി ആകെ 284 പേർ അംഗവൈകല്യമുള്ളവരാണ്. ഇരു നൂറോളം പേർ സർക്കാരിൽ നിന്നും വിവിധയിനം ആനുകൂല്യങ്ങൾ കൈപ്പറ്റുന്നു. ഇത്തരം ആനുകൂല്യങ്ങൾ കൊണ്ടുമാത്രം ഇവരുടെ പുനരധിവാസം സാദ്ധ്യമല്ല. തൊഴിൽദാന പദ്ധതികളും ബോധവൽക്കരണ പരിപാടികളും ഈ മേഖലകളിൽക്കൂടി വ്യാപിപ്പിക്കണം. വിശദവിവരത്തിന് സാമൂഹ്യ ക്ഷേമം കാണുക. വികലാംഗരുടെ എണ്ണം ഇപ്പോൾ ജനസംഖ്യയുടെ 1.26% വരുന്നുണ്ടെങ്കിലും കുട്ടികളിൽ ഈ നിരക്ക് വളരെ കുറവാണെന്ന് ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ കാണിക്കുന്നു.

പഞ്ചായത്തിലെ രോഗാതുരതയുടെ ശരിയായ കണക്കുകൾ ലഭ്യമല്ല. ഈട്ടിമൂട് കേന്ദ്രമായി പ്രവർത്തിക്കുന്ന ആനകുടി പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഔട്ട് പേഷ്യൻറ് വിവരങ്ങളാണ് ഈ വസ്തുതകൾ ശേഖരിക്കുന്നതിന് ആധാരമായി എടുക്കാവുന്നത്. ഈ സ്ഥാപനത്തിന്റെ പരിമിതികൾ പിന്നാലെ പ്രതിപാദിക്കുന്നുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയുടെ ചെറുനൂനപക്ഷം മാത്രം ഉപയോഗപ്പെടുത്തുന്ന പ്രസ്തുത സ്ഥാപനത്തിൽ നിന്നുമുള്ള കണക്കുകൾവെച്ച് പഞ്ചായത്തിനെ ആകെ വിലയിരുത്തുന്നത് നിരർദ്ധകമാണെങ്കിലും സാമ്പിൾ എന്ന നിലക്ക് അവ ഇവിടെ ചേർക്കുന്നു.

വർഷം	IP	OP	ത്വക് രോഗം	ഛർദ്ദി	പകർച്ച വ്യാധികൾ	വിഷ ചികിത്സ	ശ്വാസ തടസ രോഗങ്ങൾ	ഡയറിയ ഡിസന്ററി	മറ്റു രോഗങ്ങൾ
92-93	-	2790	28	-	204	-	115	107	2336
93-94	-	3520	18	-	239	-	207	104	2952
94-95	-	3015	12	-	218	-	243	118	2424
95-96	-	6004	15	-	430	-	568	222	4769
ആകെ	-							-	

കുഷ്ഠം, ക്ഷയം, ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ രോഗമുള്ളവരുടെ ആധികാരികമായി കണക്കുകൾ ലഭ്യമല്ലെങ്കിലും വാർഡുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങനുസരിച്ച് ഏകദേശം 115 ക്ഷയരോഗികളും 25 ക്യാൻസർ രോഗികളും 220 ഹൃദ്രോഗം ബാധിച്ചവരും 50 കുഷ്ഠരോഗികളും ചികിത്സയിൽ കഴിയുന്നുണ്ടെന്നാണ്. രക്തസമ്മർദ്ദം പ്രമേഹം തുടങ്ങിയ രോഗം ബാധിച്ചവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതു കാണാം. ചികിത്സ മാത്രം കൊണ്ട് ഇത്തരം രോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണം നിയന്ത്രിക്കാനാവില്ല. ശക്തമായ ബോധൽക്കരണ പരിപാടി ഇക്കാര്യത്തിൽ ആവശ്യമാണ്.

ജലജന്യരോഗങ്ങൾ ഈ പഞ്ചായത്തു പ്രദേശത്ത് വളരെ കൂടുതലായിക്കാണുന്നു. വർഷകാലാരംഭത്തിനു വേനൽക്കാലത്തുമാണ് ഇത്തരം രോഗങ്ങൾ കൂടുതലായി കാണുന്നത്. വേനൽക്കാലത്തെ കുടിവെള്ളക്ഷാമം ഈ രോഗങ്ങൾക്ക് ഒരു പ്രധാന കാരണമാണ് (കുടിവെള്ളം കാണുക).

മരുന്നുകളുടെ അമിതമായ ഉപയോഗം (ഓവർ ഡോസ്) പെട്ടെന്ന് ആസുഖം ഭേദമാക്കാമെന്ന ധാരാണ അപകരമാംവണ്ണം വർദ്ധിപ്പിക്കുന്നത് വ്യാപകമായ ബോധവൽക്കരണത്തിൽകൂടി നിയന്ത്രിക്കേണ്ടതുണ്ട്. ജനസംഖ്യയിൽ 1726 പേർ ആറുവയസ്സിനു താഴെ പ്രായമുള്ളവരും 2[illegible] പേർ ആറിനും 12നും ഇടയ്ക്ക് പ്രായമുള്ളവരുമാണ്. ശിശുമരണ നിരക്ക് പഞ്ചായത്ത് പ്രദേശത്ത് കുറവാണെന്ന വിരം മുൻ പട്ടികയിൽ നിന്ന് വ്യക്തമാകുമല്ലോ. പഞ്ചായത്ത് പ്രദേശത്ത് 22 അംഗവൻ വാടികൾ പ്രവർത്തിക്കുന്നു. ഈ കേന്ദ്രങ്ങളിൽക്കൂടി പോഷകാഹാര വിതരണം പരിടികൾ കാര്യക്ഷമമായി നടക്കുന്നു. 95 ശതമാനം കുട്ടികളേയും പോഷണ നിലവാരം തൃപ്തികരമാണെന്ന് താക്കാണുന്ന പട്ടിക വ്യക്തമാക്കുന്നു.

പ്രായം	നോർമൽ	1-ാംഗ്രേഡ്	2-ാംഗ്രേഡ്	3-ാം ഗ്രേഡ്	ആകെ
0-1	234	79	1	1	315
1-3	396	188	25	2	611
3-6	495	250	48	7	800
ആകെ	1125	517	74	10	1726

പ്രൈമറി തലത്തിൽ പഞ്ചായത്തിലെ 2115 വിദ്യാർത്ഥികളിൽ 160 പേർ ഉച്ചക്കഞ്ഞി ഭക്ഷണ പരിപാടി പ്രയോജനപ്പെടുത്തുന്നു. ആകെ വിദ്യാർത്ഥികളുടെ 50 ശതമാനം എന്ന നിയന്ത്രണംമൂലമാണ് ഉപഭോക്തക്കളുടെ എണ്ണം ചുരുങ്ങി നിൽക്കുന്നത്.

പഞ്ചായത്തതിർത്തിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ ആരോഗ്യ സ്ഥാപനം ആനക്കുടി പ്രാഥമിക ആരോഗ്യ കേന്ദ്ര (മിനി) ആണ്. ഇത് 7.4.81ൽ ഗ്രാമീണ ഡിസ്പൻസറിയായി പ്രവർത്തനം ആരംഭിക്കുകയും 1.4.[illegible] മുതൽ പ്രാഥമിക ആരോഗ്യ കേന്ദ്രമായി മാറുകയും ചെയ്തു. പേരിൽ മാറ്റം വന്നുവെങ്കിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ ജീവനക്കാരോ ഈ സ്ഥാപനത്തിനില്ല. വൈദ്യുതി കണക്ഷൻ ഇല്ലാത്ത പഴയ ഒരു ഓലക്കെട്ടി

ത്തിലാണ് തുടക്കം മുതൽ ഇത് പ്രവർത്തിക്കുന്നത്. എട്ടു ജീവനക്കാരുടെ തസ്തികയാണ് ഇവിടെയുള്ളത്. കെട്ടിടം സുരക്ഷിതം അല്ലാത്തതും വൈദ്യുതി ലഭ്യമല്ലാത്തതും കാരണം അത്യാവശ്യം മരുന്നുകൾ പോലും ഇവിടെ സൂക്ഷിക്കാൻ കഴിയുന്നില്ല. ഇവമൂലം സാധരണ രോഗങ്ങൾ പോലും ഇവിടെ നിന്നും ആവശ്യമായ ചികിത്സ ലഭിക്കുന്നില്ല.

മാതൃ ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവല്ക്കരണപരിപാടികൾ ഇവ നടപ്പിലാക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ള ഫീൽഡു വിഭാഗം ജീവനക്കാർ ഈ സ്ഥാപനത്തിൽ ഇല്ല. പഞ്ചായത്ത് അതിർത്തിയിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് വാമനപുരം പ്രഥമിക ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാരാണ്. അത്തരം പ്രവർത്തനങ്ങൾ ഈ സ്ഥാപനത്തിന്റെ നിർദ്ദേശമനുസരിച്ചു ചെയ്യുന്ന എന്നുമാത്രം. വാമനപുരം പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിലുള്ള പഞ്ചായത്തുകളിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുവദിച്ചിട്ടുള്ള വാഹനം പലപ്പോഴും ഈ സ്ഥാപനത്തിന്റെ ഉപയോഗത്തിന് ലഭ്യമല്ലാത്തതുകാരണം നിശ്ചിയിക്കപ്പെട്ട രോഗപ്രതിരോധ പരിപാടികൾ പോലും മാറ്റിവക്കേണ്ടിവന്നിട്ടുണ്ട്. സവിശേഷമായ ഭൂപ്രകൃതിയുള്ള ഒരു പഞ്ചായത്ത് എന്ന നിലയ്ക്ക് വാഹനം ഒരു അത്യന്താപേക്ഷിത ഘടകമാണ്.

മാതൃസംരക്ഷണവുമായി ബന്ധപ്പെട്ട 4 ഫാമിലി വെൽഫയർ സെന്ററുകൾ പഞ്ചായത്ത് അതിർത്തിയിലുണ്ട്. വാമനപുരം പി.എച്ച്.സി യുടെ നിയന്ത്രണത്തിലുള്ള 4 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും പലപ്പോഴും ജീവനക്കാരുടെ അഭാവം പ്രകടമാണ് (ഇപ്പോൾ തന്നെ ഇവയിൽ ഒന്ന് ഒഴിഞ്ഞുകിടക്കുകയാണ്). രോഗപ്രതിരോധ നിയന്ത്രണ പരിപാടികളുമായി ബന്ധപ്പെട്ട് 3 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ഒരു ഹെൽത്ത് ഇൻസ്പെക്ടറും ഈ പഞ്ചായത്തിൽ ജോലിചെയ്യുന്നു.

ആനാകുടി പ്രഥാമിക ആരോഗ്യകേന്ദ്രത്തിനുവേണ്ടി നാട്ടുകാർ സ്വരൂപിച്ച ധനം വിനിയോഗിച്ച് 50 സെൻറു സ്ഥലം വാങ്ങി സർക്കാരിനു സറണ്ടർ ചെയ്യുകയും പഞ്ചായത്തിന്റെയും പൊതുജനങ്ങളുടെയും സംയുക്തസംരംഭമെന്ന നിലയിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള പണി ആരംഭിക്കുകയും ചെയ്തു.

എന്നാൽ 4–5 വർഷമായി കെട്ടിടം പണി സ്തംഭനാവസ്ഥയിലാണ്. പണി പൂർത്തിയാകാതിരുന്നതുമൂലം ഒരു അടിസ്ഥാന ആരോഗ്യ കേന്ദ്രത്തിൽ നിന്നും ജനങ്ങൾക്കു ലഭിക്കേണ്ട പ്രാഥമിക ചികിത്സകൾ പോലും നിഷേധിക്കപ്പെടുകയാണുണ്ടായത്.

ഈ പ്രശ്നങ്ങൾ ആകെ പരിശോധിക്കുമ്പോൾ പ്രാഥമിക ചികിത്സക്കുപോലും ഈ പ്രദേശത്തെ ജനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നതെന്നുകാണാം. പഞ്ചായത്തിന്റെ പകുതിയിലധികം പേർ ബ്ലോക്ക് തല കേന്ദ്രമായ വാമനപുരം പി.എച്ച്. സി.യെയും ആശ്രയിക്കുന്നു. (അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ പരിമിതമാണെങ്കിലും ഈ കേന്ദ്രത്തിൽ ലഭ്യമാണ്.)

പഞ്ചായത്ത് പ്രദേശത്ത് 22 അംഗൻവാടികൾ പ്രവർത്തിപ്പിക്കുന്ന വിവരം സൂചിപ്പിച്ചുവല്ലോ. സ്വകാര്യ മേഖലയിൽ പ്രവർത്തിപ്പിക്കുന്ന രണ്ട് ആയൂർവേദ വൈദ്യ ഉപദേശക കേന്ദ്രങ്ങൾ , ഒരു ഹോമിയോ ചികിത്സാ ഉപദേശ കേന്ദ്രം എന്നിവ ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നു.

തൃക്ക് കുഷ്ഠരോഗ ചികിത്സകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്തു നടത്തുന്നത് പിരപ്പൻകോട്, കോട്ടപ്പുറം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സെൻറ് ജോൺസ് ആശുപത്രി എന്ന സ്ഥാപനമാണ്.

ആയൂർവേദം, ഹോമിയോ തുടങ്ങിയ ശാഖകളിൽ ചികിത്സ നടത്തുന്ന സർക്കാർ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലെന്നുള്ളത് പോരായ്മയാണ്. ആരോഗ്യ രക്ഷയുമായി ബന്ധപ്പെട്ട് ആനക്കുടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 3,18,323 രൂപയും പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ഫീൽഡ് വിഭാഗം ജീവനക്കാരുടെ ശമ്പള ഇനത്തിൽ 3,37,000 രൂപയും പഞ്ചായത്തിൽ നിന്ന് 8401 രൂപയും ചേർന്ന് ആകെ 6,90,802.00 രൂപയും 96 – 96 വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് ചെലവഴിക്കുകയുണ്ടായി. ആളോഹരി ചെലവ് 30.74 രൂപ രോഗ പ്രതിരോധത്തിനുപയോഗിച്ച വക്സിനുകളുടെ വില ഇതിൽ ഉൾപ്പെടുന്നില്ല.

പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ രൂപീകരിച്ചിട്ടുള്ള മഹിളാ സ്വസ്ത് സംഘ് എന്ന സംഘടനയുടെ സേവനം ചില സ്ഥലങ്ങളിൽ ലഭ്യമാണ്. വിസർജ്ജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ പഞ്ചായത്തിൽ പൊതുവെ തൃപ്തികരമല്ലാത്ത നിലയിലാണ്.

4821 കുടുംബങ്ങളിൽ 2577 കുടുംബങ്ങൾക്കു മാത്രമേ കക്കൂസ് സൗകര്യമുള്ളു. 2244 കുടുംബങ്ങളും ഈ സൗകര്യം ലഭ്യമല്ലാത്തവരാണ്. 2577 കുടുംബങ്ങിൽ കക്കൂസുണ്ടെന്നു കാണുന്നുണ്ടെങ്കിലും അവയിൽ പകുതിയിലധികം സുരക്ഷിമല്ലാത്തയോ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാതിരിക്കാൻ പര്യാപ്തമല്ലാത്തതോ ആണ്. ഇവയുടെ

കണക്കുകൾ കൂടി ഉൾപ്പെടുത്തിയാൽ ഏകദേശം 70%പേർക്കും കക്കൂസ് സൗകര്യം പുതുതായി ലഭ്യമാക്കേണ്ടിയിരിക്കുന്നു. ജനസാന്ദ്രയുള്ള സ്ഥലങ്ങളിൽ പൊതുകക്കൂസ് നിർമ്മാണം, അവയുടെ കാര്യക്ഷമമായ നടത്തിപ്പ് ഇവ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രായോഗികമാണ്.

പരിസര മലിനീകരണം പ്രശ്നങ്ങളാണ് ആരോഗ്യ മേഖല നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം. പഞ്ചായത്ത് പബ്ലിക്ക് മാർക്കറ്റുകളായ വാമനപുരം മേലാറ്റുമൂഴി എന്നിവയും സ്വകാര്യ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന കളമച്ചൽ, കണിച്ചോട് ചന്തകളും ഗണ്യമായ പരിസര മലിനീകരണ പ്രശ്നങ്ങളുണ്ടാക്കുന്നു. വൻകിട വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിൽ ഇല്ലെങ്കിലും അതിർത്തിയിൽ പ്രവർത്തിക്കുന്ന ശബരി റോളർ ഫ്ളവർ മിൽ വാമനപുരം നദിയെ മലിനമാക്കുന്നു. മലിനീകരണ ബോർഡിന്റെ നിർദ്ദേശങ്ങളും നിയന്ത്രണവും ഫലപ്രദമാകാത്തതു കാരണം ഇത് ഗുരുതരമായ സാമൂഹ്യ പ്രശ്നമായി മാറുകയാണ്. കളമച്ചൽ കൈത്തറി നെയ്ത്ത് സഹകരണ സംഘം ഡൈയിംഗ് യൂണിറ്റിൽ നിന്നുള്ള മലിനജലം തുറസ്സായ സ്ഥലത്തേക്ക് ഒഴുക്കിവിടുന്നത് ആ പ്രദേശങ്ങളിലെ കിണറുകളിലെ ജലം വ്യാപകമായി മലിനമാക്കുന്നു.

വ്യാപാരസ്ഥാപനങ്ങളും ഹോട്ടലുകളും പൊതുനിരത്തിൽ വലിച്ചെറിയുന്ന ചപ്പു ചവറുകൾ, കോളനി പ്രദേശങ്ങളിലെ വിസർജ്യ നിർമ്മാജ്ജന സൗകര്യമില്ലായ്മ ഇവ പരിഹരിക്കപ്പെടേണ്ടതുണ്ട്.

വായു മലിനീകരണത്തോടൊപ്പം ശബ്ദ മലിനീകരണത്തിന്റെ കാര്യത്തിൽ ശ്രദ്ധ പതിക്കേണ്ടതുണ്ട്. ഉച്ചഭാഷിണികളുടെ ഉപയോഗം നിയമാനുസൃതമായിരിക്കണമെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട അധികാരികളുടെ മേൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1 പഞ്ചായത്തിനുള്ളിലെ ആശുപത്രി മാത്രം ഉപയോഗിച്ച് പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രാഥമിക ചികിത്സാ സൗകര്യം ലഭ്യമാക്കാൻ കഴിയുന്നില്ല.
2 ആനക്കുടി പി. എച്ച്. സി.യിൽ ചികിത്സയ്ക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങളില്ല. (എ). കെട്ടിടവും ഇലക്ട്രിസിറ്റിയും ഇല്ല. ബി.) രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമില്ല. സി.) പരിശോധനയ്ക്ക് ആവശ്യമായ ലബോറട്ടറി സൗകര്യങ്ങളില്ല. ഡി.) മലമൂത്ര വിസർജ്ജന സൗകര്യങ്ങളില്ല. ഇ.) ആശുപത്രി ജീവനക്കാർക്ക് താമസ സൗകര്യമില്ല. എഫ്.) അവശ്യം വേണ്ടുന്ന രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല. ജി.) ഫീൽഡ് ജീവനക്കാരുടെ നിയന്ത്രണാധികാരമില്ല. എച്ച്.) സ്ഥാപനത്തിനാവശ്യമായ വാഹനമില്ല. ഐ.) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ഉൾപ്പെടുന്ന (വാമനപുരം പിഎച്ച്സിയുടെ നിയന്ത്രണത്തിലുള്ളത്) ഫാമിലി വെൽഫയർ സെന്ററുകൾക്ക് കെട്ടിടമില്ല.
3 വാർഡുകളിലെ ആരോഗ്യ പ്രശ്നങ്ങൾ യഥാസമയം വിലയിരുത്തുന്നില്ല.
4 വീടുകളിൽ കക്കൂസ് സൗകര്യവും കുടിവെള്ള ലഭ്യതയും ഇല്ല. ഉള്ള കക്കൂസുകൾ തന്നെ കൂടുതൽ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവയാണ്.
5 ശുദ്ധജല ലഭ്യതയില്ലായ്മ ജലജന്യ രോഗങ്ങൾക്ക് കാരണമാകുന്നു.
6 പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങൾ ചന്തകൾ, കോളനികൾ ഇവ ശുചീകരിക്കപ്പെടുന്നില്ല.
7 ആയൂർവേദം, ഹോമിയോ ചികിത്സക്കുള്ള സൗകര്യമില്ല.

നിർദ്ദേശങ്ങൾ

1 വാമനപുരം പ്രാഥമികാരോഗ്യകേന്ദ്രം താലൂക്ക് ആശുപ്രതിയുടെ സൗകര്യങ്ങളുള്ള ആശുപ്രതിയുടെ നിലവാരത്തിലേക്ക് ഉയർത്തുക.
2. എ.) ആനക്കുടി പി. എച്ച്. സി.യുടെ കെട്ടിടം പണി അടിയന്തരമായി പൂർത്തിയാക്കി അടിസ്ഥാന സൗകര്യങ്ങളും ആവശ്യത്തിനു മരുന്നു ലഭ്യമാക്കുക. ബി.) രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുക. സി.) ഫാമിലി വെൽഫയർ സെന്ററുകൾക്ക് (F.W.C) കെട്ടിടങ്ങൾ നിർമ്മിക്കുക. ഫീൽഡ് വിഭാഗം ജീവനക്കാരുടെ നിയന്ത്രണം ആനക്കുടി പി. എച്ച്. സിക്ക് നൽകുക.
3 വാമനപുരം, പുപ്പുറം, കാഞ്ഞിരംപാറ, ആനച്ചൽ തുടങ്ങിയ വാർഡുകളിൽ ആയൂർവേദ ആശുപത്രികൾ സ്ഥാപിക്കുക.
4 വാമനപുരം മേലാറ്റുമൂഴി, കളമച്ചൽ തുടങ്ങിയ വാർഡുകളിൽ ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.
5 സ്കൂൾ കുട്ടികളുടെ ഹെൽത്ത് കാർഡ് സമ്പ്രദായം കാര്യക്ഷമമാക്കുക.
6 കോളനികളും ജംഗ്ഷനുകളും കേന്ദ്രീകരിച്ച് കമ്പോസ്റ്റ് പിറ്റുകൾ, ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള വീപ്പകൾ എന്നിവ സ്ഥാപിക്കുകയും ചപ്പുചവറുകൾ യഥാസമയം നീക്കുകയും ചെയ്യുക.
7 വാമനപുരം കേന്ദ്രീകരിച്ച് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
8 പഞ്ചായത്തിലെ മാർക്കറ്റുകൾ യഥാസമയം ശുചീകരിക്കുക. മത്സ്യമാംസ വ്യാപാരങ്ങൾക്ക് പ്രത്യേക സ്ഥലം നിർമ്മിച്ചു നൽകുക.
9 ചപ്പുചവറുകൾ വളമാക്കി മാറ്റുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
10 ശുദ്ധജല ലഭ്യതയും കക്കൂസ് സൗകര്യങ്ങളും ഏർപ്പെടുത്തുക.



9(1) ഗതാഗതം

സഞ്ചാരശീലം മനുഷ്യന്റെ ജന്മസിദ്ധമായ സ്വഭാവമാണ്. രാജവാഴ്ചയും നാടുവാഴിത്ത സമ്പ്രദായങ്ങളും യുദ്ധസജ്ജീകരണങ്ങളും എല്ലാം ഗതാഗത സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ പണ്ടുകാലം മുതൽ തന്നെ ക്രമീകരിക്കപ്പെട്ടിരുന്നു. രാജഭരണകാലത്ത് നിർമ്മിച്ച ഇന്നത്തെ എസ്. എച്ച് - 1 ആണ് നമ്മുടെ പഞ്ചായത്തു പ്രദേശത്തുകൂടി കടന്നുപോകുന്ന ഏറ്റവും പുരാതന പാത. കുതിരവണ്ടിക്കും കാളവണ്ടിക്കും സഞ്ചരിക്കാൻ തയ്യാറാക്കിയ കേവലം 15 അടി വീതിയുള്ള പാതയായിരുന്നു ഇത്. കൂടാതെ അക്കാലത്തു നിർമ്മിക്കപ്പെട്ട നടപ്പാതകളാണ് ഇന്നത്തെ പഞ്ചായത്തിലെ പ്രധാന റോഡുകളായിത്തീർന്നിരിക്കുന്നത്.

കാരേറ്റ് - കല്ലറ റോഡ് ഈ പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള അതിർത്തിലൂടെ കടന്നുപോകുന്നു. ദേശീയ സമര ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ് ഈ പാത. കല്ലറ - പാങ്ങോട് സമരകാലത്ത് ബ്രിട്ടീഷ് പട്ടാളത്തിന്റെ പ്രധാന സഞ്ചാരമാർഗ്ഗം ഈ പാതയായിരുന്നു. ചുമടുകൾ ഇറക്കി വഴിയാത്രക്കാർക്ക് വിശ്രമിക്കാൻ പാതയോരത്ത് സ്ഥാപിച്ചിരുന്ന ചുമടുതാങ്ങികളുടേയും വിശ്രമകേന്ദ്രങ്ങളുടേയും അവശിഷ്ടങ്ങൾ പാതയോരത്ത് ഇന്നും കാണാം.

വാമനപുരം - ആറ്റിങ്ങൽ റോഡ് കല്ലറ പഞ്ചായത്ത് അതിർത്തിയിൽ കൂടി കടന്നു പോകുന്നു. മിതൃമ്മല റോഡ്, മിതൃമ്മല - ഇരുള്ളൂർ റോഡ് ആറന്താനം - ദർഭക്കാട്ടയ്ക്കാൽ റോഡ് എന്നിവ പഞ്ചായത്തു പ്രദേശത്ത് വളരെ മുമ്പു തന്നെ ഗതാഗതത്തിന് ഉപയോഗിച്ചിരുന്ന പ്രധാന പാതകളാണ്. ഇതിൽ ആറന്താനം ദർഭക്കാട്ടയ്ക്കാൽ റോഡ് എം എൽ എ റോഡായി അംഗീകരിച്ച് പി. ഡബ്ല്യൂ. ഡി. പണി പൂർത്തികരിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമെ അടുത്തകാലം വരെ പ്രധാന പതാകൾ ഒന്നും തന്നെയില്ലായിരുന്നു. പണ്ടുകാലങ്ങളിൽ പല പ്രദേശങ്ങളിൽ നിന്നും രോഗികളെയും മറ്റും ചാക്കു കട്ടലിൽ ചുമന്നും വള്ളം ഉപയോഗിച്ചുമാണ് ആശുപത്രികളിൽ എത്തിച്ചിരുന്നത്. മുൻകാലത്ത് പഞ്ചായത്തിൽ ഉപയോഗിച്ചിരുന്ന പ്രധാന ഗതാഗത മാർഗ്ഗം വാമനപുരം നദിയായിരുന്നു. കാർഷിക വിളകളും മറ്റു ചരക്കുകളും വള്ളങ്ങളിലും ചങ്ങാടങ്ങളിലും കയറ്റിയാണ് ചിറയിൻകീഴിലും ആറ്റിങ്ങൽ കടയ്ക്കാവൂർ ഭാഗങ്ങളിലും കച്ചവട

ത്തിനായി കൊണ്ടുപോയിരുന്നത്.

പണ്ടുകാലത്ത് ഗതാഗതത്തിനുവണ്ടി ഉപയോഗിച്ചിരുന്ന വാമനപുരം നദി ഇന്ന് ഗതാഗത യോഗ്യമല്ല. മാത്രമല്ല വൻതോതിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും ഈ നദി നേരിടുകയാണ്. അനധികൃത മണൽവാരൽ ഇഷ്ടികയ്ക്ക് മണ്ണെടുപ്പ് ഇവ ഈ നദി നേരിടുന്ന പ്രശ്നങ്ങളാണ്. എസ്. എച്ച് – 1 ലുള്ള വാമനപുരം പാലത്തിന് ഭീഷണി ഉയർത്തിക്കൊണ്ടുപോലും മണൽവാരൽ നടക്കുന്നുണ്ട്.

പഴയ കാലങ്ങളിൽ കുറ്റിമൂട് – കാഞ്ഞിരംപാറ റോഡ് ഒഴികെയുള്ള എല്ലാ റോഡുകളും ടാർ ചെയ്തവയാണ്. ആറന്താനം പിരപ്പൻകോട് എം എൽ എ റോഡിൽ ദർഭക്കട്ടയ്ക്കൽ ഭാഗത്ത് വാമപുരം നദിക്കു കുറുകെ ഉണ്ടാകേണ്ട വെള്ളുമണ്ണടി പാലത്തിന്റെ നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ല. ഈ പാലം പണിപൂർത്തിയാക്കുകയാണെങ്കിൽ വാമനപുരം പഞ്ചായത്തിന്റെ കിഴക്കൻ മേഖലയുടെ സർവ്വോന്മുഖമായ വികസനത്തിനും ഈ പ്രദേശത്തിലുള്ള വർക്ക് നെടുമങ്ങാട് താലൂക്കിന്റെ ഇതര ഭാഗങ്ങളുമായി എളുപ്പം ബന്ധപ്പെടുവാനും സാധിക്കും.

റോഡ് 1.5 കി. മീറ്ററും ടാർ ചെയ്ത് പി. ഡബ്ല്യു. ഡി. റോഡ് കി. മീറ്ററും ടാർ ചെയ്ത് പഞ്ചായത്ത് റോഡ് എട്ട് കി. മീറ്റർ മെറ്റൽ റോഡ് 7 കി. മീറ്ററും. കച്ചാറോഡ് 135 കി. മീറ്ററും മറ്റുള്ളവ 24 കി. മീറ്ററും ഉൾപ്പെടുന്നു. വാർഡ് തിരിച്ചുള്ള പ്രധാന റോഡുകളുടെ വിവരം പട്ടിക 1-ൽ വിവരിക്കുന്നു. (പട്ടിക കാണുക)

റോഡുകളുടെ പൊതുസ്ഥിതി പരിശോധിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ നിലവാരം സംസ്ഥാന നിലവാരത്തേക്കാൾ വളരെ താഴെയാണ്. വളരെയധികം റോഡുകൾ വീതികൂട്ടി ടാർ ചെയ്യുകയും റീ-ടാർ ചെയ്യുകയും വേണം. ഇതിൽ പ്രധാനം പി. ഡബ്ല്യു.ഡി. വകയായുള്ള വാമനപുരം – കളമച്ചൽ – പൂവണത്തുംമൂട് റോഡാണ്. പല റോഡുകളും ആദ്യം ടാർ ചെയ്തതിനുശേഷം ഇതുവരെയും റീ-ടാർ ചെയ്തിട്ടില്ല. ആറന്താനം, ദർഭക്കട്ടയ്ക്കാൽ, എം എൽ എ റോഡ് പി ഡബ്ല്യു ഡി ഉപേക്ഷിച്ച മട്ടാണ്. ബ്ലോക്കിൽ നിന്നും അനുവദിക്കപ്പെട്ട മേലാറ്റുമൂഴി – തണ്ണിപ്പാറ റോഡ് വലിയകാട് കാക്കക്കുന്ന് റോഡ്, കുറ്റിമൂട് റോഡ് കതിരുവിള റോഡ് ഇവയുടെ അവസ്ഥയും വ്യത്യസ്തമല്ല. എസ്

വാർഡ് തിരിച്ചുള്ള പ്രധാന റോഡുകളുടെ വിവരം

വാർഡ്	പേര്	ആകെ നീളം K.M.	ടാർ ചെയ്തത് K.M.	ടാർ ചെയ്യേണ്ടത് K.M.	ടാർ ചെയ്ത റോഡുകളുടെ വിവരം
1	കളമച്ചൽ	6.5	1	5.5	ആറ്റിങ്ങൽ–വാമനപുരം റോഡ്
2	ആനച്ചൽ	7.5	3.5	4	ആറ്റിങ്ങൽ–വാമനപുരം റോഡ് ലക്ഷംവീട് റോഡ് കോട്ടുകുന്നം റോഡ്
3	വാമനപുരം	5	3.5	1.5	S.H–1 റോഡ് കുറ്റാ റോഡ്
4	ആനാകുടി	4.5	2	2.5	ആറാന്താനം – മേലാറ്റുമൂഴി എംഎൽഎ റോഡ്
5	ഈട്ടിമൂട്	5	2	3	ആറാന്താനം – മേലാറ്റുമൂഴി എംഎൽഎ റോഡ്
6	കാഞ്ഞിരംപാറ	6	650 M	5.35M	കുറ്റിമൂട്–കാഞ്ഞിരംപാറ റോഡ്
7	മീതൂർ	4	2	2	കുറ്റിമൂട്–കതിരുവിള റോഡ്
8	തൂങ്ങയിൽ	4.5	1	3.5	തൂങ്ങയിൽ – വലിയകാട് റോഡ്
9	ഇരുളൂർ	4.5	2	2.5	വലിയകാട്–കാക്കകുന്ന് കോണത്തുമുക്ക– ഇരുളൂർ
10	മേലാറ്റുമൂഴി	7.5	5.75	1.75	മേലാറ്റുമൂഴി–ദർഭകുട്ടയ്ക്കാൽ മേലാറ്റുമൂഴി–തണ്ണിപ്പാറ

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ 188 കി. മീ. റോഡുകളാണ് ആകെയുള്ളത്. ഇവയിൽ ടാർ ചെയ്ത എസ്. എച്ച് –1ൽ ഒഴികെയുള്ള മറ്റു റോഡുകളിൽ ഒന്നും തന്നെ ഓടകൾ നിർമ്മിച്ചിട്ടില്ല. അടുത്തകാലത്ത് നിർമ്മാണം ആ

ച്ച ആനക്കുടി ഏലാ റോഡ് ഇതുവരെയും ഗതാഗത യോഗ്യമായിട്ടില്ല.

പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും വാഹന സൗകര്യം വളരെ കുറവാണ്. മിത്യമ്മല, ഇരുളൂർ റോഡിലും ആറന്താനം ദർഭക്കട്ടയ്ക്കൽ റൂട്ടിലും വാമനപുരം കളമച്ചൽ റൂട്ടിലും മാത്രമാണ്. ബസ്സ് സർവ്വീസുള്ളത്. സമാന്തര സർവ്വീസുകളും ഇവിടെ മാത്രമാണ് ഉള്ളത്. കാക്കക്കുന്ന്, പ്പോറ, കാഞ്ഞിരംപാറ, തൂങ്ങയിൽ, കതിരുവിള, പൂപ്പുറം, കുറ്റ പ്രദേശങ്ങളിൽ ബസ്സ് സർവ്വീസ് അടിയന്തരമായി ആരംഭിക്കേണ്ടതാണ്. പമ്മത്തിൻകീഴ്, കാഞ്ഞിരംപാറ, കുറ്റ പ്രദേശങ്ങളിൽ മുമ്പ് ഉണ്ടായിരുന്ന കെ. എസ്. ആർ. ടി. ബസ്സ് സർവ്വീസ് ഇപ്പോൾ നിലച്ചിരിക്കുകയാണ്. വാമനപുരം കേന്ദ്രത്തിൽ നിരവധി പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും ഒരു ബസ്സ്റ്റോപ്പ് ഇതുവരെയും നിർമ്മിച്ചിട്ടില്ല. ഇവിടെത്തന്നെ ഒരു ടാക്സി സ്റ്റാൻഡും ഓട്ടോറിക്ഷാ സ്റ്റാൻഡും വേണ്ടത്ര സൗകര്യങ്ങളോ അംഗീകാരമോ കൂടാതെ പ്രവർത്തിക്കുന്നു. സർക്കാർവക ഭൂമി സമീപത്തുള്ളപ്പോഴാണ് ഈ അവസ്ഥ ഉണ്ടായിരിക്കുന്നത്. വാഹനങ്ങളുടെ ബാഹുല്യം ഗുരുതരമായ ട്രാഫിക്ക് പ്രശ്നങ്ങൾ ഉയർത്തുകയും അപകട സാധ്യത വർദ്ധിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അനധികൃത പാർക്കിംഗ് ഈ സ്ഥലത്തെ സർക്കാർ ആപ്പീസുകളുടെ പ്രവർത്തനം തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

പ്രശ്നങ്ങൾ

1 പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വാഹനങ്ങളെത്തിച്ചേരാത്ത അവസ്ഥയാണ്.

2 നിലവിലുള്ള റോഡുകൾ യഥാസമയം അറ്റകുറ്റ പണികൾ ചെയ്യുന്നില്ല. ഭൂരിഭാഗം റോഡുകൾക്കും ഓടയില്ല.

3 പ്രധാന റോഡുകൾക്ക് വീതി കുറവാണ്.

4 വാമനപുരം കളമച്ചൽ പൂവണത്തുംമൂട് റോഡ് വീതി വളരെ കുറവാണ്. അറ്റകുറ്റപണികൾ നടത്താറില്ല.

5 കുന്നും പ്രദേശത്തെ റോഡുകൾ മണ്ണാലിപ്പുമൂലം വേഗത്തിൽ ഗതാഗത യോഗ്യമല്ലാതായി തീരുന്നു.

6 കാഞ്ഞിരംപാറ, മേലറ്റുമൂഴി, ആനക്കുടി, ഇട്ടിമൂട് വാർഡുകളിൽ ജലസേചന പൈപ്പുകൾ, റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനത്തിന് തടസ്സമായി മാറുന്നു.

7 പഞ്ചായത്ത് പ്രദേശത്ത് വേണ്ടത്ര ബസ്സ് സ്റ്റോപ്പു ഷെൽട്ടറുകളില്ല.

8 പഞ്ചായത്തിന്റെ പല പ്രദേശത്തേക്കും ഉണ്ടായിരുന്ന കെ. എസ്. ആർ. ടി. ബസ്സ് സർവ്വീസുകൾ നിർത്തിവെച്ചിരിക്കുന്നു.

9 വാമനപുരം കേന്ദ്രീകരിച്ച് വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമില്ല.

സാധ്യതകൾ

1 പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും റോഡുകൾ നിർമ്മിക്കുക.

2 റോഡുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുകയും ഓടകൾ നിർമ്മിക്കുകയും ചെയ്യുക.

3 പ്രധാന റോഡുകളുടെ വീതികൂട്ടി ടാർ ചെയ്യുക.

4 കുന്നും പ്രദേശത്തെ റോഡുകൾ സൈഡ് വാൾകെട്ടിയും ടാർ ചെയ്തും സംരക്ഷിക്കുക.

5 ആറന്താനം, മേലാറ്റുമൂഴി എം എൽ എ റോഡ്, വെള്ളുമണ്ണടി, പാലത്തിന്റെ പണി എത്രയും വേഗം പൂർത്തിയാക്കുക.

6 വാമനപുരം, കളമച്ചൽ, പൂവണത്തുംമൂട്, റോഡ് വീതികൂട്ടി, റീ-ടാർ ചെയ്യുക.

7 റോഡുകളിൽ കുഴിച്ചിട്ടിരിയ്ക്കുന്ന ജലസേചന പൈപ്പുകൾ കുടുതൽ ആഴത്തിലാക്കുക.

8 കുഴിക്കര – പമ്മത്തുംകീഴ് റോഡിൽ ഇരപ്പിൽ തല റോഡിനു കുറുകെ ചെറിയ പാലം നിർമ്മിക്കുക.

9 കാക്കക്കുന്ന് – പമ്മത്തുംകീഴ്, തൂങ്ങയിൽ, കാഞ്ഞിരംപാറ, കതിരുവിള എന്നീ പ്രദേശങ്ങളിൽ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് ആരംഭിക്കുക.

10 വാമനപുരം കേന്ദ്രമാക്കി ബസ്സുകൾ, ടാക്സി, ഓട്ടോ എന്നവിയ്ക്ക് സ്റ്റാൻഡുകൾ നിർമ്മിക്കുക.

11 പ്രധാനപ്പെട്ട സ്റ്റോപ്പുകളിൽ ഷെൽട്ടറുകൾ നിർമ്മിക്കുക.

12 പ്രധാന ഏലാ നടപ്പാതകളിൽ തോടിനു കുറുകെ കലുങ്കുകൾ നിർമ്മിക്കുക.

13 കളമച്ചൽ –അയിലം റോഡിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കുക.

14 കാക്കക്കുന്ന് – പമ്മത്തിൻകീഴ് – ദർഭക്കട്ടയ്ക്കാൽ റോഡിൽ പമ്മത്തും കീഴ്തോടിനു കുറുകെ പാലം നിർമ്മിക്കുക.

15 പ്രധാന റോഡുകളുടെ മദ്ധ്യഭാഗത്തായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്ററുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കുക.

(ഗ്രാമസഭയുടെ ആവശ്യങ്ങൾ അടുത്തപേജുകളിൽ)

വാർഡ്	റോഡിന്റെ പേര്	ആവശ്യം					മറ്റു വിവരങ്ങൾ
		ടാർ	ഓട	വീതി	കലുങ്ക്	പുതിയതായി നിർമിക്കേണ്ട	
1	അയിലം-കളമച്ചൽ	✓	✓				പണി പൂർത്തിയാക്കണം
	ആനച്ചൽ-പള്ളിമൺകുഴി	✓					ശാഖാ റോഡുകൾ
	പള്ളിമൺകുഴി=പ്ലാവോട്					✓	പാലം വേണം
	പന്തുവിള-മൂഴികുട്ടയ്ക്കാൽ	✓	✓	✓			ശാഖാറോഡുകൾ ഗതാഗതയോഗ്യമാക്കണം
	ആനച്ചൽ-പള്ളിക്കുന്ന്-അതിർത്തിമുക്ക്	✓	✓	✓			
	അതിർത്തിമുക്ക്-ഉടുമ്പിക്കോട്			✓		✓	
	ഉടുമ്പിക്കോട്-അയിലം റോഡ്			✓			
	അയിലം അതിർത്തി-കളമച്ചൽ റോഡ്			✓	✓	✓	
	മാമൂട്-പള്ളിമൺകുഴി				✓	✓	നിലവിൽ നടവഴി
	അയിലം അതിർത്തി- പഴവിളക്കുന്ന്					✓	
	ബൗണ്ടർമുക്ക്-ഉടുമ്പിക്കോട്					✓	
	ഒരുവനവട്ടം-തെങ്ങുവിള					✓	
	വട്ടവിള-തെങ്ങുവിള			✓			
2	കണിച്ചോട്-പെരുന്ത്ര ക്ഷേത്രം	✓					
	ആനച്ചൽ ലക്ഷംവീട്-മുടിയൂർകോണം						ഗതാഗതയോഗ്യമാക്കണം
	കണിച്ചോട്-പരപ്പാറ	✓					
	പള്ളിക്കുന്ന്-മണ്ണൂർ	✓					
	കുരിയാത്തി-കീഴ്ച്ചേരി	✓					
	ലക്ഷംവീട്-തെന്നൂർക്കോണം	✓		✓			
3	കൈലാസക്കുന്ന്- പൂവണത്തുംമൂട്	✓	✓	✓			ഗതാഗതയോഗ്യമാക്കണം
	ഗ്രന്ഥശാലാ റോഡ്	✓	✓				
	കരുവയൽ-കുറ്ററ റോഡ്	✓	✓				റീടാർ
	കരുവയൽ-സ്കൂൾ		✓	✓	✓		
	ശാസ്താംനട-പാലത്തടി		✓	✓			ഗതാഗതയോഗ്യമാക്കണം
	ചിനിവിള റോഡ്		✓	✓			ഗതാഗതയോഗ്യമാക്കണം
	പനങ്ങോട് റോഡ്		✓				
	കുമ്പളത്തു പള്ളി			✓			
	കുറിച്ചി-വാമനപുരം പിഎച്ച്സി			✓	✓	✓	
	കരുവയൽ-കൈലാസത്തുകുന്ന്	✓					
4	മദ്രാസ്മുക്ക് - കാഞ്ഞിരംപാറ	✓	✓				
	കാരേറ്റ്-നെടുമ്പറമ്പ്	✓					സൈഡ്വാൾ വേണം

വാർഡ്	റോഡിന്റെ പേര്	ആവശ്യം					മറ്റു വിവരങ്ങൾ
		ടാർ	ഓട	വീതി	കലുങ്ക്	പുതിയതായി നിർമിക്കേണ്ടത്	
	ആറാന്താനം - പൊൻകുഴിക്കോണം			✓		✓	ഗതാഗതയോഗ്യമാക്കണം
	പൂപ്പുറം - ഒഴുകുപാറ-പേഴുംമൂട്	✓		✓			
	പൂപ്പുറം-മൂന്നുതോട്-ആനാകുടി	✓		✓			
	പൂപ്പുറം-ആനാകുടി യുപിഎസ്			✓			അറ്റകുറ്റപ്പണി വേണം
	മദ്രാസ്മുക്ക്-കടകത്ത്						ഗതാഗതയോഗ്യമാക്കണം
	നിലമേൽകുന്ന്-പൂപ്പുറം				✓	✓	
	നെടുമ്പറമ്പ് ക്ഷേത്രം റോഡ്	✓					
	തെങ്ങുപണ-വലിയ പണ-നിലമേൽ					✓	
	തിരുവാമനപുരം റോഡ്	✓					
	ഇരുങ്കുളം ഏലാ റോഡ്					✓	
	ശിവക്ഷേത്രം - മഹാദേവരുകുന്ന്					✓	
5	ഊന്നാംപാറ - പേഴുംമൂട്	✓					അറ്റകുറ്റപ്പണി ചെയ്യണം
	പേഴുംമൂട് - വട്ടപ്പാറ	✓					
	പേഴുംമൂട്-പൂപ്പുറം	✓		✓			
	ഊന്നാംപാറ-പുള്ളിപ്പച്ച			✓			അറ്റകുറ്റപ്പണി ചെയ്യണം
	ഈട്ടിമൂട്-പുള്ളിപ്പച്ച-തെങ്ങുവിള			✓		✓	അറ്റകുറ്റപ്പണി ചെയ്യണം
	വട്ടപ്പാറ-വെള്ളിഞ്ചക്കുഴി-കുന്നത്തുതോട്			✓		✓	
	ഈട്ടിമൂട്-ഇലവങ്കോട്-മണ്ണടിക്കടവ്			✓		✓	അറ്റകുറ്റപ്പണി ചെയ്യണം
	മേലാറ്റുമുഴി-തണ്ണിപ്പാറ	✓					റീ ടാർ
	മുളവന എച്ച്എസ്	✓					
	വട്ടപ്പാറ ഹരിജൻ കോളനി			✓			അറ്റകുറ്റപ്പണി ചെയ്യണം
	കരിങ്കുറ്റിക്കര - കുന്നത്തോട്			✓		✓	അറ്റകുറ്റപ്പണി ചെയ്യണം
	ശാസ്താക്ഷേത്രം റോഡ്	✓					അറ്റകുറ്റപ്പണി ചെയ്യണം
	ഊന്നൻപാറ- പയ്യമ്പള്ളിക്കോണം			✓	✓		
6	കുറ്റിമൂട്-കാഞ്ഞിരംപാറ	✓					
	പുപ്പുറം-കാഞ്ഞിരംപാറ	✓					
	പേഴുംമൂട്-കാഞ്ഞിരംപാറ	✓					
	ആനകുഴിക്കര-കോലിഞ്ചി	✓					അറ്റകുറ്റപ്പണി ചെയ്യണം
	താളിക്കുഴി-കാഞ്ഞിരംപാറ				✓	✓	അറ്റകുറ്റപ്പണി ചെയ്യണം
	താളിക്കുഴി-മാറങ്കുഴി-നെടുങ്കുഴി			✓			അറ്റകുറ്റപ്പണി ചെയ്യണം

വാർഡ്	റോഡിന്റെ പേര്	ആവശ്യം					മറ്റു വിവരങ്ങൾ
		ടാർ	ഓട	വീതി	കലുങ്ക്	പുതിയതായി നിർമിക്കേണ്ടത്	
	പുപ്പുറം-ഇരുംകുളം എച്ച്സി	✓		✓			അറ്റകുറ്റപ്പണി ചെയ്യണം
	പുപ്പുറം-വലിയമല നടപ്പാത			✓			ഗതാഗതയോഗ്യമാക്കണം
	കുറ്റിമൂട്-മേലേകാഞ്ഞിരംപാറ-നെടുംകുഴി					✓	നിലവിൽ നടപ്പാത
	പുപ്പുറം-പറയൻകരിക്കകം-കുന്നുകുഴി				✓	✓	ഗതാഗതയോഗ്യമാക്കണം
	കാഞ്ഞിരംപാറ-കോലിഞ്ചി			✓			അറ്റകുറ്റപ്പണി ചെയ്യണം
	ചെമ്മണ്ണുംകുന്ന്-കരിമ്പുവിള				✓		ഗതാഗതയോഗ്യമാക്കണം
	കാഞ്ഞിരംപാറ-നെടുംകുഴി			✓	✓	✓	
	ആശാരിമുക്ക്-കാഞ്ഞിരംപാറ ഏല			✓		✓	
	താളിക്കുഴി-മിച്ചഭൂമി					✓	
	തുണ്ടിൽ-തമ്പുരാട്ടിക്കാവ്			✓		✓	
	കാഞ്ഞിരംപാറ-കുന്നങ്കുഴി-ഒഴുകുപാറ			✓	✓	✓	അറ്റകുറ്റപ്പണി ചെയ്യണം
	കുറ്റിമൂട്						ഇംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് വേണം
7	പുളിഞ്ചക്കപൊയ്ക-വയലിക്കട				✓	✓	
	തുമ്പോട-പൊയ്കമുക്ക്-പുളിഞ്ചിക്കപൊയ്ക			✓	✓	✓	ഗതാഗതയോഗ്യമാക്കണം
	മിതൂർ- ഗ്രാമീണ നഗർ	✓					അറ്റകുറ്റപ്പണി
	പഴയചന്ത-പുളിഞ്ചിക്കപൊയ്ക			✓			
	തുമ്പോട്-വയലിക്കട	✓					
	കതിരുവിള-മങ്കുണ്ടയം	✓					800 മി. ടാർ
	മാടൻനട ക്ഷേത്രം	✓					
	കതിരുവിള-ആട്ടകാരൻ കുഴി നടപ്പാത			✓			
	പാലംമുക്ക്-കതിരുവിള				✓		
	തുമ്പോട്-വാഴപ്പണ					✓	
	കതിരുവിള-ഗ്രാമീണനഗർ-കോട്ടയ്ക്കാട്	✓		✓			
	കതിരുവിള-തുണ്ടിൽമുക്ക്			✓		✓	ഗതാഗതയോഗ്യമാക്കണം
	ഊന്നൻപാറ-ഗ്രാമീണ നഗർ						പണി പൂർത്തിയാക്കുക
	മുളമൂട്-പുളിഞ്ചിക്കപൊയ്ക-വയലിക്കട					✓	
	തറട്ടയിൽ-ഗ്രാമീണ നഗർ	✓					
8	ആയിരവല്ലിക്കോണം-കോലിഞ്ചിപ്പള്ളി			✓		✓	ഗതാഗതയോഗ്യമാക്കണം
	ആയിരവല്ലിക്കോണം-കോലിഞ്ചി ഏല			✓			അറ്റകുറ്റപ്പണി
	ആനക്കുഴിക്കര-തുണ്ടയിൽ			✓			
	പേഴുംമൂട്-കുന്നത്തോട്-തുണ്ടയിൽ			✓		✓	ഗതാഗതയോഗ്യമാക്കണം

വാർഡ്	റോഡിന്റെ പേര്	ആവശ്യം					മറ്റു വിവരങ്ങൾ
		ടാർ	ഓട	വീതി	കലുങ്ക്	പുതിയതായി നിർമിക്കേണ്ടത്	
	മങ്കുണ്ടയം-വട്ടപ്പാറ						അറ്റകുറ്റപ്പണി
	കുന്നത്തോട് കലാലയം						ഗതാഗതയോഗ്യമാക്കണം
	തണ്ണിപ്പാറ-താന്നമൂട് ഏല			✓			ഗതാഗതയോഗ്യമാക്കണം
	താന്നിമൂട്-മലരുപാറ			✓			ഗതാഗതയോഗ്യമാക്കണം
	ഗ്രാമീണനഗർ-കോട്ടയ്ക്കാട്-മഠത്തുവാതുക്കൽ			✓	✓	✓	
	കോലിഞ്ചിപ്പിള്ളി-മേൽതുണ്ടയിൽ					✓	ഗതാഗതയോഗ്യമാക്കണം
	വട്ടപ്പാറ-കുന്നത്തോട്-പുന്തൽകോണം					✓	നിലവിൽ നടപ്പാത
	ഖാദികേന്ദ്രം-ആളുമാനൂർകോണം	✓					
9	ദർഭകെട്ടയ്ക്കാൽ-വെള്ളുമണ്ണടി					✓	പാലം വേണ്ടതുണ്ട്
	പമ്മത്തിൻകീഴ്-ഇരുളൂർ-ചുണ്ടുമണ്ണടി				5		
	കാക്കകുന്ന്-നീറുമൺകടന്	✓				✓	
	വലിയകാട്-ചാവരുകാണി					✓	പാലം വേണ്ടതുണ്ട്
	ഇരപ്പിൻതല-ചുണ്ടുമണ്ണടി-പമ്മത്തിൻകീഴ്				✓		ഗതാഗതയോഗ്യമാക്കണം
	നീറുമൺകടവ്-കുമ്പളത്തുംപാറ	✓					
	ചിലമ്പുംകാണി-കരുമലക്കോട്-ചുണ്ടുമണ്ണടി	✓		✓			
	കോണത്തുമുക്ക്-ചിലമ്പുകാണി-തോട്ടുംപാറ					✓	
	കൊച്ചുകുന്ന്-പമ്മത്തിൻകീഴ്			✓			
	കാക്കകുന്ന്-തറുതലക്കുന്ന്	✓					
	മലരുപാറ-കാമറകരിക്കകം						ഗതാഗതയോഗ്യമാക്കണം
	കാക്കകുന്ന്-പമ്മത്തിൻകീഴ്	✓					
10	ദർഭകെട്ടയ്ക്കാൽ-പമ്മത്തിൻകീഴ്	✓				✓	പണി പൂർത്തിയാക്കണം
	കുഴിവെട്ടാംവിള-ഇരപ്പിൻതല						പണി പൂർത്തിയാക്കണം
	ശാസ്താംക്ഷേത്രം-കടവ്						ഗതാഗതയോഗ്യമാക്കണം
	കുഴിവെട്ടാംവിള-പുവത്തൂർ ക്ഷേത്രം						ഗതാഗതയോഗ്യമാക്കണം
	കടയിൽ ജംഗഷ്ൻ - പുവത്തൂർ					✓	
	ആറ്റിപുഴ റോഡ്			✓	✓		
	ഇടമലത്തുംകടവ് റോഡ്		✓				ഗതാഗതയോഗ്യമാക്കണം
	കുഴിക്കര-ഇരപ്പിൻതല		✓		✓		ഗതാഗതയോഗ്യമാക്കണം
	എലിക്കോട്ടുകോണം-പുവത്തൂർ ക്ഷേത്രം						ഗതാഗതയോഗ്യമാക്കണം
	രാമൻകുഴി-പമ്മത്തിൻകീഴ്					✓	
	മണ്ണടിക്കടവ്-ചെമ്പുംകുഴി				✓		
	പുവത്തൂർ-വാറുവിള-പള്ളിക്കുന്ന്		✓				ഗതാഗതയോഗ്യമാക്കണം
	കുഴിവെട്ടാംവിള ഇടവഴി						ഗതാഗതയോഗ്യമാക്കണം
	കരിംകുറ്റിക്കര-ആയിരവല്ലി	✓					ഗതാഗതയോഗ്യമാക്കണം
	കുന്നിൽക്കട-പുവത്തൂർ	✓					
	ആല് ജംഗ്ഷൻ-കല്ലിക്കടവ്	✓				✓	
	പുവത്തൂർ-കുട്ടുംമുഖം	✓				✓	

9(2) ഊർജ്ജം

ഊർജ്ജാസൂത്രണം എന്നാൽ വൈദ്യുതി ഉൽപ്പാദനവും വിതരണവും എന്നാണ് പൊതുവേ മനസ്സിലാക്കുന്നത്. വിറക്, ചാണകവറളി, ചപ്പുചവറുകൾ, മറ്റ് ജൈവ ദ്രവ്യങ്ങൾ, ജൈവവാതകം, മണ്ണെണ്ണ, പെട്രോൾ തുടങ്ങിയ വിവിധ ഊർജ്ജ സ്രോതസ്സുകളെയും നാം ആശ്രയിക്കുന്നുണ്ട്. നമ്മുടെ ഊർജ്ജാവശ്യത്തിന്റെ ഭൂരിഭാഗവും നിറവേറ്റുന്നത് ഇത്തരം വൈദ്യുതേതര മേഖലകളാണ്.

പഞ്ചായത്ത് പ്രദേശത്തെ 90% വീടുകളും പാചക ആവശ്യത്തിനായി വിറകിനെയാണ് ആശ്രയിക്കുന്നത്. കൂടാതെ പഞ്ചായത്തിലെ പ്രധാന വ്യവസായമായ ഇഷ്ടിക നിർമ്മാണത്തിനും വിറക് ധാരാളമായി ഉപയോഗിച്ചുവരുന്നു. മുൻകാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിറകിന്റെ ലഭ്യത കുറഞ്ഞു വരികയാണ്. റബ്ബർ കൃഷി വ്യാപകമായപ്പോൾ തെങ്ങും പാഴ്മരങ്ങളും വൻതോതിൽ മുറിച്ചുമാറ്റപ്പെട്ടു. ഇതുമൂലം വിറകിന്റെ ലഭ്യത കുറയുകയും വിലക്രമാതീതമായി ഉയർരുകയും ചെയ്തു. ഭൂരിഭാഗം വീടുകളിലും ദക്ഷത കുറഞ്ഞ സാധാരണ അടുപ്പുകളാണ് ഉപയോഗിച്ചുവരുന്നത്. തന്മൂലം വിറകിൽ നിന്നുള്ള ഊർജ്ജം പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല. പഞ്ചായത്ത് നിവാസികൾ വിറകിനുവേണ്ടി തെങ്ങിനേയും റബ്ബറിനെയും ആണ് ഇപ്പോൾ പ്രധാനമായും ആശ്രയിക്കുന്നത്.

വിറകിന്റെ ലഭ്യത കുറഞ്ഞതോടുകൂടി മണ്ണെണ്ണയുടെ ഉപഭോഗം വർദ്ധിച്ചു. വീടുകൾക്ക് പുറമേ ഹോട്ടലുകളിലും മറ്റും മണ്ണെണ്ണയാണ് അധികമായി ഉപയോഗിച്ചുവരുന്നത്. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും വൈദ്യുതി എത്തിച്ചേരാത്തതിനാൽ വെളിച്ചത്തിനായി മണ്ണെണ്ണ വിളക്കുകളാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലുള്ള 12 റേഷൻ ഡിപ്പോകളിലൂടെയും ഒരു സ്വകാര്യ ഏജൻസിമുഖേനയുമാണ് മണ്ണെണ്ണ പ്രധാനമായും വിതരണം ചെയ്തുവരുന്നത്. റേഷൻ ഡിപ്പോകൾ വഴി '95 – 96 കാലഘട്ടത്തിൽ പൊതുവിഭാഗത്തിൽ 1,06,971 ലിറ്ററും പെർമിറ്റുകളിലൂടെ 13,118 ലി. മണ്ണെണ്ണയും വിതരണം ചെയ്തിട്ടുണ്ട്. റേഷൻ കടകളിലൂടെയുള്ള മണ്ണെണ്ണ വിതരണം കാര്യക്ഷമമല്ല. മിക്കപ്പോഴും മണ്ണെണ്ണ ലഭിക്കാറില്ല. സ്വകാര്യ വിതരണത്തിനുള്ള മണ്ണെണ്ണ വളരെ വിലക്കൂടുതലാണ് എന്നുള്ളതും കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പട്ടിക 1

വാർഡ്	ആകെ വീട്	വൈദ്യുതി കരിച്ചത്	വൈദ്യുതി കരിക്കാത്തത്	ഗ്യാസ് കണക്ഷൻ ഉള്ളത്	മണ്ണെണ്ണ പെർമിറ്റ് ഉള്ളവർ
1	528	227	251	10	13
2	740	486	254	5	39
3	617	480	137	16	109
4	435	143	297	5	46
5	347	29	318	4	-
6	451	198	253	6	19
7	468	212	256	9	30
8	398	81	317	2	11
9	470	72	398	3	13
10	445	38	407	2	29
ആകെ	4821	2608	2213	62	309

വാമനപുരം പഞ്ചായത്തിൽ വൈദ്യുതി എത്തിച്ചേരുന്നത് 1952-53 കാലഘട്ടത്തിലാണ്. ഇന്ന് പഞ്ചായത്തിൽ ആകെയുള്ള 4821 വീടുകളിൽ 2213 വീടുകൾ വൈദ്യുതീകരിച്ചവയും 2608 ഇനിയും വൈദ്യുതി എത്താത്തവയുമാണ്. പഞ്ചായത്തിലെ ദർഭക്കട്ടയ്ക്കൽ, പമ്മത്തിൻകീഴ് പ്രദേശങ്ങൾ വെഞ്ഞാറമൂട് സെക്ഷന്റെ കീഴിലും കാഞ്ഞിരംപാറ മിതൂർ, തൂങ്ങയിൽ, ഇരുളൂർ പ്രദേശങ്ങൾ കല്ലറ സെക്ഷന്റെ കീഴിലും ബാക്കി ഭാഗങ്ങൾ വാമനപുരം സെക്ഷ

ന്റെ കീഴിലുമാണ്. ഗാർഹികാവശ്യങ്ങൾക്കും വ്യാപാരം, വ്യവസായം, കാർഷികം തുടങ്ങിയ ആവശ്യങ്ങൾക്കും വൈദ്യുതി ഉപയോഗിച്ചുവരുന്നു. പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കൾ നേരിടുന്ന പ്രധാന പ്രശ്നം കുറഞ്ഞ വോൾട്ടേജാണ്. പീക്ക് ലോഡ് സമയത്ത് വോൾട്ടേജ് 30V ലും താഴെയാണ്. ഈ സമയങ്ങളിൽ മിക്ക വീടുകളിലും 150വി., 110വി. ബൾബുകളും സ്റ്റെപ്പുകളും വ്യാപകമായി ഉപയോഗിക്കുന്നു. ഇത് സ്ഥിതി കൂടുതൽ ഗുരുതരമാക്കുന്നു. ഇലക്ട്രോണിക് ചോക്കുകളുടെ ഉപയോഗം വളരെ കുറവാണ്. വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്ത് പ്രദേശത്ത് 11 എൽ. ടി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയെല്ലാം അമിതഭാരം പേറുന്നവയാണ്. ഈ ട്രാൻസ്ഫോമറുകൾ പ്രശ്നപരിഹാരമാകുന്നില്ല. ആയതിനാൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കപ്പെടേണ്ടതുണ്ട്. പഞ്ചായത്തിലെ വൈദ്യുതി ഉപഭോഗം താഴെപ്പറയും പ്രകാരമാണ്.

പട്ടിക – 2

ഗാർഹികം	:	2213
വ്യാപാരം	:	305
വ്യാവസായികം	:	16
കാർഷികം	:	61
ആകെ	:	2595

പഞ്ചായത്ത്, വഴിവിളക്ക് ആവശ്യത്തിനായി പ്രതിമാസം 4905 രൂപ ചെലവഴിക്കുന്നു. എന്നാൽ മിക്ക പ്രദേശങ്ങളിലും സ്ഥാപിക്കപ്പെട്ട വഴിവിളക്കുകൾ കത്തുന്നില്ല. ഇന്നിയും ധാരാളം പ്രദേശങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിലെ വഴിവിളക്കുകളും വിവരങ്ങളും താഴെപ്പറയുന്നു.

പട്ടിക – 3

ബൾബ് 40W	:	400
ട്യൂബ് 40×2	:	49
മെർക്കുറി 125W	:	5
സോഡിയം വേപ്പർ	:	–

പഞ്ചായത്ത് പ്രദേശത്ത് അപേക്ഷ നൽകി വൈദ്യുതിക്ക് വർഷങ്ങളായി കാത്തിരിക്കുന്നവർ അനവധിയാണ്.

Ordinary	O.T.P	O.Y.E.C
140	10	22

ഈ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഒ. വൈ. ഇ. സി. വിഭാഗത്തിൽ 4-11-96വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകി. എന്നാൽ ഓർഡിനറിയിൽ 30-9-91 വരെയുള്ള അപേക്ഷകർക്ക് മത്രമേ വൈദ്യുതിയെത്തച്ചിട്ടുള്ളു. കുടിൽ ജ്യോതി പദ്ധതി പ്രകാരം ആനച്ചൽ ലക്ഷംവീട് കോളനിയിലെ 16 വീടുകളിലും തെന്നൂർ കോളനിയിൽ 2ഉം പട്ടികേതര വിഭാഗത്തിൽപ്പെട്ട 2ഉം കുടുംബങ്ങൾക്ക് വൈദ്യുതി എത്തിച്ചിടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ മറ്റ് പട്ടികജാതി കോളനികളൊന്നും വൈദ്യുതീകരിച്ചിട്ടില്ല.

പാചകവാതകം ഗ്രാമത്തിൽ ലഭിക്കുവാൻ തുടങ്ങിയത് 1988 മുതലാണ്. 62 സമ്പന്ന കുടുംബങ്ങളിലാണ് ഇന്ന് പാചക വാതക കണക്ഷൻ ഉള്ളത്. ഇങ്ങനെ പാചക വാതകം ഉപയോഗിക്കുന്ന വീടുകളിലും നെല്ലു പുഴുങ്ങുക, വെള്ളം തിളപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കെല്ലാം വിറക് അടുപ്പുകളാണ് ഉപയോഗിക്കുന്നത്. പാചക വാതക കണക്ഷനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവർ പഞ്ചായത്തിൽ അനവധി ഉണ്ട്. പഞ്ചായത്തിൽ ഒരു സ്വകാര്യ ഗ്യാസ് ഏജൻസിയുണ്ട്. ഇന്ധനാവശ്യത്തിലേക്കായി ജൈവ വാതകത്തെ ആശ്രയിക്കുന്നവർ പഞ്ചായത്തിൽ നാമമാത്രമാണ്. വാർഡുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങളനുസരിച്ച് പഞ്ചായത്തിൽ 24 ജൈവവാതക യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ചില യൂണിറ്റുകൾ ഇന്ന് പ്രവർത്തനക്ഷമമല്ല. ഇതിലേക്കായി ഗവൺമെൻറ് ധനസഹായം നൽകുമ്പോൾ ഗുണഭോക്താവിന് വേണ്ടുന്ന അസംസ്കൃത വസ്തുക്കൾ ലഭ്യമാണ് എന്ന് ഉറപ്പുവരുത്തുന്നില്ല. വേണ്ടത്ര അസംസ്കൃത വസ്തുക്കൾ ഉള്ളവർ ഈ ആനുകൂല്യം ഉപയോഗപ്പെടുത്തുന്നില്ല. ജൈവ വാതക മേഖലയിൽ നമുക്കിനിയും സാദ്ധ്യതകളുണ്ട്. ഗ്രാമസഭയിലെ ആവശ്യങ്ങൾ (പട്ടിക)

പ്രശ്നങ്ങൾ

1 പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2 രൂക്ഷമായ വോൾട്ടേജ് കമ്മി നേരിടുന്നു. പീക്ക് ലോഡ് സമയത്ത് ശരാശരി 30 വാട്ടിനും താഴയാണ്.
3 അപ്രഖ്യാപിത വൈദ്യുതി തടസ്സങ്ങൾ, കട്ടുകൾ.
4 സ്റ്റെപ്പുപ്പ് / സ്റ്റെബിലൈസർ തുടങ്ങിയ ഉപകരണങ്ങളുടെ വ്യാപകമായ ഉപയോഗം.
5 ദക്ഷത കൂടിയ വിറകടുപ്പുകൾ എളുപ്പത്തിൽ ലഭ്യമാകുന്നില്ല.

6 വിറകിനായി മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് പകരം പുതിയവ നട്ടു പിടിപ്പിക്കുന്നില്ല.
7 ജൈവ വാതകം വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
8 വാണിജ്യ ഇന്ധനങ്ങൾ എളുപ്പത്തിൽ ലഭ്യമല്ല.
9 വാണിജ്യ വാതക കണക്ഷനുകൾക്ക് വർദ്ധിച്ച ചെലവ്.
10 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല.
11 പുതിയ വൈദ്യുതി കണക്ഷനുകൾക്കുള്ള കാലതാമസം.
12 റേഷൻ ഡിപ്പോകളിലൂടെയുള്ള മണ്ണെണ്ണ വിതരണം കാര്യക്ഷമമല്ല.

നിർദ്ദേശങ്ങൾ / സാധ്യതകൾ

1 ആനക്കുടി, കളമച്ചൽ, ആനക്കുഴിക്കര എന്നീ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2 പുകയില്ലാത്ത അടുപ്പുകളും ക്ഷമത കൂടിയ അടുപ്പുകളും വീടുകളിൽ സ്ഥാപിക്കുവാൻ പ്രേരിപ്പിക്കുകയും ഇവയ്ക്കുള്ള സബ്സിഡി വർദ്ധിപ്പിച്ചു നൽകുകയും ചെയ്യുക.
3 പാചക വാതക കണക്ഷൻ നൽകുമ്പോൾ ഗ്രാമ പഞ്ചായത്തുകൾക്ക് മുൻതൂക്കം നൽകുക.
4 ജൈവ വാതക യൂണിറ്റുകൾ ആരംഭിക്കുന്നതിന് കൂടുതൽ ധനസഹായം നൽകുക. റബർ അവശിഷ്ടങ്ങൾ, ചാണകം ഇവ പഞ്ചായത്തിൽ സുലഭമാണ്. കോളനികൾ കേന്ദ്രീകരിച്ച് പൊതുകക്കൂസ് പ്രയോജനപ്പെടുത്തി പുതിയ ജൈവ വാതക യൂണിറ്റുകൾ ആരംഭിക്കാം.
5 സ്കൂളുകളിലും അംഗൻവാടികളിലും പാചക ആവശ്യത്തിന് അനെർട്ട് അടുപ്പുകൾ വ്യാപകമാക്കുക.
6 വാമനപുരം കേന്ദ്രമാക്കി പൊതുമേഖലയിൽ പാചക വാതക വിതരണ കേന്ദ്രം ആരംഭിക്കുക.
7 അറക്കപ്പൊടിയടുപ്പുകൾ വ്യാപകമാക്കുക.
8 ഒറ്റപ്പെട്ട കുന്നിൻ പ്രദേശങ്ങളിൽ സൗരോർജ വിളക്കുകൾ സ്ഥാപിക്കുക.
9 പഞ്ചായത്ത് പുറമ്പോക്കുകളിലും തരിശ് ഇടങ്ങളിലും പാഴ്മരങ്ങൾ വച്ച് പിടിപ്പിക്കുക.
10 ബൾബുകൾക്ക് പകരം ട്യൂബ്ലൈറ്റുകൾ ഉപയോഗിക്കുകയും ആയതിലേക്ക് പഞ്ചായത്ത് സബ്സിഡി നൽകുകയും ചെയ്യുക.
11 വൈദ്യുതി ഉപയോഗത്തിന് മിതവ്യയം പ്രചരിപ്പിക്കുക.
12 അനാവശ്യ വൈദ്യുതി ഉപയോഗം കർശനമായി തടയുക.
13 പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റുകൾക്ക് പ്രത്യേക മീറ്റർ സ്ഥാപിച്ച് ഉപയോഗിക്കാത്ത വൈദ്യുതി ചാർജ് നൽകുന്ന സംവിധാനം മാറ്റുക.

(ഗ്രാമസഭയുടെ ആവശ്യങ്ങൾ അടുത്തപേജുകളിൽ)



വാർഡ്	സ്ഥലം	ലൈൻ	സ്ട്രീറ്റ് ലൈറ്റ്	വീട്ടിലേക്ക് കണക്ഷൻ
1	വേലംകോണം-അതിർത്തിമുക്ക്	✓		
	പേഴുങ്കാമുകൾ-ഉടുമ്പിക്കോട്	✓		
	വട്ടവിള-കോട്ടയത്തുകോണം	✓		
	ആനച്ചൽ-പള്ളിമൺകുഴി		✓	
	പന്തുവിള-മാമൂട്-മുട്ടത്തറ		✓	
	വേലംകോണം-അയിലം അതിർത്തി		✓	✓
	അതിർത്തിമുക്ക്-മാമൂട്		ട്യൂബ്‌ലൈറ്റ്	
	കളമച്ചൽ ജംഗ്ഷൻ		സോഡിയം	
2	ആനച്ചൽ-കുരിയാത്തി		✓	✓
	ആനച്ചൽ-പള്ളിക്കുന്ന്		✓	
	കുരിശടി-പരപ്പാറ		✓	✓
3	കീഴതിൽമുക്ക്-ചീനിവിള		✓	
	കരുവയൽ-കൈലാസത്തുകുന്ന്		✓	✓
	പനങ്ങോട്-കുറിച്ചി		✓	
	പനങ്ങോട്-വാമനപുരം പിഎച്ച്സി		✓	
	വാമനപുരം ജംഗ്ഷൻ-കച്ചേരി ജംഗ്ഷൻ		ട്യൂബ്‌ലൈറ്റ് മെർക്കുറി	
4	വേടർകോണം-അരുമനക്കോണം			✓
	നിലമേൽക്കുന്ന്-കടകം		✓	
	കാരേറ്റ്-ഏലാ റോഡ്		✓	
	മദ്രാസ് മുക്ക്-കടകം		✓	
	മഹാദേവർകുന്ന് കോളനി			✓
	അംഗനവാടി-ആനാകുടി യുപിഎസ്			✓
	പുഷ്പുറം-മുന്നൂതോട്		✓	
	വേടർവിളാകം കോളനി			✓
	പൊൻപുഴിക്കോണം-ഇരുങ്കുളം-നിലമേൽകുന്ന്			✓
	തേവർകോവിൽ ക്ഷേത്രം		✓	
5	ആനാകുടി-അരുമനക്കോണം			✓
	പുഷ്പുറം-ഒഴുകുപാറ		✓	
	ആറാംതാനം-ഇരുങ്കുളം ഏല		✓	
	ഒഴുകുപാറ-പനങ്ങാങ്കുഴി			✓
	ഊന്നംപാറ-പുള്ളിപ്പച്ച			✓
	വട്ടപ്പാറ കോളനി			✓
	പഴ്യമ്പള്ളിക്കോണം-ഊന്നംപാറ			✓
	ഊന്നംപാറ-പേഴുമൂട്		✓	
	ഒരുപ്പൂ ഏലാ-മണ്ണടിക്കടവ്		✓	
6	പുഷ്പുറം ഹരിജൻ കോളനി			✓
	കാഞ്ഞിരംപാറ ഹരിജൻ കോളനി			✓
	കതിരുവിള തമ്പുരാട്ടിക്കാവ്		✓	

വാർഡ്	സ്ഥലം	ലൈൻ	സ്ട്രീറ്റ് ലൈറ്റ്	വീട്ടിലേക്ക് കണക്ഷൻ
	താളിക്കുഴി-നെടുങ്കുഴി		✓	✓
	താളിക്കുഴി-മാറാങ്കുഴി	✓	✓	
	കുറ്റിമൂട്-പണയിൽമേലെ കാഞ്ഞിരംപാറ		✓	
	കാഞ്ഞിരംപാറ-കുറ്റിമൂട്		ട്യൂബ്	
	പുപ്പുറം-ആനക്കുഴിക്കര		ട്യൂബ്	
	ആയിരവല്ലിക്കോണം-കുറ്റിമൂട്		ട്യൂബ്	
	താളിക്കുഴി-നെടുങ്കുഴി		ട്യൂബ്	
	കോലിഞ്ചി-വാവുപാറ, മില്ല് ഇംഗ്ഷൻ		ട്യൂബ്	
	പുപ്പുറം-പറയൻകരിക്കകം	✓		
	കാഞ്ഞിരംപാറ സ്കൂൾ			✓
7	കതിരുവിള-ഗ്രാമീണനഗർ-കോട്ടയ്ക്കാട്		✓	✓
	പൊയ്കമുക്ക്-പുളിഞ്ചിക്കപൊയ്ക	✓	✓	
	പഴയചന്ത-തുമ്പോട്	3 ഫേസ്		
	മുളമുക്ക്-പുളിഞ്ചിക്കപൊയ്ക	✓	✓	
	പുപ്പുറം-ഒഴുകുപാറ	✓	✓	
8	പേഴുംമൂട്-കുന്നത്തോട്-വട്ടപ്പാറ	✓	✓	✓
	മങ്കുണ്ടയം-വട്ടപ്പാറ	✓		✓
	വട്ടപ്പാറ-ഇരുളൂർ	✓	✓	
	മങ്കുണ്ടയം-പുന്തൽകോണം	✓		
	ഇരുളൂർ പാലം-താന്നിമൂട് വരമ്പ്	✓		
	കാമറകരിക്കകം- മലരുപാറ		✓	
	തുങ്ങയിൽ കോളനി			✓
9	ഇരുളൂർ-രാമങ്കുഴി	✓		
	പമ്മത്തിൻകീഴ്-കാക്കകുന്ന്	✓		
	ചുണ്ടുമണ്ണടി-പമ്മത്തിൻകീഴ്	✓		
	നിറുമൺകടവ്-പമ്മത്തിൻകീഴ്		✓	
	ചിലമ്പുംകാണി-കാക്കകുന്ന്	✓		
	കാക്കകുന്ന് എൽപിഎസ്			✓
	ചാങ്ങയിൽകോണം-തറുതലക്കുന്ന്			✓
	മലരുപാറ-കാമറകരിക്കകം	✓	✓	
10	ദർഭകെട്ടയ്ക്കാൽ-കുട്ടമുഖം	✓	✓	
	പുവത്തൂർ ക്ഷേത്രം-കുഴിക്കര	✓		✓
	ഇരപ്പിൻതല-കുഴിക്കര	✓		✓
	കുഴിവെട്ടാംവിള-പുവത്തൂർ	✓	✓	
	കുരങ്ങൻകുഴി-എലിക്കോട്ടുകോണം	✓		✓
	വാറുവിള-പള്ളിപ്രദേശം	✓		✓
	ശാസ്താക്ഷേത്രം കടവ്-മേലാറ്റുമൂഴി		✓	

10-1 പാർപ്പിടം

തികച്ചും ഗ്രാമീണ മേഖലയിൽ ഒതുങ്ങി നിൽക്കുന്ന വാമനപുരം പഞ്ചായത്തിലെ ഏറ്റവും വലിയ സാമൂഹ്യപ്രശ്നങ്ങളിലൊന്നാണ് പാർപ്പിടവുമായി ബന്ധപ്പെട്ടത്. എല്ലാ കുടുംബങ്ങൾക്കും മിനിമം സൗകര്യങ്ങളോടുകൂടിയ പാർപ്പിടം ലഭ്യക്കേണ്ടത് ഏത് ഭരണത്തിന്റെയും അടിസ്ഥാന കർത്തവ്യമാണ്. ആയതിനാൽ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഊന്നലും ശ്രദ്ധയും പതിയേണ്ട വിഷയങ്ങളിലൊന്നാണിത്. ലക്ഷം വീട് പദ്ധതികർ മുതൽ രാജിവ് ദശലക്ഷം ഭവനപദ്ധതികൾ വരെ നടപ്പിലാക്കിയെങ്കിലും സാധാരണക്കാർക്കും നിർദ്ധനർക്കും മുന്നിൽ ഇന്നും ഏറ്റവും വലിയ ചോദ്യചിഹ്നമായി അവശേഷിക്കുന്ന പ്രശ്നവും മറ്റൊന്നല്ല. പഞ്ചായത്തിൽ നിലവിലുള്ള വീടുകളെ സംബന്ധിച്ച ഏകദേശ വിവരം ചുവടെ ചേർക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് ധാരാളം തടസ്സങ്ങൾ നേരിടുന്നുവങ്കിലും ഗൾഫ് മേഖലയുടെ സ്വാധീനം ഈ രംഗത്ത് കാര്യമായ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നിർദ്ധന വിഭാഗവും സാധാരണ ജനതയും ഈ മേഖയിൽ പകച്ചു നിൽക്കുമ്പോൾ പുത്തൻ പണക്കാർ അത്ഭുതങ്ങൾ കാട്ടാനുള്ള പരവേശത്തിലാണ്. കെട്ടിടങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ ഏതാനും വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഗുണകരമായ വ്യത്യാസം ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ് എന്നാലും ദാരിദ്യരേഖയ്ക്ക് താഴെ നിൽക്കുന്ന 1500 ഓളം നിരാലംബരായ കുടുംബങ്ങൾക്ക് വീടു നിർമ്മിക്കാൻ യാതൊരു മാർഗ്ഗവുമില്ലാതെ കഴിയുന്നുവെന്നത് സത്യമായി അവശേഷിക്കുന്നു. വീട് ആവശ്യമുള്ള നിർദ്ധനരുടെ എണ്ണം ചുവടെ ചേർക്കുന്നു. (പട്ടിക അടുത്ത പേജിൽ)

വീട് ആവശ്യമുള്ളവരിൽ 38 ശതമാനം പേർക്ക് സ്വന്തമായി വീട് വയ്ക്കാൻ കഴിവില്ല അവർക്ക് സ്വന്തമായി ഭൂമിയോ അത് വാങ്ങാൻ കഴിവില്ലാത്തവരോ ആണ്. ശേഷിയ്ക്കുന്ന 65 ശതമാനം പേർക്ക് ഉദാരമായ വ്യവസഥകളിൽ വീടു വയ്ക്കുന്നതിനുള്ള വായ്പ്പ ലഭ്യമാക്കിയാൽ പ്രശ്നപരിഹാരം കാണാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

വാമനപുരം പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. വെഞ്ഞാറൻ മൂട് കേന്ദ്രമായും കല്ലറ കേന്ദ്രമായും ഹൗസിംഗ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ ജനങ്ങൾക്ക് പരിമിതമായോ ലഭിക്കു

വാർഡ് നമ്പർ	ഓരോ വാർഡിലെയും ആകെ വീടുകൾ	കൂടിൽ	ഓല മേഞ്ഞ	ഓട് മേഞ്ഞവ	ഒരു നില മാത്രം	ഒന്നിൽ കൂടുതൽ നിലകൊള്ളുന്നത്	ലക്ഷംവീട് പദ്ധതിയിൽ ഉൾപ്പെടുത്തിയവ	മറ്റു പദ്ധതികൾ
1	528	128	171	159	49	8	-	13
2	740	134	305	208	51	-	32	10
3	617	121	243	167	46	25	-	15
4	435	72	187	123	33	-	-	20
5	347	98	147	78	14	2	-	8
6	451	103	175	118	12	3	18	22
7	468	112	160	124	60	-	-	12
8	398	102	125	118	34	-	18	1
9	470	121	150	160	26	-	-	13
10	445	128	110	160	30	1	-	16
ആകെ	4899	1119	1773	1415	355	39	68	130

വാർഡ്	വീട് ആവശ്യമുള്ളവർ	പട്ടികജാതി/ പട്ടിക വർഗം	ദുർബലം	സ്വന്തമായി ഭൂമി ഇല്ലാത്തവർ
1	150	4	50	25
2	150	50	80	30
3	150	50	60	50
4	200	46	50	40
5	140	13	40	25
6	100	32	40	28
7	150	25	60	10
8	175	28	48	25
9	200	30	60	40
10	200	30	60	35

ന്നുള്ളു. സംസ്ഥാന ഹൗസിംഗ് ബോഡിന്റെ ഒരു കോളനി പോലും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. നിലവിൽ നാല് ലക്ഷം വീട് കോളനികൾ ഉണ്ട്. ഈട്ടിമുട്, തൂങ്ങയിൽ എന്നീ പ്രദേശങ്ങളിൽ ലക്ഷം വീട് പദ്ധതിയ്ക്ക് പ്രാരംഭ പ്രവർത്തനങ്ങൾ മാത്രമേ നടത്തിയിട്ടുള്ളു.

നിലവിലുള്ള ലക്ഷം വീടുകൾ മീക്കവാറും നിലം പൊത്താറായ അവസ്ഥയിലാണ് സഥിതി ചെയ്യുന്നത്. അവശ്യമായിവേണ്ട സൗകര്യങ്ങൾ പോലും ഇല്ലെന്നുള്ളത് ദുഖകരമായ ഒരവസഥയാണ്.

പട്ടികജാതി പട്ടികവർഗ്ഗക്കാർ കൂട്ടമായി പാർക്കുന്ന കുടിലുകളുടെ കുട്ടങ്ങൾ പഞ്ചായത്തിൽ പലയിടങ്ങളിലും നമുക്ക് കാണാൻ കഴിയും. അവിടെ കുടിവെള്ള സൗകര്യമോ കക്കൂസ് തുടങ്ങിയ സൗകര്യമോ ഒന്നും തന്നെയില്ല . ഈ പഞ്ചായത്തിൽ ചേരിപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾ ഇല്ലെന്നത് ആശ്വാസകരമായ സംഗതിയാണ്.

പാർപ്പിട നിർമ്മാണ രംഗത്ത് വാസ്തുശിൽപ്പാ മാതൃകയിലുള്ള വ്യത്യാസം അത്ഭുതകരമാണ്. അഞ്ചുവർഷത്തെ കെട്ടിട നിർമ്മാണം മാത്രം പരിശോധിച്ചാൽ ഈ പ്രവണത വ്യക്തമാകും. (പട്ടിക കാണുക).

പൊതുധവ ആളുകൾക്ക് കോൺക്രീറ്റ് ഭ്രമം വർദ്ധിച്ചു വരുന്നതായി കാണാം. ഇതിന്റെ കാരണങ്ങൾ പലതാണ്. ഓടുമേയാനുണ്ടാകുന്ന ചെലവും കോൺക്രീറ്റ് നിർമ്മാണ ചെലവും തമ്മിൽ സാരമായ വ്യത്യാസം കാണുന്നില്ല. കാരണം തടിയുടെ ക്രമതീതമായ വിലവർദ്ധനതന്നെ. ഓല ഓരോവർഷവും മാറിമാറി മേയാൻ ഉണ്ടാകുന്ന ആവർത്തന ചെലവ് താങ്ങാൻ കഴിയുന്നതിനേക്കാൾ ദുർവ്വഹമാണ്. ഇതും കോൺക്രീറ്റിലേക്ക് ആളുകളെ ആകർഷിക്കുന്നു.

ഗൾഫ് പണത്തിന്റെ അതിപ്രസരമുള്ള ഭാഗങ്ങളിൽ ആർഭാടത്തിനു വേണ്ടിയുള്ള ദുർവ്യയം കാണാൻ കഴിയും. 25000 മുതൽ ഒരു ലക്ഷംവരെയാണ് മുൻവശത്തെ പ്രധാന കതകിന്റെ കൊത്തുപണികൾക്കായി ചെലവഴിക്കുന്നത്.

വർഷം	പുതുതായി നിർമിച്ച ആകെ വീടുകൾ	ഓല മേഞ്ഞ വീടുകൾ	ഓട് മേഞ്ഞവ	കോൺക്രീറ്റ്	മറ്റുള്ളവ
1991-92	140	85	35	18	2
1992-93	84	37	20	26	1
1993-94	77	35	18	19	5
1994-95	47	12	6	26	3
1995-96	101	23	25	48	5

അതുപോലെ ടൈൽസ്, മാർബിൾ തുടങ്ങിയവയുടെ അനാവശ്യമായ ഉപയോഗവും കൂടി വരുന്നുണ്ട്. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ ശൈലിക്ക് അധികം പ്രചാരം ലഭിച്ചതായി കാണാൻ കഴിയുന്നില്ല. എന്നാൽ അങ്ങിങ്ങായി അതിന്റെ ആരംഭം കാണുന്നുണ്ട്. ജനങ്ങൾക്ക് ഇതിലുള്ള ശരിയായ അറിവില്ലാത്തും ഒരുമിച്ച് തുകമുടക്കാൻ ഇല്ലാത്തതും പ്രധാന കാരണമാണ്. മറ്റൊന്ന് ഇതിനായുള്ള വിദഗ്ധരായ തൊഴിലാളികളുടെ അഭാവവും.

കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ പൂർണ്ണമായല്ലെങ്കിലും ലഭ്യമാണ്. ഇഷ്ടിക, മണൽ എന്നിവ ഈ പ്രദേശത്ത് സുലഭമാണ്. എന്നാൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്താനോ ആയത് പരിശോധിക്കാനോ ഉള്ള സംവിധാനം ഈ ഗ്രാമത്തിലില്ല. ഇതു മൂലം ഗുണഭോക്താക്കൾ പലവിധമായ ചൂഷണത്തിനും വിധേയമാകുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളിൽ ഏറ്റവും ചെലവു കൂടിയ ഒന്നും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ പ്രായസമുള്ളതാണ് 'തടി'. കട്ടള, ജന്നൽ വെൻറിലേറ്റർ തുടങ്ങിയ കോൺക്രീറ്റിൽ നിർമ്മിക്കുന്ന ഒരു ചെറിയ സംരംഭം വാമനപുരത്ത് കുടിലുവ്യവസായമായി ആരംഭിച്ചിട്ടുണ്ട്. ഇത് കെട്ടിട നിർമ്മാതാക്കൾക്ക് വലിയൊരളവിൽ ആശ്വാസം പകരാൻ ഇടയായിട്ടുണ്ട്. പുരയിടങ്ങളുടെ അളവ് കുറവായ ഇടങ്ങളിൽ മതിലുകളാണ് നിലവിലുള്ളത്. വലിയ പുരയിടങ്ങളുടെ ചുറ്റും ജൈവവേലികൾ നിലവിലുണ്ട്.

കെട്ടിട നിർമ്മാണ തൊഴിലാളികൾ ധാരാളമുള്ള ഒരു ഗ്രാമപ്രദേശമാണ് വാമനപുരം പഞ്ചായത്ത്. പുരുഷന്മാരും സ്ത്രീകളും ധാരാളമായി ഈ മേഖലയിൽ പ്രവർത്

ക്കുന്നു. എന്നാൽ മിക്കവാറും 'സീസണൽ' ആയി മാത്രം കെട്ടിടം നിർമ്മിക്കുന്നതുകൊണ്ട് ആ കാലഘട്ടങ്ങളിൽ ഇത്തരം തൊഴിലാളികളുടെ അഭാവം ചിലയിടങ്ങളിലെങ്കിലും അനുഭവപ്പെടുന്നു. ഇവരുടെ വേതനനിരക്കിൽ ഐക്യരൂപ്യം ല്ലെങ്കിലും സാധാണയായി ഒരു മേസ്തിരി ഒരു ദിവസം 120 രൂപ മുതൽ 130 രൂപ വരെയും സഹായിക്ക് 80 മുതൽ 95 രൂപവരെയും ലഭിക്കുന്നു. പുരുഷ തൊഴിലാളികളിൽനിന്ന് 5 രൂപ, പത്തു രൂപ കുറവാണ് സ്ത്രീ തൊഴിലാളികൾക്ക്. തൊഴിലാളികളിൽ ഭൂരിഭാഗവും വിദഗ്ദ്ധരല്ലാത്തത് നിരവധി പ്രശ്നങ്ങൾക്ക് വഴിതെളിയ്ക്കുന്നു. അതുപോലെ തന്നെ ഗുണ നിലവാരം കുറഞ്ഞ ഇഷ്ടിക, കമ്പി, സിമൻറ് തുടങ്ങിയവയും വിവിധപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. കെട്ടിട നിർമ്മാണ രംഗത്ത് കാണുന്ന പുത്തൻ പ്രവണതയാണ് കോൺ ട്രക് സമ്പ്രദായം എന്നാൽ ഗ്രാമപ്രദേശമായ വാമനപുരത്ത് ഇത് വിജയകരമായി അനുഭവപ്പെടുന്നില്ല.

പ്രശ്നങ്ങൾ

1 കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടേയും ദൗർലഭ്യവും വർദ്ധിച്ചുവരുന്ന വിലക്കയറ്റവും
2 നിർമ്മാണ തൊഴിലാളികളുടെ വൈദഗ്ധ്യമില്ലായ്മ
3 ഭവന നിർമ്മാണ വായ്പകൾ ലഭ്യമാക്കാൻ ആവശ്യത്തിലേറെയുള്ള നടപടി ക്രമങ്ങളുടെ കുരുക്കുകളും അതിനുള്ള ബുദ്ധിമുട്ടുകളും.
4 സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങളുടെ പ്രശ്നം.
5 ലക്ഷംവീട് കോളനികളുടെ ശോച്യാവസ്ഥയും അറ്റുകുറ്റപ്പണികൾ നടത്താൻ മാർഗ്ഗമമില്ലാത്ത അവസ്ഥയും.
6 ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിൽ ജനങ്ങൾക്കുള്ള അജ്ഞതയും ആയതിനുള്ള വിദഗ്ധ തൊഴിലാളികളുടെ അഭാവവും
7 ജൈല വേലികൾക്കു പകരം സിമൻറ് മതിലുകളുടെ ആധിപത്യം സഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നം

സാധ്യതകളും നിർദ്ദേശങ്ങളും

1 ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം പഞ്ചായത്തിൽ ആരംഭിക്കുകയും ഹൗസിംഗ് കോളനികൾ സ്ഥാപിക്കുകയും ചെയ്യുക. ഫ്ളാറ്റുകളുടെ മാതൃകയിൽ ഹൗസിംഗ് സ്കീമുകൾ പ്രസ്തുത സൊസൈറ്റികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
2 കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരവും ന്യായവിലയും ഉറപ്പുവരുത്തുന്നതിനുവേണ്ടി സഹകരണ മേഖലയിൽ ഒരു പൊതുസ്ഥാപനം രൂപീകരിക്കുക.
3 ദുർബല വിഭാഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കുംവേണ്ടി വിവിധ പദ്ധതികൾ വഴി നിർമ്മിച്ചു നൽകുന ലക്ഷംവീടുകൾ രാജീവ് ദശലക്ഷം ഭവന പദ്ധതികൾ പോലുള്ള വീടുകൾ എന്നിവയ്ക്ക് രണ്ടു വർഷത്തിലൊരിക്കലെങ്കിലും അറ്റകുറ്റ പണികൾ നടത്താൻ പദ്ധതി ആവിഷ്കരിക്കുക.
4 'ലാറി ബേക്കർ' മാതൃകയിൽ ചെലവു കുറഞ്ഞ വീടുകളുടെ ഉപയോഗത്തെക്കുറിച്ചും വീടു നിർമ്മാണത്തിൽ പാലിക്കേണ്ട ലാളിത്യത്തെക്കുറിച്ചും ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.
5 മതിപ്പ് ചെലവ് ആറു ലക്ഷം രൂപയിൽ കവിയുന്ന വീടുകൾക്ക് അധികനികുതി ഈടാക്കുകയും പ്രസ്തുത തുക ഭൂരഹിതർക്കുവേണ്ടിയുള്ള ഭവന നിർമ്മാണ ചെലിവിലേക്ക് വകയിരുത്തുകയും ചെയ്യുക.
6 കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് അവരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 'റിഫ്രഷർ കോഴ്സു'കളുടെ രീതിയിൽ ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും ആ മേഖലയിലെ തൊഴിലാളികൾക്ക് വൈദഗ്ധ്യത്തിന്റെ മാത്രം അടിസ്ഥാനത്തിൽ പഞ്ചായത്ത് തലത്തിലോ താലൂക്ക് തലത്തിലോ 'ലൈസൻസിങ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുക. ഇത് അവരുടെ ഗുണ നിലവാരം ഉയർത്താൻ പര്യാപ്തമാത തരത്തിൽ ആയിരിക്കണമെന്ന് നിഷ്കർഷയും പുലർത്തണം.
7 കെട്ടിട നിർമ്മാണത്തിനുവേണ്ട 'ലൈസൻസിങ്' സമ്പ്രദായം ലളിതവും സുതാര്യവുമാക്കുക.
8 കുളമച്ചൽ, മിതൂർ, ഇതുളൂർ ഭാഗങ്ങളിൽ ആസൂത്രിത കോളനികൾ സ്ഥാപിക്കുക.
9 ജൈവ വേലികളുടെ പ്രചാരണത്തിനാവശ്യമായ നടപടികൾ സന്നദ്ധസംഘടനകളെക്കൊണ്ട് നടത്തുക.
10 പഞ്ചായത്തിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ കെട്ടിടങ്ങൾ നിർമ്മിക്കുകയും ഉള്ളവ പൊളിച്ചു മാറ്റുകയും ചെയ്യാവു.

KERALA INSTITUTE OF LOCAL ADMINISTRATION THRISSUR-680581 4198

10-2 സാമൂഹ്യക്ഷേമം

കേരളത്തിൽ ഇന്നോളം നടപ്പിലാക്കിയിട്ടുള്ള ക്ഷേമപദ്ധതികളൊക്കെത്തന്നെയും ഇന്ത്യയിൽവച്ച് ഏറ്റവും സുരക്ഷിതവും വിപുലവുമായവയാണ്. ഐ. ആർ. ഡി. പി., ട്രൈസം, ഇന്ദിരാ ആവാസ് യോജന, വിവിധ പെൻഷൻ പദ്ധതികൾ ഇവയൊക്കെത്തന്നെ സാമൂഹ്യക്ഷേമം ലക്ഷ്യം വച്ചുള്ളവയാണ്. എന്നാൽ വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും പദ്ധതി നടത്തിപ്പിലുള്ള സാങ്കേതിക വൈകല്യങ്ങളും മൂലം ഏത് ജനസമൂഹത്തെ ലക്ഷ്യമാക്കിയാണോ ഇവ ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളത് അവരിൽ ഭൂരിഭാഗത്തിനും പദ്ധതിയുടെ ഗുണം ലഭിക്കുന്നില്ല. നിലവിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളെ സംയോജിപ്പിച്ച് സമഗ്രവും സാർവ്വത്രികവുമായ ഒരു ക്ഷേമ പദ്ധതിക്ക് രൂപം കൊടുക്കുകയും അവയുടെ നടത്തിപ്പ് സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയും ചെയ്താൽ മാത്രമേ ക്ഷേമ പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുകയുള്ളു.

വാമനപുരം പഞ്ചായത്തിൽ 3221 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതായി കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 341 പട്ടികജാതി കുടുംബങ്ങളും ഉൾപ്പെടുന്നു. എന്നാൽ ഇതുവരെയായി ആകെ 254 കുടുംബങ്ങൾക്ക് മാത്രമാണ് വിവിധ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുള്ളത്. ഇത് ആകെയുള്ളതിന്റെ 12% മാത്രമാണ്. 1996 – 97ൽ പഞ്ചായത്ത് പ്രദേശത്ത് ഐ. ആർ. ഡി.പി. ആനുകൂല്യത്തിന് അർഹതയുള്ള കുടുംബങ്ങൾ 59 ആണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1996 – 97ൽ ഐ.ആർ.ഡി.പി. അർഹതനേടിയവർ

ലിസ്റ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്തിൽ 9 വാർഡുകൾ

			ഏത് വിഭാഗത്തിൽ പെടുന്നു					
വാർഡ്	ആകെ കുടുംബങ്ങൾ	ശരാശരി കുടുംബാംഗങ്ങൾ	MF	AL	NAL	SC	PH	ശരാശരി കുടുംബ വരുമാനം
1	4	4	–	1	3	1	–	1925
2	8	3	–	5	3	5	–	1985
3	3	5	–	2	1	1	–	2100
4	8	4	–	3	5	6	–	3000
5	7	3	–	–	7	2	1	1850
6	10	6	–	5	5	7	1	2050
7	5	5	–	–	5	–	–	2100
8	7	4	1	4	4	5	1	2200
9	5	4		2	3	2	–	1850
ആകെ	59	4	1	22	36	29	3	2117

മാത്രമേ ഉണ്ടായിരുന്നുള്ളു.

ക്ഷേമപദ്ധതികൾ

നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, കരകൗശല തൊഴിലാളികൾ, പരമ്പരാഗത തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിൽ ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങളായി ചേർന്നവർ പഞ്ചായത്തിലുടനീളമുണ്ട്. വിവിധ ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങളായുള്ളവരെ സംബന്ധിക്കുന്ന വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

ക്ഷേമനിധി വിഭാഗം	കൈത്തറി	കശുവണ്ടി	നിർമാണം	തയ്യൽ	കർഷക	മറ്റുള്ളവ
അംഗങ്ങളുടെ എണ്ണം	1159	327	1475	65	1518	78

എന്നാൽ തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളി യൂണിയനുകൾ ഇനിയും നിരവധി പേരെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്. പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്.

ട്രൈസം പദ്ധതി

ഗ്രാമത്തിലെ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകി ഐ. ആർ. ഡി. പിയുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഇരുപത് പേർക്ക് മാത്രമാണ് പരിശീലനം ലഭ്യമായിട്ടുള്ളത്. പിന്നോക്കക്കാരായ ബഹുഭൂരിപക്ഷത്തിനും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല. റബ്ബർ ടാപ്പിംഗ്, മോട്ടോർ മെക്കാനിസം, നെയ്ത്ത്, തയ്യൽ തുടങ്ങിയ മേഖലയിൽ ധാരാളം പരിശീലന അവസരങ്ങൾ നൽകാനുള്ള സാധ്യത പഞ്ചായത്തിനുണ്ട്. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ അവസരം നൽകിയും പരിശീലന കാലയളവിലുള്ള ധനസഹായം വർദ്ധിപ്പിച്ചുകൊണ്ടും മാത്രമേ ഈ പദ്ധതി ഫലപ്രദമാക്കുവാൻ കഴിയൂ.

D.W.C.R.A.

ദാരിദ്രരേഖയ്ക്ക് താഴെയുള്ള വനിതാ ഗ്രൂപ്പുകൾക്കു വേണ്ടിയുള്ള ഐ. ആർ. ഡി. പി. യുടെ അനുബന്ധ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം 10 പേർ അടങ്ങുന്ന ഒരു ഗ്രൂപ്പിനു മാത്രമാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ ഈ യൂണിറ്റ് ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. എങ്കിലും വിവിധ തൊഴിൽ മേഖലകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ഈ പഞ്ചായത്തിലുണ്ട്.

(CRSP) പ്രകാരം 66ഉം ഗ്രാമീണ കൈത്തൊഴിൽ മേഖലയിൽ 5 പേർക്കും ധനസഹായം ലഭിച്ചിട്ടുണ്ട്. ഓരോ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ള അപേക്ഷകളും അതിൻ മേൽ നൽകിയിട്ടുള്ള സഹായങ്ങളും പരിശോധിക്കുകയാണെങ്കിൽ അപേക്ഷകരിൽ നല്ലൊരു ശതമാനത്തിനും സഹായങ്ങൾ ലഭ്യമാകുന്നില്ലെന്ന് മനസ്സിലാക്കാം. ആയതിനാൽ പദ്ധതികളുടെ വ്യാപ്തിയും ധനസഹായ തുകയും വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഒപ്പം പദ്ധതികളുടെ കാര്യക്ഷമത വർദ്ധിക്കേണ്ടതും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

പെൻഷൻ പദ്ധതികൾ

പഞ്ചായത്ത് പ്രദേശത്ത് വിവിധിനം പെൻഷൻ പദ്ധതികളിലായി 425 പേർക്ക് ധനസഹായം ലഭിക്കുന്നു. വിവിധ ധനസഹായ പദ്ധതികൾ പ്രകാരം പെൻഷൻ ലഭിക്കുന്നവരുടെ വിവരം ചുവടെ.

അർഹതപ്പെട്ട നിരവധി അപേക്ഷകർ ഈ പദ്ധതിയിൽ അവശേഷിക്കുന്നു. ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ കൂടുതൽ ലളിതമാക്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്യണം.

പഞ്ചായത്തിൽ ആകെ 13365 തൊഴിൽ രഹിതരുണ്ട്. ഇതിൽ 4131 പേർ പുരുഷന്മാരും 9234 പേർ സ്ത്രീകളുമാണ്. ഇവരുടെ എണ്ണം അനുദിനം വർദ്ധിക്കുകയാണ്. എന്നാൽ ഇവരിൽ തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നത് 319 പേർക്ക് മാത്രമാണ്. അപേക്ഷകരുടേയും വേതനം ലഭിക്കുന്നവരുടേയും 15-11-96 വരെയുള്ള കണക്കുകൾ താഴെ പറയുന്നു.

പഞ്ചായത്തു മേഖലയിൽ ആകെ 22 അംഗൻവാടികൾ പ്രവർത്തിക്കുന്നു. മാതൃശിശു സംരക്ഷണ രംഗത്ത് മെച്ചപ്പെട്ട സേവനം ഇവയിൽ നിന്ന് ലഭ്യമാണ്. എന്നാൽ ഇവ തൃപ്തികരമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഭൗ

പെൻഷൻ	ക്യാൻസർ രോഗം	കുഷ്ഠരോഗ	വികലാംഗർ	വാർദ്ധക്യം	വിധവ/ അഗതി	കർഷകതൊഴിലാളി	മറ്റുള്ളവ
പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം	10	-	2	115	25	195	78

മില്യൻ വെൽ സ്കീം (എം ഡബ്ല്യൂ എസ്.), ജവഹർ റോസ്ഗാർ യോജൻ (ജെ. ആർ. വൈ), ഇന്ദിരാ ആവാസ് യോജന (ഐ. എ. വൈ) എന്നീ പദ്ധതികൾ പ്രകാരം നൂറും (100), കേന്ദ്രാവിഷ്കൃത ഗ്രാമീണ ശുചിത്വ പരിപാടി

തിക സാഹചര്യങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ചു കൊണ്ടു മാത്രമേ ഈ രംഗത്ത് പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുവാൻ സാധിക്കൂ. അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

അപേക്ഷ സ്വീകരിച്ച വർഷം	ആകെ കിട്ടിയ അപേക്ഷകൾ	അനുവദിച്ച അപേക്ഷകൾ	നിരസിച്ച അപേക്ഷകൾ	തീരുമാനമാകാത്തവ	ആകെ
1989	67	41	16	10	67
1990	156	102	45	9	156
1991	120	78	23	19	120
1992	-	-	-	-	-
1993	141	98	38	5	141
1994	69	-	1	68	59
ആകെ	553	319	123	111	553

(അവലംബം: നെടുമങ്ങാട് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ രേഖകൾ)

1 പല ക്ഷേമപദ്ധതികളുടേയും നടപടിക്രമങ്ങൾ ലളിതമല്ല.
2 ക്ഷേമപദ്ധതികളെക്കുറിച്ചും പൊതുജനങ്ങൾക്കുള്ള അറിവില്ലായ്മ
3 സാമൂഹ്യക്ഷേമ മേഖലയിൽ ജനകീയ പങ്കാളിത്തം കുറവ്, ഉദ്യോഗ്ഥ മേധാവിത്വം കൂടുതൽ.
4 ട്രൈസം പദ്ധതിയിലൂടെ മതിയായ പരിശീലനം ലഭിക്കുന്നില്ല.
5 മഹിളാ സമാജങ്ങൾ പ്രവർത്തന ക്ഷമമല്ല.
6 അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങളുടെ അഭാവം.
7 തൊഴിലാളികളുടെ ക്ഷേമനിധി പദ്ധതികളെക്കുറിച്ച് അവർക്കുള്ള അറിവില്ലായ്മ.
8 റേഷൻ കടകൾ പ്രവർത്തനക്ഷമമല്ല. ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്നു.
9 ശബരി ഫ്ളവർ മില്ലിൽ നിന്നും റേഷൻ കടകൾവഴി ലഭിക്കേണ്ട റവ, ആട്ട, മൈദ ഇവ കൃത്യമായും ലഭിക്കുന്നില്ല
10 പഞ്ചായത്ത് പ്രദേശത്ത് മാവേലിസ്റ്റോറുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

ആകെ അംഗനവാടികൾ	ആകെ കുട്ടികൾ (ഗുണഭോക്താക്കൾ)	സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളവ	സ്വന്തമായി ഭൂമിയുള്ളതും കെട്ടിടം ഇല്ലാത്തതും	കളിക്കോപ്പുകൾ ഇല്ലാത്തത്	ആവശ്യത്തിന് ഫർണീച്ചർ ഇല്ലാത്തവ	കക്കൂസ് ഇല്ലാത്തവ	കിണർ ഇല്ലാത്തവ	ചുറ്റുമതിൽ ഇല്ലാത്തവ	വൈദ്യുതി ഇല്ലാത്തവ
22	1726	17	1	4	18	18	18	22	22

റേഷൻ ഡിപ്പോകൾ

പൊതുവിതരണ രംഗത്ത് പഞ്ചായത്തിലാകെ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നു. മറ്റ് സംവിധാനങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് പ്രദേശത്ത് നിലവിലില്ല. പഞ്ചായത്തിലെ പൊതുവിതരണ സംവിധാനം ഒട്ടും തന്നെ തൃപ്തികരമല്ല. ആട്ട, റവ, മൈത തുടങ്ങിയ ഭക്ഷ്യസാധനങ്ങളുടെ വിതരണം റേഷൻ കടകൾവഴി കാര്യക്ഷമമായി നടക്കുന്നില്ല. മാത്രമല്ല റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരിയുടെ ഗുണ നിലവാരം കുറഞ്ഞത് ഈ രംഗത്ത് ആവശ്യക്കാരുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. പഞ്ചായത്തു പ്രദേശത്ത് മാവേലി സ്റ്റോറുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

മഹിളാ സമാജങ്ങൾ

രജിസ്റ്റർ ചെയ്ത് 19 മഹിളാസമാജങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും ഇവയിൽ ഒന്നുംതന്നെവേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. ഇക്കാരണത്താൽ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാനോ വനിതകളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പുവരുത്തുവാനോ സമാജങ്ങൾ മുഖേന സാധിക്കുന്നില്ല. പ്രാദേശിക ഭരണ സംവിധാനങ്ങളിൽ വനിതകൾക്ക് മൂന്നിലൊന്ന് സംവരണം നടപ്പിലാക്കിയിട്ടും ഈ രംഗത്ത് കാര്യമായ പ്രവർത്തനം നടന്നിട്ടില്ലായെന്നത് ഖേദകരമാണ്.

പ്രശ്നങ്ങൾ

സാധ്യതകളും നിർദ്ദേശങ്ങളും

1 ക്ഷേമപദ്ധതികളുടെ നടപടി ക്രമങ്ങൾ ലളിതമാക്കുക.
2 ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
3 സാമൂഹ്യക്ഷേമ മേഖലയിൽ ജനങ്കാളിത്തം ഉറപ്പാക്കുക.
4 ക്ഷേമപദ്ധതികളിലൂടെ സഹായങ്ങൾക്ക് കാലതാമസം ഒഴിവാക്കുക. വിവിധയിനം പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം വിതരണം ചെയ്യുക.
5 ട്രൈസം പദ്ധതിയിലൂടെയുള്ള പരിശീലനം കാര്യക്ഷമമാക്കുക.
6 DWCRA പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ മഹിളാ സമാജങ്ങൾ വഴി ലഭ്യമാക്കുക
7 അംഗൻവാടികളിൽ എല്ലാ ഭൗതിക സൗകര്യങ്ങളും

ലഭ്യമാക്കുക.

8 മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

9 ദാരിദ്ര്യ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായ പദ്ധതി ആവിഷ്ക്കരിക്കുക.

10 കച്ചവട സ്ഥാപനങ്ങളിലെ വിപണന സാധനങ്ങളുടെ ഗുണനിവാരവും അളവും തൂക്കവും യഥാസമയം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളും പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക.

11 ശബരി ഫ്ളവർ മില്ലിൽ നിന്നുള്ള റവ, മൈദ, ആട്ട എന്നിവയുടെ റേഷൻകടകളിലൂടെയുള്ള വിതരണം ഉറപ്പുവരുത്തുക.

12 പഞ്ചായത്ത് പ്രദേശത്ത് ഒരു പൊതുശ്മശാനം ഉണ്ടാക്കുക.

13 പഞ്ചായത്ത് പ്രദേശത്ത് മാവേലി സ്റ്റോർ ആരംഭിക്കുക.

14 ഈട്ടിമൂട്, കാഞ്ഞിരംപാറ വാർഡുകളിൽ റേഷൻ ഡിപ്പോകൾ ആരംഭിക്കുക.

15 കാഞ്ഞിരംപാറ, ആനാകുടി വാർഡുകളിൽ ഓരോ അംഗവൻവാടികൾ സ്ഥാപിക്കുക.

16 മേലാറ്റുമൂഴി വാർഡിലെ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുക.

17 ലക്ഷംവീട് കോളനികളിൽ പൊതുകക്കൂസ് സ്ഥാപിക്കുക.

ഗ്രാമസഭകളിലെ മറ്റാവശ്യങ്ങൾ										
വാർഡ്	1	2	3	4	5	6	7	8	9	10
കിണർ	275	300	300	300	300	250	300	300	250	350
കക്കൂസ്	30	75	15	75	125	50	50	150	100	150

11. സംസ്കാരം

തിരുവനന്തപുരം ജില്ലയിൽ ഉന്നതമായ സാംസ്ക്കാരിക പാരമ്പര്യം പുലർത്തിയിരുന്ന ഒരു പഞ്ചായത്താണ് വാമനപുരം. കലാ സാംസ്ക്കാരിക സാമൂഹിക പ്രവർത്തനങ്ങളിൽ ശോഭനമായൊരു പാരമ്പര്യം ഈ പ്രദേശത്തിന് അവകാശപ്പെടാനുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പുതന്നെ ഇവിടെ പ്രവർത്തിച്ചു തുടങ്ങിയ ഗ്രന്ഥശാലകളും വായനശാലകളും ഇതിനു മകുടോദാഹരണങ്ങളാണ്. 'വാമനപുരം' എന്ന പേരുമായി ബന്ധപ്പെട്ട ഐതീഹ്യങ്ങൾ ധാരാളമുണ്ട്. പഞ്ചവൻകാട് കഥകളിലും പുരാണങ്ങളിലും വരെ പരാമർശിക്കപ്പെടുന്ന പേരായതിനാൽ ഈ പ്രദേശത്തിന്റെറ പഴക്കവും സാംസ്ക്കാരിക പൈതൃകവും നമുക്ക് ഊഹിക്കാവുന്നതാണ്. അത്രയും സമ്പന്നമായ ഒരു സാംസ്ക്കാരിക അടിത്തറ നമ്മുടെ ഗ്രാമത്തിന് ഉണ്ടെന്നത് അഭിമാനാർഹമായ ഒരു സംഗതിയാണ്.

മതപരമായി സൗഹാർദ്ദം കാത്തുസൂക്ഷിക്കുന്നതിന് എക്കാലവും ശ്രദ്ധിച്ചിട്ടുള്ള ഒരു പ്രദേമാണിത്. ഹിന്ദുക്കൾ ഏറെക്കൂടുതലുള്ള ഈ പഞ്ചായത്തിൽ മുസ്ലീം സഹോദരങ്ങളും ക്രിസ്ത്യാനികളും ഒത്തൊരുമയോടെ ജീവിക്കുന്നു. ഹിന്ദുക്കളുടെ പ്രധാനപ്പെട്ട ആരാധനാലനയമായ ആനാകുടി തിരുവാമന ക്ഷേത്രം ചരിത്ര പ്രാധാന്യമുള്ള ഒന്നാണ്. കേരളത്തിലെ മൂന്ന് വാമന മൂർത്തികളിൽ ഏറ്റവും വിശേഷപ്പെട്ടതും പ്രധാന്യമുള്ളതുമാണ് തിരുവാമനപുരം. തിരുവാമന പ്രതിഷ്ഠയുള്ളതിനാലാണ് ഈ പ്രദേശത്തിന് വാമനപുരം എന്ന പേരു വരാൻ കാരണമായതെന്ന് ശക്തമായ വാദം നിലനിൽക്കുന്നുണ്ട്. 500 കൊല്ലത്തിലധികം പഴക്കുമുള്ള മേലാറ്റുമൂഴി ശാസ്താ ക്ഷേത്രം വാസ്തുശിൽപ്പ ഭംഗിയിൽ ഈ പ്രദേശത്ത് പേരുകേട്ടതാണ്. വാഴ്വേലിക്കോണം ക്ഷേത്രം, കുറ്റൂർ ശ്രീധർമ്മ ശാസ്താക്ഷേത്രം, ആനാകുടി നെടുമ്പറമ്പ് ക്ഷേത്രം, കുറ്ററ മുസ്ലീം പള്ളി, ആനച്ചൽ മുസ്ലീം പള്ളി, മീതൂർ വാർഡിലെ രണ്ട് മുസ്ലീം പള്ളികൾ, കണിച്ചോട് കുരിശടിയിലെ ക്രിസ്ത്യൻപള്ളി, മിതൂർ ക്രിസ്ത്യൻപള്ളി, കോലിഞ്ചി,, സി. എസ്. ഐ., പെന്തിക്കോസ്റ്റ് പള്ളികൾ, പൂവത്തൂർ, ചാരുപാറ ക്രിസ്ത്യൻ പള്ളികൾ എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങൾ. ഇതുകൂടാതെ വിവിധ വാർഡുകളിലായി ചെറുതും വലുതുമായ മറ്റനേകം ആരധനാലയങ്ങളും ഇവിടെയുണ്ട്. ഓണവും പെരുനാളും ദീപാവലിയും ക്രിസ്തുമസും

സമസ്ത ജനവിഭാഗങ്ങളും ആഘോഷിക്കുന്നുവെന്നതാണ് ഇവിടുത്തെ എടുത്തു പറയത്തക്ക പ്രത്യേകത. കൂടാതെ മതപരമായ ആഘോഷങ്ങളിലും ഉത്സവങ്ങളിലും ഇതര മത വിഭാഗക്കാരെ കൂടി പങ്കെടുപ്പിക്കുന്നു എന്നതും വളരെ ഉൽകൃഷ്ടമായ ഒരു സംഗതിയാണ്.

കേരളത്തിൽ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്ന കാലത്ത് ഈ പ്രദേശത്തും അതിന്റെ അലകൾ ഉണ്ടായിരുന്നു. എന്നാൽ സ്വാതന്ത്ര്യ ലബ്ധിക്കു വളരെ മുമ്പു തന്നെ ഭൂരിഭാഗം പ്രദേശങ്ങളിൽ നിന്നും ഇത്തരത്തിലുള്ള ജാതീയമായ വിവേചനം മാറിയിരുന്നു. വിവാഹം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയവ പൊതു ചടങ്ങുകളായി കാണാൻ ഈ പ്രദേശത്തെ ജനങ്ങൾ തയ്യാറായിരുന്നതായി കാണാം.

ഗ്രന്ഥശാലകളുടെയും കലാസാംസ്ക്കാരിക സംഘടനകളുടേയും പ്രവർത്തനം ഈ പ്രദേശത്തെ സാംസ്ക്കാരിക വളർച്ചയേയും അനൗപചാരിക വിദ്യാഭ്യാസ പ്രചാരണത്തേയും ഏറെ സഹായിച്ചിട്ടുണ്ട്. 1939ൽ വാമനപുരത്ത് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച സരസ്വതിവിലാസം ഗ്രന്ഥശാല പിന്നീട് മഹാത്മാഗാന്ധി സ്മാരക ഗ്രന്ഥശാലയായി പുനർ നാമകരണം ചെയ്തു. സമീപത്തെ ഇപ്പോഴുള്ള വികസിത പ്രദേശങ്ങളായ വെഞ്ഞാറമൂട്, കിളിമാനൂർ, തുടങ്ങിയ ഭാഗങ്ങളിൽ നിന്നുവരെ അംഗങ്ങൾ സ്ഥിരമായി പുസ്തക പാരായണം നടത്തിപോന്നിട്ടുള്ള ഈ ഗ്രന്ഥശാല പിൽക്കാലത്ത് വാമനപുരം പഞ്ചായത്തിന് കൈമാറി. ക്കുറിച്ച് പഠിക്കുന്ന ചരിത്ര വിദ്യാർത്ഥിക്ക് ഒഴിച്ചുകൂടാൻ കഴിയാത്ത ഒന്നാണ് ഈ ഗ്രന്ഥശാലയുടെ ചരിത്രം. സ്വന്തമായി സ്ഥലവും കെടിടവുമുള്ള പ്രസ്തുത സംരംഭം ഈ നാട്ടിലെ ജനങ്ങളുടെ കൂട്ടായ്മയുടെ പ്രത്യക്ഷ ഉദാഹരണമാണ്. 1948ൽ മേലാറ്റുമൂഴിയിൽ സ്ഥാപിച്ച ഗ്രാമീണ ഗ്രന്ഥശാല, തുടർന്ന് സ്ഥാപിതമായ കാഞ്ഞിരംപാറ, കളമച്ചൽ, ഇരുളൂർ ഗ്രന്ഥശാലകൾ എന്നിവ പുതിയ തലമുറയുടെ വായനശീലം വളർത്താനും സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് സജ്ജീവനേതൃത്വം നൽകാനും സഹായിച്ചിട്ടുണ്ട്. ഈ പ്രസ്ഥാനങ്ങളെല്ലാം തന്നെ അതാതു പ്രദേശങ്ങളിലെ പ്രധാന സാംസ്ക്കാരിക നിലയങ്ങളായും സാംസ്ക്കാരിക സ്ഥാപനങ്ങളായും നിലനിൽക്കുന്നു.

പഞ്ചായത്തിന്റെ നിയന്ത്രണത്തിലായതോടെ വാമനപുരം മഹാത്മാഗാന്ധി ഗ്രന്ഥശാലയുടെ പ്രവർത്തനം നാമമാത്രമായി ചുരുങ്ങി. മാറിമാറി വരുന്ന പഞ്ചായത്തു കമ്മിറ്റികൾ ഈ സ്ഥാപനത്തോടു കാട്ടിയ ചിറ്റമ്മ നയംമൂലം ഒരു പ്രദേശത്തെ വികസനത്തേയും വിദ്യാഭ്യാസ സാംസ്ക്കാരിക പ്രവർത്തനങ്ങളേയും നിയന്ത്രിച്ചിരുന്ന മഹത് സ്ഥാപനം സ്തംഭനാവസ്ഥയിലായി. എന്നാൽ കളമച്ചൽ നേതാജി സ്മാരക ഗ്രന്ഥശാല, മേലാറ്റുമൂഴി ഗ്രാമീണ ഗ്രന്ഥശാല, കാഞ്ഞിരംപാറ ജവഹർ ഗ്രന്ഥശാല, എന്നിവയുടെ പ്രവർത്തനം ആശാവഹവും അഭിമാനാർഹവുമാണ്. പഞ്ചായത്തിലെ വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും വിവരണം പട്ടികയിൽ കൊടുക്കുന്നു.

ഗ്രന്ഥശാലയുടെ പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	ആനുകാലികങ്ങളുടെ എണ്ണം	ഗ്രാന്റ്	വായനക്കാരുടെ എണ്ണം (ശതമാനം)	കെട്ടിടത്തിന്റെ സ്ഥിതി	ടി.വി/ റേഡിയോ	റിമാർക്ക്
നേതാജി കളമച്ചൽ	1956	D	4150	1400	8	5600	10-12	ടെറസ്	ഉണ്ട്	വായനശാല
മഹാത്മാഗാന്ധി വാമനപുരം	1939		6316	208	8		10-14	ജീർണിച്ചത്	ഇല്ല	വായനശാല
ഗ്രാമീണ ഗ്രന്ഥശാല, മേലാറ്റുമൂഴി	1948	C	4200	624	13	9000	12-15	ജീർണിച്ചത്	-	വായനശാല
ജവഹർ കാഞ്ഞിരംപാറ	1949	C	4015	826	7	9000	14-18	ടെറസ്	ടി.വി	വായനശാല
ലളിതകലാ സമിതി ഊന്നംപാറ		E	1146	223	5	3600	10-12	വാടക സ്വന്തമായി ഭൂമി ഉണ്ട്		വായനശാല
സ്വദേശാഭിമാനി ഇരുളൂർ	1989	F	1200	185	3	3600	10-15	വാടക ഭൂമി ഇല്ല		വായനശാല

തിരുവനന്തപുരം ജില്ലയിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തെ ലൈബ്രറികളിലെ പുസ്തകങ്ങളുടെ ഗുണനിലവാ

ഏറെ വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. പക്ഷെ പുസ്തകങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം അവയുടെ എണ്ണത്തെ സാരമായി ബാധിച്ചുവെച്ച് കാണാം. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഗ്രന്ഥശാലാ പ്രവർത്തകരുടെ അക്ഷീണ പരിശ്രമത്തിന്റെ ഫലമായി വായനാശീലം ജനങ്ങളിൽ സാർവ്വത്രികമായി കണ്ടുതുടങ്ങിയിട്ടുണ്ട്. സ്ത്രീകളിലും കുട്ടികളിലും വായനാശീലം കാണാമെങ്കിലും ശരിയായ ദിശയിലേക്ക് അല്ലെന്നുള്ളതും ഒരു ദു:ഖസത്യമാണ്. സ്ത്രീകൾ പൈങ്കിളി പ്രസിദ്ധീകരണങ്ങളിലും കുട്ടികൾ കോമിക്സിലും കുരുങ്ങിക്കിടക്കുന്ന ചിത്രമാണ് നമ്മുടെ നാട്ടിൻ പുറങ്ങളിൽ കാണാൻ കഴിയുന്നത്. മംഗളം, മനോരമ എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടതൽ പ്രചാരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ. മാതൃഭൂമി, ദേശാഭിമാനി, കേരള കൗമുദി, മലയാള മനോരമ തുടങ്ങിയ ദിനപ്പത്രങ്ങളാണ് പ്രചുര പ്രചാരം നേടിയിട്ടുള്ളത്. അങ്ങിങ്ങായി ചില സാംസ്ക്കാരിക സംഘടനകൾ കൈയ്യെഴുത്തു മാസികകൾ എഴുതി തയ്യാറാക്കാറുണ്ടെങ്കിലും അവയുടെ പ്രചാരം വളരെ ക്കുറവാണ്. ഇവിടുത്തെ ജനങ്ങളുടെ വായനാശീലം ചൂണ്ടിക്കാണിക്കുന്ന ഒരു പട്ടിക ചുവടെ ചേർക്കുന്നു.

	ഗ്രന്ഥശാലയിൽ അംഗത്വമുള്ളവർ			ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ സ്വാധീനം		സ്ഥിരമായി വരുത്തുന്ന		
ആകെ ജനസംഖ്യ	സ്ത്രീ	പുരു.	കുട്ടികൾ	ടിവി സ്ഥിരം കാണുന്നവർ	റേഡിയോ സ്ഥിരം കേൾക്കുന്നവർ	പത്രങ്ങൾ	വാരികകൾ	നവസാക്ഷര
20114 (1991ലെ കണക്ക്)	450	2866	150	3500	3480	മാതൃഭൂമി-96 മനോരമ-152 കേരളകൗമുദി-113 ദേശാഭിമാനി-60 മംഗളം-5 മാധ്യമം-16 ഇന്ത്യൻ എക്സ്പ്രസ്-10	മംഗളം-435 മനോരമ 280 കലാകൗമുദി-75 മാതൃഭൂമി-75 മറ്റുള്ളവ-75	409

വളരെ വർഷങ്ങൾക്ക് മുമ്പു തന്നെ നെടുമങ്ങാട് താലൂക്കിൽ പ്രസിദ്ധമായിരുന്ന ഒരു കലാസമിതിയാണ് പി. എസ്. കെ. എസ്. എന്ന പേരിൽ അറിയപ്പെട്ട വാമനപുരത്തെ പുരോഗമന കലാ സാഹിത്യ സമിതി. സ്വാതന്ത്ര്യ ലബ്ധിയോടുകൂടി പുരോഗമന ചിന്താഗതിക്കാരായ ചെറുപ്പക്കാർ ചേർന്നുണ്ടാക്കിയ ഈ സമിതി മുപ്പതോളം വർഷക്കാലം ഇവിടെ പ്രവർത്തിച്ചിരുന്നു. നാടകാവതരണത്തിൽ മികവ് പുലർത്തിയിരുന്ന ഈ സമിതി പലയിടങ്ങളിലും നാടകങ്ങളും മറ്റ് കലാരൂപങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. യശ:ശരീരനായ നാടക നടൻ വാമനപുരം രവികുമാർ (കലാനിലയം) ഈ സംഘടനയുടെ സംഭാവനയാണ്.

കലാസാംസ്ക്കാരിക രംഗത്ത് പഞ്ചായത്തിലെ ഇതര ഭാഗങ്ങളും ഒട്ടും പിന്നിലായിരുന്നില്ല. കൂട്ടത്തിൽ പേരെടുത്തു പറയേണ്ട ഒന്നാണ് കാഞ്ഞിരംപാറ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുപോന്ന ഗ്രാമീണകലാസമിതി. പ്രശസ്തമായ രീതിയിൽ പലരേയും സിനിമാ നാടക രംഗങ്ങളിൽ പ്രാപ്തരാക്കിയ പാരമ്പര്യം ഈ സമിതിക്കുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചുപോന്ന കലാകാരനായിരുന്നു ശ്രീ. എം .ആർ. നീലകണ്ഠൻകുട്ടി ഭാഗവതർ. 30 വർഷങ്ങൾക്ക് മുമ്പ് സാഹിത്യ നാടക അക്കാദമിയുടെ ഗ്രാന്റ് നേടിയ ഈ സ്ഥാപനം ഇന്ന് പ്രവർത്തനം നിലച്ചുപോയ ഒന്നാണ്.

ഈ രംഗത്ത് ഒരുകാലത്ത് പേരും പെരുമയും പുലർത്തിപ്പോന്ന മറ്റൊരു സാംസ്ക്കാരിക നിലയമായിരുന്നു കളമച്ചൽ ജനകീയ കലാസമിതി. മൺമറഞ്ഞുപോയ ശ്രീ. പച്ചിക്കോണത്ത് വാസുദേവൻ ആയിരുന്നു ഇതിന്റെ ജീവനാടി. നാടകാവതരണത്തിനു പുറമേ നാടൻ കലാരൂപമായ വിൽപ്പാട്ട് ഈ സമിതിയുടെ പരിശ്രമത്താൽ പരിപോഷിപ്പിച്ചു പോന്നു. വാമനപുരം സത്രം നടയിൽ അവതരിപ്പിച്ച വിൽപ്പാട്ടിന് ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് നൽകിയ 'കറവറ്റപശു' എന്ന പുസ്തകം ഇന്നും കളമച്ചൽ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിരിക്കുന്നു. കൂടാതെ വാമനപുരം ഗ്രന്ഥശാലാ കെട്ടിടം ഉൽഘാടന സമയത്ത് 14 സമിതികൾ അവതരിപ്പിച്ച നാടകങ്ങളിൽ ഒന്നാം സ്ഥാനം നേടിയതും ഈ സമിതിയത്രെ. കാലക്രമത്തിൽ ഈ സമിതിയുടെ പ്രവർത്തനം നിലച്ചുപോയി.

കഥകളി പരിപോഷിപ്പിച്ചുപോന്ന പാരമ്പര്യമാണ് തൂങ്ങയിൽ വാർഡിനു പറയാനുള്ളത്. മങ്കുണ്ടയത്ത് പരമേശ്വരക്കുറുപ്പായിരുന്നു ഇതിന്റെ പിന്നിൽ. ഒരുകാലത്ത് കാക്കാരിശ്ശിക്കും ഇവിടെ നല്ലപ്രചാരം ലഭിച്ചുപോന്നിരുന്നു.

ആനച്ചൽ കൈരളി ആർട്സ് ക്ലബ്ബിനും കദനകഥയിൽ അവസാനിക്കുന്ന സാംസ്ക്കാരിക ചരിത്രമാണ് വിവരിക്കാനുള്ളത്. കഥാവിൽമേള എന്ന പേരിൽ ഈ സമിതി അവതരിപ്പിച്ചു വന്നിരുന്ന വിൽപ്പാട്ട് ഒരുകാലത്ത് ജില്ലയിലാകെ നല്ല പ്രചാരം ലഭിച്ചു. എന്നാൽ ഇന്ന് പേരുകൊണ്ടു മാത്രം നിലനിൽക്കുന്ന ഒരു കലാസമിതിയാണ് ഇത്.

ആനച്ചൽ പ്രദേശത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച ആളായിരുന്നു പണ്ഡിതനും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന ദിവംഗതനായ ശ്രീ. വിദ്വാൻ കേശവൻ ബി. എ., ആനച്ചൽ യു. പി. എസ്സിന്റെ ചരിത്രവും ഇദ്ദേഹവുമായുള്ള ബന്ധം അഭേദ്യമാണെന്നതിലുപരി സാഹിത്യ ലോകത്തിനും ഇദ്ദേഹം തന്റേതായ സംഭവനകൾ നൽകിപ്പോന്നു.

1970 കാലഘട്ടങ്ങളിൽ ഈ പഞ്ചായത്തുകാരായ ശ്രീമതി. സി. എസ്. വസന്തകുമാരിയും രാജം സിസ്റ്റേഴ്സ് എന്നറിപ്പെട്ടിരുന്ന രാജം സഹോദരിമാരും കഥാപ്രസംഗ രംഗത്ത് അറിയപ്പെടുന്നവരായിരുന്നു. നടക നടിയായ ശ്രീ. കലാനിലയം ഓമന, ജന്മംകൊണ്ട് ഈ പഞ്ചായത്തുകാരിയല്ലെങ്കിലും കർമ്മംകൊണ്ട് ഈ ഗ്രാമത്തിലുള്ളതാണ്. ചുരുങ്ങിയ തോതിലെങ്കിലും പത്രപ്രവർത്തനം നടത്തുന്ന 'വിജയപ്രകാശ്' പത്രാധിപർ പരമേശ്വരൻ ഈ നാട്ടുകാരനാണ്. തെക്കൻകാറ്റിന്റെ പത്രാധിപരായിരുന്ന വി. സഹദേവന്റെ കർമ്മ രംഗവും വാമനപുരത്തായിരുന്നു. കാർട്ടൂൺ രംഗത്ത് ഉയർന്നുവരുന്ന വാമനപുരം മണി പ്രതീക്ഷയ്ക്ക് വക നൽകുന്നു.

1984ൽ രജിസ്റ്റർ ചെയ്ത് വാമനപുരത്ത് പ്രവർത്ത

പേര്	സ്ഥാപന വർഷം	അംഗങ്ങളുടെ എണ്ണം	സംഗീത നാടക അക്കാദമി/ സ്പോർട്സ് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ?	സ്വന്തമായി കെട്ടിടം ഉണ്ടോ?	റേഡിയോ/ ടിവി ഉണ്ടോ?	മുഖ്യ പ്രവർത്തനങ്ങൾ
ആനച്ചൽ കൈരളി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്			ഉണ്ട്	പൂർത്തിയായില്ല	റേഡിയോ	പ്രവർത്തനമില്ല
സംസ്കാര-തുങ്ങയിൽ			ഉണ്ട്	സ്ഥലമുണ്ട് കെട്ടിടമില്ല	ഇല്ല	സാംസ്കാരിക രംഗം
കൂന്നത്തോട് കലാലയ			ഉണ്ട്	ഉണ്ട്	ഇല്ല	,,
സായാഹ്ന കലാസമിതി മീതൂർ	1089	32	ഉണ്ട്	ഇല്ല	ഇല്ല	,,
പവിത്ര ആർട്സ് & സ്പോർട്സ് പഴയചന്ത			ഉണ്ട്	ഇല്ല	ടിവി	,,

ഹരികഥയുടെ ഈറ്റില്ലവും ഒരു പക്ഷേ കഥാപ്രസംഗത്തിന്റെ തുടക്കവും വാമനപുരത്തായിരുന്നുവെന്നാണ് പഴമക്കാർ പറയുന്നത്. അന്തരിച്ച വാമനപുരം അനന്തകൃഷ്ണൻ ഭാഗതവരാണ് ഹരികഥാ പ്രസ്ഥാനത്തിൽ തുടങ്ങി കഥാപ്രസംഗം നാടുനീളെ അവതരിപ്പിച്ചിരുന്നത്. തിരുവിതാംകൂർ ദേവസത്തിന്റെ ആസ്ഥാന ഹരികഥാകാരൻകൂടിയായിരുന്നു പ്രശസ്തനായ അനന്തകൃഷ്ണൻ ഭാഗവതർ. മുമ്പ് ഈ പഞ്ചായത്തിൽ മൂന്നിലേറെ കഥകളി ആസ്വാദനസംഘങ്ങൾ പ്രവർത്തിച്ചിരുന്നു. തോറ്റംപാട്ടിനും ഈ പ്രദേശം പ്രസിദ്ധമായിരുന്നു. വാമനപുരം പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ മൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിരുന്ന കരകൗശല വിദഗ്ധരായ വേളാർ സമുദായാംഗങ്ങൾ തിങ്ങിപ്പാർത്തിരുന്നു.

നം ആരംഭിച്ച സാംസ്ക്കാരിക സമിതി നൂനതനവും പുരോഗമനപരവുമായ ധാരാളം പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. വെഞ്ഞാറമൂടിനടുത്തുള്ള ആലുംത്തറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കേരളത്തിലെ പ്രശസ്തമായ കുട്ടികളുടെ നാടക വേദി ഉദയം ചെയ്തതും പ്രവർത്തനം ആരംഭിച്ചതും വാമനപുരത്തായിരുന്നു. ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാലാകാലങ്ങളിൽ കല - കായിക - സാംസ്ക്കാരിക സമിതികൾ ഉദയം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ദീർകാലം നിലനിന്നതായി കാണുന്നില്ല. സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ കീഴിൽ സ്ഥാപിതാമായ വില്ലേജ് യൂത്തുക്ലാബ്ബിന്റെ കാര്യവും വ്യത്യസ്തമല്ല. സാംസ്ക്കാരിക പ്രസ്ഥാനങ്ങളുടെ കാര്യത്തിൽ ആരംഭശൂരത്വം ഈ ഗ്രാമത്തിന്റെ

ഒരു പ്രത്യേകതയായി അന്തിമ വിശകലനത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ തള്ളിക്കയറ്റം സാംസ്ക്കാരിക രംഗത്ത് സമ്മിശ്ര പ്രതിഫലനങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. കായികരംഗത്ത് പ്രത്യേകിച്ചും ക്രിക്കറ്റ് തുടങ്ങിയ കളികളിൽ യുവതീ യുവാക്കൾ ആകൃഷ്ടരാകാൻ മുഖ്യകാരണം ടെലിവിഷന്റെ സ്വാധീനം ഒന്നുമാത്രമാണ്. എന്നാൽ ടി. വി. സാധാരണ ജനങ്ങളിലെ വായനാശീലത്തേയും കർമ്മോത്സഹതയേയും പ്രതികൂലമായി ബാധിക്കുന്നതായാണ് സർവ്വേ ഫലങ്ങൾ വ്യക്തമാക്കുന്നത്. പഞ്ചായത്തിലെ 18% ഓളം വീടുകളിൽ ടി. വി. ഉള്ളതായിട്ടാണ് കണക്കാക്കുന്നത്. കൂടാതെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ടി. വി. നിരീക്ഷിക്കുന്നവരുടെ എണ്ണവും വളരെ വലുതാണ്. ഈ പഞ്ചായത്തിൽ ഒരു കേബിൾ ടി. വി.യുടെ ഏജൻസി പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആസ്ഥാനമായ വാമനപുരത്താണ് ഏക സിനിമാശാല പ്രവർത്തിക്കുന്നത്.

ഈ പഞ്ചായത്തിൽ നിലവിലുള്ള സമിതികളെല്ലാം കലാകായിക സംഘടനകളാണ്. അതുകൊണ്ട് തന്നെ നമ്മുടെ കായിക സംസ്ക്കാരം ഈ സംഘടനകളുടെ പ്രവർത്തനവുമായി അഭേദ്യബന്ധമായി ബന്ധപ്പെട്ടിരിക്കുന്നു. മിക്ക സംഘടനകളും വാർഷികാഘോഷങ്ങളോട് അനുബന്ധിച്ച് കായിക മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഓട്ടം, ലോംഗ് ജമ്പ്, ഹൈജംമ്പ്, ഷോട്ട്പുട്ട് തുടങ്ങിയ കായികമത്സരങ്ങളും ഗയിംസ് വിഭാഗത്തിൽ വോളിബോൾ, ഷട്ടിൽ ബാറ്റ് മിന്റൻ എന്നിവയിലും കലാകായിക സമിതികൾ അങ്ങിങ്ങായി പരിശീലനം നൽകിവരുന്നു. പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന യുവജനമേള, കേരളോത്സവം തുടങ്ങിയ പരിപാടികൾ വെറും ചടങ്ങായി അവശേഷിക്കുന്നു. അസംഘടിതരായ ചെറുപ്പക്കാർ ക്രിക്കറ്റ് മത്സരങ്ങൾ നടത്തുന്നതും, മാനസികോല്ലാസത്തിന് വേണ്ടി പ്രത്യേക ബാനറില്ലാതെ അവ കളിക്കുന്നതും ഏതാണ്ട് സ്ഥിരമായ ഒരു കാഴ്ചയാണ്. കായികരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം തുലോം കുറവാണ്.

ഓണക്കാലത്ത് നടക്കുന്ന നാടൻ പന്തുകളി, മുളയിൽ കയറ്റം, ഉറയടി തുടങ്ങിയവയാണ് നമ്മുടെ നാട്ടിൽ കാണുന്ന പ്രധാന നാടൻ വിനോദങ്ങൾ. എന്നാൽ ഇവയെല്ലാം ഇപ്പോൾ ഓണക്കാലത്തു മാത്രമായി ചുരുങ്ങിയിരിക്കുന്നു. ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള സമരപ്പാച്ചിലിൽ മറ്റെല്ലാം മറക്കുകയോ മറന്നതായി ഭാവിക്കുകയോ ചെയ്യേണ്ടതാണ് ഇതിനെല്ലാം കാരണം എന്നത് യാഥാർത്ഥ്യമാണ്.

പ്രശ്നങ്ങൾ

1 വാമനപുരം പഞ്ചായത്ത് വക മഹാത്മഗാന്ധി ഗ്രന്ഥശാല കെട്ടിടം ജീർണ്ണാവസ്ഥയിലാണ്.

2 ഊന്നംപാറ ലളിത കലാസമിതി, ഇരുളൂർ സ്വദേശാഭിമാനി ഗ്രന്ഥശാല എന്നിവയ്ക്ക് കെട്ടിടങ്ങളില്ല.

3 ആനുകാലികങ്ങളുടേയും വർത്തമാന പത്രങ്ങളുടേയും വർദ്ധിച്ചുവരുന്ന വില വായനശാലകൾക്ക് താങ്ങുവാൻ കഴിയുന്നില്ല.

4 വിവാഹ ചടങ്ങുകളുടേയും മരണാനന്തര ചടങ്ങുകളുടേയും ആർഭാടവും ധൂർത്തും അടിക്കടി വർദ്ധിച്ചുവരുന്നു.

5 പഞ്ചായത്തിന് പൊതുവായി ഒരു മിനിസ്റ്റേഡിമോ ഓപ്പൺ എയർ സ്റ്റേഡിയമോ പോലും ഇല്ലാത്ത അവസ്ഥ.

6 സ്കൂളുകളിൽ കായിക വിനോദത്തിന് സ്ഥലസകര്യമോ ഗ്രൗണ്ടോ ഇല്ലാത്ത അവസ്ഥ. കായിക അദ്ധ്യാപകന്മാർ ഉള്ള സ്കൂളുകൾ പഞ്ചായത്തിൽ വിരളമായി മാത്രമേ ഉള്ളു.

7 ഹരികഥ, തോറ്റം പാട്ട്, വില്ലടിച്ചാൻപാട്ട് എന്നീ നാടൻ കലകൾ നാശം നേരിടുന്നു.

8 സാംസ്ക്കാരിക പ്രവർത്തനങ്ങളിലും കലാ പ്രവർത്തനങ്ങളിലും മുന്നിട്ടിറങ്ങാൻ സ്ത്രീകൾ വൈമുഖ്യം കാണിക്കുന്നു.

9 കലാ – കായിക പരിപാടികൾ അവതരിപ്പിക്കുന്നതിന് കലാസമിതികൾ നേരിടുന്ന അധിക സാമ്പത്തിക ബാധ്യത.

10 കേബിൾ നെറ്റ് വർക്കുകൾ വഴി നിയന്ത്രണമില്ലാതെ സംപ്രേക്ഷണം ചെയ്യുന്ന മൂല്യച്യുതി സംഭവിച്ച ചിത്രങ്ങളും പരസ്യങ്ങളും ദൂരദർശന്റെ കലാമൂല്യമില്ലാത്ത സീരിയലുകളും യുവതലമുറയുടെ മനസ്സിനെ വിഷലിപ്തമാക്കുന്നു.

സാധ്യതകൾ (നിർദ്ദേശങ്ങൾ)

1 വാമനപുരം മഹാത്മാഗാന്ധി സ്മാരക ഗ്രന്ഥശാലയുടെ ജീർണ്ണിച്ച കെട്ടിടം അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തുകയും ഗ്രന്ഥങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

2 കെട്ടിടങ്ങൾ ഇല്ലാത്ത ഇതര വായനാശാലകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഗ്രാൻറ് അനുവദിക്കുക. മെയിൻറനൻസ് ആവശ്യമായവയ്ക്ക് അതിനുള്ള ഗ്രാൻറ് അനുവദിക്കുക.

3 വിലപിടിപ്പുള്ളതും പഴയതുമായ ഗ്രന്ഥങ്ങളെ ബയൻറ് ചെയ്യിപ്പിച്ചു സൂക്ഷിക്കുന്നതിനു സംവിധാനം ഉണ്ടാക്കുക.

4 ടി. വി.കൾ വായനശാലാ ഹാളുകളിൽ നിന്നും മാറ്റി പ്രത്യേകം ഇടങ്ങളിൽ സ്ഥാപിക്കുകവഴി സ്വച്ഛവും സ്വസ്ഥവുമായ വായനയെ പ്രോത്സാഹിപ്പിക്കാം.

5 പതിനൊന്നിന പരിപാടിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നതും എന്നാൽ ഇതുവരെ തുടങ്ങിവെക്കാൻപോലും കഴിയാത്തതുമായ ഓപ്പൺ എയർ ആഡിറ്റോറിയവും മിനി സ്റ്റേഡിയവും വായനശാലകൾക്കും പഞ്ചായത്തുവക ഭൂമിയിൽ വാമനപുരത്ത് സ്ഥാപിക്കുക.

6 കലാ കായിക സമിതികൾക്കും വായനശാലകൾക്കും സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം നൽകുക.

7 പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുന്ന കേരളോത്സവങ്ങൾ ചടങ്ങിന് കാട്ടിക്കൂട്ടുന്ന സമ്പ്രദായം അവസാനിപ്പിച്ച് അവ വൈവിദ്ധ്യവും ആകർഷിണയവുമായ പരിപാടികൾ ഉൾക്കൊള്ളിച്ച് ഗ്രാമോത്സാവങ്ങളായി മാറ്റുക.

8 പഞ്ചായത്തടിസ്ഥാനത്തിൽ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ ഉണ്ടാക്കുക.

9 നല്ല സിനിമകൾ ജനമദ്ധ്യത്തിൽ എത്തിക്കുന്നതിനും പ്രചാരം ലഭിക്കുന്നതിനുംവേണ്ടി ഫിലിം സൊസൈറ്റികൾ രൂപീകരിക്കുക.

10 മാതൃകാപരവും ഊർജ്ജസ്വലവുമായി പ്രവർത്തിക്കുന്ന കലാസമിതികൾക്ക് ഗ്രാൻറുകൾ ഏർപ്പെടുത്തി പ്രോത്സാഹിപ്പിക്കുക.

11 മേലാറ്റുമൂഴിയിലും കളമച്ചൽ ചിറക്കോണത്തുമുള്ള ചിറകൾ നവീകരിച്ച് നീന്തൽ കുളമാക്കി മാറ്റുക.

12 വായനശാലകൾക്ക് സൗജന്യമായി വൈദ്യുതി നൽകുക, വൈദ്യുതീകരിക്കാത്ത വായനശാലകൾക്ക് അതിനുള്ള ഗ്രാൻറ് നൽകുക.

13 കായിക പരിശീലനത്തിന് സ്പോർട്സ് കൗൺസിൽ കോച്ചുകളെ പ്രതിഫലം കൂടാതെ വിട്ടുകൊടുക്കുക.

14 തിരുവാമനപുരം ക്ഷേത്രത്തോട് അനുബന്ധിച്ച് ക്ഷേത്രപഠന പരിശീലന കേന്ദ്രം ആരംഭിക്കുക.

15 ചിത്രകലാപഠനത്തിനുവേണ്ടി ഒരു ചിത്രകലാ പഠന കേന്ദ്രം സ്ഥാപിക്കുക.

16 സ്കൂളുകളിൽ കലാകായിക പഠനത്തിനുവേണ്ടി പരിശീലനം നേടിയ പ്രഗത്ഭരായ അദ്ധ്യാപകരെ നിയമിക്കുക.

17 സാക്ഷരതാ തുടർ പ്രവർത്തനങ്ങൾക്കും ജനവിദ്യാ കേന്ദ്രങ്ങൾ സ്ഥാപിക്കാനും ധനസഹായം നൽകുക.

18 പരപ്പാറമുകൾ, കാഞ്ഞിരംപാറ, കതിരുവിള, മേലാറ്റുമൂഴി എന്നിവിടങ്ങളിൽ സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

19 ആനച്ചൽ പരപ്പറമുകൾ, ആറാന്താനം ജംഗ്ഷൻ, തേവർ കോവിൽ, ഊന്നംപാറ, പൂപ്പുറം, ഈട്ടിമൂട് പുളിപ്പച്ച, ആനകുഴിക്കര, തുണ്ടിൽ മുക്ക്, താളിക്കുഴി മിച്ചഭൂമി, കുറ്റിമൂട് ജംഗ്ഷൻ, ഇരുളൂർ എന്നിവിടങ്ങളിൽ ടി. വി. സ്ഥാപിക്കുക.

12. വനിതാക്ഷേമം

വികസന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം ഇന്ന് പരക്ക ചർച്ചയ്ക്ക് വിധേയമാകുന്ന വിഷയമാണല്ലോ. 'ബാല്യത്തിൽ പിതാവിന്റെയും യൗവ്വനത്തിൽ ഭർത്താവിന്റെയും, വാർദ്ധ്യക്യത്തിൽ പുത്രന്റെയും സംരക്ഷണത്തിൽ കഴിയേണ്ടവളാണ് സ്ത്രീ എന്നും, അവൾ സ്വാതന്ത്ര്യം അർഹിക്കുന്നില്ല' എന്നുമുള്ള ചിന്താഗതികൾ ഇന്ന് കാലഹരണപ്പെട്ടവയാണ്. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പുഷന്മാരേക്കാൾ സ്ത്രീകളാണുള്ളത് എന്നുള്ള വസ്തുത അവഗണിച്ച്, ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയും ഉദ്ദേശ്യപ്രാപ്തി കൈവരിക്കില്ല എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.1991ലെ കനേഷുമാരി പ്രകാരം വാമനപുരം ഗ്രാമപഞ്ചായത്തിൽ മൊത്തം ജനസംഖ്യ 20114 ആയിരുനു. ഇതിൽ 9574 പുരുഷന്മാരും 10540 സ്ത്രീകളും ആയിരുന്നു. സ്ത്രീ – പുരുഷ അന്തരം 966 എന്ന് വ്യക്തം. 1996 മെയ് മാസത്തിലെ ഐ. സി. ഡി. എസ്. സർവ്വെ പ്രകാരം ആകെ ജനസംഖ്യ 22468 ആയി ഉയർന്നു. അതിൽ 10,943 പുരുഷന്മാരും 11525 സ്ത്രീകളുമാണ്. വ്യത്യാസം 582. ഇതിൽ നിന്നും സ്ത്രീകളുടെ അനുപാതത്തിൽ കുറവു വരുന്നതായി മനസ്സിലാക്കാം.

1996 മേയ് മാസത്തെ പഞ്ചായത്തു ജനസംഖ്യ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 1		ജനസംഖ്യ			പട്ടികജാതി		
വാർഡ്	ആകെ കുടുംബങ്ങൾ	പുരു.	സ്ത്രീ.	ആകെ	പുരു	സ്ത്രീ	ആകെ
1	528	1244	1269	2513	48	56	104
2	740	1342	1407	2749	191	187	378
3	617	1406	1453	2859	81	78	159
4	435	1036	1100	2136	142	139	281
5	347	895	928	1823	77	85	162
6	451	988	1056	2044	148	153	301
7	468	1025	1150	2175	30	38	68
8	398	773	801	1574	37	31	68
9	470	1059	1155	2214	92	94	186
10	445	1175	1206	2381	139	145	284
ആകെ	4823	10943	11525	22468	1072	1099	2171

ഇത് സൂക്ഷ്മമായി പരിശോധിച്ചാൽ ഓരോ വാർഡിലും സ്ത്രീകളാണ് എണ്ണത്തിൽ മുന്നിലെന്നു കാണാം. പഞ്ചായത്തു പ്രദേശത്തെ പട്ടികജാതി ജനസംഖ്യയിലും ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ കാര്യത്തിലും സ്ത്രീകളാണ് മുന്നിലെങ്കിലും 1991ലെ സെൻസസ് കണക്കുമായി ഇതു തട്ടിച്ചുനോക്കുമ്പോൾ ഈ പ്രവണതയിൽ നേരിയ കുറവു വരുന്നതായി കാണാം. പഞ്ചായത്തു പ്രദേശത്തെ വിദ്യാർത്ഥികളുടെ കാര്യം പരിശോധിച്ചാൽ മുൻതൂക്കം ആൺകുട്ടികൾക്കാണ്. 2328 വിദ്യാർത്ഥികൾ പഞ്ചായത്തു പ്രദേശത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്നു. ഇവരിൽ 1585 ആൺകുട്ടികളും 1143 പെൺകുട്ടികളുമാണ്. എന്നാൽ പഞ്ചായത്ത് അതിർത്തിക്കു പുറത്തുപോയി പഠിക്കുന്ന വിദ്യാർത്ഥികൾ ഇതിൽപ്പെടുന്നില്ലയെന്ന വസ്തുത നാം വിസ്മരിച്ചുകൂടാ.

കനേഷുമാരി കണക്കുകൾ പരിശോധിച്ചാൽ സാക്ഷരതയുടെ കാര്യത്തിൽ, നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളാണ് എണ്ണത്തിൽ പുരഷന്മാരേക്കാൾ മുന്നിൽ. സാക്ഷരരായ 7805 പുരുഷന്മാർ. സ്ത്രീകൾ 7866. എന്നാൽ ജനസംഖ്യാനുപാതികമായി സാക്ഷരരുടെ നിരക്ക് പരിശോധിച്ചാൽ പുരഷന്മാർ 81 ശതമാനവും സ്ത്രീകൾ 74.6 ശതമാനവുമാണ്.

പഞ്ചായത്തിലെ ഏക ആരോഗ്യകേന്ദ്രം ആനാകുടി പി. എച്ച് സെൻറർ ആണ്. ഈ ഹെൽത്ത് സെൻററിലെ ഒ. പി. രജിസ്റ്റർ പ്രകാരവും ആശുപത്രി അധികൃതർ നൽകിയ അഭിമുഖത്തിൽനിന്നും മനസ്സിലാകുന്നത്; കഴിഞ്ഞ വർഷം ചികിത്സയ്ക്ക് എത്തിയ 6004 രോഗികളിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നതാണ്. ഇവിടെ ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലെന്നത് ഈ സെൻററിന്റെ പരാധീനതയാണ്. വേണ്ടത്ര ചികിത്സാ സൗകര്യങ്ങൾ കഴിയുന്നതും വേഗം നടപ്പിലാക്കേണ്ടതുണ്ട്.

മാതൃശിശു സംരക്ഷണത്തിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും വേണ്ടി ഈ പി. എച്ച്. സെൻററിന്റെ കീഴിൽ അഞ്ച് സബ്സെൻററുകൾ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ഇവയുടെ സേവനങ്ങൾ വേണ്ടവിധം ലഭിക്കുന്നില്ലെന്ന പരാതി വനിതകൾക്കിടയിൽ നിലനിൽക്കുന്നു. സുരക്ഷിതമായ കെട്ടിടങ്ങളോ സ്റ്റാഫ് നഴ്സുകൾക്ക് (പി. എച്ച്. നഴ്സസ്) താമസിക്കാൻ വേണ്ട സൗകര്യ

ങ്ങളോ ലഭ്യമല്ലെന്നാണ് ഇക്കാര്യത്തിൽ അധികൃതരുടെ വിശദീകരണം.

മാതൃശിശു രംഗത്ത് പ്രവർത്തിക്കാൻകൂടി ചുമതലപ്പെട്ടവയാണ് അംഗൻവാടികൾ. എന്നാൽ പഞ്ചായത്തിലെ 22 അംഗൻവാടികളുടേയും പ്രവർത്തനം ഇക്കാര്യത്തിൽ തൃപ്തികരമല്ല. മാസംതോറും നടത്തേണ്ട മദേഴ്സ് മീറ്റിംഗുകൾ പലപ്പോഴും ഉണ്ടാകാറില്ല. നടത്തുന്നവ തന്നെ ചടങ്ങിനു മാത്രം. മദേഴ്സ് മീറ്റിംഗ് ഫലപ്രദമായി നടത്തണമെങ്കിൽ ആരോഗ്യ പ്രവർത്തകരുടെ സേവനം കൂടി വേണ്ടവിധം ഉണ്ടായേ മതിയാകൂ. പലപ്പോഴും ആരോഗ്യ പ്രവർത്തകർ ഇക്കാര്യത്തിൽ ശ്രദ്ധവയ്ക്കാറില്ല.

1991 – ലെ കാനേഷുമാരി കണക്കുപ്രകാരം പഞ്ചായത്തു പ്രദേശത്ത് 5443 പുരുഷന്മാരും 2306 സ്ത്രീകളും പൂർണ്ണമായോ ഭാഗികമായോ വിവിധ മേഖലകളിൽ പണിയെടുക്കുന്നവരാണ്. പുരുഷന്മാരുടെ തൊഴിൽ നിരക്ക് 56.8 ശതമാനവും സ്ത്രീകളുടേത് 21.8 ശതമാനവും ആണ്. സ്ത്രീ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

കർഷകർ	കർഷക തൊഴിലാളികൾ	പാര തൊഴിലാളികൾ	ഉൽപാദന സേവന മേഖലയിൽ ഉള്ളവർ	നിർമാണ തൊഴിലാളികൾ	വ്യാപാര വാണിജ്യം വിഭാഗത്തിലുള്ളവർ	ഗതാഗത വാർത്താ വിനിമയ രംഗം	നാമമാത്ര തൊഴിലാളികൾ	മറ്റു സേവന മേഖലയിലുള്ളവർ	തൊഴിൽ രഹിതർ
270	884	10	294	3	37	7	505	296	8234

മുൻകാലങ്ങളെ അപേക്ഷിച്ച് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള തൊഴിൽ നിരക്കിൽ കാണുന്ന അന്തരത്തിന് പിന്നിൽ കാരണങ്ങൾ പലതാണ്.

തൊഴിൽ സംസ്ക്കാരത്തിൽ വന്ന വ്യതിയാനമാണ് ഈ അന്തരം വർദ്ധിപ്പിക്കാനുവാനുള്ള ഒരുകാരണം. മുൻകാലങ്ങളിൽ ഗൃഹനാഥനും നാഥയും പണിക്കുപോകുകപതിവായിരുന്നു. എന്നാൽ ഇന്ന് സ്ത്രീകളെ പണിക്കു അയ്ക്കുന്നത് ഗൃഹനാഥന് തന്റെ മാന്യതയ്ക്ക് കളങ്കം ചാർത്തുന്നതായി കാണുന്നു. പഞ്ചായത്ത് പ്രദേശത്തെ കൂലിപ്പണിക്കാരായ സ്ത്രീ തൊഴിലാളികളുടെ കുടുംബ പശ്ചാത്തലം പരിശോധിച്ചാൽ ഏറിയ പങ്ക് തൊഴിലാളികളുടേയും കുടുംബനാഥന്റെ നിരുത്തരവാദിത്വപരമായ ജീവിതരീതി കൊണ്ടോ കുടുംബനാഥൻ ഇല്ലാത്തതുകൊണ്ടോ ആണ് അവർ തൊഴിൽ മേഖലയിൽ ചേക്കേറിയിരിക്കുന്നതെന്ന് കാണാം.

പഴയകാലത്ത് അപേക്ഷിച്ച് പഞ്ചായത്ത് പ്രദേശത്ത് ഗൾഫ് മേഖലയുടെ സ്വാധീനം വളരെ വർദ്ധിച്ചിട്ടുണ്ട്. ഇന്ന് ജീവിത നിലവാരത്തെ ഉയർത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് തൊഴിൽ മേഖലയോട് ആഭിമുഖ്യം കുറയാൻ ഇതും ഒരു കാരണമാണ്. മുൻകാലങ്ങളിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം പരമാവധി മെട്രിക്കുലേഷനിൽ ഒതുങ്ങിയിരുന്നു. പത്താംതരം കഴിഞ്ഞാൽ നിത്യവൃത്തിക്കുള്ള തൊഴിൽ നേടുകയായിരുന്നു അന്നത്തെ സമ്പ്രദായം. അക്കാലത്ത് കൈത്തറി മേഖലയും കശുവണ്ടി മേഖലയും ധാരാളം സ്ത്രീ തൊഴിലാളികളെ ആകർഷിച്ചിരുന്നു. എന്നാൽ ഇന്ന് ഭൂരിഭാഗം പെൺകുട്ടികളും ഉന്നതവിദ്യാഭ്യാസം നേടുന്നവരാണ്. അതിനുശേഷം കുലിപ്പണിയോട് ഇവർ താൽപ്പര്യം കാട്ടാറില്ല.

ഇക്കാരണങ്ങൾക്കു പുറമേ പഞ്ചായത്തു പ്രദേശത്തെ നല്ലൊരു ഭാഗം സ്ത്രീത്തൊഴിലാളികൾ പണിയെടുത്തിരുന്ന കശുവണ്ടി ഫാക്ടറി അടച്ചിട്ടതും പരമ്പരാഗത തൊഴിലായ കൈത്തറി നെയ്ത്തിന് പ്രത്യേക പരിശീലന കേന്ദ്രങ്ങൾ ഇല്ലാത്തതും, വയലേലകൾ നികത്തി കരഭൂമികളാക്കിയതും സ്ത്രീകൾക്കു തൊഴിലവസരം കുറയാൻ കാരണമായി.

സ്ത്രീത്തൊഴിലാളികളുടെ എണ്ണം വർദ്ധിച്ച പഞ്ചായത്തിലെ ഒരേയൊരു മേഖല സർക്കാർ – അർദ്ധസർക്കാർ സ്ഥാപനങ്ങളിലാണ്. പഞ്ചായത്ത് രൂപീകരണ കാലഘട്ടത്തിൽ സർവ്വീസിലുണ്ടായിരുന്ന ഏക വനിത ശ്രീഭവനിൽ ശ്രീമതി. ലക്ഷ്മിക്കുട്ടിയമ്മ ആയിരുന്നെങ്കിൽ ഇന്ന് ആ സ്ഥാനത്ത് പഞ്ചായത്തിലെ 137 വനിതകൾ സേവനം അനുഷ്ഠിച്ചുവരുന്നു.

കാനേഷുമാരി കണക്കുപ്രകാരം പണിയെടുക്കുന്ന വനിതകളെ ഒഴിവാക്കിയാൽ 8234 പേർ ശേഷിക്കുന്നു. ഇതിൽ 14നും 44നും മദ്ധ്യേപ്രായമുള്ള 4329 തൊഴിൽ രഹിതരായ സ്ത്രീകളുണ്ട്. (ആധാരം: ഐ. സി. ഡി.എസ്.) ഇവരിൽ നല്ലൊരു വിഭാഗവും വീടു പണികളിൽ ഒതുങ്ങിക്കൂടുന്നവരാണ്. എന്നിരുന്നാലും സ്വന്തം വീട്ടുപറമ്പിലെ കാർഷിക വിളകളുടെ സംരക്ഷണം, കന്നുകാലി വളർത്തൽ, കുടുംബാംഗങ്ങളുടെ പരിചരണം തുടങ്ങിയ പ്രത്യക്ഷത്തിൽ വരുമാന രഹിതമായ തൊഴിലുകളിൽ വ്യാപൃതരായിരിക്കുന്നു. എന്നാൽ ഇവരിൽ പൊതുരംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ തുച്ഛമാണ്. വീട്ടു പണികൾക്കുശേഷം പൈങ്കിളി വാരികകളിലും ടി. വി. സീരിയലുക

ളിലും ഒതുങ്ങിക്കുടുന്നു.

തൊഴിൽ രഹിത യുവതികളെക്കുറിച്ച് ആധികാരികമായ വിവരങ്ങൾ ലഭ്യമല്ലെങ്കിലും വാർഡുതലത്തിൽ ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് താഴെ കൊടുക്കുന്നു.

സാങ്കേതിക പരിശീലനം നേടിയവർ

തയ്യൽ	ടൈപ് റൈറ്റിംഗ്	നെയ്ത്ത്	ബുക്ക് ബയന്റിംഗ്	ടിടിസി പോളി ടെക്നിക്	ഇതര മേഖലകൾ	മറ്റുള്ളവർ	ആകെ
150	182	236	26	30	56	3649	4329

പഞ്ചായത്ത് പ്രദേശത്ത് പ്രധാനപ്പെട്ട എല്ലാ തുറകളിലും പണിയെടുക്കുന്ന സ്ത്രീ – പുരുഷത്തൊഴിലാളികൾ തമ്മിൽ കൂലിയുടെ കാര്യത്തിലുള്ള അന്തരം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും വ്യക്തമാണ്.

	ദിവസക്കൂലി	
തൊഴിൽ ഇനം	പുരു.	സ്ത്രി.
കർഷകത്തൊഴിലാളികൾ	85	65
ഇഷ്ടികനിർമ്മാണം	75	60
കെട്ടിട നിർമ്മാണം	125	70
മണർ	90	50
പാറത്തൊഴിൽ	-	-
വയൽപ്പണി	100	75
ടാപ്പിംഗ്	മരം 1ന് 20 പൈസ	മരം 1ന് 20 പൈസ
കൈത്തറി	18	18

ഗ്രാമസഭാ ചർച്ചകളുടെ വെളിച്ചത്തിൽ വിലയിരുത്തിയാൽ 275ഓളം കുടുംബങ്ങൾ സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ളവയാണ്. പഞ്ചായത്തുപ്രദേശത്ത് 500ഓളം പേർ വാർദ്ധ്യക്യകാല പെൻഷന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ പോലും 78 പേർക്കു മാത്രമേ ഇപ്പോൾ പെൻഷൻ ലഭിക്കുന്നുള്ളു. വിവിധ ക്ഷേമ പദ്ധതികളിൽ അംഗങ്ങളായിട്ടുള്ള പഞ്ചായത്തു പ്രദേശത്തെ വനിതകളുടെ വിവരം താഴെപ്പറയുന്നു.

കൈത്തറി	കശുവണ്ടി	നിർമാണം	തയ്യൽ	കർഷക	മറ്റുള്ളവ
892	192	725	65	821	74

നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യപ്രവർത്തനങ്ങളിലേർപ്പെടുന്ന വനിതകൾ കുറവാണ്. വിദ്യാസമ്പന്നരായ യുവതികൾപോലും ഈ രംഗത്തുവരുവാൻ അറച്ചുനിൽക്കുന്നു. ഈ മേഖലയിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ള യുവതികളെ ഒത്തൊരുമിപ്പിക്കുന്നതിനുള്ള പദ്ധതികളോ പൊതുവായ ഒരു സംഘടനയോ കാര്യക്ഷമമായി പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തു തലത്തിൽ ചില സ്ഥലങ്ങളിൽ രൂപം കൊണ്ടിട്ടുള്ള മഹിളാ സമാജങ്ങളും വനിതാ സംഘടനകളും ദീർഘനാൾ നിലനിന്നിട്ടില്ല. പഞ്ചായത്തിൽ സ്ത്രീകൾക്കിടയിൽ – പഞ്ചായത്തിന്റെ വിവിധ വനിതാക്ഷേമ പദ്ധതികൾക്ക് പ്രചാരണം കൊടുക്കുവാനും പരിശീലനം, ബോധവൽക്കരണം, വിഭവസമാഹരണം എന്നിവയ്ക്കു നേതൃത്വം നൽകുവാനും മഹിളാ മേഖകളിൽ പ്രവർത്തിക്കുന്നവരുടെ യോജിച്ചുള്ള പരിശ്രമങ്ങൾ ആവശ്യമാണ്.

സ്ത്രീകളുടെ സാമൂഹ്യപദവിക്ക് വെല്ലുവിളിയായി നിൽക്കുന്ന സ്ത്രീപീഡനം, കുടുംബനാഥന്മാരുടെ മദ്യപാനം അത്യാഡംബരത്തോടുകൂടി നടത്തപ്പെടുന്ന വിവാഹങ്ങൾ, സ്ത്രീധനം തുടങ്ങിയ സാമൂഹ്യ വിപത്തുക്കൾക്ക് അതീതമല്ല നമ്മുടെ പഞ്ചായത്തും. പഞ്ചായത്തിലെ ഒരുവിഭാഗം കുടുംബനാഥന്മാർ മദ്യപാനത്തിന് അടിമകളാണ്. മദ്യനിരോധനം കൊണ്ട് ഇതിന് നേരിയ കുറവുണ്ടായി എന്നത് ആശ്വാസകരമാണ്. എന്നാൽ പഞ്ചായത്തുപ്രദേശത്ത് ചില കേന്ദ്രങ്ങളിൽ വ്യാജമദ്യ വിൽപ്പന നടന്നുവരുന്നു. ഇതിനെതിരേ സംഘടിത പ്രവർത്തനങ്ങളും ബോധവൽക്കരണവും അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ കളമച്ചൽ വാർഡ് മറ്റ് പ്രദേശങ്ങൾക്ക് മാതൃകയാണ്. വിവാഹങ്ങൾ അത്യാർഭാടപൂർവ്വം നടത്തുന്നത് മാന്യതയുടെ ലക്ഷണമെന്ന തെറ്റായ ചിന്താഗതി ഇന്ന് നിലനിൽക്കുന്നുണ്ട്. ഇതുമൂലം നിർദ്ധനരും സാധാരണക്കാരുമായ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹം ഒരു സാമൂഹ്യപ്രശ്നം തന്നെ സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ ഇക്കാര്യങ്ങളിൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം പഞ്ചായത്തു തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും നിർദ്ധനരായ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനും പീഡനത്തിനിരയായ സ്ത്രീകളുടെ പുനരധിവാസത്തിനും സഹായ പദ്ധതികൾ രൂപീകരിക്കുകയും വേണം.

പ്രശ്നങ്ങൾ

1 സ്ത്രീകൾക്കിടയിലെ രൂക്ഷമായ തൊഴിലില്ലായ്മ അവരെ മറ്റുള്ളവരുടെ ആശ്രിതരായി ജീവിക്കാൻ പ്രേരിപ്പിക്കുന്നു.

2 സ്ത്രീ തൊഴിലാളികൾക്ക് മതിയായ കൂലി ലഭിക്കാതെ വരുന്നു.

3 സ്ത്രീകൾക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാനവർക്ക് സാധിക്കുന്നില്ല.

4 വിധവകൾക്കും കുടുംബനാഥനില്ലാത്ത കുടുംബത്തിലെ സ്ത്രീകൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ വളരെ പരിമിതം.

5 പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര സുരക്ഷിതത്വം ലഭിക്കുന്നില്ല.

6 സ്ത്രീകൾക്കിടയിൽ വായനാശീലം കുറവ്.

7 കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

8 സ്ത്രീധനപീഡനങ്ങൾ പെരുകുന്നു.

9 സ്ത്രീകൾ ചെയ്യുന്ന വീട്ടുജോലി ഒരു തൊഴിലായി കണക്കാക്കുന്നില്ല.ൾ

10 മദ്യപാനിയായ ഭർത്താവിൽ നിന്ന് സ്ത്രീക്ക് പീഡനങ്ങൾ ഏൽക്കുന്നു.

11 സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് ആരോഗ്യ കേന്ദ്രങ്ങൾ നടത്തുന്ന പരിപാടികൾ ഒന്നും തന്നെ കാര്യക്ഷമമല്ല.

12 ലോണുകളും മറ്റ് ധനസഹായങ്ങളും നേടിയെടുക്കാൻ സ്ത്രീകൾക്ക് കഴിയുന്നില്ല.

13 സ്ത്രീധന സമ്പ്രദായവും വർദ്ധിച്ച വിവാഹ ചെലവുകളും

14 ചില സാമൂഹ്യ പ്രശ്നങ്ങൾ നേരിടുന്നതിനാൽ സ്ത്രീകൾ പൊതുരംഗത്ത് സജീവമാകുന്നില്ല.

15 അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളിൽ കൂടുതലായി കണ്ടുവരുന്നു.

16 പൊലീസ് സ്റ്റേഷനുകളിൽ മതിയായ സുരക്ഷിതത്വമില്ല.

17 മാധ്യമങ്ങളിൽ സ്ത്രീത്വത്തെ അവഹേളിക്കുന്ന തരത്തിൽ പരസ്യങ്ങളും ചിത്രങ്ങളും പ്രദർശിപ്പിക്കുന്നു.

18 പഞ്ചായത്തിലെ മഹിളാ സമാജങ്ങൾ പ്രവർത്തന ക്ഷമമല്ല.

19 ജനപ്രതിനിധികളായ സ്ത്രീകൾക്ക് സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ല.

സാധ്യതകളും നിർദ്ദേശങ്ങളും

1 സ്ത്രീകൾക്കുവേണ്ടിയുള്ള സ്വയം തൊഴിൽ പദ്ധതി കാര്യക്ഷമമാക്കുക. ഇവയ്ക്കുള്ള നടപടിക്രമങ്ങൾ ലളിതമാക്കുക.

2 പുരുഷനോടൊപ്പം തന്നെ വേതനതുല്യ കൈവരുത്തുക.

3 വിധവ പെൻഷനും മറ്റാനുകൂല്യങ്ങളും കൃത്യസമയത്തു തന്നെ ലഭ്യമാക്കുക.

4 വിധവകൾക്കും കുടുംബനാഥനില്ലാത്ത കുടുംബത്തിലെ സ്ത്രീകൾക്കുംവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

5 പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുക.

6 വനിതാസംഘടനകളുടെ പ്രവർത്തനം വിപുലപ്പെടുത്തി സ്ത്രീകൾക്കുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ വാർഡടിസ്ഥാനത്തിൽ നടത്തുക.

7 കുടുംബക്ഷേമ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.

8 സ്ത്രീ പീഡനത്തിനെതിരേയുള്ള നിയമങ്ങൾ കർശനമാക്കുക.

9 സ്ത്രീകളുടെ വീട്ടുജോലി തൊഴിലായി അംഗീകരിക്കാൻ സമൂഹം തയ്യാറാകുക.

10 സ്ത്രീകളുടെയും ഗർഭിണികളുടേയും ആരോഗ്യ പരിപാലനത്തിന് കൂടുതൽ പ്രാധാന്യം നൽകുക.

11 നിർദ്ധന കുടുംബത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം ഗണ്യമായി വർദ്ധിപ്പിക്കുക. ഇവ യഥാസമയം ലഭ്യമാക്കുക.

12 സ്ത്രീധന നിരോധന നിയമങ്ങൾ കർശനമാക്കുക.

13 പൊതുരംഗത്തെത്തുന്ന സ്ത്രീകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുക.

14 സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു പ്രശ്ന പരിഹാര സെൽ രൂപീകരിക്കുക.

15 മഹിളാസമാജങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമാമക്കുക.

16 സ്ത്രീകളായ ജനപ്രതിനിധികൾ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻകൈയെടുക്കുക.

17 മാധ്യമങ്ങളിലെ അശ്ലീല ചിത്രങ്ങൾ കർശനമായി നിരോധിക്കുക.

18 പൊലീസ്സ്റ്റേഷനുകളിൽ വനിതകൾക്കായി പരാതി വിഭാഗങ്ങൾ പ്രത്യേകം പ്രവർത്തിപ്പിക്കുക.

19 സമ്പൂർണ്ണം മദ്യനിരോധനം നടപ്പിൽവരുത്തുക.

13. സഹകരണം

സ്വാതന്ത്ര്യ ലബ്ധിക്കു മുൻപ് തന്നെ സഹകരണ പ്രസ്ഥാനത്തിന്റെ വേരേടിയ ഒരു പഞ്ചായത്താണ് വാമനപുരം. പരസ്പര സഹായ സംഘങ്ങളിൽ നിന്നായിരുന്നു ഇതിന്റെ തുടക്കം. 1934-ൽ വാമനപുരം കേന്ദ്രമാക്കി പ്രവർത്തിച്ചു തുടങ്ങിയ പരസ്പര സഹായ സംഘം പിൻക്കാലത്ത് വാമനപുരം സർവ്വീസ് സഹരണ സംഘമായി മാറി. വിദ്യാഭ്യാസവും സേവന സന്നദ്ധതയുമുള്ള ഒരു കൂട്ടം ദേശസ്നേഹികൾ പൊതുജനസേവനത്തിന് വേണ്ടി തുടങ്ങിയ പ്രസ്ഥാനങ്ങളാണ് പിന്നിട് പഞ്ചായത്തിൽ ശക്തി പ്രാപിച്ച സഹകരണ സ്ഥാപനങ്ങൾ. സ്വാതന്ത്ര്യത്തിനു മുൻപ് അന്നു നിലനിന്നിരുന്ന ദേശീയ പ്രസ്ഥാനങ്ങളുമായും സ്വാതന്ത്ര്യാനന്തര ഘട്ടങ്ങളിൽ പഞ്ചായത്തിൽ ശക്തി പ്രാവിച്ച ബഹുജന പ്രസ്ഥാനങ്ങളുമായും ഇവയ്ക്ക് ബന്ധമുണ്ടായിരുന്നു വെന്നത് ശ്രദ്ധയമാണ്. 1955 -ൽ ആരംഭിച്ച കളമച്ചൽ കൈത്തറി നെയ്ത്ത്സഹരണസംഘം ഈ ഗ്രാമത്തിനും എന്തിന് ഏറെ ഒരു പരിധിവരെ കേരളത്തിനു തന്നെയും അഭിമാനാർഹമായി തീർന്നിരുക്കുന്നുവെന്നത് ഒരു വസ്തുത മാത്രമാണ്. ഈ സ്ഥാപനങ്ങളൊന്നും തന്നെ ഡിപ്പാർട്ടുമെൻറിന്റെ കേവല പരിപാടികളൂടെ ഭാഗമായി നിലവിൽ നന്നതല്ലയെന്നത് സവിശേഷതയർഹിക്കുന്നു ഒരു സംഗതിയാണ്. ഏതാണ്ട് 1967 വരെ തിരുവനന്തപുരം ജില്ലയിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ക്രഡിറ്റ് സംഘങ്ങളിൽ ഒന്നായിരുന്നു വാമനപുരം സർവ്വിസ് സഹകരണ സംഘം.

ക്രെഡിറ്റ് സംഘങ്ങൾ ക്ഷീരോത്പാദക സംഘങ്ങൾ റബ്ബർ ഉത്പാദകസംഘങ്ങൾ, വനിതാവ്യവസായ സംഘങ്ങൾ എന്നീ വിഭാഗത്തിലുള്ള സഹകരണ സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. കളമച്ചൽ കൈത്തറി നെയ്ത്തു സഹകരണ സംഘം ഒഴികെ പ്രവർത്തിക്കുന്ന മറ്റ് വ്യവസായ സഹകരണ സംഘങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലവിലില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെപ്പറ്റി പട്ടിക – 1ൽ വിശദീകരിക്കുന്നു.

(പട്ടിക കാണുക)

പഞ്ചായത്ത് പ്രദേശത്ത് പത്ത് സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിയ്ക്കുന്നുവെങ്കിലും ഭൂരിഭാഗവും തകർച്ചയെ നേരിടുന്നവയോ പ്രവർത്തനക്ഷമല്ലാത്തതോ ആണ്. പഞ്ചായത്ത് പ്രദേശത്ത് ഏതാണ്ട് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന രണ്ട് സഹകരണ സ്ഥാപനങ്ങളാണുള്ളത്.

1. വാമനപുരം സർവ്വിസ് സഹകരണ ബാങ്ക്– 927

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങളിൽ മുഖ്യമായത് വാമനപുരം സർവ്വിസ് സഹകരണബാങ്ക് 927 ആണ്. പരസ്പരസഹായ സംഘമായി 1934ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയ ഈ സംഘം തിരുവനന്തപുരം ജില്ലയിൽ സ്വന്തമായി കെട്ടിടം നിർമ്മിച്ച സംഘങ്ങളുടെ പട്ടികയിൽ മുൻനിരയിലാണ് ലോണുകൾ അനുവദിക്കുക, ചിട്ടി ഇടപാടുകൾ നടത്തുക, റേഷൻ കടകൾ, വളം വില്പനശാലകൾ, കൺസ്യൂമർ സ്റ്റോർ ഇവ നടത്തുക. പൊതുനന്മഫണ്ട് സ്വരൂപിച്ച് പൊതു ആവശ്യത്തിനുവേണ്ടി സ്ഥലം വാങ്ങുക തുടങ്ങി സഹകാരികളുടെയും നാട്ടുകാരുടേയും നന്മയെ ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഇതിന്റെ ആദ്യകാല ഭരണസമിതികൾ ശ്രദ്ധ ചെലുത്തിയിരുന്നു. അതുകൊണ്ട് തന്നെയാവണം അന്നേ ഈ സ്ഥാപനം എല്ലാ അർത്ഥത്തിലും ഒരു പൊതുസ്ഥാപനമായിരുന്നത്. 1967വരെ സ്ഥിതി വ്യത്യസ്തമായിരുന്നില്ല.

1968 മുതൽ ശക്തമായ മാനേജുമെൻറിന്റെ അഭാവംമൂലം സംഘം അപചയത്തിലേക്ക് നീങ്ങി ഭരണ സ്തംഭനവും പ്രവർത്തനം ഇല്ലായ്മയും വരെ ഈ സ്ഥാപനം നേരിടേണ്ടിവന്നു. ഇടയ്ക്കിടയ്ക്ക് അഡ്മിനിസ്ട്രേറ്റർ ഭരണം നടത്തിയെങ്കിലും ഭൂരിഭാഗം അഡ്മിനിസ്ട്രേറ്റർമാരും സ്വാർത്ഥമതികളും സ്ഥാപിതതാൽപ്പര്യക്കാരുമായിരുന്നു എന്നതുകൊണ്ട് സ്ഥിതി മെച്ചപ്പെടുത്തുവാൻ സഹായി

പട്ടിക 1

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ

വാർഡ്	പേര്	സ്ഥാപിത വർഷം	ക്രഡിറ്റ്/ നോൺ ക്രഡിറ്റ്	പ്രവർത്തനപരിധി
I	കളമച്ചൽ കൈത്തറി നെയ്ത്തു സഹകരണസംഘം ടി. 3704	1955	നോൺ-ക്രഡിറ്റ്	നെടുമങ്ങാട് താലൂക്ക്, മുദാക്കൽ, കരവാരം, നഗരൂർ, കിളിമാനൂർ, പഴയകുന്നുമ്മൽ, പുളിമാത്ത്, മംഗലപുരം, പോത്തൻകോട് പഞ്ചായത്തുകൾ
I	ആനച്ചൽ കൈത്തറി നെയ്ത്തു സഹകരണസംഘം ടി.317	1977	"	
II	കണിച്ചോട് ക്ഷീരോൽപാദക സഹകരണസംഘം ടി.191 ഡി APCOS	1984	"	ആനച്ചൽ, കളമച്ചൽ വാർഡുകൾ
III	ക്ഷീരോൽപാദക സംഘം, വാമനപുരം		"	വാമനപുരം, ആനാകുടി വാർഡുകൾ
VII	കുറുമ്പയം ക്ഷീരോൽപാദക സഹകരണസംഘം		"	മീതൂർ വാർഡ് കല്ലറ പഞ്ചായത്തിലെ ചില ഭാഗങ്ങൾ
X	മേലാറ്റുമൂഴി ക്ഷീരോൽപാദക സഹകരണസംഘം ടി.156 D, APCOS		"	ഇരുളൂർ, മേലാറ്റുമൂഴി വാർഡുകൾ
IX	ഇരുളൂർ റബർ ഉൽപാദക സഹകരണസംഘം 352	1990	"	വാമനപുരം പഞ്ചായത്ത്
III	വാമനപുരം സ്കൂൾ (ഗ്രൂപ്പ്) സഹകരണസംഘം ടി. 502	1977	"	വാമനപുരം പഞ്ചായത്ത്
I	കളമച്ചൽ വനിതാ ക്ഷേമ സഹകരണസംഘം ടി. 1234	1993	ക്രഡിറ്റ്	വാമനപുരം പഞ്ചായത്ത്
III	വാമനപുരം സർവീസ് സഹകരണബാങ്ക് 927	1934	ക്രഡിറ്റ്	വാമനപുരം പഞ്ചായത്ത്

ച്ചില്ല. ശ്രീ. എൻ. സുദർശൻ പ്രസഡിൻറായി വന്നതിനുശേഷമാണ് വിണ്ടും സംഘം ജീവൻ വച്ചു തുടങ്ങിയത്. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കുമായി സഹകരിച്ച് പല പുതിയ ക്ഷേമപദ്ധതികൾക്കും തുടക്കം കുറിക്കാൻ കഴിഞ്ഞു. തുടർന്ന് നിലവിൽവന്ന വിവിധ ജനകീയ ഭരണ സമിതികളുടെ പ്രവർത്തന ഫലമായി ഈ സ്ഥാപനം ഒരു സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു. ഈ സ്ഥാപനത്തിനു ശേഷം നിലവിൽവന്ന മറ്റ് സംഘങ്ങൾ ബാങ്കായി മാറി വർഷങ്ങൾക്കുശേഷമാണ് ഇതൊന്ന് ചിന്തിക്കേണ്ടതുണ്ട്.

നിലവിൽ ബാങ്കിൻെറ പ്രവർത്തനം തൃപ്തികരമല്ലെങ്കിലും സജീവമാണ്. കാർഷിക, കാർഷികേതര പദ്ധതികൾക്കുള്ള വായ്പകൾ, സ്വർണ്ണപ്പണത്തിയൻമേലുള്ള വായ്പകൾ, വ്യക്തികളുടെ ഉറപ്പിൻമേലുള്ള വായ്പകൾ, ചിട്ടിയിടപാടുകൾ എന്നിവ ബാങ്ക് നടത്തുന്നുണ്ട്. അപ്പക്സ് സംഘമായ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൻെറ ഉദാരവായ്പാ സഹായമാണ് പ്രവർത്തനത്തിന് മുഖ്യ ആധാരം.

പട്ടിക 2

മൂലധനം, വായ്പാ ഇടപാടുകൾ ഒറ്റനോട്ടത്തിൽ

ആകെ അംഗങ്ങൾ	6,347
ഓഹരി മൂലധനം	37,35,350/-
ഓഹരി മൂലധനം (പിരിഞ്ഞുകിട്ടിയാത്)	8,78,815/-
സർക്കാർ ഓഹരി	94,000/-
പൊതുജന നിക്ഷേപം	39,31,000/-
സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ (ഡി. സി. ബി.)	73,66,596/-
അംഗങ്ങൾക്ക് നൽകിയിട്ടുള്ള വായ്പ	86,94,000/-

ഓണച്ചന്തകൾ, ടെക്സ്റൈൽ ഷോറൂം, കൺസ്യൂമർ ഷോറൂം, റേഷൻ ഡിപ്പോകൾ, വളം ഡിപ്പോകൾ എന്നിവ നടത്തിയിരുന്നുവെങ്കിലും ലാഭകരമല്ല. എന്ന കാരണത്താൽ വളം ഡിപ്പോ ഒഴികെയുള്ള സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

ആകർഷകവും പ്രയോജനകരവുമായ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ധാരാളം സാധ്യതകൾ നിലനിൽക്കുന്നു. ചെറുകിട കച്ചവടക്കാർക്കുവേണ്ടിയും ഇടത്തരക്കാർക്കുവേണ്ടിയും ഉദാര വ്യവസ്ഥകളിൽ ഒട്ടേറെ വായ്പാ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. അങ്ങനെയായാൽ സ്വകാര്യ ബ്ലൈഡ് കമ്പനികളുടെ കടന്നുകയറ്റത്തിന് ഈ മേഖലയിൽ ഫലപ്രദമായി തടയിടാൻ കഴിഞ്ഞേനേ. രാഷ്ട്രീയ താൽപ്പര്യം മുൻനിർത്തിയാണ് ഇവിടെ അംഗത്വവും വായ്പയും അനുവദിക്കുന്നതെന്നും കുട്ടികൾക്കുവേണ്ടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ മൈനർ സേവിംഗ്സ് പദ്ധതി ഇടപാടുകാർക്ക് നഷ്ടം സംഭവിക്കുന്ന തരത്തിലാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്നും ഉള്ള ആക്ഷേപങ്ങൾ ഒട്ടുമിക്ക ഗ്രാമസഭകളിലും ഉയർന്നുവന്നിട്ടുണ്ട്. വായ്പാ വിതരണത്തിലും മെമ്പർഷിപ്പ് വിതരണത്തിലും മറ്റ് പൊതു ഇടപാടിലും സുതാര്യത അനുവാര്യമായിരിക്കുന്ന ഒരു സ്ഥാപനമാണ് വാമനപുരം സഹകരണബാങ്ക്.

2. കളമച്ചൽ കൈത്തറി നെയ്ത്ത് സഹകരണ സംഘം ടി. 3704

വാമനപുരം പഞ്ചായത്തിന് മുതൽക്കൂട്ടായി പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപാനമാണിത്. 1955-ൽ ഈ സ്ഥാപനം രജിസ്റ്റർ ചെയ്തു. നന്ദിനി ഭവനിൽ ശിവദാസൻനായരാണ് ഇതിന്റെ സ്ഥാപകൻ. ആരംഭകാലത്ത് പ്രവർത്തനക്ഷമമായിരുന്ന ഈ സ്ഥാപനം 1971-76 കാലഘട്ടങ്ങളിൽ സ്തംഭിക്കുകയുണ്ടായി. 1980നുശേഷം വീണ്ടും സജീവമാവുകയും സംസ്ഥാനത്തെ ഏറ്റവും നല്ല സഹകരണ സ്ഥാപനങ്ങളിൽ ഒന്നായി മാറുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ 93-94ലെ നല്ല പ്രവർത്തനത്തിനുള്ള അവാർഡ് ജേതാവുകൂടിയാണ് ഈ സംഘം.

പട്ടിക – 3

ആകെ അംഗങ്ങൾ	2,019
ഓഹരി മൂലധനം (പിഞ്ഞുകിട്ടിയാത്)	4,02,30,021/-
സർക്കാർ ഓഹരി	18,82,100/-
ജൗളി വിൽപ്പന (1995-96)	1,50,917/-
വ്യാപാര ലാഭം 1995 -96	20,58,272/-

കളമച്ചൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് തുണിത്തരങ്ങളുടെ വിപണനത്തിനായി കളമച്ചലും നെടുമങ്ങാട്ടുമായി 2 ഡിപ്പോകൾ പ്രവർത്തിക്കുന്നു. കൂടാതെ ഹാൻറക്സ് മുഖേന തുണിത്തരങ്ങൾ വിറ്റുവരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ കൈത്തറി വികസനകേന്ദ്രം പദ്ധതിയിൽപ്പെടുത്തിയിരിക്കുന്ന സംഘത്തിന് 13 ജീവനക്കാരുണ്ട്. സ്ഥാപനത്തിൽ നിന്നും ഒട്ടനവധി ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്. വീടും പണിപ്പുരയും നിർമ്മിക്കുന്നതിനുള്ള ധനസഹായം, പുതിയ തറി വാങ്ങുന്നതിനുള്ള സഹായം, ഹെൽത്ത് പാക്കേജ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ആരോഗ്യ പദ്ധതികൾ, പ്രസവകാല വേതനം, മെഡിക്കൽ അലവൻസ്, മരണാന്തര ചടങ്ങുകൾക്കുള്ള ധനസഹായം ഇവയ്ക്കു പുറമെ നെയ്ത്തുപകരണങ്ങൾക്കുള്ള സഹായം, മാർജിൻ മണിസ്കീമിൽപ്പെടുത്തിയ ധനസഹായം ഇവ ഗ്രാൻറായി വിതരണം ചെയ്യുന്നു. കഴിഞ്ഞ അഞ്ചുവർഷമായി തൊഴിലാളികൾക്ക് ലാഭവിഹിതം നൽകുന്നു.

ഈ സംഘത്തിന്റെ വളർച്ചക്കും പ്രവർത്തന വിജയത്തിനും കാരണം തൊഴിലാളികളുടെ അർപ്പണ മനോഭാവത്തോടെയുള്ള പ്രവർത്തനമാണെന്നുള്ളത് എടുത്തു പറയേണ്ടുന്ന ഒരു കാര്യമാണ്.

പഞ്ചായത്ത് പ്രദേശത്ത് നാല് ക്ഷീരോൽപ്പാദക സഹകരണസംഘങ്ങളും ഒരു വനിതാക്ഷേമ സഹകരണ സംഘവു ഒരു റബ്ബർ ഉൽപ്പാദക സഹകരണ സംഘവുമാണ് പ്രവർത്തിക്കുന്നത്. ക്ഷീരസംഘങ്ങളിൽ കുറ്റിമൂട്, കണിച്ചോട് എന്നിവ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് സജീവമായിട്ടുള്ളത്. കണിച്ചോട് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നും പാലിനു മതിയായവില ലഭിക്കുന്നില്ലെന്ന പരാതി ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്.

പട്ടിക IV

സംഘത്തിന്റെ പേര്	മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ വിൽക്കുന്ന പാൽ	പുറത്തേക്ക് അയക്കുന്നത്
കുറുമ്പയം ക്ഷീരോൽപാദക സഹകരണസംഘം	250 ലി.	50 ലി.	200 ലി.
കണിച്ചോട് ക്ഷീരോൽപാദക സഹകരണസംഘം	242 ലി.	119.7 ലി.	122.6 ലി.
ആകെ	492 ലി.	169.7 ലി.	322.6 ലി.

മറ്റ് ക്ഷീരോൽപ്പാദക സംഘങ്ങളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. ഇവയുടെ പ്രവർത്തനം അടിയന്തിരമായി കാര്യക്ഷമമാക്കേണ്ടതുണ്ട്. കാരണം വാമന

പുരം മേലാറ്റുമൂഴി പ്രദേശങ്ങളിൽ ഈ മേഖലയിൽ മറ്റ് സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. നിലവിലുള്ളവയുടെ നിയമാവലി പ്രകാരം പുതിയവ ആരംഭിക്കുവാൻ കഴിയുന്നില്ല. പാൽ ഉൽപ്പാദന വിതരണ രംഗത്ത് വളരെ സാധ്യതകൾ ഉണ്ടെങ്കിലും പഞ്ചായത്ത് പ്രദേശത്ത് അതിനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്. പത്തുവാർഡുകളിലായി 22468 ജനങ്ങളുള്ള പഞ്ചായത്തിൽ ജനങ്ങളുടെ ആരോഗ്യപരമായ കാര്യങ്ങളെപ്പോലും ഇത് ബാധിക്കുന്നുണ്ട്.

കളമച്ചൽ കേന്ദ്രമായി പ്രവർത്തിക്കുന്ന വനിതാക്ഷേമ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ സുതാര്യമല്ല. ഇരുളൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന റബ്ബർ ഉൽപ്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമാണ്. കളമച്ചൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ആമച്ചൽ കൈത്തറി സഹകരണ സംഘം ഇന്ന് സ്തംഭനാവസ്ഥയിലാണ്. ഒരു കാലത്ത് നല്ലനിലയിൽ പ്രവർത്തിച്ചിരുന്നസംഘം ഭരണകർത്താക്കളുടെ കെടുകാര്യസ്ഥതമൂലം ഇന്ന് തകർച്ചയെ നേരിടുന്നു.

ഈ സ്ഥാപനങ്ങൾക്ക് പുറമെ പാലോട് കാർഷിക വികസന ബാങ്ക്, കല്ലറ ഹൗസിംഗ് സഹകരണ സംഘം ഇവയുടെ പ്രവർത്തന പരിധിയിൽ പഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്നു.

ഈ ബാങ്കുകളിൽ നിന്ന് പഞ്ചായത്ത് പ്രദേശത്ത് ലഭിച്ച വായ്പകൾ താഴെക്കാണുന്ന പട്ടിക വ്യക്തമാക്കുന്നു.

പട്ടിക V

പേര്	വായ്പ കിട്ടിയവരുടെ എണ്ണം	വായ്പ ഇനം	വായ്പ തുക
പാലോട് കാർഷിക വികസന ബാങ്ക്	285	കാർഷികം, കാർഷികേതരം ഭവന നിർമാണം	62 ലക്ഷം
കല്ലറ ഹൗസിംഗ് സഹകരണ സംഘം		(ലഭ്യമല്ല)	

പഞ്ചായത്ത് പ്രദേശത്ത് സഹകരണ മേഖലയുടെ സ്വാധീനം വളരെക്കുറവാണ് എന്ന് വിലയിരുത്തലുകൾ സൂചിപ്പിക്കുന്നു. ഒരു പഞ്ചായത്ത് പ്രദേശത്ത് അവശ്യം ഉണ്ടായിരിക്കേണ്ട കൺസ്യൂമർ സഹകരണ സംഘങ്ങളോ ഉൽപ്പാദക സഹകരണ സംഘങ്ങളോ ഈ പഞ്ചായത്തിൽ ഇന്നില്ല. കാർഷിക സഹകരണ സംഘങ്ങൾ, വ്യവസായ സഹകരണ സംഘങ്ങൾ, റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, ഹരിജനക്ഷേമ സഹകരണ സംഘങ്ങൾ ഇവയെല്ലാം ആരംഭിക്കുന്നതിനു അനുകൂല സാഹചര്യങ്ങളാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്ന പാലോട് കാർഷിക വികസന ബാങ്കിലേക്ക് 30 കി. മീ സഞ്ചരിച്ചു മാത്രമേ എത്തുവാൻ സാധിക്കുകയുള്ളു. ഇത് ഇടപാടുകൾക്കും ബാങ്കിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ വ്യാപിപ്പിക്കുന്നതിനും തടസ്സമായി നിൽക്കുന്നു. പ്രസ്തുത ബാങ്കിന്റെ ഒരു ശാഖ വാമനപുരത്ത് ആരംഭിക്കുകയോ, പുതുതായി ഒരു കാർഷിക വികസന ബാങ്ക് ഈ പ്രദേശത്ത് ആരംഭിക്കുകയോവേണം.

പ്രശ്നങ്ങൾ

1 കളമച്ചൽ കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന് റിബേറ്റിനത്തിലും അപ്പക്സ് സംഘത്തിൽ നിന്നും ലഭിക്കുവാനുള്ള വൻ തുകകൾ കുടിശ്ശികയായി കിടക്കുന്നു.

2 നെയ്ത്തിന്റെ പ്രധാന പ്രവർത്തനങ്ങളായ താരു ചുറ്റുന്നതിനും പാവ് ചുറ്റുന്നതിനും തൊഴിലാളികൾ ലഭ്യമല്ല.

3 കൈത്തറി നെയ്ത്ത് സഹകണ സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിൽ കാര്യക്ഷമമല്ല.

4 പഞ്ചായത്തിനു പുറത്തുള്ള പല സൊസൈറ്റികളുടേയും പരിധിയിൽ പഞ്ചായത്തുൾപ്പെടുന്നതിനാൽ പുതിയ സംഘങ്ങൾ രൂപീകരിക്കാൻ കഴിയുന്നില്ല.

5 കൈത്തറി നെയ്ത്ത് ഒഴികെയുള്ള ഉൽപ്പാദന മേഖലയിൽ സഹകരണ സ്ഥാപനങ്ങളില്ല.

6 പാൽ ഉൽപ്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം യഥാസമയം വിലയിരുത്തപ്പെടുന്നില്ല.

7 വാമനപുരം സർവ്വീസ് സഹകരണ ബാങ്കിൽ രാഷ്ട്രീയ താൽപ്പര്യം മുൻനിർത്തി അംഗത്വവും വായ്പയും നിഷേധിക്കുന്നു.

8 സഹകരണ ബാങ്കിന് പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാർക്കും ധനസഹായം നൽകാൻ കഴിയുന്നില്ല.

9 ബങ്കിൽ നിന്നെടുക്കുന്ന വായ്പകൾക്ക് തിരിച്ചടവ് കുറവ്.

10 ക്ഷീരോൽപ്പാദകർക്ക് വിപണന സൗകര്യങ്ങൾ ഇല്ല.

11 സ്കൂൾ സഹകരണ സംഘങ്ങൾക്ക് പുസ്തകങ്ങൾ യഥാസമയം ലഭ്യമല്ല.

12 പഞ്ചായത്തു പ്രദേശത്തെ ഭരണ സമിതികളിൽ സാമ്പത്തിക ക്രമക്കേടുകൾ ആരോപിക്കപ്പെടുന്നു.

സാധ്യതകളും നിർദ്ദേശങ്ങളും

1 കളമച്ചൽ കൈത്തറി നെയ്ത്ത് സഹകരണ സംഘ

ത്തിന്റെ പ്രവർത്തനം പഞ്ചായത്ത് പ്രദേശത്ത് കാര്യക്ഷമമാക്കുക. നെയ്ത്ത് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

2 കൈത്തറി തൊഴിലാളികൾക്ക് മതിയായ വേതനം നൽകുക, താര് ചുറ്റുന്നതിനും പാവ് ചുറ്റുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുക.

3 കൈത്തറി സംഘങ്ങളോടു ചേർന്ന് സ്പിന്നിംഗ് മിൽ ആരംഭിക്കുകയോ ഗുണനിലവാരമുള്ള നൂൽ ലഭ്യമാക്കുകയോ ചെയ്യുക.

4 സർക്കാരിൽ നിന്നുള്ള റിബേറ്റ് തുകയും അപ്പക്സ് സംഘത്തിൽനിന്നുള്ള കുടിശിക തുകയും ലഭ്യമാക്കുക.

5 കളമച്ചൽ പ്രദേശം കൈത്തറി ഗ്രാമമായി പ്രഖ്യാപിക്കുക.

6 വാമനപുരം എസ്. ബി. ടി.യോട് ചേർന്ന് റബർ വിപണനകേന്ദ്രം ആരംഭിക്കുക.

7 സഹകരണ ബാങ്കിൽ അംഗത്വം നൽകുന്നതിലും വായ്പാ വിതരണത്തിലും രാഷ്ട്രീയ താൽപ്പര്യം ഉണ്ടാകാതിരിക്കുക.

8 സഹകരണ ബാങ്കുകൾക്ക് പുതിയ ചിട്ടികൾ ആരംഭിക്കുന്നതിന് തടസ്സം നിൽക്കുന്ന ചിട്ടി ആക്ടിലെ നിയമങ്ങൾ ഭേദഗതി ചെയ്യുക.

9 പഞ്ചായത്ത് കേന്ദ്രീകരിച്ച് പാലോട് കാർഷിക വികസന ബാങ്കിന്റെ ശാഖ വാമനപുരത്ത് ആരംഭിക്കുക.

10 വാർഡ് തലത്തിൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ ആരംഭിക്കുക.

11 പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ അനുയോജ്യമായ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുക, വാമനപുരം കേന്ദ്രമാക്കി ഒരു സഹകരണ മാവേലിസ്റ്റോർ ആരംഭിക്കുക.

12 സഹകരണ മേഖലയിൽ റെഡിമെയ്ഡ് യൂണിറ്റ് ആരംഭിക്കുക.

13 സ്കൂൾ സഹകരണസംഘങ്ങൾക്ക് പാഠപുസ്തകങ്ങൾ യഥാസമയം നേരിട്ട് എത്തിക്കുക.

(ഗ്രാമസഭയുടെ ആവശ്യങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു)



ഗ്രാമസഭയിലെ ആവശ്യങ്ങൾ

	വാർഡുകൾ									
സഹകരണ സ്ഥാപനങ്ങൾ	I	II	III	IV	V	VI	VII	VIII	IX	X
സഹകരണ മാവേലിസ്റ്റോർ	✓		✓							✓
ഉപഭോക്തൃ സഹകരണസംഘം	✓			✓						
ഹരിജനക്ഷേമ സഹകരണസംഘം	✓	✓			✓				✓	
വനിതാ വ്യവസായ സഹകരണസംഘം				✓					✓	
കെട്ടിട നിർമാണത്തൊഴിലാളി സഹകരണസംഘം					✓					
റബർ മാർക്കറ്റിംഗ് സഹകരണസംഘം	✓		✓						✓	
റബർ പാൽ സംസ്കരണ സഹകരണസംഘം		✓								
സഹകരണ ആശുപത്രി							✓		✓	
തയ്യൽതൊഴിലാളി സഹകരണസംഘം										✓
സഹകരണ മൃഗാശുപത്രി								✓		
സഹകരണാടിസ്ഥാനത്തിൽ കോഴിവളർത്തൽ				✓						✓
ക്ഷിരോൽപാദക സഹകരണസംഘം	✓			✓	✓	✓		✓	✓	
വാമനപുരം സർവീസ് സഹകരണബാങ്ക് വളം ഡിപ്പോ							✓			
കളമച്ചൽ കൈത്തറി നെയ്ത്ത് സഹകരണ സംഘം നെയ്ത്ത് പരിശീലന കേന്ദ്രം			✓				✓		✓	✓
ജില്ലാ സഹകരണ ബാങ്ക് ശാഖ	✓								✓	

14. പട്ടികജാതി വികസനം

വാമനപുരം പഞ്ചായത്ത് പ്രദേശത്ത് 438 പട്ടിക ജാതി കുടുംബങ്ങളാണ് അധിവസിക്കുന്നത്. 1072 പുരുഷന്മാരും 1099 സ്ത്രീകളും ഉൾപ്പെടെ മൊത്തം 2171 പട്ടിജാതി വിഭാഗക്കാർ പഞ്ചാത്തിലുണ്ട്. പട്ടിക വർഗ്ഗക്കാർ ആരും തന്നെ ഇല്ല. പട്ടികജാതിക്കാർ ആകെ ജനസംഖ്യയുടെ 9.7% ആണ്. മേൽസൂചിപ്പിച്ചവ 1996ലെ ഐ. സി. ഡി. എസ്. സർവ്വെ പ്രകാരം ഉള്ളതാണ്. 1991ലെ കനേഷുമാരി കണക്കുകൾ കാണിക്കുന്നത് 874 പുരുഷന്മാരും 966 സ്ത്രീകളും എന്നതാണ്. അന്ന് ജനസംഖ്യയുടെ 9.1% മാത്രമാണ് ഇവരെങ്കിൽ ഇന്ന് 0.5% വർദ്ധനവ് ഉണ്ടായിരിക്കുകയാണ്.

			S.C. ജനസംഖ്യ			
വാർഡ്	ആകെ ജനസംഖ്യ	S.C. വീട്	M	F	T	Percentage
1	2513	16	48	56	104	4.2
2	2749	92	191	187	378	11.7
3	2859	34	81	78	159	5.6
4	2136	65	142	139	281	13.2
5	1823	33	17	85	162	8.9
6	2044	79	148	153	301	15.5
7	2175	18	30	38	68	3.1
8	1574	16	37	31	68	5.6
9	2214	56	92	94	186	8.4
10	2381	68	139	145	284	11.9
ആകെ	22468	498	1072	1099	2171	9.7
ആധാരം: I.C.D.S. സർവ്വെ 95-96						

ഒരുകാലത്ത് തമ്പ്രാക്കന്മാരുടെ അടിമകളായി കഴിഞ്ഞു പോന്നിരുന്ന ഇവർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒറ്റപ്പെട്ട ചെറുക്കുടിലുകളിലാണ് തമാസിച്ചു പോന്നത്. എന്നാൽ പിൽക്കാലത്ത് അയ്യങ്കാളിയെ പോലെയും ശ്രീനാരായണ ഗുരുവിനെപ്പോലെയും ഉള്ള സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ പ്രവർത്തനങ്ങളിലൂടെ ഇവർക്കിടയിൽ മാറ്റത്തിന്റെ തുടക്കം കുറിച്ചു. ഈ വ്യതിയാനങ്ങൾ പഞ്ചായത്തിലും പ്രതിഫലിച്ചു. സ്വാതന്ത്യാനന്തര കാലഘട്ടത്തിൽ പഞ്ചായത്ത് പ്രദേശത്ത് ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന ഹരിജൻ കുടുംബങ്ങളുടെ നേർക്ക് പീഡന മുറകൾ സ്വീകരിക്കുകയും അവരുടെ ഭൂമി കയ്യേറ്റം ചെയ്യുകയും ചെയ്ത സംഭവങ്ങൾ അപൂർവ്വമല്ല.

ഇന്ന് പഞ്ചായത്തിലെ ഹരിജനങ്ങൾ, ചില കുടുംബങ്ങൾ ഒഴിച്ചാൽ, പ്രത്യേക പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് അധിവസിക്കുന്നത്. മുൻകാലത്ത് ഭൂവുടമകളുടെ കീഴിൽ പണി ചെയ്തിരുന്ന ഹരിജനങ്ങൾക്ക് എല്ലാമൊരു പ്രത്യേക ഭാഗം കേന്ദ്രീകരിച്ച് ഭൂമി നൽകിയതും കാലാകാലങ്ങളിൽ ഉണ്ടായ ഗവൺമെൻറുകൾ പട്ടികജാതി പട്ടിക വർഗ്ഗ വികസനത്തിനുവേണ്ടി രൂപം നൽകിയ ലക്ഷംവീട് ഹരിജൻ കോളനി തുടങ്ങിയ പദ്ധതികളും ഇവർ കൂട്ടം കൂട്ടമായി താമസിക്കുന്നതിന് കാരണമായി തീർന്നു. ഈ പദ്ധതികൾ ഇവർക്ക് ഗുണകരമായി തീർന്നെങ്കിലും കോളനി കേന്ദ്രീകരിച്ചുള്ള ജീവിതം സാമൂഹിക സാംസ്ക്കാരിക രംഗത്ത് ഇവരുടെ വളർച്ചക്ക് തടസ്സം നിൽക്കുന്നതായി കാണാം.

സമൂഹത്തിൽ ഇതര വിഭാഗങ്ങളുമായി ഇടകലർന്നുള്ള ജീവിതം ഇന്നിവർക്ക് അസാദ്ധ്യമാവുകയാണ്.

പഞ്ചായത്ത് പ്രദേശത്ത് എട്ട് ഹരിജൻ കോളനികളും മൂന്ന് ലക്ഷംവീട് കോളനികളും കൂട്ടുംകൂട്ടമായി താമസിക്കുന്ന മറ്റ് 12 കേന്ദ്രങ്ങളുമുണ്ട്. കൂടാതെ ചുരുക്കം പ്രദേശങ്ങളിൽ ഒറ്റപ്പെട്ട വീടുകളും കാണപ്പെടുന്നു. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പുറമ്പോക്ക് നിവാസികളായ 15-ഓളം കുടുംബങ്ങളും കൂട്ടുകുടുംബമായി താമസിക്കുന്ന 50ഓളം കുടുംബങ്ങളുമുണ്ട്. ആനച്ചൽ വാർഡിലെ തെന്നൂർ, കുണ്ടായിക്കോണം, കോളനിയാണ് പഞ്ചായത്തിന്റെ ഏക I.H.D.P. കോളനി.

കോളനി നിവാസികൾ നേരിടുന്ന പ്രധാന പ്രശ്നം കുടിവെള്ളമാണ്. പല വീടുകളിലും പ്രാഥമിക ആവശ്യത്തിനുള്ള കക്കൂസുപോലുമില്ല. ഈ അവസ്ഥ ഇവരുടെ ആരോഗ്യ പ്രശ്നങ്ങൾ കൂടതൽ രൂക്ഷമാക്കുന്നു. കോളനികളിൽ ആനച്ചൽ ലക്ഷംവീട് കോളനി ഒഴികെയുള്ള സ്ഥലങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. മിക്ക കോളനികളിലും ഗതാഗത സൗകര്യം കുറവാണ്. കോളനികളിൽ താമസയോഗ്യമായ പാർപ്പിടകങ്ങൾ ഇല്ലെന്നു തന്നെ പറയാം. ലക്ഷംവീട് പദ്ധതിയിൽ ഉൾപ്പെടുത്തി പണിതീർത്ത വീടുകൾ നിർമ്മാണത്തിലെ അപാകതകൾകൊണ്ടും യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാത്തതുകൊണ്ടും താമസയോഗ്യമല്ല.

സാമൂഹികവും സാമ്പത്തികവുമായി ഇപ്പോഴും പിന്നോക്കം നിൽക്കുന്ന ഇവരിൽ 78.5% കുടുംബങ്ങളും ദാരിദ്ര്യരേഖക്ക് താഴെയാണ്. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് നേരിയ പുരോഗതി ഇവർക്കിടയിൽ കാണുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസം ഇല്ലെന്നു തന്നെ പറയാം. നമ്മുടെ പഞ്ചായത്തു പ്രദേശത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

1 മുതൽ 10 വരെ			തോറ്റു പഠിക്കുന്നവർ						
M	F	T	M	F	T	M	F	T	ലംപ്സം ഗ്രാന്റ്
156	132	288	17	11	28	8	12	20	316

തോറ്റു പഠിക്കുന്ന ആകെ കുട്ടികളിൽ 40.67 ശതമാനവും പട്ടികജാതിയിൽപ്പെട്ടവരാണ്. സ്കൂൾ വിദ്യാഭ്യാസത്തിനിടയിൽ പഠനം നിർത്തിയ ആകെ 32 പേരിൽ 20 പേരും പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. പട്ടികജാതി വിഭാഗങ്ങൾക്ക് കാലാകാലങ്ങളിൽ അനവധി ആനുകൂല്യങ്ങളും സൗജന്യങ്ങളും അനുവദിച്ചിട്ടുണ്ടെങ്കിലും ഒന്നുംതന്നെ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ഇവയെക്കുറിച്ചുള്ള അറിവില്ലായ്മയാണ് ഇതിന് പ്രധാനകാരണം. പട്ടികജാതിക്കാർക്കുള്ള പദ്ധതികൾ ദുരുപയോഗപ്പെടുകയാണ് പലപ്പോഴും ചെയ്യുന്നത്. പഞ്ചായത്തു പ്രദേശത്തെ ഹരിജനങ്ങൾക്ക് അനവധി പദ്ധതികൾ പല ഘട്ടങ്ങളിലായി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 96-97ലെ ഐ. ആർ. ഡി. പി: ഗുണഭോക്താക്കളിൽ 50% പട്ടികജാതിക്കാരാണ്. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ 341 പട്ടിക ജാതി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവരിൽ 128 പേർക്ക് വിവിധയിനത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ലഭിച്ചിട്ടുണ്ട്.(സർവ്വെ നടക്കുമ്പോൾ 9 വാർഡായിരുന്നു)

വാർഡ്	I	II	III	IV	V	VI	VII	VIII	IX	X
പട്ടികജാതി ഗുണഭോക്താക്കൾ	1	5	1	3	5	7	-	1	2	-
ആകെ ഗുണഭോക്താക്കൾ	4	8	3	8	10	10	5	9	5	-

പൊതുസ്ഥാപനങ്ങളിലും പൊതുചടങ്ങുകളിലും പട്ടികജാതിക്കാർക്കു നേരെയുള്ള വിവേചനപരമായ പെരുമാറ്റം പ്രത്യക്ഷത്തിലില്ലെങ്കിലും പരോക്ഷമായി പ്രകടിപ്പിക്കാറുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ പ്രാതിനിധ്യം സംവരണം കൊണ്ട് ഏറെക്കുറെ പരിഹരിക്കപ്പെടുന്നുണ്ടെങ്കിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ പ്രാതിനിധ്യം ഇവർക്ക് ലഭ്യമല്ല. പഞ്ചായത്തിലെ രണ്ട് തൊഴിൽ സംഘങ്ങളായ കൈത്തറി നെയ്ത്ത് സംഘത്തിലും വാമനപുരം സഹകരണ ബാങ്കിലും പട്ടികജാതിയിൽപ്പെട്ട ഒരാൾക്കും നിയമനം നൽകിയിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് 2171 പട്ടിക്കജാതിക്കാരുണ്ടെങ്കിലും ഇവരുടെ പേരിൽ തൊഴിൽ സംരംഭങ്ങൾ ഒന്നുപോലുമില്ല. ഇത്തരത്തിൽ പഞ്ചായത്തു പ്രദേശത്ത് പട്ടികജാതിക്കാർക്ക് ഇല്ലായ്മയുടെ കഥകൾ മാത്രമാണ് പറയാനുള്ളത്.

പ്രശ്നങ്ങൾ

1 സേവന മേഖലയിലെ ആനുകൂല്യങ്ങൾ യഥാസമയം ശരിയായ രൂപത്തിൽ കിട്ടുന്നില്ല. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന് 35 കി. മീ. അകലെ നെടുമങ്ങാട്ട് പോകേണ്ടിവരുന്നു.

2 വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ. അടിസ്ഥാന വിദ്യാഭ്യാസം കാര്യക്ഷമമാകുന്നില്ല.

3 കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ കുറയുന്നു.

4 കോളനികളിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾപോലുമില്ല. ആയതിനാൽ ശുചിത്വം കുറവാണ്.

5 സാമൂഹ്യ അനാചാരങ്ങൾ പൂർണ്ണമായും ഇല്ലാതായിട്ടില്ല.

6 കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നില്ല.

7 അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വേണ്ട പരിചരണം ലഭ്യമല്ല.

8 ലക്ഷംവീട് പദ്ധതിയിൽപ്പെട്ട വീടുകൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യുന്നില്ല.

9 ഹരിജൻ കോളനികളിൽ കുടിവെള്ളം ലഭ്യമല്ല.

സാധ്യതകളും നിർദ്ദേശങ്ങളും

1 സേവന മേഖലയിൽ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക. പട്ടികജാതി വികസന വകുപ്പിലെ പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രവർത്തനം പഞ്ചായത്തിലും വ്യാപിപ്പിക്കുക.

2 വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക, സങ്കേതങ്ങളിൽ പട്ടികജാതിക്കാർക്കായി ട്യൂഷൻ സെന്ററുകൾ സ്ഥാപിക്കുക.

3 പട്ടികജാതി കോളനികളിൽ വയോജന വിദ്യാഭ്യാസകേന്ദ്രം ആരംഭിക്കുക.

4 ഒരു ഹരിജൻ ക്ഷേമ സൊസൈറ്റി പഞ്ചായത്ത് പ്രദേശത്ത് ആരംഭിക്കുക.

5 നിലവിൽ കൂട്ടമായി താമസിക്കുന്ന കോളനികൾ ഹരിജൻ കോളനികളായി പ്രഖ്യാപിക്കുക.

6 കോളനികളിൽ പൊതുകിണറുകളും കക്കൂസുകളും സ്ഥാപിക്കുക, എല്ലാ കോളനികളിലും ശുദ്ധജല വിതരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

7 ലക്ഷംവീട് പദ്ധതിയിൽപ്പെട്ട വീടുകൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യുക. ഒരുവീട് ഒരു കുടുംബത്തിനായി നൽകുക.

8 വാമനപുരം കേന്ദ്രമാക്കി പ്രീ-മെട്രിക്ക് ഹോസ്റ്റൽ സ്ഥാപിക്കുക.

9 തൊഴിൽ സംരംഭകർക്ക് സ്വന്തം ജാമ്യത്തിൽ വായ്പ അനുവദിക്കുക.

10 വളർത്തുമൃഗങ്ങളെ സൗജന്യ നിരക്കിൽ നൽകുന്ന പദ്ധതി വ്യാപകമാക്കുക.

11 തൊഴിലില്ലായ്മാ വേതനത്തിന്റെ പ്രായപരിധി 45 ആയി ഉയർത്തുക.

12 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം 15000 രൂപയായി വർദ്ധിപ്പിക്കുക.

13 അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ സംവരണം ഏർപ്പെടുത്തുക.

14 കോളനികൾക്കായി പൊതുശ്മശാനവും പൊതു കളിസ്ഥലവും സ്ഥാപിക്കുക.

15 പട്ടികജാതിയിൽനിന്ന് ക്രിസ്ത്യൻ മതം സ്വീകരിച്ചവർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

16 എല്ലാ ഹരിജൻ കോളനികളിലും വീടുകളിലും വൈദ്യുതി എത്തിക്കുക.

17 ഹെൽത്ത് സെന്ററിൽനിന്നും, ഫാമിലി വെൽഫയർ സെന്ററുകളിൽ നിന്നും പ്രത്യേക പരിചരണം അമ്മമാർക്കും കുഞ്ഞുങ്ങൾക്കും എത്തിക്കുക.

(ഗ്രാമസഭയിലെ ആവശ്യങ്ങൾ അടുത്തപേജിൽ)

		ആവശ്യങ്ങൾ														
കോളനിയുടെ പേര്	വാർഡ്	കിണറുകൾ ആഴംകൂട്ടുക	കക്കൂസുകൾ	ടൂഷൻ സെൻറുകൾ	വൈദ്യുതി	വാട്ടർ ടാങ്കുകൾ	കൈവശഭൂമിക്ക് പട്ടയം	ഹരിജൻ കോളനി രജിസ്റ്റർ ചെയ്യേണ്ടത്	I.H.D.P കോളനി ആക്കേണ്ടത്	ശുദ്ധജല സംവിധാനം	സംഘകരണ സംഘങ്ങൾ (വാർഡ് കേന്ദ്രീകരിച്ചത്)	വീടുകളുടെ അറ്റകുറ്റ പണി	പ്രീ-മെട്രിക് ഹോസ്റ്റൽ	ടിവി	വീടുകൾ
മണലിപ്പെരുങ്കുളം (കളമച്ചൽ)	I			✓	✓			✓			✓		✓		
തെന്നൂർ-കുണ്ടായിക്കോണം	II	✓			✓										
ആനച്ചൽ ലക്ഷംവീട്	II	✓								✓		✓			
പരപ്പാറ ലക്ഷംവീട്	II		(സ്വന്തമായി ഭൂമിയുള്ളവർക്ക് വീട്)	✓	✓					✓		✓			
ആശുപത്രിക്കുന്ന് കൈലാസത്തുകുന്ന്	V									✓					
പൊൻകുഴിക്കോണം	IV							✓						✓	
വേടർകോണം	IV							✓						✓	
മഹാദേവർ കുന്ന്	IV							✓						✓	
കാഞ്ഞിരംപാറ ലക്ഷംവീട്	VI								✓						
പുഷ്പാംഗം	VI							✓							
താളിക്കുഴി മിച്ചഭൂമി	VI							✓							
കുറ്റിമൂട്	VI							✓							
വട്ടപ്പാറ	V					✓									
വേടരുകോണം	VII														✓
തുങ്ങയിൽ കോളനി	VIII	✓					✓								✓
തറുതലക്കുന്ന്	IX										✓				✓
ചുണ്ടുമണ്ണടി	IX								✓		✓			✓	✓
എലിക്കോട്ടുകോണം	X			✓					✓		✓				

15. വിഭവസമാഹരണം

സന്തുലിതവും ശാസ്ത്രീയവുമായ വരവു ചെലവുകൾ മാത്രമേ വികസനത്തേയും വളർച്ചയേയും സഹായിക്കുകയുള്ളൂ. വിദഗ്ധവും അന്യൂനവുമായ സാമ്പത്തിക ആസൂത്രണത്തിലൂടെ ഒരു ജനതയ്ക്ക് വിജയം കൈവരിക്കാൻ സാധിക്കും എന്നത് ഒരു ലോകസത്യം മാത്രമാണ്. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ചെയർമാനായി 1950ൽ രൂപീകരിച്ച പ്ലാനിംഗ് കമ്മീഷൻ പൊതുമേഖലയ്ക്കും സ്വകാര്യ മേഖലയ്ക്കും പ്രോത്സാഹനം നൽകിക്കൊണ്ടുള്ള സമിശ്ര സമ്പദ് വ്യവസ്ഥ എന്നടിസ്ഥാന തത്വത്തിൽ ഊന്നിക്കൊണ്ടുള്ള ആസൂത്രണമാണ് നടപ്പിലാക്കാൻ ശ്രമിച്ചത്.

വിഭവങ്ങളുടെ അസന്തുലിതവും അശാസ്ത്രീയവുമായ ഉപയോഗമാണ് അവികസിത പഞ്ചായത്തായ വാമനപുരത്ത് കാണുന്നത്. പദ്ധതികളുടെ നടത്തിപ്പും അവയുടെ ഭാഗമായ വികസനവും വലിയിരുത്തുമ്പോൾ നമുക്കിതിന്റെ ശരിയായ ചിത്രം ലഭിക്കും. മൊത്തം ജനസംഖ്യയുടെ 78%വും കാർഷിക മേഖലയിലാണ് പണിയെടുക്കുന്നത്. സംസ്ഥാന ദേശീയ ശരാശരിയെക്കാൾ വളരെ കൂടുതൽ കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവരാണ്. തെങ്ങ്, നെല്ല്, മരിച്ചീനി എന്നിവ സമൃദ്ധിയായി കൃഷി ചെയ്തിരുന്ന ഈ പഞ്ചായത്തിൽ റബ്ബറിന്റെ കടന്നുകയറ്റം ഇതര കൃഷികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റബ്ബറിന്റെ കടന്നുകയറ്റം മരച്ചീനി കൃഷിയേയും വാഴക്കൃഷിയേയുമാണ് ഏറ്റവും അധികം ബാധിച്ചിരിക്കുന്നത്.

സമാഹരിക്കാൻ കഴിയുന്ന വിഭവങ്ങൾ ശരിയായവിധം സംഭരിക്കാതിരിക്കുകയും ഓരോ വർഷവും കമ്മി ബജറ്റ് അവതരിപ്പിക്കുകയും പൊതുജനക്ഷേമത്തിനുവേണ്ടി പുതിയ പരിപാടികൾ ആസൂത്രണം ചെയ്യാതിരിക്കുകയുമാണ് പഞ്ചായത്തിന്റെ ധനസ്ഥിതിയിൽ പൊതുവായി കാണാൻ കഴിയുന്നത്. സർക്കാർ ഗ്രാന്റുകളെ അമിതമായി ആശ്രയിക്കുകയും തനതു വിഭാഗങ്ങൾ സമാഹരിക്കുന്നതിൽ ആലസ്യം കാണിക്കുന്നതുമായ മാനേജുമെന്റിന്റെ സംവിധാനമാണ് നിലവിലുള്ളത്. 1995 – 96ലെ കണക്കുകൾ അനുസരിച്ച് കെട്ടിട നികുതി ഇനത്തിലും തൊഴിൽ നികുതി ഇനത്തിലുമായി ധനാഭ്യർത്ഥനയേക്കാൾ 86,479 രൂപയോളം പിരിഞ്ഞുകിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

നികുതി പിരിച്ചെടുക്കുന്ന മേഖലയിൽവച്ചു തന്നെ പഞ്ചായത്തുകൾക്ക് കൈമാറുന്നില്ലാ എന്നതാണ് മറ്റൊരു കാരണം. അതിനുള്ള നിയമ നടപടികൾ സത്വരമുണ്ടായാൽ മാത്രമേ വിഭവസമാഹരണത്തിനുള്ള കാലതാമസം ഒഴിവാക്കാനാവൂ. മാത്രമല്ല സർക്കാർ ഗ്രാന്റുകൾ തുല്യരീതിയിലല്ല പഞ്ചായത്തുകൾക്ക് കൈമാറുന്നത്. വിവിധ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് അവ വിഭജിക്കപ്പെടുന്നത്. പഞ്ചായത്തിന്റെ വരുമാനത്തേയും ചെലവിനേയും സംബന്ധിക്കുന്ന പട്ടിക പൊതുസാമ്പത്തിക നില എന്നിവ ചുവടെ ചേർക്കുന്നു.

പട്ടിക 1 വരുമാനത്തിലെ വ്യതിയാനം			
ഇനം	1988-89	1995-96	വ്യതിയാനം
കെട്ടിട നികുതി	19885/10	65072/60	
തൊഴിൽ നികുതി	17722	58325	
വിനോദ നികുതി	9520	10761	
അഡീഷണൽ വിനോദ നികുതി		8513	
പ്രദർശന നികുതി		2003/50	
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്		505/50	
ചന്തവരവ്	13335	72210	
ലൈസൻസ് ഫീസ്	1160	1719	
വസ്തു കൈമാറ്റ നികുതി 75%	143836	32121	
ഡെപ്പോസിറ്റ്			
മണൽ			
U.T.F		289490	
J.R.Y		105600	
V.T.C	14845	303624	288779
V.R.M	40000		118577
SPECIAL GRANT			
മറ്റുള്ളവ (MI)	6830	5210	1620

	പൊതു സാമ്പത്തിക നില	മൂലധന കണക്ക്	കടം സംബന്ധിച്ച് കണക്ക്
വരവ്	484928	97367	14427
ചെലവ്	425310.05	10000	65700
			1995-96
വരവ്	903001.2	603535.35	14764
ചെലവ്	709063.8	448712	59019

തനതു വിഭവ സമാഹരണം

കെട്ടിട നികുതി

വാമനപുരം പഞ്ചായത്തിന്റെ തനതു വാരുമാനത്തിൽ പ്രധാനയിനം കെട്ടിട നികുതിയാണ്. കെട്ടിടങ്ങളുടെ എണ്ണം ഓരോവർഷവും കൂടുന്നതായാണ് കാണിക്കുന്നത്. (പട്ടിക കാണുക)

1995 – 96ലെ കണക്കുകൾ അനുസരിച്ച് 696 കോൺക്രീറ്റ് കെട്ടിടങ്ങളും ഓടുമേഞ്ഞ 1903 കെട്ടിടങ്ങളുമാണുള്ളത്. അശാസ്ത്രയീയമായ രീതിയിലാണ് കെട്ടിടനികുതി

പട്ടിക 3
പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം

1991-92	1992-93	1993-94	1994-95	1995-96
6734	6755	7061	7106	7207

കണക്കാക്കുന്നത്. മേൽക്കൂര എന്ത് എന്ന് നോക്കാതെ സ്ഥിരമായ ചുമരുകളുള്ള എല്ലാ വീടുകൾക്കും നികുതി ഏർപ്പെടുത്തണം. കെട്ടിട നിർമ്മാണത്തിലുള്ള ആർഭാടവും ധൂർത്തും ഒഴിവാക്കാൻ ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അത്യവശ്യമായി തീന്നിരിക്കുന്നു. ആഡംബര വസ്തുക്കളുടെ അമിത ഉപയോഗം തടയുന്നതിന് അത്തരം വീടുകൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തേണ്ടതാണ്. വീട് അസസ്മെൻറ് പ്രക്രിയ സുതാര്യമാക്കുകയും വീട്ടുടമസ്ഥനെ ബോധ്യമാക്കുകയും ചെയ്യേണ്ടത് അത്യവശ്യമാണ്. കെട്ടിട നികുതി പിരിവ് 100% ആക്കേണ്ടത് പഞ്ചായത്തിൻെറ സമ്പദ് വ്യവസ്ഥയുടെ സുസ്ഥിരതയ്ക്ക് ഏറ്റവും അത്യാവശ്യമായ ഒരു ഘടകമാണ്.

തൊഴിൽ നികുതി

മറ്റൊരു പ്രധാനപ്പെട്ട നികുതിയാണ് തൊഴിൽ നികുതി. പഞ്ചായത്തിൻെറ വരുതിയിലുള്ള സർക്കാർ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്ന് ഗവമെൻറ് എയ്ഡഡ് സ്കൂളിലെ അദ്ധ്യപക - അദ്ധ്യപകേതര ജീവനക്കാരിൽ നിന്നും മാത്രമാണ് ഇപ്പോൾ തൊഴിൽ നികുതി ഈടാക്കുന്നത്. വാമനപുരം പഞ്ചായത്തിൽ ഇഷ്ടികവ്യവസായം താരതമ്യേന എണ്ണത്തിൽ വളരെ കൂടുതലാണ്. അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയാൽ അത് നമ്മുടെ വിഭവ സമാഹരണത്തിന് ഒരു മുതൽക്കൂട്ടായിരിക്കും. കച്ചവടക്കാരിൽ നിന്നും അവരുടെ തൊഴിലിൻെറ അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്താവുന്നതാണ്.

വിനോദ നികുതി

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു സിനിമാ തീയേറ്ററിൽ നിന്നുമാണ് വിനോദ നികുതി ലഭ്യമാകുന്നത്. വിനോദ നികുതി പരിശോധനാ വിധേയമാക്കിയാൽ കാര്യമായ വർദ്ധനവ് ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല എന്നു കാണാം. വിനോദ നികുതിയിൽ ചോർച്ചയുണ്ടാകുന്നു എന്നു കണ്ടാൽ അടിയന്തരമായി അതിന് തടയിടണം. പഞ്ചായത്തിഴന്റെ നേതൃത്വത്തിൽ ഒരു ആഡിറ്റോറിയം ഉചിതമായ സ്ഥാനത്ത് സ്ഥാപിച്ച് അതിൽ നടക്കുന്ന വിനോദ പ്രദമായ പരിപാടികൾക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്.

പരസ്യ നികുതി

പരസ്യ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനം ഒന്നും തന്നെയില്ല. അച്ചടിച്ച പോസ്റ്റർ, സിനിമാ പോസ്റ്ററുകൾ, വിവിധ ബോർഡുകൾ എന്നിവയ്ക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്. അതുമൂലം അശ്ലീല ചുവയുള്ള പോസ്റ്ററുകൾക്ക് തടയിടാനും ഗുണകരമായ നിയന്ത്രണം ഏർപ്പെടുത്താനും സാധിക്കും. മാത്രമല്ല അതുവഴി വിഭവസമാഹരണത്തിനു ആക്കം കൂട്ടാൻ സാധിക്കുകയും ചെയ്യും.

ഷോപ്പിംഗ് കോംപ്ലക്സ്

പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന മുന്നുനില മന്ദിരവും അതിനടുത്തായുള്ള രണ്ടു ഒറ്റനില സ്റ്റാളുകളുമാണ് പഞ്ചായത്തു വക ഷോപ്പിംഗ് കോംപ്ലക്സ് എന്നു പറയാവുന്നത്. ഇതിൽ പഞ്ചായത്താപ്പീസിനോടു ചേർന്നുള്ള ഒറ്റനില സ്റ്റാൾ പഴക്കം ചെന്നതുമാണ്. പഴക്കം ചെന്ന സ്റ്റാൾ മാറ്റി പകരം ബഹുനില മന്ദിരം സ്ഥാപിക്കാൻ സാധിക്കും. നിലവിലുള്ള മുറികൾ താരതമ്യേന താഴ്ന്ന വാടകയ്ക്കാണ് കൊടുത്തിരിക്കുന്നത്. അവ ശാസ്ത്രീയമായി പുനരവലോകനം ചെയ്യേണ്ടതുണ്ട്. കെട്ടിടങ്ങളുടെ ദുരുപയോഗം തടയുന്നതിന് കർശന നടപടികൾ അത്യന്താപേക്ഷിതമാണ്.

കച്ചവട ലൈസൻസ്

മുന്നൂറിൽപ്പരം കച്ചവട സ്ഥാപനങ്ങളുള്ളപ്പോൾ വെറും പതിനാറു പേർക്കു മാത്രമാണ് പഞ്ചായത്തുവക ലൈസൻസുള്ളത്. അതും വായ്പാ ആവശ്യങ്ങൾക്കായി ലൈസൻസ് അത്യാവശ്യമായതുകൊണ്ടു മാത്രമാണ്. ഏകദേശം 18 വ്യാപാര സ്ഥാപനങ്ങളും നിരവധി ഹോട്ടലുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കച്ചവട ലൈസൻസ് എല്ലാത്തരം കച്ചവടക്കാർക്കും നിർബന്ധമാക്കുകയും അതു കാര്യമായി പിരിച്ചെടുക്കുകയും വേണം. വാർഡ് അടിസ്ഥാനത്തി ഇവരുടെ വിവരങ്ങൾ വ്യക്തമായി ശേഖ

രിക്കുകയും എല്ലാവരെയും ഈ നിയമത്തിന്റെ കീഴിൽ കൊണ്ടുവരികയും വേണം. ലൈസൻസ് ഫീസ് കാലാനുസൃതമായി ശാസ്ത്രീയാവബോധത്തോടുകൂടി പരിഷ്ക്കരിക്കേണ്ടത് അത്യാവശ്യമാണ്.

മണലൂറ്റ്

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നാണ് വാമനപുരം നദിയിൽനിന്നുള്ള മണലൂറ്റ്. എന്നാൽ, ഇടക്കാലത്ത് കോടതിവിധിയുടെ അടിസ്ഥാനത്തിൽ മണലൂറ്റ് നിരോധിക്കപ്പെടുകയും അനധികൃതമണലൂറ്റ് വർദ്ധിക്കുകയും ചെയ്തു. റവന്യൂ വകുപ്പ് മണൽ ലേലം നടത്തിയശേഷം ആ ഇനത്തിൽ വളരെ തുച്ഛമായ തുക പഞ്ചായത്തിനെ ഏല്പിക്കുന്ന ഒരു അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. കർശനമായ വ്യവസ്ഥകൾക്ക് വിധേയമാക്കിക്കൊണ്ട് പരിസ്ഥിതിക്ക് കോട്ടം വരാതെ മണൽ ലേലം ചെയ്തു കൊടുക്കാനുള്ള അവകാശം പഞ്ചായത്തിനു തന്നെ പുനഃസ്ഥാപിക്കേണ്ടതാണ്.

പുറമ്പോക്ക് ഭൂമി

പഞ്ചായത്തുവക പുറമ്പോക്കു ഭൂമി, കുത്തകപ്പാട്ടഭൂമി ഇവ കണക്കനുസരിച്ച് ഏകദേശം 358.42 ഏക്കറോളം ഉണ്ട്. കൂടാതെ റവന്യൂ വകയായി 28.26 ഏക്കർ ഭൂമിയും നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ഈ കണക്കുകൾ അവാസ്തവം നിറഞ്ഞതാണ്. റവന്യൂവക ഭൂമി പഞ്ചായത്തിന് കൈമാറേണ്ടത് അത്യാവശ്യമാണ്. വിവിധ സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിയുന്ന സ്ഥലങ്ങൾ ഒഴികെ മറ്റ് സ്ഥലങ്ങൾ ശരിയായി വിനിയോഗിച്ചാൽ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. പാട്ടകൃഷിക്കും മറ്റും കൊടുക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ വിലപിടിപ്പുള്ള വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചാൽ അതു ലാഭകരമായിരിക്കും.

ഖനനം

അനധികൃത വൈഡൂര്യഖനനം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ചും നദീമുഖങ്ങളിൽ വർഷങ്ങളായി നടക്കുന്നുണ്ട്. കോടികൾ വില മതിക്കുന്ന അമൂല്യ രത്നങ്ങൾ സ്വാകാര്യ വ്യക്തികൾ ആരുടെയും നിയന്ത്രണമില്ലാതെ ഖനനം നടത്തുന്നു. വൈഡൂര്യ ഖനനം നടത്തുന്നതിനുള്ള അവകാശം പൂർണ്ണമായോ അല്ലെങ്കിൽ അതിന്റെ വിലയുടെ പകുതിയോ പഞ്ചായത്തിൽ മുതൽ കൂട്ടേണ്ടതുണ്ട്.

വനിതാ സഹകരണസംഘങ്ങൾ

വനിതകൾ കൂടുതലുള്ള പഞ്ചായത്തായതുകൊണ്ടും പഞ്ചായത്തിന്റെ അദ്ധ്യക്ഷ വനിതയായതുകൊണ്ടും വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ പഞ്ചായത്തു കമ്മിറ്റി മുന്നിട്ടിറങ്ങേണ്ടതുണ്ട്. വനിതകളുടെ തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിനുമൊപ്പം പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇതുവഴി സാധിക്കും. വിപണ സാധ്യതകൾ ഏറെയുള്ളതും ലാഭകരമായ വിവിധ ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അവർക്കു വേണ്ട വായ്പാ സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതിലും പഞ്ചായത്ത് കമ്മിറ്റി ശുഷ്ക്കാന്തി കാണിക്കേണ്ടതാണ്.

ടാക്സി സ്റ്റാൻഡ്

പഞ്ചായത്തിലെ ടാക്സി, ഓട്ടോ, ടെമ്പോ, പ്രൈവറ്റ് ബസുകൾ എന്നിവ കേന്ദ്രീകരിക്കുന്ന വാമനപുരം കച്ചേരി ജംഗ്ഷനിൽ അവയുടെ പാർക്കിംഗിനായി ഒരു സ്റ്റാൻഡ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. വാഹന ഉടമകളിൽ നിന്നും പാർക്കിംഗിനായി ഒരു നിശ്ചിത ഫീസ് ഈടാക്കാവുന്നതാണ്. ഇതിനോടവുബന്ധിച്ച് ഒരു പബ്ലിക്ക് കംഫർട്ട് സ്റ്റേഷനും നിർമ്മിക്കണം.

ധനകാര്യ സ്ഥാപനങ്ങൾ

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ വാമനപുരം ശാഖയും വാമനപുരം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 927ഉം ആണ്. പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങൾ കൊണ്ടുമാത്രം പഞ്ചായത്തിന്റെ ബാങ്കിംഗ് ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ കഴിയുന്നില്ല. ഗ്രാമീണ കാർഷിക മേഖലയ്ക്കും ഗ്രാമീണ ചെറുകിട വ്യാവസായിക മേഖലക്കും കൂടുതൽ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പുതിയ ധനകാര്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ആരംഭിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അമിത പലിശയ്ക്ക് കടം കൊടുക്കുന്ന സ്വകാര്യ ബ്ലേഡ് ഇടപാടുകാർ പഞ്ചായത്തിൽ ധാരാളമുണ്ട്.

1995 – 96 വർഷത്തിൽ എസ്. ബി. ടി. യുടെ വാമനപുരം ശാഖ 181 പേർക്ക് ഐ. ആർ. ഡി. പി. ലോൺ വഴി 2,71,500 രൂപയും പി. എം. ആർ. വൈ. പ്രകാരം സ്വയം തൊഴിൽ കണ്ടെത്താൻ 11 പേർക്ക് 4,51,000 രൂപയും നൽകിയിട്ടുണ്ട്. മൊത്തം 14,045 അക്കൗണ്ടുകളിലായി 9,48,38,000 രൂപ നിക്ഷേപമുള്ളപ്പോൾ 1784 പേർക്ക് 3,15,14,000 രൂപ ലോണായി നൽകിയിട്ടുണ്ട്. 2243 പേർക്കായി എൻ. ആർ. ഐ അക്കൗണ്ടുകളിലായി 4,38,00,000/- രൂപ നിക്ഷേപം കാണുന്നു. വാമനപുരം സർവ്വീസ് സഹകരണ ബാങ്ക് കാർഷിക വായ്പയായി 46.63 ലക്ഷം രൂപയും ഹ്രസ്വകാല വായ്പ

യായി 36.12 ലക്ഷം രൂപയും ലോംഗ് ടേം ലോണായി 1.76 ലക്ഷം രൂപയും സ്വയം തൊഴിൽ കണ്ടെത്താൻ 46,000 രൂപയും സി.സി.ഡി. പി., പമ്പ്, കിണർ പദ്ധതിയിൽ 2.26 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പഞ്ചായത്തിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ 80%വും വായ്പയായി അനുവദിക്കേണ്ടതുണ്ട്. എൻ. ആർ. ഐ. നിക്ഷേപരംഗം ശാസ്ത്രീമായി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ മാർഗ്ഗം കണ്ടെത്തേണ്ടതുണ്ട്. അവ ഗുണകരമായി ആസൂത്രണം ചെയ്താൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ഉതകുന്ന രീതിയിൽ പ്രായോജനപ്പെടുത്താം. പഞ്ചായത്ത് സമിതികളും ബാങ്ക് അധികാരികളും സംയുകത്മായി രൂപകൽപ്പന ചെയ്യുന്ന വികസന നിക്ഷേപ പദ്ധതികൾക്ക് വായ്പ കൊടുക്കുന്ന രീതി അവലംബിച്ചാൽ ഈ രംഗത്ത് കാര്യമായ ചലനം സൃഷ്ടിക്കാൻ കഴിയും.

മറ്റ് ധനാഗമമാർഗ്ഗങ്ങൾ

വാമനപുരം പഞ്ചായത്തിൽ നിരവധി ഇഷ്ടിക ചൂളകൾ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് ട്രേഡേഴ്സ് ലൈസൻസ് ഏർപ്പെടുത്തേണ്ടതാണ്. പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ ഇഷ്ടിക നിർമ്മാണ ചട്ടങ്ങൾ പഞ്ചായത്ത് ആവിഷ്ക്കരിക്കുകയും അവ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം. പബ്ലിക്ക് മാർക്കറ്റിലെ ചവറുകൾ കമ്പോസ്റ്റുകളായി മാറ്റുവാൻ കഴിയും. അത്തരത്തിൽ കമ്പോസിറ്റുകളാക്കിയ ചവറുകൾ വിൽക്കുക വഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും. ജൈവ വളങ്ങളുടെ പ്രചാരവും ഇതു വഴി സാധിക്കും. സ്ഥിരം തൊഴിലും, സാമാന്യം സാമ്പത്തിക നിലവാരത്തിലും എത്തിച്ചേർന്ന ഗൾഫ് മലയാളികളുടെ നിക്ഷേപ സമാഹരണത്തിലൂടെ സഹകരണ മേഖലയിൽ പുതിയ വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ നടത്താൻ കഴിയും. അതുവഴി തൊഴിലില്ലാത്ത കുറച്ചുപേർക്ക് തൊഴിൽ നൽകുവാനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും.

മനുഷ്യാദ്ധ്വാനം

മനുഷ്യപ്രാത്നം ആവശ്യമായ മേഖലകളിൽ അവ സ്വരൂപിക്കാൻ കാര്യമായ പ്രയാസം ഉണ്ടാകാൻ ഇടയില്ല. ഗ്രാമസഭാ റിപ്പോർട്ടുകളുടെ സൂചന ഇതാണ് കാണിക്കുന്നത്. നിർമ്മാണ പ്രവർത്തനം നടത്താൻ 30 ശതമാനത്തിലേറെ സംഭാവന മനുഷ്യാദ്ധ്വാനത്തിലൂടെ സ്വരൂപിക്കാൻ കഴിയു. അതാത് പ്രദേശത്തെ സാമൂഹിക സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി കർമ്മ സമിതികൾ രൂപീകരിക്കുകയും അതാതു പ്രദേശത്തെ മരാമത്തു പണികൾ ഉൾപ്പെടെ ഇത്തരം സമിതികളെ ഏൽപ്പിക്കുകവഴി വികസന പ്രക്രിയയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുവാനും ഗുണനിലവാരം പാലിക്കുവാനും നമുക്ക് കഴിയും. പുതിയൊരു വികസന സംസ്ക്കാരം രൂപപ്പെടുത്താനും യുവജനങ്ങളുടെ കർമ്മശേഷി രാഷ്ട്രപുരോഗതിക്ക് ഉപയോഗപ്പെടുത്താനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിർത്താനും കഴിഞ്ഞേക്കും. പഞ്ചായത്തിനകത്തു പ്രവർത്തിക്കുന്ന സാംസ്കാരിക പ്രസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും.

ചെലവിനങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ ചെലവിനത്തിൽ മുഖ്യപങ്ക് ഭരണ നിർവ്വഹണത്തിനുവേണ്ടിയാണ് ചെലവിടുന്നത്. ജനക്ഷേമകരവും ഉൽപ്പാദനവുമായി ബന്ധപ്പെട്ട മേഖലകൾക്ക് ഊന്നൽ കൊടുക്കേണ്ടിയിരുന്നപ്പോൾ നാം പ്രത്യൂൽപ്പാദനപരമല്ലാത്ത രീതിയിലാണ് ചെലവ് ചെയ്യുന്നത്. 1995 - 96ലെ പ്രധാന ചെലവിന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തുക
ഭരണ നിർവ്വഹണം	4,52,074.80
പൊതുമരാമത്ത്	4,67,772.00
വിദ്യാഭ്യാസം	19,349.00
ജലവിതരണം, ഓടകൾ	
പൊതുജനാരോഗ്യം	8,401.00
തെരുവു വിളക്കുകൾ	61,379.00
മറ്റുള്ളവ	2,68,819.00
ആകെ	12,16,794.80

മൊത്തം ചെലവിന്റെ 61.75 ശതമാനവും ഭരണ ചെലവിനാണ് വിനിയോഗിക്കുന്നത്. മനുഷ്യപ്രയത്നം ധാരാളമായി ഉപയോഗിക്കാമായിരുന്നു. പൊതുമരാമത്തിൽ പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായാണ് കൂടുതലും ചെലവഴിച്ചത്.

പഞ്ചായത്തിന് അനുവദിച്ച അൺടൈഡ് ഫണ്ടിൽ നിന്നും ഉപയോഗിച്ച തുകയുടെ പട്ടിക. ചുവടെ ചേർക്കുന്നു.

വർഷം	തുക
1991-92	1,80,000.00
1992-93	1,88,650.00
1993-94	1,97,060.00
1994-95	2,75.500.00
1995-96	2,89,490.00

ജെ. ആർ. വൈ. ഫണ്ട് പഞ്ചായത്തിലെ മരാമത്ത് റോഡുകൾ, ഏല ബണ്ട് നിർമ്മാണം, ദുർബല വിഭാഗക്കാർക്ക് ഭവന നിർമ്മാണം എന്നിവയ്ക്കാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ അൺ ടൈഡ് ഫണ്ട് കക്കൂസ് നിർമ്മാണത്തിനും പബ്ലിക് മാർക്കറ്റ് വികസനത്തിനുമാണ് മുഖ്യമായും ചെലവഴിച്ചിട്ടുള്ളത്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളായ കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല. നികുതി ഈടാക്കാവുന്ന പല മേഖലകളും വർഷങ്ങളായി ഉപയോഗപ്പെടുത്തുന്നില്ല.

2 അവികസിതമായ പഞ്ചായത്തിന്റെ മൊത്തം ഫണ്ടിന്റെ 63.75 ശതമാനം ഭരണചിലവുകൾക്കായി ഉപയോഗിക്കേണ്ടിവരുന്നു.

3 പഞ്ചായത്തിന്റെ പൊതു ടെണ്ടറുകളിൽ കോൺട്രാക്ടർമാരും മറ്റും ഇടത്തട്ടുകാരും അമിത ലാഭം തട്ടിയെടുക്കുന്നു കോൺട്രാക്ടർമാരുടെയും രാഷ്ട്രീയ പാർട്ടികളുടെയും ഒരു ചൂഷിത വലയം ഈ പ്രവർത്തനങ്ങളെ നിയന്ത്രിയ്ക്കുന്നു.

4 ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിനുള്ള തടസ്സവും നൂലാമാലകളും

5 പൊതു വായ്പകളുടെ ലക്ഷ്യമിട്ടുള്ള വിനിയോഗം ഒരളവുവരെ പഞ്ചായത്തിന് ശാപമാണ്. പ്രദേശികാവശ്യങ്ങൾക്ക് മുൻഗണനാ നൽകാതെ നടത്തുന്ന സ്ക്കീമുകൾ വികസനത്തെ പുറകോട്ടു നയിക്കുന്നു.

6 രൂക്ഷമായ തൊഴിലില്ലായ്മ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.

7 പഞ്ചായത്തിന്റെ നികുതി നിയമങ്ങളിലെയും മറ്റും സഹായ പദ്ധതികളുടെയും സുതാര്യതക്കുവ്

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1 പഞ്ചായത്തിന്റെ നികുതി പിരിവ് 100% ആക്കുക കെട്ടിടങ്ങൾക്കും മറ്റും നികുതി ചുമത്തുന്ന രീതിയിൽ ശാസ്ത്രീയത അവലംബിക്കണം

2 ലൈസൻസ് ഫീസ് കാലാനുസൃതമായി പരിഷ്ക്കരിച്ച് നടപ്പിലാക്കണം. ഇഷ്ടിക വ്യവസായം നടത്തുന്നവർ വരുമാനം ലഭിക്കുന്ന ഇതര തൊഴിലാളികൾ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.

3 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് പുതിയ സേവനങ്ങൾ നൽകി അവയ്ക്ക് ചാർജ് ഈടാക്കുക നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വിപുലീകരിക്കുക. ചന്തയിലെ ചവറുകൾ കമ്പോസറ്റുകളാക്കി വിൽക്കുക.

4 നിർമ്മാണ വികസന പ്രവർത്തനങ്ങൾക്ക് സന്നദ്ധ പ്രവർത്തകരെ പരമാവധി പ്രയോജനപ്പെടുത്തുക.

5 ട്രേഡേഴ്സ് ലൈസൻസ്, പരസ്യനികുതി, വിനോദനികുതി, ചോർച്ച തടയൽ എന്നിവ വഴി വിഭവസമാഹരണം നടത്താം.

6 പഞ്ചായത്തിന് ഒരു ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കണം.

7 വിദ്യാഭ്യാസ ആരോഗ്യ പ്രവർത്തനങ്ങൾക്ക് പൊതു നിധി രൂപീകരിക്കണം സംഭാവനകൾ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കവുന്നതാണ്.

8 പഞ്ചായത്തിന്റെ ധനാഗമ വിനിയോഗരീതികൾ പൊതുജനങ്ങൾക്ക് മനസ്സിലാകത്തക്കവണ്ണം അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ഗ്രാമസഭകളിൽ അവതരിപ്പിക്കുകയും ചെയ്യുക.

9 സന്നദ്ധ സംഘടനകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് പഞ്ചായത്തു സമതിയുടെ അംഗീകാരത്തോടെ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും മറ്റ് ഏജൻസികളും ധനസഹായം നൽകുക. പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ സഹായിക്കുന്ന തരത്തിലായിരിക്കണം പ്രസ്തുത പ്രോജക്ടുകൾ എന്ന് പ്രത്യേക നിർദ്ദേശിക്കേണ്ടതാണ്.

10 അധികാര വികേന്ദ്രീകരണം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയും ആയതിന് വേണ്ട ചെലവുകൾ ഗ്രാന്റ് അനുവദിക്കുകയും ഗ്രാമപഞ്ചായത്തിന്റെ പുതിയ ജോലിഭാരം കണക്കിലെടുത്താൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയും വേണം.

11 ഉപാധിരഹിത ഫണ്ടിൽനിന്ന് തുക വിനിയോഗിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഉപാധികൾ പിൻവലിക്കണം.

12 കത്തിക്കാത്തതും കത്താത്തതുമായ തെരുവുവിളക്കുകൾക്കുമുള്ള വൈദ്യുത ചാർജ് ഈടാക്കാൻ പ്രത്യേക മീറ്റർ സ്ഥാപിക്കണം.

13 തടി ശേഖരിച്ച് ലോറിക്ക് കൊണ്ടുപോകുമ്പോൾ ലോഡ് അടിസ്ഥാനത്തിൽ നികുതി ചുമത്തുക.



നമ്മുടെ പഞ്ചായത്ത് ഭൂമിശാസ്ത്രപരമായി 'ഇടനാട്' വിഭാഗത്തിൽ ഉൾപ്പെടുന്നു. ഏകദേശം 40 വർഷങ്ങൾക്കു മുമ്പ് നശിപ്പിക്കപ്പെട്ട മഞ്ഞപ്പാറ വനത്തിന്റെ ചില ഭാഗങ്ങൾ പഞ്ചായത്തു പ്രദേശത്തുൾപ്പെട്ടിരുന്നു. മറ്റ് റിസർവ് വനങ്ങളോ നിക്ഷിപ്ത വനങ്ങളോ, നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ആരാധനാലയങ്ങളോടനുബന്ധിച്ച് ഉണ്ടായിരുന്ന വൃക്ഷ നിബിഡമായ അമ്പലക്കാവുകൾ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ഇന്നും അവശേഷിക്കുന്നു. കാവുകളെ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ വില്ലേജ് രേഖകളിൽ നിന്നു ലഭ്യമല്ല. വെട്ടി നശിപ്പിക്കപ്പെട്ട കാവുകളിൽ ചിലത് സ്വകാര്യ വ്യക്തികൾ കൈയ്യേറിയിട്ടുണ്ട്. അവശേഷിക്കുന്നവ ക്ഷേത്രം വക പറമ്പുകളായി നിലനിൽക്കുന്നുണ്ട്.

പണ്ടുകാലത്തു വാമനപുരം നദിയുടെ ഇരുകരകളിലും മുളങ്കാടുകൾ, ഈറക്കാടുകൾ, കൈതക്കാടുകൾ, ഞാഞ്ഞൂക്കാടുകൾ, ആറ്റുപരുത്തിക്കൂട്ടങ്ങൾ ഇവ ധാരാളമായി കണ്ടുവരിരുന്നു. ഇപ്പോൾ അങ്ങിങ്ങായി അവശേഷിക്കുന്ന

16. വനം – പരിസ്ഥിതി

പ്രകൃതിയുടെ സന്തുലിതാവസ്ഥയും ജൈവ വൈവിദ്ധ്യവും മണ്ണിന്റെ പ്രത്യേകതയും മനസിലാക്കിവേണം കാർഷിക - വ്യാവസായിക പദ്ധതികൾ നടപ്പിലാക്കേണ്ടത് എന്ന യാഥാർത്ഥ്യം ഇന്നു പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മുൻകാലങ്ങളിൽ ഇതിനു വിപരീതമായി പ്രശ്നങ്ങളെ സമീപിച്ചതുമൂലം പ്രകൃതിയുടെ സന്തുലിതാവസ്ഥക്കു തകിടം മറിച്ചിലുകൾ ഉണ്ടായി. ഇതിന്റെ അലകൾ പഞ്ചായത്തു പ്രദേശത്തും ദൃശ്യമാണ്. മണ്ണൊലിപ്പ്, വെള്ളപ്പൊക്കം വേനൽക്കാലത്തെ രൂക്ഷമായ ജലക്ഷാമം, സാംക്രമിക രോഗങ്ങളുടെ വർദ്ധന, പുതിയ രോഗങ്ങളുടെ ഉദ്ഭവം മുതലായവ ഇതിനുദാഹരണങ്ങളാണ്. പ്രകൃതി സമ്പത്തിനെ ജൈവ വൈവിദ്ധ്യത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് എങ്ങനെ വിനിയോഗിക്കാം എന്നാണ് നാം ആലോചിക്കേണ്ടത്. സ്വാഭാവികമായും നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ കുറിച്ച് ചിന്തിക്കുമ്പോൾ പരിസ്ഥിതിയെക്കൂടി കണക്കിലെടുത്തേ മതിയാകൂ.

ഈ ജൈവ സമ്പത്ത് ക്രമാതീതമായ മണൽവാരൽ, ഇഷ്ടികക്കുള്ള മണ്ണ് ഖനനം ഇവ നിമിത്തം പൂർണ്ണനാശത്തെ നേരിടുന്നു. അമ്പലക്കാവുകളിലും നദീതീരത്തെ സസ്യക്കൂട്ടങ്ങൾക്കിടയിലും ഇഴജന്തുക്കൾ, പക്ഷി സങ്കേതങ്ങൾ ഇവയും നദീതീരങ്ങളിലും മറ്റു ചില കുന്നിൻ പ്രദേശങ്ങളിലും കുറുക്കൻ, കാട്ടുപൂച്ച തുടങ്ങിയവയെയും കാണാൻ കഴിയും. ഓലവാലൻ കിളി, മൈന, പുള്ളിക്കുയിൽ മുതലായ വംശനാശം നേരിടുന്ന പക്ഷികളും ചില ദേശാടന പക്ഷികളും ഈ പ്രദേശത്തു അപൂർവ്വമായെങ്കിലുമുണ്ട്. ഔഷധ സസ്യവിഭാഗത്തിൽപ്പെടുന്ന ചില അപൂർവ്വ സസ്യങ്ങൾ അങ്ങിങ്ങായി കാണപ്പെടുന്നു.

സാമൂഹിക വനവൽക്കരണ പരിപാടിയുടെ ഭാഗമായി പഞ്ചായത്തിൽ കാര്യമായ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നാളിതുവരെ നടന്നിട്ടില്ല. എന്നാൽ വാമനപുരം ബ്ലോക്ക് ആപ്പീസിൽ നിന്നു കിട്ടിയ രേഖകൾ പ്രകാരം ഈ പ്രദേശത്തു 'കാര്യമായ' പ്രവർത്തനങ്ങൾ നടന്നു വരുന്നതായി കാണുന്നു. ബ്ലോക്കിൽ നിന്നും വിതരണം ചെയ്ത തൈകളുടെ വിവരം ചുവടെ ചേർക്കുന്നു.

1991-92	70400
1992-93	42850
93-94	20043
94-95	30236
95-96	50274
ആകെ	2,13,808

ഈ പദ്ധതി പ്രകാരം ആഗസ്തി, അൽബീസിയ, ആഞ്ഞിൽ, ഇലവ്, കശുമാവ്, കാറ്റാടി, കണിക്കൊന്ന, കറിവേപ്പ്, കാപ്പി, പുന്ന, പെരുമരം, മഹാഗണി, മാവ്, നെല്ലി, ഗുൽമോഹർ, ഞാവൽ തുടങ്ങിയ ഇനം തൈകൾ വിതരണം നടത്തിയതായാണ് കാണുന്നത്.

ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ നടപ്പാക്കിവരുന്ന ദേവാരണ്യം പദ്ധതി പരിസ്ഥിതി രംഗത്ത് ഒരു പുതിയ ചുവടുവെയ്പ്പാണ്. ഈ പദ്ധതി സ്വകാര്യ ക്ഷേത്ര പറമ്പുകളിൽ കൂടി വ്യാപിപ്പിക്കുന്നത് നന്നായിരിക്കും. ഈ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ജലമലിനീകരണ പ്രവണ വർദ്ധിച്ചുവരുന്നു. കടകളിൽനിന്നും വീടുകളിൽനിന്നും പൊതുനിരത്തുകളിലേക്ക് മലിനജലം ഒഴുക്കിവിടുന്നത് വ്യാപകമായിക്കൊണ്ടിരിക്കുന്നു. റബ്ബർഷീറ്റ് നിർമ്മാണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന മലിനജലം ഗുരുതരമായ പരിസ്ഥിതി പ്രശ്നം ഉയർത്തുന്നുണ്ട്. നേരുത്തെ സൂചിപ്പിച്ചിട്ടുള്ള ശബരി റോളർ ഫ്ളവർ മിൽ, കളമച്ചൽ കൈത്തറി നെയ്ത്ത് സഹകരണസംഘം എന്നീ സ്ഥാപനങ്ങളിലെ മാലിന്യങ്ങളും ജലമലിനീകരണത്തിനും കാര്യമായിത്തീരുന്നു.

ചരിവ് പ്രദേശങ്ങൾ സസ്യാവരണത്തിന്റെ അഭാവംമൂലം ഉണ്ടാകുന്ന മണ്ണൊലിപ്പ് രൂക്ഷമാണ്. മഴക്കാലത്ത് കുത്തൊഴുക്കിൽപ്പെട്ട് തോടുകളുടെ കര ഇടിയുന്നതുമൂലം കൃഷിയിടങ്ങൾക്ക് നാശവും സംഭവിക്കുന്നു. വയൽനികത്തലും നദിയിലെ മണൽവാരലും, നദീതീരത്തെ കളിമണ്ണ് ഖനനവും വൻതോതിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്.

വാഹനങ്ങളിലെ പുകമൂലവും എയർഹോൺ മൂലമുള്ള മലിനീകരണങ്ങൾ തടയുന്നതിനും യാതൊരു നടപടികളും പഞ്ചായത്ത് പ്രദേശത്ത് സ്വീകരിച്ചു കാണുന്നില്ല. ഉച്ചഭോഷിണികളുടെ ഉപയോഗം ക്രമാതീതമായി ഉയരുന്നു. വിശേഷിച്ചും ആരധനാലയങ്ങളിലെ ഉച്ചഭോഷിണികളുടെ ശബ്ദമലിനീകരണം അധികരിച്ചുവരുന്നുണ്ട്.

സാധ്യതകളും നിർദ്ദേശങ്ങളും

1. സാമൂഹിക വനവൽക്കരണ പരിപാടി കാര്യക്ഷമമായി നടപ്പാക്കുക, തൈകൾ വിതരണം ചെയ്യുന്നതോടൊപ്പം അവ പരിപാലിപ്പിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
2. ദേവാര്യണ്യം പോലുള്ള പദ്ധതികൾ സ്വകാര്യ ക്ഷേത്രപറമ്പുകളിലും വ്യാപിപ്പിക്കുക.
3. പഞ്ചായത്ത് റവന്യൂ പുറമ്പോക്കുകളിൽ നിന്നും മണൽ, കളിമണ്ണ് ഇവ ഖനനം ചെയ്യുന്നത് കർശനമായി നിരോധിക്കുക.
5. ജലമലിനീകരണം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
6. വാഹനങ്ങളുടെ പുക പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്തുക. എയർഹോൺ പൂർണ്ണമായും നിരോധിക്കുക.
7. തോട്ടുവരമ്പുകൾ ബലപ്പെടുത്തുകയും നാരുവേരുള്ള കുറ്റിച്ചെടികൾ വെച്ചുപിടിപ്പിക്കുകയും ചെയ്യുക.
8. ആവശ്യമില്ലാത്ത ഇടങ്ങളിൽ മതിൽകെട്ടുന്നത് നിരുത്സാഹപ്പെടുത്തുകയും ജൈവവേലികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക.

ഉപസംഹാരം

ലോകജനത ഔസുക്യത്തോടെ ഉറ്റുനോക്കുന്ന ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായ നമ്മുടെ പഞ്ചായത്തിലെ വികസന റിപ്പോട്ടിലൂടെയാണ് നാം കടന്നുപോയത്. മുകൾത്തട്ടിൽനിന്നും നമ്മുടെ ആവശ്യങ്ങൾ ആരായാതെയും അഭിലാഷങ്ങൾ മനസ്സിലാക്കാതെയും നടപ്പിലാക്കിയ പദ്ധതികൾ വഴി കോടിക്കണക്കിനു രൂപയുടെ ദേശീയ നഷ്ടം സംഭവിച്ചിട്ടുണ്ട്. വകിസനമെന്ന പേരിൽ നടപ്പിലാക്കിയ പരിപാടികൾ യഥാർത്ഥലക്ഷ്യത്തിന്റെ ഇരുപതു ശതമാനത്തിൽ തഴെ മാത്രമേ ഫലപ്രാപ്തിയിൽ എത്തിയിട്ടുള്ളു. നിയമത്തിന്റെ നൂലാമാലകളും ഇടത്തട്ടുകാരുടെ അമിതമായ കവർന്നെടുക്കലും ആസൂത്രണ പ്രക്രിയയുടെ താളം തെറ്റിച്ചു. ഇതിന് സമൂലമായ ഒരുമാറ്റം അനിവാര്യമായിരിക്കുന്നു. നമ്മുടെ വികസന സങ്കൽപ്പങ്ങളിലെ വികലത മാറേണ്ടിയിരിക്കുന്നു.

സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനങ്ങൾക്ക് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വഴി തങ്ങളുടേത് മാത്രമായ ഒരു ആസൂത്രണ പദ്ധതിക്ക് രൂപം നൽകാനും അതിന്റെ നിർവഹണത്തിന് മേൽനോട്ടം വഹിക്കാനും കരുത്ത് പകരുന്ന തരത്തിലുള്ളതാണ് ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ജനകീയാസൂത്രണ പദ്ധതി. സമൂഹത്തെ ആകെ ലക്ഷ്യമാക്കിയുള്ള ആസൂത്രണ പരിപാടിയിൽ നിന്നും വ്യത്യസ്തമായി ഉൽപ്പാദവും ഉൽപ്പാദനക്ഷതയും വർദ്ധിപ്പിക്കാനുതകുന്ന സാമൂഹിക സേവന മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു സമീപനമാണ് ഈ വികേന്ദ്രീകൃതാസൂത്രണ പദ്ധതിക്കുള്ളത്.

അടുത്ത ഘട്ടമായി നമ്മൾ രൂപീകരിക്കുന്ന കർമ്മ സമിതികൾ ഇത്തരമൊരു വികസന നയം പ്രാവർത്തികമാക്കാൻ കഴിവുറ്റതായിരിക്കണം. കക്ഷിരാഷ്ട്രീയത്തിനതീതമായ പുതിയ ഒരു വികസന സംസ്ക്കാരം രൂപപ്പെടുത്തുന്നതിൽ ഈ നാടിനെയും രാജ്യത്തെയും സ്നേഹിക്കുന്ന സമസ്ത ജനവിഭാഗങ്ങളുടേയും കൂട്ടായ പരിശ്രമം ആത്മാർത്ഥമായും ഉണ്ടാക്കേണ്ടതുണ്ട്. വാമനപുരം പഞ്ചായത്തിൽ രൂപപ്പെടുന്ന പുതിയ വികസന സംസ്ക്കാരത്തിന്റെ സാരഥികളായി മാറാൻ ഇന്നാട്ടിലെ എല്ലാ ജനവിഭാഗങ്ങൾക്കും കഴിയണമെന്നും ഈ വികസന റിപ്പോർട്ട് അതിനൊരു തുടക്കമാകണമെന്നും ആഗ്രഹിച്ചുകൊണ്ട് നിങ്ങളുടെ സജീവ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കുമായി റിപ്പോർട്ട് സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ
എഡിറ്റോറിയൽ ബോർഡ്

കടപ്പാട്: നമ്പൂതിരി ചിത്രങ്ങളോട്

വാമനപുരം പഞ്ചായത്ത് ഭരണസമിതി



കെ. കൃഷ്ണപിള്ള
(വൈസ്പ്രസിഡണ്ട്)

ബി. ഓമനഅമ്മ
(പ്രസിഡണ്ട്)



കെ. സലിംകുമാർ
(സ്റ്റാൻ. ചെയർമാൻ)

എസ്.ശ്യാമള
കുളമച്ചൽ



ബി. സുധർമ്മ
ആനാകുടി



സി. അജയഘോഷ്
ഈട്ടിമൂട്



താളിക്കുഴി ചന്ദ്രൻ
കാഞ്ഞിരംപാറ



എസ്.വേണുരാജൻ
മീതുർ



എസ്. വത്സല
ഇരുളൂർ



വി.പി. രാമചന്ദ്രൻ നാടാർ
മേലാറ്റുമൂഴി

അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

Printed at Swift Offset Printers, TVM. Ph : 332150